Nidhinidhānaṃ

1860

Ci
XIV
281

N12<527907152 021
ubTÜBINGEN

ഈരെഴു

പ്രാൎത്ഥനകളും

ഈരു

വെദധ്യാനങ്ങളുമായ

നിധിനിധാനം

Nidhinidhānam

[സങ്കീൎത്തനം ൧൧൯]

Tellicherry

തലശ്ശെരിക്കല്ലച്ചാപിതം

൧൮൬൦

1860.

1.

വിശുദ്ധയെശുവിന്റെഅഭിധാനം
വഴിച്ചുഞാനെൻഗുരുരക്ഷക്കാക്കി
ഉപവരങ്ങളിൽഅതിന്റെജ്ഞാനം
മതിഎന്നുച്ചരിച്ചുദൈവവാക്കി
ദിനെദിനെഭക്ഷിച്ചാൽഞാൻഉദ്ധാനം
വിശപ്പുതീരും ഞാനൊതൃപ്തനാകി
നീവന്നുഉള്ളിൽപുക്കനിത്യംവാഴ്ക
മദാത്മാവിയൊചെമ്മെനിന്നുതാഴ്ക

UNIV BIBL TÜBINGEN

Ci XIV 281

പ്രാൎത്ഥനകൾ

ഞായറാഴ്ചരാവിലെ

കൎത്താവായയെശുവെ നിന്റെ കരുണയാലെ ഞങ്ങൾ ഈ ആഴ്ചവട്ടത്തിലും ആത്മദെഹിദെഹങ്ങളുടെ സ്വസ്ഥതെക്കു കല്പിച്ചുദിവസത്തിലും പ്രവെശിച്ചിരിക്കുന്നു. നിന്നിൽനിന്നല്ലാതെ ആത്മാക്കൾക്കു സൌഖ്യം എവിടെ കിട്ടും, നിന്റെ വചനത്തിലല്ലാതെ ഞങ്ങൾ നിന്നെ എവിടെ കണ്ടെത്തും, സത്യവും ജീവനും വെളിച്ചവുമായ നിന്നെ നിന്റെ വചനത്തിൽ കണ്ടെത്തി അനുഭവിക്കെണ്ടതിന്നു കണ്ണുകളെ തുറന്നു ആത്മാക്കളുടെ സുഖത്തിന്നായി വെണ്ടുംവണ്ണം ഞങ്ങളെ ശാസിച്ചും ആശ്വസിപ്പിച്ചും ഉപദെശിച്ചുംകൊണ്ടിരിക്കെണമെ. ഇത്വരെയും ഞങ്ങൾക്കു ബൊധം വരാത്ത പാപങ്ങളിലും ദുൎമ്മനസ്സിന്റെ ചതികളിലും നടപ്പാൻ സമ്മതിക്കാതെ സത്യമായ നിന്റെ വചനം കൊണ്ടു താഴ്മയെയും ഉറപ്പുള്ള വിശ്വാസത്തെയും ഹൃദയശുദ്ധിയെയും ജനിപ്പിക്കെണമെ. സകല വ്യാജൊപദെശങ്ങളെയും ഡംഭിക്കുന്ന മാനുഷജ്ഞാനത്തെയും അശുദ്ധാത്മാക്കളുടെ കൌശലത്താൽ പൊങ്ങിവരുന്ന മായയെയും അകറ്റി നല്ല ഇടയനായ നീ താഴ്മയുള്ളവരിൽ വിളങ്ങിച്ചു തരുന്ന നിന്റെ സ്നെഹം മൂലം ഞങ്ങളെ മെച്ചു തൃപ്തി വരുത്തെണമെ. ഈ ആഴ്ചവട്ടത്തിന്റെ ആദിയിൽ തന്നെ ശാന്തമായ നിന്റെ നുകത്തിൻകീഴിൽ ഞങ്ങളെ ഒള്ളിച്ചു സൎവ്വ വിരൊധങ്ങളെയും ഞങ്ങളിൽ നശിപ്പിക്കെണമെന്നു നിന്നൊടപെക്ഷിക്കുന്നു. നിൻവചനം അറിയിക്കുന്ന നിന്റെ ശുശ്രൂഷക്കാൎക്കു കരുണയെ നല്കി കെൾക്കുന്നവൎക്കു പ്രയൊജനം വരുമാറു പറയെണ്ടതിന്നു അവരുടെ ഹൃദയങ്ങളിൽ വിളങ്ങെണമെ. നിന്റെ വചനം പ്രവെശിച്ചും ഫലിച്ചും വരെണ്ടതിന്നു ഞങ്ങളുടെ മനസ്സുകളെയും ബുദ്ധികളെയും തുറക്കെണമെ. രക്ഷയെ ആഗ്രഹിക്കുന്ന നിന്റെ ശിഷ്യന്മാരുടെ വീട്ടുപ്രാൎത്ഥനകളെയും അനുഗ്രഹിച്ചു രക്ഷിക്കുന്നവൻ നി

ന്റെനാമത്തിൽ കൂടിവരുന്നൊരും നീയും അവരുടെ നടുവി
ൽ ഇരുന്നരുളെണമെ ആമെൻ.

ഞായറാഴ്ചവൈകുന്നെരം

സൎവ്വശക്തനായ പിതാവെ പൂൎവ്വകാലത്തിൽ നീ പല
പ്പൊഴും പലവിധത്തിലും പ്രവാചകരെകൊണ്ടും പിതാക്കന്മാ
രൊടും, ഈ അവസാനനാളുകളിൽ നിൻ പുത്രനെകൊണ്ടു ഞങ്ങ
ളൊടും സംസാരിച്ചു വിശെഷം സൎവ്വസൃഷ്ടിക്കും അറിവാനാ
യുരെങ്ങത്തിന്ന അവന്റെ അപൊസ്തലന്മാൎക്കു പരിശുദ്ധാത്മ
ദാനങ്ങളെ ധാരാളമാക്കി നല്കിയതിനാൽ ഞങ്ങൾ നിന്നെ സ്തുതി
ക്കുന്നു. സത്യവും ശക്തിയും രക്ഷയുമുള്ള നിന്റെ വചനം ഇന്നു
കെട്ടുവായിച്ചറിവാൻ നീ ഞങ്ങളെ യൊഗ്യന്മാരെന്നു വിചാരിച്ച
തിനാൽ നിനക്കു സ്തൊത്രം. പലപ്പൊഴും ഞങ്ങൾ നിന്റെ വ
ചനം ഗ്രഹിക്കാതെ സ്വന്തവിചാരപ്രകാരവും പ്രപഞ്ച
മൎയ്യാദപ്രകാരവും നടന്നു പിശാചിന്റെ ദുഷ്കൎമ്മങ്ങൾക്കു ചെവി
കൊടുത്തതും ഈ ദിവസത്തിലും അജാഗ്രതയെ കാട്ടി മായയു
ള്ള വിചാരങ്ങളെയും വാക്കുകളെയും കൊണ്ടു തെറ്റിപ്പൊയ
തും കരുണയാലെ ക്ഷമിക്കെണമെ. അനെകദൊഷങ്ങൾ
ഒഴിഞ്ഞും നിന്റെ വചനം ഞങ്ങളിൽ നിന്നു എടുത്തുകളയാ
തെ ഇനിയും അതിനെകൊണ്ടു ഞങ്ങളൊടു സംസാരിച്ചു വ
രുവാനുള്ള ലൊകത്തിന്നു ഞങ്ങളെ യൊഗ്യന്മാരാക്കിയും കൊ
ണ്ടിരിക്കെണമെ. നിൻ കരുണാസമൃദ്ധിയാലും സകലവും
ക്ഷണത്തിൽ പുതുതാക്കുവാൻ കഴിയുന്ന നിന്റെ അതിശയമാ
യ ബലത്താലും വ്യൎത്ഥമായി കഴിച്ച ദിവസങ്ങളെയും ദുൎന്ന
അനുഗ്രഹങ്ങളെയും ഞങ്ങൾക്കു വീണ്ടും വരുത്തി സ്വൎഗ്ഗരാജ്യ
ത്തിൽ ഞങ്ങൾക്കു നിന്റെ മാനത്തിന്നായിരം ധന്യമുള്ളതു
തല്പ്രവെശമുണ്ടാകുന്നതിന്നു സഹായിക്കെണമെ. ഈരാത്രി
യിലും ദെഹിദെഹങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും ശത്രു

യുള്ളനിന്റെ കൈകൊണ്ടു താങ്ങി സങ്കടങ്ങളിൽ അകപ്പെട്ടു കിടക്കുന്നവർക്കെല്ലാവർക്കും ആശ്വാസവും ഉദ്ധാരണവും കാണിച്ചുതരെണമെ ആമെൻ.

തിങ്കളാഴ്ചരാവിലെ

പ്രിയരക്ഷിതാവെ, നീ പിതാവൊടു ഞാൻ ഇനി ലൊകത്തിൽ ഇരിക്കയില്ല എന്നാൽ എന്റെ ശിഷ്യന്മാർ ലൊകത്തിൽ ഇരിക്കുന്നു ഞാനൊ നിന്നരികിൽ വരുന്നു എന്നു പ്രാർത്ഥിച്ചു. വിശ്വാസത്താൽ ഞങ്ങളും ഈ പ്രാർത്ഥനയെ പിടിക്കുന്നു ഞങ്ങൾ ലൊകത്തിൽ ഇരിക്കുന്നവരല്ലൊ, ആയത എന്തെന്നു നിന്നക്ക അറിയാമല്ലൊ. എകദെശം മുപ്പത്തുമൂന്നു സംവത്സരത്തൊളം നീ അതിൽ ഇരുന്നു ഞങ്ങളെ പൊലെ സകല പരീക്ഷകളെയും രുചിനൊക്കിക്കണ്ടുവന്നു. ഇപ്പൊൾ നീ ലൊകത്തെയും അതിന്റെ പരീക്ഷകളെയും വിട്ടു പിതാവിന്റെ വലത്തുഭാഗത്ത നിത്യമഹത്വത്തിൽ കയറി ഇരിക്കുന്നു; എങ്കിലും നീ വിശ്വസ്തനും കരുണയുള്ള മഹാചാര്യനായിട്ടു ലൊകത്തിലെ പരീക്ഷിതന്മാർക്കു സഹായിപ്പാൻ പ്രാപ്തനാകകൊണ്ടു ദിവസെന ഞങ്ങളെ പരീക്ഷകളിൽ ജയം നല്കി ദൊഷത്തിൽനിന്നു ഞങ്ങളെ കാത്തുകൊണ്ടു ലൊകത്തിൽ ഞങ്ങൾക്കു സംഭവിക്കുന്നതൊക്കയും ഉണർത്തിനാൽ വ്യാപരിക്കെണമെന്നു നിന്നൊടു അപെക്ഷിക്കുന്നു. ഈ ലൊകത്തിൽ ഇരുട്ടും അശിഷ്ടതയും അശുദ്ധിയും നിറഞ്ഞിരിക്കുന്നു അതിൽ പിശാചിന്റെ അധികാരം എത്ര ഭയങ്കരമുള്ളത്, മിക്കവാറും മനുഷ്യർ പൈശാചിക ബുദ്ധികളായി നടക്കുന്നു കഷ്ടം. നിൻ കരുണകളെ അവർ എത്ര ദുർവ്യയം ചെയ്യുന്നു, നിന്റെ നാമവും രാജ്യവും അവർക്ക എത്ര നിന്ദ്യമായി തൊന്നുന്നു, കർത്താവായ യെശുവെ ഞങ്ങൾ ഈ ലൊകപരീക്ഷകളിലെക്ക വീഴാതെയും അവിശ്വാസത്തിന്നു വശപ്പെടാതെയും അവരുടെ വഴികളിൽ നടക്കാതെയും സ്ഥിര വിശ്വാസവും നിർമ്മലമനസ്സാക്ഷിയും വിശുദ്ധനടപ്പും കൊണ്ടു

ലോകത്തിന്നുള്ളവരല്ല എന്നു കാണിക്കേണ്ടതിന്നു ഞങ്ങളെ കാത്തുകൊള്ളേണമെ. കർത്താവായ യെശുവെ ഞങ്ങൾ നിണക്കുള്ളവർ തന്നെ, നിണക്കായി ജീവിച്ചും കഷ്ടിച്ചും മരിച്ചും പൊവാൻ മനസ്സാകുന്നു; നീ അനെക ദെവപുത്രരെ നിത്യ മഹത്വത്തിലെക്ക പ്രവെശിപ്പിച്ചതു പൊലെ ഞങ്ങളെയും ഈ ദുഷ്ടലൊകത്തിൽ കൂടി നടത്തി പിതാവിന്റെ ഭവനത്തിൽ ഒരുത്തരും കുറവു കൂടാതെ എത്തിക്കെണമെ ആമെൻ.

തിങ്കളാഴ്ച വൈകുന്നെരം

കർത്താവായ യെശുവെ ഈ ദിവസത്തിൽ ഞങ്ങളെ പല ആപത്തുകളിൽ നിന്നും കാത്തുകൊണ്ടു അനെക നന്മകളെ കാണിച്ചതിനാൽ നിന്നെ സ്തുതിക്കുന്നു. ഈ ദിവസം ഇനി മടങ്ങി വരാതവണ്ണം കഴിഞ്ഞു, അതു ഞങ്ങൾക്ക വരുത്തിയ കഷ്ടങ്ങളും തീൎന്നു, ഞങ്ങൾ മരണസമയത്തിന്ന അധികം അടുത്തു വന്നിരിക്കുന്നു. നീ മാത്രം മാറുന്നില്ല നിന്റെ സംവത്സരങ്ങൾക്ക ഒരവസാനമില്ല, ഇന്നലെയും ഇന്നും എന്നെക്കും നീ അവൻ തന്നെ ഞങ്ങളുടെ രക്ഷിതാവാകുന്നു. ക്ഷണികന്മാരായ ഞങ്ങൾക്ക നിന്നാൽ നിത്യജീവനും സന്തൊഷവും ആശ്വാസവും ഉണ്ടാകെണമെ. മറ്റൊന്നിനെക്കൊണ്ടും ഞങ്ങളുടെ ആത്മാക്കൾക്ക തൃപ്തി വരുന്നില്ലല്ലൊ. നീ ഞങ്ങളെ കണ്ടറിയുന്നു ഞങ്ങൾ വിചാരിക്കയും പറകയും പ്രവൃത്തിക്കയും ചെയ്യുന്നതെല്ലാം നിന്റെ മുമ്പാകെ സ്പഷ്ടമായിരിക്കുന്നു. അവസാനനാളിൽ ഞങ്ങളും പ്രവൃത്തികളൊടു കൂട നിന്റെ മുമ്പാകെ നിന്നു ജീവനാളുകളിൽ നടന്ന പ്രകാരം പകരം ലഭിക്കും, അന്നു ഞങ്ങളുടെ പാപങ്ങൾ ഒളെച്ചുകിട്ടിയ കടങ്ങളായി മാത്രം കാണപ്പെടെണമെ, അന്നു ഞങ്ങൾക്ക നിന്തിരുവാക്കിൽ നിന്നു സ്തുതി ഉണ്ടാകിയവരെണമെ. ഈ ദിവസത്തിൽ ഞങ്ങൾ ചെയ്ത സകല പാപങ്ങളെയും ക്ഷമിച്ചു നിന്റെ ഇഷ്ടം നടത്തെണ്ടതിന്ന കരുണയാലെ പ്രാപ്തരാക്കെണമെ. പരുക്കാല

ത്തിൽ സന്തൊഷത്തൊടെ കൂടവരെണ്ടതിന്ന ഇപ്പൊൾ കണ്ണുനീ
രൊടെങ്കിലും നല്ലക്രിയയാളുവാൻ തക്കവണ്ണം ഞങ്ങൾക്ക വെളി
ച്ചവും ശക്തിയും എകെണമെ· ഞങ്ങളുടെ ആത്മാക്കളെ നിന്തി
രുരക്തത്താലെ ശുദ്ധീകരിച്ചും എല്ലാ വ്യൎത്ഥ വിചാരങ്ങളെയും പു
റത്താക്കി അശുദ്ധാത്മാക്കളെ ഞങ്ങൾ കനവിൽ ഉറക്കത്തിലും നിന്നൊട്ടു
ചെൎന്ന നിന്റെ സൎവ്വശക്തിയുള്ള കൈകളിൽ ആശ്രയിച്ചു ആശ്വാ
സം കൊള്ളുന്നതിന്ന കടാക്ഷിക്കെണമെ· എല്ലാ ദീനക്കാരി
ലും അനാഥന്മാരിലും നിന്റെ നാമം നിമിത്തം കഷ്ടിച്ചുവൊരു
ന്നവരിലും പലപരീക്ഷകളിൽ അകപ്പെട്ടു ഞെരുങ്ങുന്നവരിലും
കനിവുതൊന്നി തക്കകാലത്തെ ആശ്വാസസഹായങ്ങളെകൊണ്ടു
നിന്റെ പരിശുദ്ധനാമത്തെ മഹത്വപ്പെടുത്തെണമെ· ഈ അല്പ
രായ ഞങ്ങളുടെ അപെക്ഷകളെ കൈക്കൊണ്ടു നിന്റെ അ
ത്ഭുതശക്തി പ്രകാരം അപെക്ഷിക്കുന്നതിൽ അധികവും ചെ
യ്യെണമെ ആമെൻ.

ചൊവ്വാഴ്ച രാവിലെ

വിശുദ്ധിയും കനിവുമുള്ള പിതാവായ ദൈവമെ, കഴി
ഞ്ഞ രാത്രിയിൽ ഞങ്ങളെ കടാക്ഷിച്ചു സകല അനൎത്ഥങ്ങളിൽ
നിന്നു വിടുവിച്ചു കാത്തുകൊണ്ടതിനാൽ നിന്തിരുനാമത്തിന്നു സ്തൊ
ത്രം ഉണ്ടാകെണമെ. ഞങ്ങൾ ഇപ്പൊഴും നിന്തിരുമുമ്പിൽ വന്നു കാ
ൎയ്യാദികളെ എല്ലാം നിങ്കൽ എല്പിച്ചു ഇന്നും ഞങ്ങളുടെ ആത്മാ
ക്കളെ ദെഹി ദെഹങ്ങളൊടും കൂടെ വിചാരിച്ചു ആവശ്യമുള്ളതി
നെ തന്നു വിശ്വസ്തരാക്കി തന്നെ വെക്കെണ്ടതിന്നു വിശുദ്ധാ
ത്മാവെ കൊണ്ടു പ്രാപ്തരാക്കെണമെന്നു നിന്റെ പുത്രനായ യെ
ശുവിന്റെ നാമത്തിൽ അപെക്ഷിക്കുന്നു· പിന്നെ ഒരൊ ദിവ
സത്തിന്നു അതാതിന്റെ കഷ്ടതകൾ ഉണ്ടല്ലൊ ഇന്നും ഞങ്ങൾക്ക വരു
വാനുള്ള സങ്കടം കൂടാതെ സഹിക്കെണ്ടതിന്നും അതിന്റെ വെ
ദനകളെ കൊണ്ടു വിശ്വാസത്തെ ഉപെക്ഷിക്കാതിരിക്കെണ്ടതി

ന്നം ശക്തി തരെണമെ. ആകാശഭൂമികളിൽ നിറയുന്ന സൎവ്വാധികാരിയായി സിംഹാസനത്തിൽ ഇരുന്നരുളായായി വാഴുന്ന, സകലവും നിണക്ക് കീഴായി വന്ന പ്രകാരം ഇപ്പോൾ കാണുന്നില്ലെങ്കിലും നിന്റെ ഇഷ്ടം കൂടാതെ ഞങ്ങളുടെ തലയിൽ നിന്ന ഒരു രോമവും വീഴുകയില്ല എന്നു നിന്റെ വചനം ഉറപ്പിക്കുന്നത്. അതുകൊണ്ടു നിന്റെ ശക്തിയുള്ള വാഴ്ചയിൽ ഞങ്ങളെ ഒക്കിക്കുന്ന, വിശ്വാസത്തെ ഉറപ്പിച്ചു ദുശ്ചെഷ്ടക്ക് വിരോധമായി ഒരൊന്ന വന്നാലും ആശ്വാസം വരുത്തി തരെണമെ. അശുദ്ധാത്മാക്കളെയും ദുഷ്ടമനുഷ്യരെയും ഞങ്ങളിൽ നിന്ന അകറ്റി നിന്റെ നാമം ഭയഭക്തിയോടെ മാത്രെം മഹത്വപ്പെടുത്തെണ്ടതിന്നു തുണനില്ക്കെണമെ. നിൻ കരുണയാലെ സൎവ്വപാപങ്ങളെ ക്ഷമിച്ചു നിങ്കലെ വിശ്വാസത്താലെ എല്ലാ പരിശുദ്ധന്മാരൊടു കൂട സ്വൎഗ്ഗീയത്ത അവകാശം അനുഭവിക്കെണ്ടതിന്നു ഞങ്ങളെ യോഗ്യന്മാരാക്കെണമെ. നിന്റെ നാമം ഈ ഭവനം മുഴുവൻ ഹൃദയങ്ങളിൽ വസിപ്പിച്ചു പിശാചിന്റെ നെരെ പാൎക്കിച്ചു ജയം കൊള്ളെണ്ടതിന്നു യുദ്ധമായിരിക്കെണമെ. നിന്റെ വചനം ഞങ്ങളുടെ വാക്കുകളെയും ക്രിയകളെയും നല്ല ക്രമത്തിലാക്കി നിന്റെ ആത്മാവു ഞങ്ങളെ സകലസത്യത്തിലെക്ക് വഴി നടത്തെണമെ. നിന്റെ പരിശുദ്ധനാമത്തിന്നു സ്തോത്രം, മാനം, മഹത്വങ്ങൾ എന്നെക്കും ഉണ്ടായി വരെണമെ ആമെൻ.

ചൊവ്വാഴ്ച വൈകുന്നേരം

കരുണയുള്ള ദൈവമെ, ഇന്നെയും ഒരു ദിവസം കഴിഞ്ഞു പൊയി. അതിൽ നീ ഞങ്ങൾക്ക് കാണിച്ച കരുണകൾക്കായി നിന്റെ നാമത്തിന്നു സ്തോത്രം, ഞങ്ങൾ അനുഭവിക്കെണ്ടി വന്ന സങ്കടങ്ങൾക്കായും നിന്നെ സ്തുതിക്കുന്നു. ഞങ്ങളുടെ ഹൃദയത്തിൽ ജനിച്ചു വന്ന മന്ദവിചാരങ്ങളെയും വ്യൎത്ഥവാക്കുകളെയും ദുഷ്ടവൃത്തികളെയും ക്ഷമിച്ചു ബുദ്ധിക്ക് മെലായ നിന്റെ സമാധാനത്തെയും സ്നേഹവിശ്വാസങ്ങളുടെ അറിവിനെയും കൊണ്ടു ഈ രാത്രിയിൽ

ഞങ്ങളുടെ ഹൃദയങ്ങളെ സ്വീകരിക്കെണമെ. നിന്റെ തൃക്കാത്താലൊചന പ്രകാരം എല്ലാവരും പല സങ്കടങ്ങളിൽ കൂടി നിത്യജീവങ്കലെക്ക് കടക്കെണ്ടി വരുന്നു എങ്കിലും നിന്റെ പുത്രനായ യെശുവും ഈ വഴിയിൽ ചെന്നു എന്നും സങ്കടം കൂടാതെ ക്ഷമയും പരിജ്ഞാനവും ആൎക്കും ഉണ്ടാകയില്ല എന്നും നിത്യസ്വസ്ഥതെക്കായിട്ടാശയും പ്രതീക്ഷയും കഷ്ടങ്ങളിൽ വൎദ്ധിച്ചു വരുന്നു എന്നും അറിഞ്ഞു സന്തൊഷിക്കുന്നു. ദുഃഖവും കരച്ചിലും മരണവും ഇല്ലാത്ത ഒരു രാജ്യം നീ ഞങ്ങൾക്കൊരുക്കിയതിൽ പഴയതെല്ലാം കഴിഞ്ഞു സകലവും പുതുതായിത്തീരും എന്നറിഞ്ഞു ഞങ്ങൾ ആശ്വാസം കൊണ്ടു സങ്കടങ്ങളിലും പുകഴുന്നു, ആ രാജ്യത്തിന്നു യൊഗ്യന്മാരാകെണ്ടതിന്നു ഞങ്ങളെ നിന്റെ ആത്മാവെക്കൊണ്ടു നടത്തി പരദെശികളും അതിഥികളുമായി ഈ ലൊകത്തിൽ പാൎത്തു സ്വൎഗ്ഗീയ മഹത്വത്തിന്നായി ഒരുങ്ങുന്നവൎക്കു യൊഗ്യമാംവണ്ണം ജീവനാളുകളെ കഴിക്കെണ്ടതിന്നു സഹായിക്കെണമെ. ഈ ലൊകത്തിൽ നടപ്പായ മൌഢ്യവും ദൊഷവും വെറുക്കെണ്ടതിന്നും മീത്തലെ കാൎയ്യങ്ങളെ ചിന്തിച്ചു വെക്കെണ്ടതിന്നും സ്വൎഗ്ഗീയ സന്തൊഷത്തിന്റെ ഒരു അച്ചാരം ഞങ്ങളുടെ ഉത്സാഹത്തിന്നായി നല്കെണമെ. കൎത്താവായ യെശുവെ നിന്റെ അടുക്കലെക്ക് ഞങ്ങൾ പുറപ്പെട്ടു യാത്രയെ സമാപിച്ചു മരണനെരത്തും [illegible] സകലദൊഷത്തിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കെണമെ. നിന്റെ ഇഷ്ടപ്രകാരം ഞങ്ങളെ നടത്തി ഒടുക്കിൽ നിത്യരക്ഷാസ്ഥലം കൈക്കൊള്ളെണമെ. ഈ രാത്രിയിലും നിന്റെ കൈകീഴിട്ടു ഞങ്ങളെ കടാക്ഷിച്ചു സകല ആപത്തുകളെയും അകറ്റി വരുന്ന ദിവസത്തിൽ ആത്മാവിലും ശരീരത്തിലും ശക്തിപ്പെട്ടു ഉണൎന്നെഴുനീല്ക്കെണ്ടതിന്നു കരുണ ചെയ്തു കൊള്ളെണമെ. ആമെൻ.

ബുധനാഴ്ചരാവിലെ

സ്വൎഗ്ഗസ്ഥനായ പിതാവെ ഞങ്ങൾ ഭക്തിയൊടും അടക്കത്തൊടും ശാന്തതയും സമാധാനവും ഉള്ള ജീവനം ചെയ്യെണ്ടതിന്ന എല്ലാ മനുഷ്യൎക്കായിക്കൊണ്ടും പ്രത്യെകം രാജ്യാധികാരികൾക്കായിക്കൊണ്ടും അപെക്ഷാ പ്രാൎത്ഥനസ്തൊത്രങ്ങളെയും കഴിക്കണമെന്ന കല്പിച്ചതുമല്ലാതെ ഇത നിന്റെ മുമ്പാകെ നല്ലതും ഇഷ്ടമുള്ളതുമാകുന്നു എന്നും എല്ലാമനുഷ്യരും രക്ഷപ്പെട്ടുവാനും സത്യത്തിന്റെ അറിവിലെക്ക വരുവാനും ഇച്ഛിക്കുന്നു എന്നും അറിയിച്ചതകൊണ്ടു ഞങ്ങൾ എല്ലാരാജാക്കന്മാൎക്കായിട്ടും പ്രത്യെകം ഈ രാജ്യത്തിലെ അധികാരികൾക്കായിട്ടും നിന്നൊട അപെക്ഷിക്കുന്നു: നീ അവരെ അനുഗ്രഹിച്ചു നിന്റെ അറിവിലെക്ക നടത്തി സമാധാനവും തന്നീതിയും ന്യായവും പരിപാലിക്കെണ്ടതിന്ന ഉപദെശിച്ചു രക്ഷിക്കെണമെന്ന നിന്നൊട അപെക്ഷിക്കുന്നു. പല പ്രകാരവും നിന്റെ വചനം ഘൊഷിക്കുന്നവൎക്കായിട്ടും നിന്നൊടു യാചിക്കുന്നു, അവർ തങ്ങളെയും കെൾക്കുന്നവരെയും രക്ഷിക്കെണ്ടതിന്ന സഹായമായിരിക്കെണമെ. നീ ഒരൊരൊ കുഡുംബങ്ങളെയും അനുഗ്രഹിച്ചു അന്നവസ്ത്രാദികളെ സാധിപ്പിച്ചു നിന്റെ രാജ്യം എങ്ങും വൎദ്ധിപ്പിശാചിന്റെ രാജ്യം നിന്റെ വചനം കൊണ്ടു നശിപ്പിക്കെണമെ. ഞങ്ങളുടെ ബന്ധുജനങ്ങളെയും ദൃശിച്ചു സത്യമനസ്താപം ചെയ്തു വിശ്വസിച്ചു നിത്യജീവനെ ലഭിക്കെണ്ടതിന്ന അനുഗ്രഹം ചെയ്കെണമെ. ഞങ്ങൾക്കും രക്ഷാകാരികളാകുന്നിന്റെ വചനത്തിന്റെ അറിവിനെ വൎദ്ധിപ്പിച്ചു അതിന്റെ പ്രകാശത്തിന്റെ മക്കളായി വെളിച്ചത്തിൽ നടക്കെണ്ടുന്നതിന്നും ശുദ്ധനടപ്പിനെ കൊണ്ടു മറ്റവരെ നെടുകയ്ക്കെണ്ടതിന്നും ഇന്നിന്നെങ്ങളിൽ വസിക്കുന്ന പാപങ്ങളെയും കാണിച്ചു നിന്റെ പുത്രനായ യെശുക്രിസ്തുവിന്റെ രക്തം മൂലം ഹൃദയങ്ങളെയും മനസ്സാക്ഷികളെയും തളിച്ചും ശുദ്ധീകരിച്ചും കൊണ്ടിരിക്കെണമെ. ഞങ്ങൾ ഈ ദിവസത്തിലും എല്ലാം നിന്റെ കൈക്കൽ ഏല്പിക്കുന്നു. നീ

ഞങ്ങൾക്കായി വിചാരണം ചെയ്തു നിന്റെ നാമത്തിന്റെ മാധുര്യവും
അറിയിക്കേണ്ടതിന്നും നിന്റെ രാജ്യത്തെ ഞങ്ങളോടു
വെളിച്ചം വരുത്തേണ്ടതിന്നും ഞങ്ങളെ ഉത്സാഹിപ്പിക്കേണമെ.
മണ്ണും വെണ്ണീറുമായ ഞങ്ങൾ നിന്റെ അതിശയകരുണയുടെ
സ്തുതിക്കായിട്ടു പാത്രങ്ങളായി തീരേണ്ടതിന്നു എല്ലായതിലും
നിന്നെത്തന്നെ മഹത്വപ്പെടുത്തേണമെ ആമെൻ.

ബുധനാഴ്ച വൈകുന്നേരം

കർത്താവായ യേശുക്രിസ്തനും അവന്മൂലം ഞങ്ങൾക്കും പി
താവായ ദൈവമെ കോപത്തിന്നും ശിക്ഷെക്കും യോഗ്യന്മാരാ
കുന്ന ഞങ്ങൾക്കു ഇന്നു നീ ദോഷത്തിന്നു തക്കവണ്ണം ചെയ്യാതെ വള
രെ നന്മകളെ കാണിച്ചതിനാൽ നിന്റെ നാമത്തിന്നു സ്തോത്രം
ഉണ്ടാകേണമെ. ഞങ്ങൾ നിന്റെ കരുണക്കും ദീർഘക്ഷമെക്കും ഒ
ടുങ്ങാത്ത സ്നേഹവും വാഴ്ത്തുന്നു, നീതിമാനും ഞങ്ങൾക്കു സർവ്വലൊ
കത്തിന്നും പാപപരിഹാരവുമായ ഒരു മദ്ധ്യസ്ഥൻ നിന്റെ
അടുക്കൽ ഉണ്ടു എന്നു നീ കാണിച്ചുവരുന്ന ഉപകാരങ്ങളെ
കൊണ്ടറിയുന്നു, അവനെ കൂടാതെ ഒന്നിനെയും നിന്റെ കൈക്ക
ൽനിന്നു ലഭിപ്പാൻ ഒരു കഴിവില്ലല്ലൊ. അവനിൽ ആശ്രയി
ച്ചുള്ളപ്പോഴും നിന്റെ മുമ്പിൽ വന്നു ദരിദ്രന്മാരായ ഞങ്ങൾക്കു
ദേഹത്തിന്നും ആത്മാവിന്നും വേണ്ടുന്നതെല്ലാം നല്കി കനി
ഞ്ഞിരിക്കേണമെന്നു നിന്നോടു അപേക്ഷിക്കുന്നു. കോപത്തി
ന്നായിട്ടല്ല, നിത്യജീവനെ അവകാശമായി അനുഭവിക്കേണ്ട
തിന്നു നീ ഞങ്ങളെ വിളിച്ചത്. നീ സ്നേഹമാകകൊണ്ടു പാപിക
ളുടെ മരണത്തെ അല്ല, അവർ മാനസാന്തരപ്പെട്ടു ജീവിക്കെ
ണമെന്നത്രെ ഇച്ഛിച്ചു ആശാബലസഹായങ്ങളെ ഞങ്ങൾക്കു വാഗ്ദത്ത
കം വർണ്ണിക്കുവാൻ മനസ്സുള്ളവൻ എന്നറിഞ്ഞു ഞങ്ങൾ സ
ന്തോഷിക്കുന്നു, ഞങ്ങളെ നരകത്തിലെക്കു നടത്തിക്കുന്നുള്ളവയാൽ ദു
ഷ്ട ദോഷങ്ങളെ എല്ലാം ക്ഷമിച്ചുതരുവാൻ [illegible]

ള്ളിവരം ലഭിച്ചു അനുഭവിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കേണമെ. ശുദ്ധനടപ്പിന്നവെണ്ടി ഞങ്ങൾക്കു നിന്റെ ശുദ്ധമായിനെ ശക്തി സ്നേഹ സമ്പൊധങ്ങളുടെ ശുദ്ധമായാ ഷിട്ടുതരെണമെ. സമാധാനത്തൊടെ കിടന്നുറങ്ങെണ്ടതിന്നു ഞങ്ങളുടെ ഹൃദയത്തിൽ ഇന്നു ഉത്ഭവിച്ചുവന്ന ലൌകിക വിചാരങ്ങളെയും മോഹങ്ങളെയും നീക്കി കളയെണമെ. സകല അപത്തുകളെയും അകററി നിന്റെ ശക്തിയുള്ള കൈ നീട്ടി ഞങ്ങളെ കടാക്ഷിക്കെണമെ. ദിവസെന പുതുതായ കരുണയെ ഞങ്ങൾക്കു നാളത്തെ ദിവസത്തിന്നു പുലർത്തി തന്നു നിന്നിൽ വിശ്വസിച്ചവരെല്ലാവരുടെ പ്രാർത്ഥനകളെയും കെട്ടു ദീനക്കാരെയും ദരിദ്രരെയും അനാഥരെയും രക്ഷിച്ചു സന്തൊഷിപ്പിക്കെണമെ. നിന്റെ നാമത്തിന്നു സർവ്വലൊകത്തിലും സ്തൊത്ര മാനമഹത്വങ്ങളെയും കൂട്ടെണമെ ആമെൻ.

വ്യാഴാഴ്ചരാവിലെ

കർത്താവായ യെശുവെ ഞങ്ങൾക്കു ഇന്നെയും ഒരു ദിവസമുദിച്ചു കഴിഞ്ഞ രാത്രിയിൽ നീ ഞങ്ങളെ സകല ആപത്തുകളിൽനിന്നു കാത്തു രക്ഷിച്ചതിനാൽ നിന്നെ സ്തുതിക്കുന്നു. ഈ ദിവസത്തിൽ ഞങ്ങൾക്കു സംഭവിപ്പാനുള്ളത് അറിയായ്കകൊണ്ടു ഞങ്ങളുടെ കണ്ണുകൾ നിന്നെ നൊക്കിക്കൊണ്ടിരിക്കുന്നായിട്ടും ശുദ്ധനടപ്പിന്നായിട്ടും വെണ്ടുന്നതെല്ലാം നിന്റെ ധനങ്ങളിൽനിന്നു തരെണമെ എന്നിന്നൊട് അപെക്ഷിക്കുന്നു. ബലക്ഷയമുള്ളവരും അറിവില്ലാത്തവരും അശുദ്ധന്മാരുമായ ഞങ്ങൾക്കു ശക്തി ജ്ഞാനം ശുദ്ധി മുതലായ ദ്രവ്യങ്ങളെ നൽകെണമെ. ആരും ഞങ്ങളെ നിന്റെ കൈയിൽനിന്നു പറിക്കാതിരിക്കെണ്ടതിന്നു സർവ്വശക്തിയെകൊണ്ടു താങ്ങി എല്ലാ ശത്രുക്കളിൽനിന്നു വിടുവിക്കെണമെ. നിന്റെ രക്തംകൊണ്ടു ഞങ്ങളെ തളിച്ചു വെടിപ്പാക്കി കാത്തുകൊൾക. നീ കരുണാവാനും വിശ്വസ്തനും ആകുന്നു എന്നും നിങ്കൽ ആശ്ര

ിക്കുന്നവർ ഒരുനാളും നാണിച്ചുപോകുന്നില്ല എന്നും അറി
ഞ്ഞു ഞങ്ങൾ സ്വന്തനീതിബുദ്ധിശക്തികളിൽ അല്ല നിന്നിൽ
മാത്രം ആശ്രയിച്ചു നടക്കുന്നു. ഐഹികമാനമഹത്വങ്ങളെ
കൊണ്ടു ഞങ്ങൾ ലഘുബുദ്ധികളായും ഡംഭികളായും തീരാതെ,
സങ്കടങ്ങളെക്കൊണ്ടു ഭീരുക്കളും ആലസ്യപ്പെടുന്നവരുമാകി
പോകാതെ. സകലമാറ്റങ്ങളിൽ ഞങ്ങളുടെ കാലുകളെ
നിൻകല്പനാവഴികളിൽ തിരിച്ചു സ്ഥിരമായി നടത്തേണമെ.
നീ പിതാവിൽനിന്നു പുറപ്പെട്ടു ലോകത്തിൽ വന്നു, പിന്നെയും
ലോകത്തെ വിട്ടു പിതാവിന്റെ അടുക്കൽ കയറി അനുഭവ
ത്താൽ ലോകത്തിന്റെ മായയെയും നിനക്കുള്ളവരുടെ സ
ങ്കടങ്ങളെയും ആവശ്യങ്ങളെയും തെളിവായി അറികകൊണ്ടു
ഞങ്ങളെയും സഹായിച്ചു ആശ്വസിപ്പിച്ചു പിതാവിന്റെ
അടുക്കൽ ചെല്ലുവാൻ വഴിയുമാകിയിരിക്കേണമെ. നീ ഇരിക്കു
ന്നേടത്തു ഞങ്ങളും എത്തി നിന്നെ കാണുവോളത്തിന്നു ഒരു
നാളും ഞങ്ങളെ ഉപേക്ഷിയാതെ നിന്റെ മഹത്വത്തിലെ
ക്കു കയറ്റേണമെ. നിന്റെ വിശുദ്ധനാമത്തിന്നു സ്തോത്ര
മാനമഹത്വങ്ങൾ ഞങ്ങളെല്ലാവരാലും ഉണ്ടാകേണമെന്നു ആ
മെൻ.

വ്യാഴാഴ്ച വൈകുന്നേരം

സർവ്വശക്തനായ ദൈവമെ, നിനക്ക് വിരോധമാകിനി
ല്പാൻ ശക്തൻ ആർ, ലോകം മുഴുവനും നിന്റെ മുമ്പാകെ ഒരു
പൊടിപോലെ, അതുകൂടാതെ അനേകശുദ്ധദൂതന്മാർ വീ
രസൈന്യങ്ങളായി സന്തോഷത്തോടെ നിന്റെ കല്പനക
ളെ നിവൃത്തിക്കുന്നു. നിന്റെ പ്രിയപുത്രനെ കല്വറിമലമേ
ൽ വെച്ചു ആ മഹാവ്യസനത്തിൽ ഒരുദൂതനെ അയച്ചു തുണച്ചു.
നിത്യജീവനെ പ്രാപിക്കേണ്ടിയവരുടെ ശുശ്രൂഷെക്കായും വീ
രസേനകളെ അയക്കുന്നു, വിശ്വാസികൾ ഈ ലോകത്തെവി

ട്ടുന്ന സമയവും അവരുടെ സഹായം അനുഭവിക്കുന്നു. നിന്റെ രാജ്യത്തിലെ ഈ വ്യവസ്ഥക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ രാത്രിയിലും നിന്റെ ദൂതന്മാർ ഞങ്ങളുടെ കാവലിന്നു കല്പിച്ചാക്കേണമെ. അവർ നിന്റെ സേവകന്മാർ, ഞങ്ങൾ അവരുടെ കൂട്ടുശുശ്രൂഷക്കാരായി തീരേണമെ. അവർ നിന്നെ നിത്യം വാഴ്ത്തുന്നു, ഞങ്ങളും അവരോടു ഈ നല്ല വേലയെ പഠിക്കേണമെ. അവർ നിന്റെ മുഖം കാണുന്നു, ഞങ്ങളും വരുവാനുള്ള ലോകത്തിൽ അതിനെ നിത്യമായി കാണേണ്ടതിന്നു നിന്റെ ആത്മാവെക്കൊണ്ടു സഹായിക്കേണമെ. പിശാചും അവന്റെ ദൂതരും ഞങ്ങളെ നശിപ്പിപ്പാൻ നോക്കുന്നു. അവരുടെ കൌശലപാശങ്ങൾ സാധിക്കാതിരിക്കേണ്ടതിന്നു നീ ശരണമായി നില്ക്കേണമെ. കർത്താവായ യേശുവെ, നീ ഞങ്ങളെ തിരുരക്തം കൊണ്ടു വാങ്ങിയതിനാൽ ഞങ്ങൾ സ്വന്തമുള്ളവരല്ല, പിശാചിന്നുള്ളവരുമല്ല, നിന്റേവർ അത്രെ; ഞങ്ങൾ ഇത്രം നിന്റെ മാനത്തിന്നായി നടന്നു ജീവിക്കേണ്ടതിന്നു നിന്റെ ആത്മാവിനെ അയക്കേണമെ. ശുദ്ധത്രിയേകന്റെ ഇഷ്ടത്തെ അനുസരിച്ചു ഞങ്ങൾ ചെയ്ത സകല പാപങ്ങളെ ക്ഷമിച്ചു ഒടുക്കമുള്ള പ്രവൃത്തികളെല്ലാം എന്തിനെക്കാൾ നിനക്ക് ഇഷ്ടമാക്കി തീരേണ്ടതിന്നു സഹായിച്ചു ഞങ്ങൾ എല്ലായ്പൊഴും നിന്റെ പുകഴ്ചക്കായി നിത്യഫലങ്ങളെ പുറപ്പെടീക്കേണമെ. ആമെൻ.

വെള്ളിയാഴ്ച രാവിലെ

കർത്താവായ യേശുവെ, നിണക്ക് മാറിപ്പോകാത്ത പൌരോഹിത്യം ഉണ്ടു. ദൈവത്തിന്റെ അടുക്കൽ വരുന്നവരെ രക്ഷിപ്പാൻ നിണക്ക് കഴിയും, നീ ഇത്രത്തോളം ജീവിച്ചു അവർക്കായി [illegible]ക്കുന്നവനല്ലൊ. ആചാര്യനായി ഇരിക്കുന്ന ഞങ്ങളുടെ പാപങ്ങൾക്കു [illegible] ദിവസത്തെ ഞങ്ങൾ ഇന്നു ഓർക്കുന്നു. അതി

നാൽപാപികളായ ഞങ്ങൾക്കു കാണിച്ചു കരുണെക്കായിനി
ക്കസ്തൊത്രം· സൎവ്വസ്വ പിതാവെ നിന്റെ പുത്രന്റെയതി
യെനൊക്കി ഞങ്ങളുടെ പാപങ്ങളെ ക്ഷമിച്ചു ഭയം കൂടാതെ
ഇന്നവന്ദിക്കെണ്ടതിന്നും ഇള്ളലമായ നടപ്പുകൊണ്ടു സെവി
ക്കെണ്ടതിന്നും കരുണാപ്രാൎത്ഥനകളുടെ ആത്മാവിനെ തരെ
ണമെ· കൎത്താവായ യെശുവെ ഇണക്കമാറിപൊകാത്ത
ആചാൎയ്യത്വം ഉണ്ടാകകൊണ്ടു ഞങ്ങൾക്കും ഇത്രജീവനം വാടി
പൊകാത്ത അവകാശവും ഉണ്ടാകെണമെ· ഏകമദ്ധ്യസ്ഥനാ
യനിന്നെ കൊണ്ടു ദൈവത്തിന്റെ അടുക്കൽ ചെല്ലുന്നവരെല്ലാവ
രെയും രക്ഷിച്ചു നിന്റെ ജീവശക്തിയെ കൊണ്ടു സകലപരി
ക്ഷകളിൽ നിന്നും സങ്കടങ്ങളിൽ നിന്നും ഉദ്ധരിക്കെണമെ· നി
ന്റെ അപെക്ഷകൾ പിതാവിന്റെ അടുക്കൽ ഞങ്ങൾക്ക് അനു
ഭവമാകിയരെണമെ· അവസാനനാളിൽ ഞങ്ങളെ നിന്റെ മാ
നത്തിന്നായി നിൎത്തികരിച്ചു പിതാവിന്റെ മുമ്പാകെ നിൎത്തെ
ണമെ· നിന്റെ ചലിത്രകിലയുള്ളതും നിന്റെ സ്നെഹം
ശക്തിയുള്ളതും എല്ലാം അറിയിക്കയിക്കുന്നതും ആകുന്നു
ഞങ്ങളുടെ വിശ്വാസം ക്ഷീണമായതും അറിവ് അല്പമായതും
അത്രെ· അതുകൊണ്ടു ഇന്നെ അറിയെണ്ടതിന്നു നീ അധികം
പ്രകാശം തന്നു വിശ്വാസത്തെയും ശക്തികരിക്കെണമെ· ഇന്നെ
ത്തെ വെലകളിൽ നിന്റെ ആത്മാവെ കൊണ്ടു ഒരൊരു വിശെ
ഷവചനങ്ങളെ ഓൎമ്മവരുത്തി ഞങ്ങളുടെ ആത്മാക്കളെ സമ
ാധാനിപ്പിച്ചും നിന്റെ മാനത്തിന്നായി എല്ലാം ചെയ്വാൻ
ഇഷ്ട ഉത്സാഹിപ്പിച്ചും വൎദ്ധിപ്പിക്കെണമെ· ഞങ്ങളെയും
ഞങ്ങൾക്കുള്ളവരെയും ഇന്നൊടു അപെക്ഷിക്കുന്ന എല്ലാവ
രെയും നിന്റെ ശുദ്ധവചനം മൂലം ഈ ദിവസത്തിലും അ
വസാനത്തൊളവും കാത്തുരക്ഷിക്കെണമെ ആമെൻ·

വെള്ളിയാഴ്ചവൈകുന്നെരം

കൎത്താവായ യെശുവെ ഒരുവെള്ളി ആഴ്ചയിൽ നിന്റെ ക്രൂശിൽ
തൂങ്ങിമരിച്ചു ഞങ്ങൾക്കു പൂൎണ്ണ അനുസരണം ക്ഷമ ഇത്യാദി ഗു
ണവിശെഷങ്ങൾക്കു ഒത്തികഞ്ഞ ഉദാഹരണവും സൎവ്വലൊക
പാപങ്ങൾക്കു പ്രായശ്ചിത്തവുമായിതീൎന്നു. നിന്റെ ക്രൂശിൽ തറച്ച
വക്കായങ്ങളെ പ്രായിച്ചത് ഞങ്ങളുടെ ഹൃദയങ്ങളിലും ശത്രു
സ്നെഹത്തെ കൊളുത്തെണമെ. മറിയ, യൊഹന്നാനെ മകനെ
ന്നപൊലെയും അവൻ അവളെ അമ്മ എന്നപൊലെയും സ്നെ
ഹിക്കേണ്ടിയ പ്രകാരം നിന്റെ കല്പനങ്ങളെയും അത്യൊ
ന്ത്യം സ്നെഹത്തിന്നു ഉത്സാഹിപ്പിക്കെണമെ. മനസ്താപം ചെ
യ്ത കള്ളനെ നിന്നൊടു കൂടെ പരദീസയിൽ പാൎപ്പിപ്പാൻ നീ കരു
ണയാലെ വാഗ്ദത്തം ചെയ്തത് ഞങ്ങളിലും നിത്യജീവനായിട്ടു സ
ത്യമായ പ്രത്യാശയെ വരുത്തെണമെ. ആ അന്ധകാരസമയ
ത്ത് നീ എൻ ദൈവമെ, എൻ ദൈവമെ നീ എന്നെ കൈവി
ട്ടത് എന്തിന് എന്നു സങ്കടപ്പെട്ടു വിളിച്ചു, സങ്കടകാലത്തി
ൽ ഞങ്ങൾക്കും വിശ്വാസവും സഹായവും ഏകെണമെ. നിന്റെ
ദാഹത്തെ ഓൎത്തു ഞങ്ങൾ ഭക്ഷണപാനങ്ങളെ മിതമായി അ
നുഭവിച്ചു ലൌകിക ലഹരിയെ വിടെണമെ. നിവൃത്തിയായി
എന്ന നിന്റെ വചനം കൊണ്ടു ഞങ്ങളുടെ സ്വന്തനീതിയെ ന
ശിപ്പിച്ചു നീ ഉണ്ടാക്കിയ രക്ഷ പൂൎണ്ണമായി എന്നു നിശ്ചയം വ
രെണമെ. നിന്റെ ആത്മാവിനെ നീ പിതാവിന്റെ കൈ
യിൽ ഏല്പിച്ച പ്രകാരം ഞങ്ങൾ ഇപ്പൊഴും നിന്റെ വാസ
ത്തിന്നും ശുദ്ധീകരണത്തിന്നും ഞങ്ങളുടെ ആത്മാക്കളെ നി
നക്ക് ഏല്പിക്കുന്നു. ഈ ദെഹത്തെ വിടെണ്ടിവരുന്ന സമയം
നീ ഞങ്ങളെ നിത്യരാജ്യത്തിലെക്ക് എടുത്തു നിന്നൊടു
കൂടെ ഇരിപ്പാനും നിന്റെ മഹത്വം അനുഭവിപ്പാനും സംഗ
തിവരുത്തെണമെ. ധൎമ്മത്തിന്റെ ശാപത്തിൽനിന്നും വരു
വാനുള്ള കൊപത്തിൽനിന്നും ഞങ്ങളെ ഉദ്ധരിക്കേണ്ടതി
ന്നു നിന്റെ ശുദ്ധജീവനും കുററമില്ലാത്ത മരണവും ഞങ്ങൾക്കു

ന്നിതിയായിവരെണമെ. തികഞ്ഞാശ്ചര്യനെ ഞങ്ങളെ
യും നിന്നെ സ്നെഹിക്കുന്നവരെല്ലാവരെയും നിത്യമായിട്ടനു
ഗ്രഹിച്ചു നിന്റെ നാമമഹത്വത്തിന്നായിട്ടു കൈക്കൊണ്ടു രക്ഷി
ക്കെണമെ എന്നുമൻ.

ശനിയാഴ്ചരാവിലെ

വിശുദ്ധദൈവമെ, ഈ ആഴ്ചവട്ടത്തിന്റെ അന്ത്യദി
വസത്തിൽ ഞങ്ങൾ നിന്റെ അടുക്കൽ വരുന്നു. നിന്നിൽ അ
ന്ധകാരം ഇല്ല നീ ശുദ്ധവെളിച്ചം തന്നെ. ഞങ്ങളെയും പ്ര
കാശിപ്പിപ്പാൻ നിണക്കു മനസ്സുണ്ടു എന്നറിഞ്ഞു നിന്റെ ഹൃ
ദയം ഞങ്ങളിൽ പ്രകാശിപ്പിച്ചു ഈ ദിവസത്തിൽ ഞങ്ങൾ
ഇരുട്ടിൽ നടന്നു വീഴാതെയും വ്യർത്ഥവിചാരങ്ങളെകൊണ്ടു
ഞങ്ങളുടെ ഹൃദയങ്ങൾ ഭാരപ്പെടാതെയും ഇരിക്കെണ്ടതിന്നു
ഞങ്ങളുടെ ആത്മാക്കളിൽ അന്ധകാരം ഒക്കെനീക്കി നീതിസൂ
ര്യനായി ഉദിക്കെണമെ. ഞങ്ങൾ നടക്കെണ്ടിയ വഴിയെ കാ
ട്ടി കളവും എല്ലാം അകറ്റി സത്യത്തെ അറിഞ്ഞു തെരിഞ്ഞെടു
ക്കെണ്ടതിന്നു ബുദ്ധിയും താല്പര്യവും തരെണമെ. സകലവ്യവ
ഹാകളിലും നീ ഞങ്ങൾക്കു ഉത്തമമായതിനെ ബൊധിപ്പിച്ചും വ
രിച്ചും നടത്തെണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളെ തൊട്ടെണ
മെ. സ്വൎഗ്ഗസ്ഥപിതാവെ നിന്റെ നിന്റെ ആത്മാവെ
കൊണ്ടു യെശുവിനെ വെളിപ്പെടുത്തെണമെ. യെശുവെ നി
ത്യജീവന്റെ ആഹാരം ഇപ്പൊഴും ഞങ്ങൾക്കു അനുഭവമാകിയ
രെണ്ടതിന്നും ഈ ലൊകത്തെ വിട്ടുപൊകുമ്പൊഴും സമയം നി
ന്റെ മഹത്വത്തിൽ പ്രവെശിച്ചു എല്ലാ വിശുദ്ധരൊടുംകൂടെ നി
ന്നെ കണ്ടു വന്ദിപ്പാൻ പ്രാപ്തി ഉണ്ടാകെണ്ടതിന്നു നിന്റെ ആ
ത്മാവെ കൊണ്ടു പിതാവിനെ കാണിച്ചുതരെണമെ. ഈ ദിവ
സം ഞങ്ങളുടെ ജീവന്റെ അന്ത്യദിനമത്രെ എങ്കിൽ വരുത്തുന്നു.
ആയുസ്സ് എത്ര അടുത്തൊട്ടുരത്തെ ഉണ്ടാകുന്നതെന്ന് അറിയായ്കകൊണ്ടു

ഉണൎന്നു പ്രാൎത്ഥിച്ചുകൊള്ളുന്നതിന്നു ഞങ്ങളെ ഉത്സാഹിപ്പിക്കേണമെ. കൎത്താവായ യേശുവെ നീ ഞങ്ങൾക്കു പകലും വെളിച്ചവുമായി ഇന്നു അവിശ്വാസാന്ധകാരത്തിൽ നടന്നു മതിച്ചും ഒടുവും പുറമെയുള്ള ഇരുട്ടിൽ വീഴാതിരിക്കേണ്ടതിന്നു ഞങ്ങളെ കാത്തുകൊള്ളേണമെ. നീ തുടങ്ങിയ വേലയെ ഇന്നും അവസാനത്തോളവും ഞങ്ങളിൽ നടത്തിപ്പൂരിപ്പിക്കേണമെ. ആലസ്യവും മടിവും ഞങ്ങളിൽ വരുത്താതെ നിന്റെ ശക്തിയുള്ള വചനം കൊണ്ടു ഞങ്ങളെ ഉണൎത്തേണമെ. ഒരു ഫലം തരാത്ത പ്രവൃത്തികളിൽ നിന്നു ഞങ്ങളെ കാത്തുകൊണ്ടു നിന്റെ പ്രത്യക്ഷനാളിലും ന്യായവിധിനേരത്തും ഞങ്ങൾക്കു സന്തോഷം വരുത്തുന്ന ക്രിയകളെ ചെയ്യേണ്ടതിന്നു വെളിച്ചവും ശക്തിയും തരേണമെ ആമെൻ.

ശനിയാഴ്ച വൈകുന്നേരം

കരുണയുള്ള ദൈവവും പിതാവുമായുള്ളവനെ, ഈ ദിവസത്തിന്റെയും ആഴ്ചവട്ടത്തിന്റെയും അവസാനത്തിൽ ഞങ്ങൾ നിന്റെ മുമ്പാകെ വന്നു സമാധാനത്തോടെ കിടന്നുറങ്ങി നിണക്കിഷ്ടം എങ്കിൽ രാവിലെ സുഖെന ഉണൎന്നു എഴുനീല്ക്കേണ്ടതിന്നു സകല പാപങ്ങളെ ക്ഷമിച്ചു യേശുവിന്റെ രക്തം കൊണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കേണമെന്നു നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ ജീവകാലം പാപം നിറഞ്ഞത്, ക്രിയകൾ എല്ലാം കുററം കലൎന്നത, ഞങ്ങൾ വിചാരിച്ചും പറഞ്ഞും പ്രവൃത്തിച്ചും ഉള്ളതു അനേകം മുഴുവനും ദോഷമുള്ളതു. ദൈവമെ നീ ഞങ്ങളെ അറിയുന്നുവല്ലൊ, നിന്റെ കണ്ണുകളിൽ ഞങ്ങൾ എത്ര ദാരിദ്ര്യവും അരിഷ്ടതയും അശുദ്ധിയുമുള്ളവർ, എന്നിട്ടും നീ ഏറ്റം സ്നേഹകരുണകളോടു കൂട ഞങ്ങളെ സഹിച്ചു നീതിമാനും സൎവ്വലോകത്തിന്റെ പ്രായശ്ചിത്തവുമായ യേശു എന്ന ഏക മദ്ധ്യസ്ഥ

ൻ ഞങ്ങൾക്കു നിന്റെ കൃപയാകെ ഉണ്ടു എന്നുള്ളത ഞങ്ങളുടെ
ഹൃദയങ്ങളിൽ ഉറപ്പിച്ചു സന്തൊഷം വരുത്തുന്നു. സ്വൎഗ്ഗസ്ഥ
പിതാവെ അവന്റെ രക്തം മൂലം ഉള്ള പാപങ്ങളെ ക്ഷമി
ച്ചു ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കി നിന്റെ സ്നെഹം
കൊണ്ടു നിറച്ചു നിന്നൊടു ചെർന്നു സന്തൊഷത്തൊടു കൂട
കല്പനകളെ അനുസരിക്കെണ്ടതിന്നു ഞങ്ങളെ പ്രാപ്തന്മാരാ
ക്കെണമെ എന്നു അവന്റെ നാമത്തിൽ നിന്നൊടു അപെക്ഷി
ക്കുന്നു. ഇനി ഞങ്ങൾക്കു പക്ഷെ സംഭവിക്കുന്ന അപായങ്ങളുടെ
ഒക്കെയും മനസ്സിൽ നിന്നെടുത്തു ശൊകവും ഭയവും പറി
ച്ചുകളയെണമെ. ഈ ലൊകത്തിലെ കഷ്ടങ്ങൾ എത്രയും
അല്പമായത എന്നും ശത്രുക്കൾക്കു നിന്റെ സമ്മതം കൂടാതെ
ഞങ്ങളൊടു ദൊഷമായത ഒന്നും ചെയ്യ്കൂടാ എന്നും തെ
ളിയിക്കെണമെ. മനുഷ്യരിൽ നിന്നു നിന്റെ പുത്രനായ
യെശുവിന്നു വന്ന കഷ്ടങ്ങളിൽ ഞങ്ങളും ഓഹരിക്കാരായി
വരെണമെ എന്നു വന്നാൽ അവന്റെ ക്ഷമയും ധൈര്യതയും
സ്നെഹവും കൂടതരെണമെ. അവൻ ഇപ്പൊൾ നിന്റെ വല
ത്തുഭാഗത്തിങ്കൽ സന്തൊഷം പരിപൂൎണ്ണമായി അനുഭവി
ക്കുന്നതുപൊലെ ഞങ്ങളെയും ഒടുക്കിൽ നിന്റെ നിത്യസു
ഖത്തിലെക്ക പ്രവെശിപ്പിച്ചു യൊഗ്യന്മാരാക്കെണമെ ആ
മെൻ.

വെദധ്യാനങ്ങൾ

സങ്കീ. ൬൫. ൧. ദൈവമെ നിണക്കു ചിയൊനിൽ മിണ്ടായ്കയും സ്തൊത്രവും യൊഗ്യം.

കഴിഞ്ഞ കാലത്തിൽ ഞങ്ങളുടെ ഭാരങ്ങളും സങ്കടങ്ങളും മുഴുവൻ നീങ്ങിപ്പൊയില്ല എങ്കിലും ദൈവസ്തുതിയൊടു കൂടെ പുതിയ ദിവസത്തിൽ പ്രവെശിക്കുന്നതു യൊഗ്യം തന്നെ. ദൈവസ്നെഹകരുണകളെ ഒൎത്തിട്ടു സന്തൊഷിച്ചു സ്തുതിക്കാതിരിപ്പാൻ കഴികയൊ, വരുവാനുള്ള ലൊകത്തിൽ ഇതല്ലെ പ്രധാന പ്രവൃത്തി, അതിന്നു അല്പം ശീലം വരുത്തുവാൻ ഞങ്ങൾ പ്രയത്നം കഴിക്കുന്നതു നല്ലതല്ലൊ. പഴയ നിയമകാലത്തിൽ ഇസ്രയെലർ ചിയൊനിൽ നിന്നു ഉത്സവം കൊണ്ടാടി ബലികൾ യജ്ഞകല്പനകളിലും വാഗ്ദത്ത പ്രവാചകങ്ങളിലും ആശ്രയിച്ചു വരുവാനുള്ള രക്ഷെക്കായി കാത്തുകൊണ്ടു സന്തൊഷിച്ചു സ്തൊത്രഗീതങ്ങളെ പാടിയതു വിചാരിച്ചാൽ സകലത്തിന്റെ നിവൃത്തി പ്രാപിച്ച ഞങ്ങൾ സ്തുതിക്കാതിരിക്കുന്നതു യൊഗ്യമൊ. പുതുനിയമകാലത്തിൽ യെശുവിന്റെ രക്ഷാകരണവും നിത്യരാജ്യവ്യവസ്ഥയും അറിയിക്കുന്ന സുവിശെഷത്തെ കെട്ടു വിശ്വസിക്കുന്നദിക്കിൽ എല്ലാം ചിയൊൻ തന്നെ ആകുന്നു. മൃഗങ്ങളായ ബലികളെ അല്ല, ലൊകപാപങ്ങളെ വഹിച്ചു എല്ലാവരുടെ രക്ഷെക്കായി തന്നെത്താൻ ബലി കഴിച്ചുവെച്ച ദൈവത്തിന്റെ കുഞ്ഞാടായ യെശുവിനെ ഞങ്ങൾ കാണുന്നു. ഞങ്ങളുടെ രാജാവു ദാവിദിന്നൊത്ത സിംഹാസനത്തിൽ അല്ല, സകലത്തിന്നും മെല്പെട്ടു ദൈവമായ പിതാവിന്റെ മഹത്വസിംഹാസനത്തിൽ ഇരുന്നു തന്റെ സഭയെയും വെവ്വെറെ അതിന്റെ അവയവങ്ങളെയും പരിപാലിച്ചും രക്ഷിച്ചും കൊ

ണ്ടിരിക്കുന്നു. എല്ലാ കാലത്തും ദൈവത്തെ സ്തുതിപ്പാൻ മനസ്സുള്ളവർ അങ്ങൊട്ടു തന്നെ തങ്ങളുടെ ഹൃദയങ്ങളെ തിരിക്കുന്നു. ഞങ്ങൾക്കായി തന്നെ ബലി അൎപ്പിച്ച യെശുവിങ്കലെ വിശ്വാസം മൂലം ഞങ്ങൾ പാപികൾ എങ്കിലും ദൈവത്തെ സ്തുതിപ്പാൻ പ്രാപ്തന്മാരാകുന്നു. അതുകൊണ്ടു ഇന്നു പ്രത്യെകം എന്റെ ആത്മാവെ യഹൊവയെ വാഴ്ത്തുക, എന്റെ ഉള്ളമെ അവന്റെ വിശുദ്ധനാമത്തെ സ്തുതിക്ക, ശ്വാസമുള്ളതൊക്കയും യഹൊവയെ സ്തുതിക്ക ഹല്ലെലൂയാ.

൨

അപ. പ്രവൃ. ൪, ൧൨. യെശുവിൽ അല്ലാതെ മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷപ്പെടുവാൻ മനുഷ്യരിൽ കൊടുക്കപ്പെട്ട വെറൊരു നാമവും വാനത്തിൻ കീഴിൽ ഇല്ല.

ആത്മരക്ഷയെ ആഗ്രഹിക്കുന്നവർ യെശുനാമം ഒഴികെ മറ്റൊന്നിനെയും ആശ്രയിക്കരുതു. യെശുവിൽ മാത്രം നിത്യജീവൻ ഉണ്ടെന്നു വന്നാൽ അതിനെ അനുഭവിപ്പാൻ ആഗ്രഹിക്കുന്നവൻ അവന്റെ അടുക്കൽ വന്നു വിശ്വാസത്താൽ അവനൊടു ചെൎന്നു അവന്റെ ശരീരത്തിൽ ഒരു അവയവമായും മുന്തിരിവള്ളിയായ അവനിൽ ഒരു ശാഖയായും വരെണ്ടിയതു. യെശു എന്ന നാമത്തിൽ സൎവ്വസുവിശെഷത്തിന്റെ പൊരുൾ അടങ്ങിയിരിക്കുന്നു, ഇഹത്തിലും പരത്തിലും സകല സങ്കടങ്ങളിൽ നിന്നു പൂൎണ്ണമായി ഉദ്ധരിക്കുന്നവൻ അവൻ മാത്രം. അവങ്കൽ നമുക്കു പാപമൊചനമാകുന്ന വീണ്ടെടുപ്പു ഉണ്ടു. കൊല. ൧, ൧൪. അവൻ നമുക്കു വെളിച്ചവും ജീവനും മദ്ധ്യസ്ഥനും രാജാവും വരുംകാലത്തിലെ പ്രതീക്ഷയും തന്നെ. അവന്റെ പുനരുത്ഥാനത്തിൽ നമ്മുടെ ശരീരങ്ങൾക്കു ജീവനും മഹത്വവും നല്കുന്നതു അവൻ അത്രെ. അതുകൊണ്ടു ഞാൻ രക്ഷയുടെ കൊമ്പായ യെശുനാമത്തെ വിശ്വാസത്താലെ പിടിച്ചു മനുഷ്യരുടെ രക്ഷക്കായി സ്ഥാപിതമായി തന്നതു സന്തൊഷത്തൊടെ പരിഗ്രഹിക്കുന്നു. ഈ നാമം എന്നി

ക്കശരണമായിവരുന്നില്ലെങ്കിൽ കഴിഞ്ഞ കാലം വിചാരിച്ചാൽ സങ്കടവും, വരുംകാലം നിനെച്ചാൽ ഭയവും മാത്രം ഉണ്ടാകും. ഈ നാമം മൂലം ത്രികാലങ്ങളിലും എനിക്ക കരുണാസമാധാനങ്ങളും ആശ്വാസസഹായങ്ങളും നിത്യതെജസ്സിന്റെ പ്രതീക്ഷയും അവകാശമായിവരുന്നു. കൎത്താവായ യെശുക്രിസ്തന്റെ പിതാവും എനിക്കും പിതാവായും വിശുദ്ധാത്മാവും എനിക്കും ആശ്വാസപ്രദനായും തീൎന്നത ഈ നാമം കൊണ്ടു തെളിഞ്ഞുവന്നു. എന്റെ നാമമൊ ദൊഷിയാൻ എന്നത്രെ, എങ്കിലും യെശു എന്ന നാമം കൊണ്ടും എന്റെ നാമം വിശ്വാസത്താൽ മാറി ദെവപുത്രൻ എന്നായി. ഒടുവിൽ ഞാൻ കിട്ടുന്നവനല്ലാതെ മററാരും അറിയാത്ത ഒരു പുതിയനാമത്തിന്നായി നൊക്കി പാൎക്കുന്നു. ദൈവത്തിന്റെ ഏകപുത്രനായ യെശു എന്ന സത്യമനുഷ്യന്നും ഈ മഹാകരുണകൾക്കായി നിരന്തരം സ്തൊത്രമാനമഹത്വങ്ങൾ ഉണ്ടാക.

൩—

൨ കൊറി. ൫, ൧൦. നാം എല്ലാവരും ക്രിസ്തന്റെ ന്യായാസനത്തിന്മുമ്പാകെ പ്രത്യക്ഷമാകെണ്ടത.

കനിവുലഭിക്കയും തക്കാലത്തിലെ സഹായത്തിന്നു കൃപ കണ്ടെത്തുകയും വെണം എന്നുവെച്ചു നാം പ്രാഗത്ഭ്യത്തൊടെ കൃപാസനത്തിന്നു അണഞ്ഞു ചെല്ലുക എബ്രാ. ൪, ൧൬. ജീവപൎയ്യന്തം നാം ദിവസെന ഇതു ചെയ്തുകൊണ്ടാൽ അവസാനനാളിൽ യെശുവിന്റെ ന്യായാസനമുമ്പാകെ നില്പാൻ ധൈൎയ്യം ഉണ്ടാകും. ഈ ന്യായാസനത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും പ്രത്യക്ഷരാകെണ്ടിവരും. യെശുവിൽ വിശ്വസിക്കാത്തവരിൽ കുററവിധി മുമ്പെ കഴിഞ്ഞു എങ്കിലും വിശ്വസിക്കുന്നവരൊ നീതീകരിച്ചവരായി ദൈവത്തൊടു സമാധാനം പ്രാപിച്ചു എങ്കിലും ഈ പക്ഷക്കാരും വിസ്താരത്തിന്റെ തീൎപ്പു പരസ്യമായും തികവായും യെശുവിന്റെ നീതിയെ എല്ലാവരും സ്തുതിപ്പാനായും

കെൾക്കേണ്ടിവരും. ഇനിക്കീയ കാലത്തിൽ മനുഷ്യൎക്ക അന്യൊ
ന്യം സൂക്ഷ്മമായി അറിവാൻ പ്രാപ്തി ഇല്ല വാക്കുകളെ കെൾപ്പാ
നും ക്രിയകളെ കാണ്മാനും എല്ലാവൎക്കും പ്രാപ്തി ഉണ്ടു സത്യം എ
ങ്കിലും രണ്ടിന്റെയും ഉറവായ ഹൃദയചിന്തനങ്ങൾ മറഞ്ഞു
കിടക്കുന്നു. പലപ്പൊഴും ഗുണത്തിന്നു ദൊഷം എന്നും ദൊ
ഷത്തിന്നു ഗുണം എന്നും വിശ്വസിക്കകൊണ്ടു ഭക്തനെന്നും
കപടഭക്തനു വിശ്വാസി എന്നും പെരുകൾ വരുന്നു. ആ
നാളിൽ സകലത്തിന്നും തെളിവു വരും. ദൊഷവും ഗുണവും
മറഞ്ഞിരുന്നതെല്ലാം അന്നു പരസ്യമായി തീരും. അന്നു
ദൈവത്തിന്റെ വയലിൽ കൊതമ്പവും നായികല്ലകളും ആരെ
ന്നു പ്രസിദ്ധമായി വരും, മനുഷ്യരുടെ ക്രിയകൾക്ക ഇത്ര വില
ഉണ്ടു എന്നു സ്പഷ്ടമായി വിളങ്ങും. ഈ ഭൂമിയിൽ വലിയവെ
ർ കൊണ്ടവർ അന്നു എത്രയും ചെറിയവരായും ഹീനന്മാർ
എന്നു കീൎത്തി ലഭിച്ച പലരും വലിയവരായും തീരും. മത്താ. ൧൯
൩൦. — ൪൬. നശിച്ചുപൊകുന്നവരുടെ ക്രിയകളും ശരിയായി
തൂക്കപ്പെട്ടും. വെളി. ൨൦, ൧൧. ൧൨. ൧൫. ആ കാഴ്ച എല്ലാം
പറയുന്നത് ഇങ്ങിനെ: ഞാൻ വലുതായ വെള്ളസിംഹാസന
ത്തെയും അതിമെൽ ഇരിക്കുന്നവനെയും കണ്ടു, അവന്റെ മു
മ്പിൽ നിന്നു ഭൂമിയും വാനവും മണ്ടിപ്പൊയി അവറ്റിന്നു സ്ഥ
ലം കാണായതും ഇല്ല, ചെറിയവരും വലിയവരും മരിച്ചവർ
ആകെ ദൈവത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു, പുസ്തകങ്ങൾ
തുറക്കപ്പെട്ടു ജീവപുസ്തകമാകുന്ന മറ്റൊന്നും തുറക്കപ്പെട്ടു, പു
സ്തകങ്ങളിൽ എഴുതികിടക്കുന്നവററിൽ നിന്നു മരിച്ചവൎക്ക അ
വരുടെ ക്രിയകൾക്ക ഒത്തവണ്ണം ന്യായവിധി ഉണ്ടാകയും ചെ
യ്തു. ഒരുവനും ജീവപുസ്തകത്തിൽ പെർ എഴുതി കാണാഞ്ഞാൽ
തീപൊയ്കയിൽ തള്ളപ്പെട്ടു, ക്രിസ്തനുള്ളവർ മാത്രം ധൈര്യ
ത്തൊടും കൂട അവന്റെ ന്യായാസനത്തിന്റെ മുമ്പിൽ നി
ല്ക്കും.

൪

൧ യൊഹ. ൩. ൨. നാം ഇപ്പൊൾ ദൈവമക്കൾ ആകുന്നു, ഇന്നത് ആകും എന്നുള്ളത് ഇതുവരെ പ്രസിദ്ധമായതുമില്ല.

ദൈവപുത്രന്മാർ സൃഷ്ടികളിൽ ആദ്യഫലവുമത്രെ. അവർ പാപത്തിൽ പിറന്നു എങ്കിലും ദൈവപുണ്യത്താൽ അവരുടെ ഉൽകൃഷ്ടാവസ്ഥാസ്ഥാനമായി വന്നു പല അനുഭവങ്ങളും അവരുടെ സ്ഥാനത്തൊട് സംബന്ധിച്ചിരിക്കുന്നു. വിശുദ്ധാത്മാവിന്റെ ശക്തിയാൽ അവർക്കു ദൈവത്തെ പിതാവെന്നു വിളിപ്പാനും അവന്റെ ദയയും സ്നേഹവും അനുഭവിപ്പാനും ഒരു ഭയം കൂടാതെ അവന്റെ അടുക്കൽ ചെല്ലുവാനും അവന്റെ അവകാശികളും ക്രിസ്തുവിൽ കൂട്ടവകാശികളുമാകുവാനും ന്യായം. ഈ മഹത്വമുള്ള സ്ഥാനത്തൊടു പൊരുമെയുള്ള അവസ്ഥയും ഉണ്ടാകേണം എന്നു വിചാരിക്കേണ്ട. ദൈവപുത്രന്മാർ പലരും ലാസരെ പൊലെയുള്ള ദീനക്കാരും ദരിദ്രന്മാരും ആകുന്നു. ലൌകികത്തിലും അവരുടെ കാര്യം ക്ഷുദ്രമായാൽ ദൈവപുത്രന്മാരാകകൊണ്ടു അങ്ങിനെ ഇരിക്കുന്നു എന്നു നിരൂപിക്കേണ്ടല്ല, അവരുടെ മഹത്വം അകത്തിരിക്കുന്നു, അതുകൊണ്ടു ലോകം അവരെ അറിയുന്നില്ല യെശുവെയും അറിഞ്ഞില്ലല്ലൊ തന്റെ തെജസ്സ് പല വിധമായി കാട്ടി എങ്കിലും അപമാനവും ദൂഷണവും മരണവും ലൊകത്തിൽനിന്നു അവന്നു കിട്ടിയ അവകാശം. ലൊകത്തിൽ കണ്കാഴ്ച ദൈവപുത്രന്മാരുടെ മഹത്വത്തൊളം എത്തുന്നില്ല അവർ ഇനിത്തീരേണ്ടിയ പ്രകാരം സ്പഷ്ടമായി വന്നില്ലെല്ലാ. ഒന്നുമാത്രം അവർക്കു നിശ്ചയം, കർത്താവായ യെശു വരുമ്പൊൾ അവർ അവനു തുല്യന്മാരാകും, അപ്പൊൾ അവർ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പൊലെ ശൊഭിക്കും. യെശു ഇരിക്കുന്ന പ്രകാരം അവർ അവനെ കാണും. ദൈവപുത്രന്മാരുടെ മഹത്വമുള്ള ഈ പ്രത്യക്ഷതെക്കായി സൃഷ്ടിയും

കാൎയ്യം കൊണ്ടു തെളിയുന്നു. ആകയാൽ ദൈവപുത്രന്മാരെക്കൊണ്ടു ഒരുത്തൻ മറ്റവരിൽ അവൎക്കു എന്തു വിശേഷതയും സൌന്ദൎയ്യവും ഉണ്ടു എന്നു ചോദിച്ചാൽ അവർ ധൈൎയ്യത്തോടെ ഇപ്രകാരം പറയുന്നു: ഞങ്ങൾ ദൈവപുത്രന്മാരാകുന്നു, ഇനി പ്രകാരം ഇരിക്കും എന്നുള്ളത് ഇനിയും സ്പഷ്ടമാകിയതില്ല എങ്കിലും അവൻ പ്രത്യക്ഷമാകുമ്പോൾ ഞങ്ങൾ അവനു സദൃശന്മാരാകും എന്നറിയുന്നു കാരണം അവൻ ഇരിക്കുന്നപ്രകാരം തന്നെ ഞങ്ങൾ അവനെ കാണും, ഇത് മതി അല്ലൊ

൭

സങ്കീ. ൩൩. ൪. യഹോവയുടെ വചനം നേരുള്ളത്, അവന്റെ സകല ക്രിയയും വിശ്വാസ്യതയിൽ തന്നെ.

കള്ളവും വഞ്ചനയും നിറഞ്ഞ ലോകത്തിൽ സത്യവും സ്ഥിരവുമുള്ള ഒരു ശരണം വെണമല്ലൊ, മനുഷ്യരിൽ ആശ്രയിക്കുന്നവൻ തെറ്റിപ്പോകയുള്ളു അവരുടെ വിചാരങ്ങൾ മായ അത്രെ എന്നു യഹോവ അറിയുന്നു. സങ്കീ. ൯൪. ൧൧. പുരാണകാലത്തിൽ തന്നെ അവർ അതിനെ വെണ്ടുവോളം കാട്ടിയതിൻ ഫലം ഉണ്ടാക്കിരുന്നു, അവർ തങ്ങളെ ജ്ഞാനികൾ എന്നു വിചാരിച്ചു മൂഢന്മാരായി തീൎന്നു നാശമില്ലാത്ത ദൈവത്തിന്റെ മഹത്വം നാശമുള്ള മനുഷ്യൎക്കും പശു, പക്ഷി, ഇഴജാതികൾക്കും സദൃശമുള്ള രൂപമാക്കി മാറ്റി. രോമ. ൧, ൨൨. ൨൩. എന്നത്രെ. ഇക്കാലത്ത് കാൎയ്യം വെറെയായി എന്നു വിചാരിപ്പാൻ സംഗതി ഇല്ലല്ലൊ. ദൈവവചനം അറിയാത്തവൎക്കു നില്പാൻ ഒരിടം ഇല്ല, ഭയവും ഭ്രാന്തും തീരാത്ത സംശയങ്ങളും മാത്രം അവരെ നിത്യം ഭ്രമിപ്പിക്കുന്നതെയുള്ളു. സ്വൎഗ്ഗത്തിലും ഭൂമിയിലും നെരുള്ളത് ഒന്നു മാത്രം, ദൈവവചനം തന്നെ. ആയതിനെ അംഗീകരിക്കുന്നവർ ധന്യന്മാർ, നിരസിക്കുന്നവരൊ എത്രയും നിൎഭാഗ്യർ സത്യവും സ്ഥിരവുമുള്ള ഒരു ശരണം ആഗ്രഹിക്കുന്നവർ സത്യവെദം എടുത്തു നൊക്കുകൊണ്ടതിൽ യഹോവയുടെ വാഗ്ദത്തങ്ങളെ സമ്പാ

രിക്കുന്നു അവൻ ഒരു മാററവും ചഞ്ചലവും ഇല്ലാത്തവൻ അ പ്രകാരം അവന്റെ വചനവും ആകുന്നു. പുരാണകാൎയ്യങ്ങളും വരുവാനുള്ള വിശെഷങ്ങളും അഗാധരഹസ്യങ്ങളും മററും അതിൽ എഴുതികിടക്കുന്നതെല്ലാം നെർതന്നെ. അത് മനുഷ്യരെ ശാസിക്കയും ആശ്വസിപ്പിക്കയും ദെവകൊപകരുണകളെ അറിയിക്കയും ചെയ്യുന്നതൊക്ക മാറാത്ത സത്യമാകുന്നു അതിനെ വിശ്വസിക്കുന്നവൻ ഒരുനാളും നാണിച്ചുപൊകയില്ല. അത് ഗ്രഹിച്ചും വിശ്വസിച്ചും നടക്കുന്നവൎക്ക സത്യമുള്ള ഉപദെഷ്ടാവും ലൊകയാത്രയിൽ വെളിച്ചവും വഴിയും വിശ്വാസഭവനം കെട്ടെണ്ടിയ അടിസ്ഥാനവും ആകുന്നു. ദൈവം ലൊകത്തെ സൃഷ്ടിച്ചും രക്ഷിച്ചും വരുന്ന ക്രമവും പാപത്തിൽ ഉൾപ്പെട്ട മനുഷ്യവംശത്തെ ഉദ്ധരിച്ചു നിത്യജീവന്നാകി ക്കളിക്കയും വിശ്വസിക്കുന്നവൎക്ക നിത്യമഹത്വവും അവിശ്വാസികൾക്ക നിത്യനാശവും വരുത്തുകയും ചെയ്യും വഴി മുഴുവൻ അതിൽ അടങ്ങി ഇരിക്കുന്നു. ഇതൊക്കുപകാരമാത്രം, ആയത്കൊണ്ടു നാം ഇന്നും ദൈവത്തെയും അവന്റെ സത്യവചനത്തെയും ആശ്രയിക്കുമാറാക.

൩

എബ്ര. ൯, ൨൭. ഒരിക്കൽ മരിക്കയും, പിന്നെ ന്യായവിധിയും മനുഷ്യൎക്ക വെച്ചുകിടക്കുന്നു.

മനുഷ്യർ എല്ലാവരും ഒരിക്കൽ മരിക്കേണമെന്നു നിശ്ചയം. ആയത്കൊണ്ടു ഈ ഏക മരണം സന്മരണമാക്കിത്തീരെണ്ടതിന്നു ഒരൊരുത്തൻ ജാഗ്രതയായ്ക്കാക്കെണ്ടത്. ദുൎമ്മരണത്തെ പിന്നെ സന്മരണമാക്കുവാൻ പാടില്ലല്ലൊ ഒരിക്കൽമാത്രം അല്ലൊ മരിക്കുന്നത്. മരിക്കുന്നത് ഇന്നതെന്നറിഞ്ഞു സന്മരണത്തെ തന്നെ ഒരുക്കെണ്ടതിന്നു ദൈവം കരുണയാലെ ചില ദിനങ്ങളെകൊണ്ടു ഒരൊ മനുഷ്യന്നു ജീവകാലത്തിൽ ഒന്നൊരണ്ടുവട്ടം മരണം കിനൊക്കുവാൻ സംഗതി

വരുത്തുന്നു. ഒരിക്കലെ മരിക്കുന്നുള്ളു നല്ല മരണം സാധിയ
ക്കുണ്ടതിന്നു ഒരൊരുത്തൻ നൊക്കുക. അതിന്നു എന്തൊ
രുവഴി: മനുഷ്യൻ ഒരിക്കൽ മരിക്കുന്ന പ്രകാരം ക്രിസ്തു
നം പലരുടെ പാപങ്ങളെ വഹിപ്പാൻ ഒരിക്കൽ തന്നെ
ബലിയാക്കി അൎപ്പിച്ചു. അവന്റെ ബലിയിൽ വിശ്വസിച്ചു പാ
പമൊചനം ലഭിച്ചാൽ നമ്മുടെ മരണം സുഖമരണമാകിയ
തും നിശ്ചയം. മരണത്തെ അല്ല, പാപത്തെ മാത്രം നാം ഭ
യപ്പെടെണ്ടു. ആയത് കൊണ്ടു യെശുവിന്റെ രക്തം മൂലം
പാപമൊചനമാകുന്ന വീണ്ടെടുപ്പു ലഭിക്കും മുമ്പെ ആരും
മരിക്കരുത്. അല്ലെങ്കിൽ ദുഃഖമരണം, പിന്നെ സുഖമരണം
ആക്കുവാൻ പാടില്ല. മരിച്ചാൽ എല്ലാം തീൎന്നു എന്നല്ല എ
ല്ലാ മനുഷ്യന്നു ഒരിക്കൽ മരണവും അതിൽ പിന്നെ ന്യായ
വിസ്താരവും വരും. ന്യായവിസ്താരം ഇല്ല എന്നു വന്നാൽ മര
ണം എതു പ്രകാരമായാലും വെണ്ടതില്ലയായിരുന്നു. വരുവാ
നുള്ള വിസ്താരം നിമിത്തം സുമരണം പ്രാപിപ്പാൻ നൊക്കെ
ണ്ടത്. പാപമൊചനം ലഭിയാതെ മരിക്കുന്നവൎക്കു കഷ്ടം
ന്യായവിസ്താരത്തിന്നു അവൎക്കു ഭയങ്കരമായൊരു കാത്തിരിപ്പെ
യുള്ളു. പാപമൊചനവും ദൈവനീതിയും ലഭിച്ചു മരിച്ചവൎക്കു
ന്യായവിസ്താരം നിമിത്തം ഭയം എതും വെണ്ടാ, അവരിൽ
ഒന്നും വിസ്തരിപ്പാൻ ഇല്ലല്ലൊ. വിശ്വാസിയിൽ ന്യായവിധി
ഇല്ല, അവൻ മരണത്തിൽ നിന്നു ജീവങ്കലെക്ക് കടന്നിരി
ക്കുന്നു. നിത്യ മഹാചാൎയ്യനായ യെശുവെ നിന്റെ രക്ഷാബ
ലി മരണനെരത്തു എനിക്കു അനുഗ്രഹമായി വരെണമെ.
നിന്റെ പ്രത്യക്ഷനാൾ എനിക്ക് സന്തൊഷദിനമാക്കി തീ
രെണ്ടതിന്നു സകല അപരാധങ്ങളെയും ക്ഷമിച്ചു സമാ
ധാനത്തൊടെ ഇഹത്തിൽ നിന്നു പുറപ്പെട്ടു നിത്യസന്തൊ
ഷത്തിലെക്ക് പ്രവെശിപ്പാൻ കൃപ അരുളെണമെ. ആ
മെൻ.

൭

വെളി. ൭, ൧൭. ദൈവം താൻ അവരുടെ കണ്ണുകളിൽനിന്ന് അശ്രുക്കളെല്ലാം തുടെച്ചു കളയും.

ജീവനാൾക്കൊക്കയും സന്തോഷത്തിൽ അധികം ദുഃഖവും കരച്ചലും ഒരോരുത്തന്നു സംഭവിക്കുന്നു. വരുവാനുള്ള ലോകത്തിൽ വിശ്വാസികൾക്കു നിത്യസന്തോഷവും മഹത്വവും അവകാശമാകിവരികയില്ലെങ്കിൽ ഇഹത്തിൽ ജീവനെക്കാൾ മരണം തന്നെ നമന്നു അപേക്ഷിപ്പാൻ സംഗതിയുണ്ടു. കണ്ണീർ പലപ്പോഴും ഈ ലോകത്തിൽ ഒഴുകുന്നു, ചിലത് ദുഃഖത്തിന്നും ചിലത് സന്തോഷത്തിന്നും മറ്റ് ചിലത് കോപത്തിന്നും അടയാളമാകുന്നു. ദൈവം എല്ലാ മനുഷ്യരുടെ കണ്ണുനീർ തുടെച്ചു കളയും എന്നു വിചാരിക്കേണ്ടതല്ല, അനേകർക്കു കരച്ചലും പല്ലുകടിയും വരുവാനുള്ള ലോകത്തിൽ ആരംഭിക്കയുള്ളൂ എന്നും തീരുകയുമില്ല. തങ്ങളുടെ പലവിധമായ പാപങ്ങൾനിമിത്തം അനുതാപം। കുരുളുകൂളകിൽ കിടന്നു ദുഃഖിക്കുന്നവർക്കും പാപമോചനവും സമാധാനവും ലഭിച്ചിട്ടു പലസ്നേഹക്കാരവും അവിശ്വാസ്യതയും ജീവന്റെ പുത്രക്കത്തിൽ തളർച്ചയും പ്രാപ്തനകിൽ ആലസ്യവും ഉപവാസിതങ്ങളെത്താഴ്ത്തി വ്യസനപ്പെടുന്നവർക്കും ദൈന്യനാമംനിമിത്തം ഒരോ അപമാനകഷ്ടങ്ങളെ അനുഭവിച്ചു കരയുന്നവർക്കും മാത്രം ദൈവം കണ്ണുനീർ തുടെച്ചിട്ട് അവർക്ക് അപകരം സന്തോഷവും നിത്യാശ്വാസവും നല്കും. വെളി. ൨൧-൪. അങ്ങനെ കൊണ്ടു കണ്ണുനീർ അല്പകാലം ഒഴുക്കേണ്ടി വന്നാലും നരകപ്രലാപത്തെക്കാൾ അത് ഏറെ നല്ലതല്ലോ, ധനവാന്റെ സന്തോഷവും മോഹനിവൃത്തിയും വേഗം മാറി അപ്രകാരം ലാസറിന്റെ സങ്കടങ്ങളും ക്ഷണം നിത്യസന്തോഷമാകിത്തീർന്നു. വെള്ളവും കരഞ്ഞു ലൂക്ക്. ൧൬, ൨൫. യോഹ. ൧൬, ൨൦. എബ്രാ. ൧൨, ൧൧. ഈ കാര്യത്തിലും അയനൊട്ടു

ളുള്ളവരായിരുന്നത് ഭാഗ്യമത്രെ. ഈ ദിവസത്തിൽ എനിക്ക് സങ്കടമൊ സന്തോഷമൊ എന്തുവരും എന്നറിയുന്നില്ല എങ്കിലും ദൈവത്തെ സ്നേഹിക്കുന്നവർക്കെല്ലാവർക്കും നന്മക്കായിട്ട് ഉപകരിക്കുന്നു രോമ. ൮, ൨൮. എന്നും, ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ മത്താ. ൫, ൪. എന്നും ദൈവം തനിക്കുള്ളവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരുകളെ തുടെച്ചുകളയും എന്നും ഞാൻ അറിയുന്നു. ഈ അറിവ് എനിക്ക് മതി.

൨

൧ കൊറി. ൧൫, ൧൦. ദൈവകൃപയാൽ ഞാൻ ആകുന്നത് ആകുന്നു.

പൌൽ അപ്പൊസ്തലൻ ഈ വാക്കുകളെ എഴുതുമ്പൊൾ ദൈവത്തെ അറിയാത്ത മനുഷ്യർക്കും തനിക്കും സാദൃശ്യം കിടാഞിയാതെ ക്രിസ്തുവിന്റെ ശിഷ്യനും ദാസനുമായി വന്നനാൾ മുതൽ തനിക്ക് കിട്ടിയ കരുണയെ പ്രത്യെകം ഓർക്കുമ്പൊൾ പറഞ്ഞത്: ഞാൻ അപ്പൊസ്തലരിൽ ഏറ്റവും ചെറിയവൻ, ദൈവസഭയെ ഹിംസിച്ചതുകൊണ്ട് അപ്പൊസ്തലനാമത്തിന്നു യൊഗ്യനുമല്ല എന്നാൽ ദൈവകരുണയാൽ ഞാൻ ആകുന്നത് ആകുന്നു എങ്കലെക്കുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല. ഞാൻ അവരെല്ലാവരെക്കാൾ ഏറ്റവും അധികം അദ്ധ്വാനിച്ചു എന്നാൽ ഞാൻ അല്ല എന്നൊട് കൂടെ ഉള്ള ദൈവകരുണയത്രെ. അവൻ മുമ്പെ ദൈവസഭയെ ഹിംസിച്ചതിനാൽ കരുണമൂലം തനിക്ക് കിട്ടിയത് അവന്ന് എത്രയും വലിയതും അത്ഭുതവുമായി തോന്നി. അപ്പൊസ്തലനായിരിപ്പാൻ യൊഗ്യനല്ല എങ്കിലും കരുണയാൽ അവൻ ഒരുവനായി. അത്ര വലിയ അതിശയക്രിയകളെ ചെയ്വാനും യൊഗ്യനല്ല എന്നാൽ ദൈവകരുണ എല്ലാം അവനെക്കൊണ്ടു നിവൃത്തിച്ചത് ദൈവകൃപയാൽ ഞാൻ ആകുന്നു. ഞാൻ ദൈവപുത്രനും ദാസനുമായിരിക്കുന്നു. മുമ്പെ എന്നിൽ ഇല്ലാത്തത് അവന്റെ കൃപ

യാൽ ഉപദ്രവം എനിക്കു വരുമൊ. ഇതുവരയും ഞാൻ മാത്രമൊ, അല്ല എന്നിലുള്ള ദൈവകരുണയൊ എന്നെ കാത്തു വല്ലതും നിവൃത്തിച്ചു. ഇതു എത്രയും സാരമുള്ള ചൊദ്യങ്ങൾ ആകുന്നു. അവറ്റിന്നു നല്ല ഉത്തരം പറവാൻ പ്രാപ്തിയുള്ളവൻ പ്രശംസിക്കരുത. താൻ അല്ലല്ലൊ ദൈവകരുണയത്രെ എല്ലാം ചെയ്തു അതിനാൽ ദൈവത്തിന്നുമാത്രം പുകഴ്ചയും മാനവും വരെണ്ടു. ദൈവകരുണയാൽ ഒരുവൻ ആകുന്നതാകുന്നു എങ്കിൽ തന്റെ സ്വഭാവത്തൊടു സംബന്ധിച്ച കഷ്ടങ്ങളും അസഹ്യമാകിതൊന്നരുത. പൌൽ ഒരു അപൊസ്തലൻ ആകിരുന്നു വളരെ അഭിമാനവും സങ്കടങ്ങളും അവന്റെ സ്വഭാവത്തൊടു ചെൎന്നു എങ്കിലും അവൻ ക്രിസ്തുനിമിത്തം അനുഭവിക്കെണ്ടിവന്ന ബലക്ഷയം, നിന്ദ, പീഢ, ഞെരുക്കം ഇത്യാദികളിൽ സന്തൊഷിച്ചു സകല കഷ്ടങ്ങളിലും താൻ കരുണയാൽ ഒരു അപൊസ്തലൻ എന്നുള്ള നിശ്ചയം കൊണ്ടു ആശ്വസിച്ചു അനെക ക്രിസ്ത്യാനരെ നാണിപ്പിക്കയും ചെയ്തുവരുന്നു. ദൈവം എത്ര കരുണയെ കാണിച്ചാലും അനെകൎക്കു ഒന്നും ശരിയാകതൊന്നില്ലല്ലൊ. അവരൊടു നിങ്ങൾ ഉപകാരികളായി മാനം എപ്രകാരം നടക്കുന്നില്ലയൊ ൧ കൊരി. ൧൫. ൧൦. ഒന്നു വായിക്ക. അതുകൊണ്ടു ദൈവം ഈ ദിവസത്തിലും മരണപൎയ്യന്തവും എന്നെ ഏതു വഴി നടത്തിയാലും, അവന്റെ കരുണ എനിക്കു മതി.

൩

രൊമ. ൧൪, ൮. നാം ജീവിച്ചാലും കൎത്താവിന്നു ജീവിക്കുന്നു മരിച്ചാലും കൎത്താവിന്നു ആകുന്നു.

സത്യ ക്രിസ്ത്യാനർ തങ്ങൾക്കു സ്വന്തമുള്ളവരല്ല, മുഴുവനും കൎത്താവിന്റെ മുതൽ തന്നെ ആകുന്നു എന്ന് അറിയുന്നു. കൎത്താവു അവരെ സൃഷ്ടിച്ചതല്ലാതെ പാപത്താൽ പിശാചിന്റെ അധികാരത്തിൽ ആയവരെ ഒക്കെയും സ്വന്തരക്തം വിലയാക്കി വീണ്ടെടുക്ക

യുംചെയ്തു. അവർ വെളിവിന്റെ വാക്ക് പ്രകാരം തങ്ങൾക്കുള്ള
വരല്ല, വിലെക്ക് കൊള്ളപ്പെട്ട ക്രിസ്തനുള്ളയവർ തന്നെ. ൧ കൊ
റി. ൬, ൧൯. ൨൦. ൭, ൨൩. കർത്താവിന്റെ കല്പന പ്രകാരം അ
വർ മാതാപിതാക്കന്മാർക്കും രാജ്യാധികാരികൾക്കും കീഴ്പെട്ടും എ
ങ്കിലും ശ്രേഷ്ഠാധികാരം ചെയ്യുന്നുള്ളൂ. അവരുടെ മനസ്സാ
ക്ഷി അവനെ മാത്രം അനുസരിക്കുന്നു അത്കൊണ്ടു അവർ
കർത്താവിനു ഭയിക്കയും മതിക്കയും ചെയ്യുന്നു. അടിമകൾക്കു സമ
മാരാക്കി അവർ തങ്ങളെ സെവിക്കാതെ കർത്താവിനെ മാത്രം
പ്രസാദിപ്പിച്ചു. തങ്ങൾക്കു മുതൽ ഒന്നും ഉണ്ടാക്കാതെ അവനെ മാ
ത്രം ശുശ്രൂഷിച്ചു ദെഹിദെഹങ്ങളെ അവകൽ ഏല്പിക്കയും
ചെയ്യുന്നു. മരണത്തിലും അവൻ അവന്റെ മുതൽ അവൻ മതി
ച്ചയക്കും ഭയികൾക്കും കർത്താവാകെണ്ടതിന്നല്ലൊ മതിക്കയും
ഭയിച്ചു ചുഴന്നില്ലയും ചെയ്തത്. കർത്താവിനുള്ളയവൻ തനിക്കാ
കിട്ടു ഭയിക്കെണ്ടാ. ഭയിക്കുന്നവർ തങ്ങൾക്കാകിട്ടല്ല തങ്ങൾക്കവ
ന്റി മതിക്കയും ഭയിച്ചു ചുഴന്നില്ലയും ചെയ്ത ക്രിസ്തനു തന്നെ ഭ
യിക്കെണ്ടിയത്. ൧ കൊറി. ൧൦, ൧൧. തനിക്കായി ഭയിക്കു
ന്നവൻ സകലത്തിലും തന്നെ മാത്രം പ്രസാദിപ്പിച്ചു എന്നുമെ
പ്പൊഴും തന്നെ മാത്രം വിചാരിച്ചു അർത്ഥവും കീർത്തിയും മാ
നവും മൊഹനിവൃത്തിയും മറ്റും തനിക്ക് വന്നാൽ മതി എന്നു
വിചാരിച്ചു നടക്കുന്നു. കർത്താവിനു ഭയിക്കുന്നവനൊ തന്നെ
ന്നവെറുത്തു മുഴുവനും കെഴുന്ന ബലിയാക്കി ഏല്പിച്ചു ത
ന്റെ അവയവങ്ങളെല്ലാം നീതിസെവെക്ക് മാത്രം പ്രയൊഗി
ച്ചു ദൈവികവചനങ്ങളെയും സ്വന്തം എന്നു വിചാരിയാതെ
കർത്താവിനു കാഴ്ചവെച്ചു അവന്റെ മാനമഹത്വത്തിന്നാകി
ആത്മശരീരശക്തികളെയും ചെലവഴിച്ചു നടക്കുന്നു. ഇങ്ങിനെ
കർത്താവിനു ഭയിക്കുന്നവൻ അവനു മതിക്കയും ചെയ്യുന്നു. ക
ർത്താവു തന്നെ ഇഹലോകത്തിൽ നിന്നു എടുത്തു നിത്യരാജ്യത്തി
ലെക്കാകെ കൈക്കൊള്ളും എന്നുള്ള നിശ്ചയത്തോടു കൂടെ ചൊദി

ത്തെ വിട്ടു പൊകുന്നു. കൎത്താവെ എന്റെ രക്ഷിതാവെ നിനക്കു കാഴ്ചയാക്കി നിന്റെ സെവയിൽ എന്നെ വളൎത്തണമെ.

൪൦

൧ തിമൊ. ൧, ൧൩. എനിക്കു കനിവു ലഭിച്ചു

പൌൽ താൻ മുമ്പെ ദുഷിക്കുന്നവനും ഹിംസിക്കുന്നവനും ആയിരുന്നു എന്നൊൎത്തിട്ടു ഈ വാക്കുകളെ എഴുതിയത്. താൻ യെശുവിന്റെ സ്വൎഗ്ഗാരൊഹണം മുതൽ കരുണ ലഭിച്ച പാപികളിൽ പ്രധാനിയായിരുന്നു എന്നറിഞ്ഞിട്ടു അവൻ ൧൫ാം വാക്യത്തിൽ അത്രമാത്രം എഴുതിയത്. പല മനുഷ്യരുടെ ഭാവം വെറെ നിത്യജീവലബ്ധിക്കായി തങ്ങളുടെ ഗുണവിശെഷങ്ങൾ മതി ദൈവകരുണയെകൊണ്ടു തങ്ങൾക്കു ഒരു ആവശ്യവും ഇല്ല. ദൈവം തങ്ങളെ നശിപ്പിക്കും എങ്കിൽ ഒരു വലിയ അന്യായം തന്നെ എന്നു വിചാരിക്കുന്നവർ ഉണ്ടല്ലൊ. ഈ വകയുള്ളവൎക്കു പല സങ്കടങ്ങളാൽ താഴ്മ വരുത്തുമ്പൊൾ ദൈവത്തിന്റെ കരുണയെ കാണിച്ചു കൂടാ. പലർ ദൈവകരുണയെ ആഗ്രഹിക്കുന്നു എങ്കിലും ലൌകികകാൎയ്യത്തെ ആരംഭം വരുത്തെണ്ടതിന്നത്രെ. പൌൽ ക്രിസ്ത്യാനനും അപൊസ്തലനുമായി വന്ന ശെഷം ലൊകകാൎയ്യങ്ങളിൽ വളരെ താണു പൊകെണ്ടി വന്നു. യെഹൂദമഹാലൊകർ അവനെ വിരൊധി എന്നും മാൎഗ്ഗദ്രൊഹി എന്നും വെച്ചു വളരെ മാനിച്ചു. യെശുവിന്റെ ശുശ്രൂഷ ഹെതുവായിട്ടു എല്ലാം ചാരി ഒരു വലിയ സങ്കടമാല ഉണ്ടായി. ൨ കൊരി. ൧൧, ൨൩-൨൮. അവന്റെ ദിവസങ്ങളെല്ലാം കഴിച്ചു, എന്നിട്ടും എനിക്കു കനിവു ലഭിച്ചു എന്നത് അവന്റെ ഗാനം. ഇത് ഒരു നാളും അവന്റെ ഓൎമ്മയിൽ നിന്നു വിട്ടു പൊയില്ല, സങ്കടം വൎദ്ധിച്ചപ്പൊഴും അവൻ ദൈവകരുണയെ ഓൎത്തു സകലത്തിലും ജയം കൊള്ളുകയും ചെയ്തു. പണ്ടു അവൻ അവിശ്വാസിയായി യെശുവെ അവൻ വിശ്വാസം ഇല്ലാതെ അവന്റെ ഹൃദയത്തിൽ പകൎന്നിരുന്ന യെശുവിന്റെ സ്നെഹ

ത്തെത്തിൽ നട്ട അവനെ മുഴുവനും ഒരു പുതിയ മനുഷ്യനാക്കി അ
വൊസ്ഥലസ്ഥാനവും കല്പിക്കയും ചെയ്തു. ഇതൊക്കെ പൌൽ അ
റിഞ്ഞു താഴ്മയൊടും സന്തൊഷത്തൊടും കൂട എനിക്ക കനി
വു ലഭിച്ചു എന്നു പറഞ്ഞു സൎവ്വമാനം കൎത്താവിൽ സമ
ൎപ്പിക്കയും ചെയ്തു. പൌലിനൊടു കൂട ദൈവകരുണയെ സ്തു
തിപ്പാൻ മെയ്യില്ലാത്തവർ ദാവിദ്രാജാവൊടു കൂട ഇപ്രകാ
രം അപെക്ഷിക്ക: ദൈവമെ നിന്റെ ദയയിൻ പ്രകാരം എ
ന്നൊടു കരുണയുണ്ടാകെണമെ, നിന്റെ അനുഗ്രഹങ്ങളുടെ ബ
ഹുത്വത്തിൻ പ്രകാരം എന്റെ അതിക്രമങ്ങളെ മാച്ചുകള
യെണമെ, സങ്കീ. ൫൧. ൧. യഹൊവയെ നിന്റെ കരുണ
പ്രകാരം എന്നെ ഓൎക്കെണമെ, സങ്കീ. ൨൫. ൭. ഞാൻ ജീവിക്കെണ്ട
തിന്നു നിന്റെ കരുണകൾ എങ്കലെക്ക വരുമാറാക. സങ്കീ. ൧൧൯.
൭൭.

൧൧.

എബ്ര. ൯. ൧൨. ക്രിസ്തൻ സ്വന്തരക്തത്താൽ തന്നെ
ഒരു വട്ടം വിശുദ്ധസ്ഥലത്തിൽ പ്രവെശിച്ചു.

പുതിയനിയമത്തിലെ മഹാചാൎയ്യനായ യെശുവിന്റെ ആ
ചാൎയ്യത്വം എന്നെക്കും നില്ക്കുന്ന പ്രകാരം എബ്രായരുടെ ലെഖ
നത്തിൽ എഴുതിക്കിടക്കുന്നു. അവൻ വിശുദ്ധനും നിൎമ്മലനുമായ
തിനാൽ സ്വന്തപാപങ്ങൾക്കു വെണ്ടി ബലികഴിപ്പാൻ സംഗതിയു
ല്ലാതെ മനുഷ്യരുടെ പാപങ്ങൾക്കു വെണ്ടി തന്നെ ബലിയാക്കി അൎപ്പി
ച്ചു സൎവ്വലൊകപാപത്തിന്നു പ്രായശ്ചിത്തം ആയിതീൎന്നു. പഴ
യനിയമകാലത്തിൽ ഇസ്രയെലർ ബലിമൃഗങ്ങളെ ശുദ്ധസ്ഥ
ലത്തിന്റെ പുറത്തു വെച്ചു കൊന്ന പ്രകാരം ക്രിസ്തനും തന്റെ
രക്തം സ്വൎഗ്ഗത്തിലല്ല ഭൂമിയിൽ തന്നെ ഒഴിച്ചു. ഇസ്രയെല
രുടെ മഹാചാൎയ്യൻ ബലിമൃഗങ്ങളുടെ രക്തം എടുത്തു ദൈവസന്നി
ധിയിൽ അത് കാട്ടുന്നതിന്നു വിശുദ്ധസ്ഥലത്തിൽ കൊണ്ടു പൊ
യ പ്രകാരം ക്രിസ്തനും ദൈവസന്നിധിയിൽ നമുക്കു വെണ്ടി പ്രത്യ

ക്ഷമയാകെണ്ടതിന്ന സ്വന്തരക്തത്താൽ സ്വൎഗ്ഗത്തിലെ വിശുദ്ധസ്ഥലത്തിൽ പ്രവെശിച്ചു. വെദത്തിൽ കാണുന്നപ്രകാരം സ്വൎഗ്ഗത്തിലും ദൈവത്തിൻ കൂടാരം അല്ലെങ്കിൽ ആലയം ഉണ്ടു. അത മനുഷ്യരുടെ ക്രിയ അല്ല ദൈവം തന്നെ അത തീൎത്തു. എബ്രെ. ൮, ൨. ന്ത വചനത്തിൽ ക്രിസ്തൻ തന്റെ ആചാൎയ്യവെലയെ നടത്തി. എബ്രെ. ൮, ൧. മഹത്വത്തിന്റെ വലഭാഗത്തിരിക്കുന്നു. എബ്രെ. ൯, ൨. അതിൽ ക്രിസ്തുവിന്റെ രക്ഷയെ പ്രാപിച്ച ശുദ്ധന്മാരും പാൎത്തു രാപ്പകൽ ദൈവത്തെ സെവിച്ചു അവന്റെ സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നു. വെളി. ൭, ൧൫. ആ വിശുദ്ധസ്ഥലത്തിൽ ക്രിസ്തൻ സ്വൎഗ്ഗാരൊഹണം ചെയ്തപ്പൊൾ പ്രവെശിച്ചു. അപൊ. ൧. ൯, ൧൧. പ്രവചിച്ചതിന്നു പൂൎണ്ണനിവൃത്തി വന്നു. അന്നു ക്രിസ്തൻ നിത്യമായൊരു പ്രായശ്ചിത്തം കണ്ടെത്തി. അന്നു പിതാവു അവനിലും അവന്റെ രക്തത്തിലും പ്രസാദിച്ചു മനുഷ്യരുടെ രക്ഷക്കായി അവന്റെ ബലിതന്നെ മതി എന്നു സമ്മതിക്കയും ചെയ്തു. അവൻ പലപ്പൊഴും അങ്ങിനെ വിശുദ്ധസ്ഥലത്തിൽ പ്രവെശിപ്പാൻ സംഗതി ഇല്ല, ഒരിക്കൽ കഴിച്ച ബലിയെകൊണ്ടു വിശുദ്ധീകരിച്ചവരെ പൂൎണ്ണന്മാരാക്കി. എബ്രെ. ൧൦, ൧൪. തികഞ്ഞ രക്ഷയെ വരുത്തിയതു. അന്നു പിതാവും പുത്രനും തമ്മിൽ വ്യാപരിച്ചത് അറിവാൻ ഇപ്പൊൾ ബുദ്ധിപൊരാ എങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തിയാലെ അവന്റെ ബലിയെ കൈക്കൊണ്ടു വിശ്വസിക്കെണ്ടതിന്നു എല്ലാവൎക്കും അത്യാവശ്യം ഉണ്ടു. ഈ നിശ്ചയമായ രക്ഷാക്രിയകളെ വിചാരിക്കയും, ഈ ദിവസത്തിലും എന്റെ മനസ്സിൽ ഉദിക്കുന്ന പിശാചിനൊടുള്ള പൊരാട്ടത്തിൽ ധൈൎയ്യവും ജയസന്തൊഷവും നല്കെണമെ.

൭൨

എബ്രെ. ൯, ൧൪. നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിന്നു നിത്യാത്മാവിനാൽ കഴിച്ചു തന്ന ക്രിസ്തന്റെ

രക്തം എത്ര അധികം നമ്മുടെ മനോബോധത്തെ ചത്ത
ക്രിയകളിൽനിന്നു ശുദ്ധീകരിച്ചു ജീവനുള്ള ദൈവത്തെ ഉ
പാസിപ്പാറാക്കും.

പഴയനിയമകാലത്തിൽ ആചാര്യന്മാരെയും സൌഖ്യമാ
യ്യുന്ന കുഷ്ഠരോഗികളെയും ഇസ്രയേൽ ജനത്തെ ഒക്കെയും ബലി
മൃഗങ്ങളുടെ രക്തംകൊണ്ടു തളിപ്പിക്കേണം എന്ന കല്പന ഉണ്ടാ
യിരുന്നു. ൨ മോ. ൨൯. ൩ മോ. ൧൪. ഇതുകളുംകൊണ്ടു അവർ ദൈവത്തിന്നു ശു
ദ്ധന്മാരായി ബലികളുടെ ശക്തിയെയും പാപമോചനത്തെയും
അനുഭവിച്ചുവന്നു. സാക്ഷിക്കൂടാരത്തെയും യഹോവായെ സ
വെക്കുന്ന സാമാനങ്ങളെയും അങ്ങിനെ തന്നെ ശുദ്ധീ
കരിക്കേണ്ടിവന്നു. ധർമ്മകല്പനെക്കു തക്കവണ്ണം ശുദ്ധിക്കായി ര
ക്തം തളിപ്പു തന്നെ വേണം. അതു ഇല്ലായ്കയാൽ പാപമോചനം
ഉണ്ടാകയും ഇല്ല. എബ്രാ. ൯, ൨൨. പുതുനിയമത്തിൽ ഹൃദ
യശുദ്ധിക്കായി യേശുവിന്റെ രക്തം തളിപ്പു വേണം. എബ്രാ. ൧൦, ൨൨. ൧ പേത്രു. ൧, ൨. യേശുവിൽ ജനിക്കുന്ന വിശുദ്ധാ
ത്മാവിന്റെ വ്യാപാരത്താൽ ഉണ്ടാകുന്നു. ഈ ശുദ്ധീകരണത്താ
ൽ ദുർമ്മനസ്സു മാറിവരുന്നതു പോലെ ക്രിസ്തന്റെ രക്തത്താൽ മന
സ്സാക്ഷിക്കു ചത്ത ക്രിയകളിൽനിന്നു ശുദ്ധി ഉണ്ടാകുന്നു. യേശു
വിന്റെ രക്തം പാപമോചനവും ആശ്വാസവും നീതിയും ദൈ
വത്തോടു സമാധാനവും വരുത്തിക്കൊണ്ടു മനസ്സാക്ഷികളെ
ശുദ്ധിയാക്കുന്നത്. അതു കളങ്കമില്ലാത്ത ബലിയുടെ രക്തമാ
കകൊണ്ടു മനസ്സാക്ഷിക്കൽ ശുദ്ധിവരുത്തി ആ ബലിയുടെ ശ
ക്തിയും ഫലവും എല്ലാം തരുന്നു. മനസ്സാക്ഷിക്കു ഇങ്ങിനെ ശു
ദ്ധിവന്നിട്ടു ജീവനുള്ള ദൈവത്തെ സേവിക്കേണ്ടതിന്നു പ്രാ
പ്തി ഉണ്ടാകുന്നു, ആത്മാവിന്റെ സാക്ഷിയാൽ അബ്ബാ പിതാ
വെ എന്നു വിളിക്കയും ചെയ്യും ഇരിക്കുന്നു. മനസ്സാക്ഷി ശുദ്ധ
മായെങ്കിൽ മനുഷ്യൻ വിശുദ്ധ ദൈവത്തെ ഭയംകൂടാതെ തൊ
ട്ടുകാം. ദൈവശക്തിക്കും ചെറ്റു ... അതിനാൽ ഹൃ

ദയത്തിൽ സ്ഥലം വരുന്നു. പിതാവായ ദൈവത്തൊടും യെശുക്രിസ്തനൊടും പാപത്താൽ ഇല്ലാതെ പൊയ സംബന്ധം പിന്നെയും സ്ഥാപിച്ചു സുവിശെഷ വചനവും വിശ്വാസമുള്ള ഹൃദയവും ഒന്നാക്കി ചെൎക്കകൊണ്ടു ജീവനുള്ള ദൈവത്തിന്നു ഉള്ള കാൎത്ത അനുസരണവും സെവയും മനുഷ്യനിൽ ഉളവാക്കി വരുന്നു. പുതിയനിയമത്തിന്റെ ധനങ്ങളെ നമുക്ക് അനുഭവമാക്കി വരുത്തിയ ദൈവത്തിന്നു സ്തൊത്രം ഉണ്ടാകെണമെ. വരുവാനുള്ള നന്മകളുടെ നിഴലല്ല, ആ നന്മകളുടെ വസ്തുത തന്നെ നമുക്ക് ലഭിച്ചതിനാൽ ഈ ദിവസത്തിലും അതിന്നു യൊഗ്യമായി നടക്ക തന്നെ ന്യായം. ആടുമാടുകളുടെ രക്തത്തെക്കാൾ യെശുവിന്റെ രക്തം ശക്തി എറിയത് നിശ്ചയം.

൩൮

൨ കൊരി. ൫, ൧൪. എല്ലാവൎക്കും വെണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു.

പൌൽ ഈ വചനങ്ങളെ കൊണ്ടു ഉച്ചരിക്കുന്നവത്രം അവനിൽ നല്ലവണ്ണം ഫലിച്ചു. അവൻ സ്വൎഗ്ഗീയ ഭവനത്തെ ആഗ്രഹിച്ചു ഇഹലൊകത്തിൽ പരദെശിയായി നടന്ന സമയം ദൈവത്തിന്നു ഇഷ്ടനാകി തീരെണ്ടതിന്നു ഉത്സാഹിച്ചു ദൈവമാനത്തിന്നായി ചിലപ്പൊൾ വളര എരിവുള്ളവനും ചിലപ്പൊൾ സ്നെഹം സമ്പാദിപ്പാൻ ശാന്തനുമായി നടന്നു. കൊരിന്തൎക്കും നമുക്കും അതിന്റെ കാരണവും തന്റെ ഹൃദയം മുഴുവനും കാണിക്കെണ്ടതിന്നു അവൻ പറഞ്ഞത്: ക്രിസ്തന്റെ സ്നെഹം നമ്മെ നിൎബ്ബന്ധിക്കുന്നു, എല്ലാവൎക്കും വെണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നു നമ്മുടെ വിധി. പൌൽ സീനായി മലയെ കടന്നതിൽ യഹൊവ ഇടിമുഴക്കം മിന്നലുകളൊടു കൂട കല്പിക്കയും വിലക്കുകയും അനുസരിപ്പാൻ കഴിയാത്ത വാദങ്ങളാക്കി മനുഷ്യരെ നിൎബ്ബന്ധിക്കയും ചെയ്തു. ൨ മൊ. ൧൯, ൧൬. ൧൯. ആ മലമെൽ നി

അദൈവംകല്പിച്ചുകൊടുത്തധൎമ്മത്തിന്നുകഴിയുന്നത്പൌൽ
അറിഞ്ഞുരൊമ. ൭. ൧൩ — ൨൪ കിവരമാകിഎഴുതുകയുംചെയ്തു.
ധൎമ്മം മനുഷ്യനെകൊല്ലുന്നു എന്നാൽ പാപം അതിനാൽചാക
ന്നില്ല ശിക്ഷിച്ചുവരികെയുള്ളു. അതിൻകീഴുള്ളമനുഷ്യൻഇച്ഛി
ക്കുന്നതുചെയ്വാൻകഴിയാതെമനസ്സില്ലാത്തതിനെചെയ്യുന്നുള്ളു.
അത്രമാത്രം ധൎമ്മത്തിന്നുകഴിവുണ്ടു ആത്മാവിന്റെഫലം ഗലാ
൫. ൨൨ അതിനാൽ ഉണ്ടാകുന്നില്ല. അത് എങ്ങിനെഉണ്ടാ
കും: പരിശുദ്ധാത്മാവിന്റെസഹായത്താൽധൎമ്മംകൊണ്ടുദയ
പരവശനായപാപിദമസ്കുയാത്രയിൽപൌലിന്നുസംഭവിച്ച
പ്രകാരം ഗൊല്ഗഥാവിൽ എത്തി ക്രൂശിൽതൂങ്ങിമരിച്ചവനെ
കണ്ടുവിശ്വസിക്കുന്നതിനാൽ അത്രെ. ആമരിച്ചവൻആർഎ
ന്നറിയുന്നുവല്ലൊ, അവനുതുല്യൻആരുമില്ല അവൻദൈ
വത്തിന്റെഏകജാതനായപുത്രനും, ജഡമായിവന്നവചന
വും ദൈവത്തിന്നും മനുഷ്യൎക്കും നടുവുള്ളും മനുഷ്യരുടെരക്ഷി
താവുമായയെശുക്രിസ്തൻതന്നെ. അവൻസത്യമായിമരിച്ചു
എല്ലാവരുടെവീണ്ടെടുപ്പിന്നായിതന്നെഎന്നുകല്പിച്ചു. അവൻ
മരിച്ചസമയംതന്നെപാപികളെല്ലാവരുംമരിച്ചുഎന്നുദൈ
വംനിശ്ചയിച്ചു. അതുകൊണ്ടുപൌൽതന്നെയുംമരിച്ചവൻഎ
ന്നെണ്ണി. ധനവാനായഒരുത്തൻദരിദ്രരായകടക്കാരു
ടെ കടങ്ങളെവീട്ടി എങ്കിൽ അവർഒഴിഞ്ഞുപൊയല്ലൊ, അ
ങ്ങിനെയെശുപാപികളുടെകടങ്ങളെതീൎത്തു. ക്രിസ്തൻക്രൂ
ശിൽ അന്നുമരിച്ചനെരംതന്നെഎന്റെകടങ്ങൾതീൎന്നുപൊ
യി ഞാൻ [illegible] എനിക്കായി [illegible] ദൈവ
ത്തിന്റെഅടുക്കൽപൊവാൻവഴിഉണ്ടാക്കി സത്യം. അന്നെരം
ശുദ്ധലോകത്തിലെക്ക്തന്റെഅത്ഭുതമായസ്നെഹം [illegible]
ന്നിച്ചു. എനിക്കായിട്ടല്ല എനിക്ക്വെണ്ടി [illegible]
നിന്റെവന്നായിട്ടുതന്നെ ... ആസ്നെഹം എന്നെ
ഈദിവസത്തിലും ... ിക്കെണമെ

൰

ലൂക്. ൨൧, ൩൪. നിങ്ങളുടെ ഹൃദയങ്ങൾ ലഹരിപ്രമാദത്താലും ഉപജീവനചിന്തകളാലും ഭാരപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.

നഷ്ടം തിരിഞ്ഞ പുത്രനു സമമായി ഒരുവൻ മനം തിരിഞ്ഞ തന്റെ കാൎയ്യം വിചാരിച്ചാൽ ഹൃദയം അനേകഭയങ്ങളാൽ വലഞ്ഞു കിടക്കുന്നു എന്നും ആ ഭാരം നീക്കുവാൻ സ്വന്ത പ്രയത്നം ഒന്നും പോരാ എന്നും കണ്ടിട്ടു ക്രിസ്തന്റെ അടുക്കൽ വന്നാൽ ആശ്വാസവും ഭാരത്തിന്റെ നീക്കവും ലഭിച്ചതല്ലാതെ ദൈവസമാധാനവും പ്രയാസത്തിന്റെ തീൎച്ചയും അവിനൊക്കി സുഖിച്ചുകൊൾകയുമാം. അങ്ങിനെ ഇരിക്കെയൊ ഹൃദയത്തെ ഭക്ഷണസങ്കടങ്ങളെ കൊണ്ടു പുറത്താക്കി ഭാരം ചുമത്തുന്നത് മൌഢ്യമല്ലയൊ. ദാരിദ്ര്യം എത്ര വലിയതായാലും യേശുക്രിസ്തൻ മൂലം ദൈവകരുണയും പുത്രസ്ഥാനവും ലഭിച്ച പാപിക്ക് ദൈവം ഭക്ഷണം തരാതിരിക്കുമൊ, പക്ഷികളെ പോറ്റി പുഷ്പങ്ങളെ അലങ്കരിക്കുന്നവൻ തന്റെ പുത്രരാകി തീൎന്ന മനുഷ്യൎക്ക് അത് ചെയ്യാതെ ഇരിക്കുമൊ, ക്രിസ്തൻ ക്രൂശിൽ നിന്നു തന്റെ അമ്മയെ വിചാരിച്ചു ശരീരരക്ഷക്കായി പ്രിയശിഷ്യനായ യോഹനാനെ ഏല്പിച്ചതു പോലെ ആവശ്യമുള്ള സമയം എന്നെ വിചാരിക്കാതിരിക്കയില്ല നിശ്ചയം. ഞാൻ ബാലനായിരുന്നു വൃദ്ധനുമായി തീൎന്നു നീതിമാൻ ഉപേക്ഷിക്കപ്പെട്ടതൊ അവന്റെ സന്തതി ഭക്ഷണത്തിന്നു തിരയുന്നതൊ ഞാൻ കണ്ടില്ല എന്നു ദാവിദ് പറയുന്നു. സങ്കീ. ൩൭, ൨൫. യഹോവ നീതിമാന്റെ ആത്മാവ് വിശന്നിരിക്കുന്നത് സമ്മതിക്കയില്ല, എന്നാൽ ദുഷ്ടരുടെ സമ്പത്തിനെ അവൻ നീക്കുന്നു എന്നു ശലൊമൊന്റെ വാക്യം. സുഭാ. ൧൦, ൩. ഈവക എല്ലാം ഗ്രഹിച്ചു മനസ്സിലാക്കുന്നവൻ തന്റെ ഹൃദയം ഭക്ഷണസങ്കടങ്ങളെ കൊണ്ടു ഭാരപ്പെട്ടു [illegible] തൊന്നു

ന്നില്ല. ഈവക ബുദ്ധിമുട്ടുകൾ വിശ്വാസത്തിന്നും പ്രാൎത്ഥനെക്കും തടവുവരുത്തുകയും സ്നെഹപ്രതിക്ഷകളെ കെടുത്തുകളകയും മാത്രമെ ചെയ്യുന്നുള്ളു. ഭക്ഷണവിചാരങ്ങളെ കൊണ്ടു തടിച്ചുറപൊയ ഹൃദയം മെല്പെട്ടു നൊക്കുവാൻ കഴിയാതെ താഴെ വലഞ്ഞു കിടക്കുന്നുള്ളു. ആനാൾ നിങ്ങളുടെമെൽ പെട്ടന്നു വരാതിരിപ്പാൻ ഈവക സങ്കടങ്ങളെ കൊണ്ടു ഹൃദയങ്ങളെ ഭാരപ്പെടുത്തരുത് എന്ന യെശു പറഞ്ഞു. ഒരുവൻ ഉഭയകരനാളിനെ കൂടക്കൂട വിചാരിച്ചാൽ ലൌകിക ബുദ്ധിമുട്ടുകൾക്കു ബലമില്ല നിശ്ചയം. എന്തു ഭക്ഷിച്ചു കുടിക്കെണ്ടു എന്തുടുക്കെണ്ടു എന്ന ചൊദിക്കുന്നതല്ല പ്രധാനം. രക്ഷയെ പ്രാപിപ്പാനും സൎവ്വലൊകന്യായാധിപന്റെ മുമ്പിൽ ധൈൎയ്യത്തൊടെ നില്പാനും യെശുവിന്റെ നീതിവസ്ത്രം ധരിച്ചു നിത്യരാജ്യത്തിലെക്ക് പ്രവെശിപ്പാനും എന്തു വഴി എന്ന പ്രകാരം ചൊദിക്കതന്നെ അധികം പ്രയൊജനമുള്ളു. എന്റെ ദൈവമെ, ഞാനും എനിക്കുള്ളവരും ലൌകികമായയെ നായാട്ടി വിലയെറിയ മുത്തിനെ കളയുന്നത് സമ്മതിക്കരുതെ. ഞങ്ങളെ വളൎത്തെണ്ടതിന്നു നീ അയക്കുന്ന ബുദ്ധിമുട്ടുകൾ ഹൃദയങ്ങളെ നരകത്തൊളം താഴ്ത്തി കളയരുതെ, സ്തൊത്രത്തൊടു കൂട നീ നല്കുന്ന അപ്പം ഭക്ഷിച്ചു സന്തുഷ്ടന്മാരായിരിക്കെണ്ടതിന്ന ഈദിവസത്തിലും കരുണ ചെയ്തു സഹായിക്കെണമെ.

൧൫

യൊഹ. ൧൪, ൨൬. പിന്നെ പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാൎയ്യസ്ഥനായവൻ നിങ്ങൾക്കു സകലവും ഉപദെശിക്കും.

ക്ഷീണമുള്ളവൎക്കും അറിവില്ലാത്തവൎക്കും ചെയ്യെണ്ടാവറകളെയാവെണ്ടത് ഇന്നതെന്ന അറിയിച്ചു കൊടുക്കുന്നവനും കാൎയ്യസ്ഥൻ [വക്കീൽ] ഈവക പെർ കൊള്ളും. യെശുശിഷ്യന്മാരൊടു കൂട ഉള്ള സമയം ഇതെല്ലാം അവൎക്കു ചെയ്തുവല്ലൊ.

അവരെ തന്റെ മുമ്പിൽ അയക്കുമ്പൊൾ ഒരൊ സംഗതികളിൽ
പറയെണ്ടുന്ന വാക്കുകളെ അവൻ അവരുടെ വായിൽ ആക്കി:
അതു കൊണ്ടു താൻ പിതാവിന്റെ അടുക്കൽ പൊകും എന്നു
അവൻ പറയുമ്പൊൾ അവൎക്കു വളരെ വ്യസനം ഉണ്ടായി, ബുദ്ധിയി
ല്ലാത്തവൎക്ക അവന്റെ ഉപദെശവും ഇല്ലാതെ പൊയാൽ അവ
ർ നിൎഗ്ഗതികളായി പൊകും എന്ന അവൎക്ക ബൊധിച്ചതിനെ
കാണ്ടു തന്നെ. ഇതു നിമിത്തം യെശു അവരെ ആശ്വസിപ്പിച്ചു
പറഞ്ഞത്: ഞാൻ പിതാവിനൊടു അപെക്ഷിക്കും, അപ്പൊൾ
അവൻ നിങ്ങൾക്കു മറെറാരു വക്കീലെ അയക്കും. യൊഹ. ൧൪, ൧൬.
ഇതു വരെയും ഞാൻ നിങ്ങൾക്കു ചെയ്ത പ്രകാരം അവനും ചെയ്യും
വിശ്വസിക്കയൊ പറകയൊ ചെയ്യെണ്ടതൊക്കെ അവൻ അറി
യിച്ചു നിങ്ങളെ സകല സത്യത്തിലെക്ക വഴി നടത്തും എന്നു കല്പി
ച്ചു. ഇതു നിമിത്തം അവൻ അപൊസ്തലരെ സുവിശെഷഘൊ
ഷണത്തിന്ന ലൊകത്തിലെക്ക അയക്കുമ്പൊൾ വളരെ കല്പനക
ളെ അവൎക്ക കൊടുത്തില്ല. മെലിൽ നിന്ന ഒരു ഉപദെഷ്ടാവി
ല്ലെങ്കിൽ കല്പനകളെ കൊണ്ടു എന്തു സാരം. പരിശുദ്ധാത്മാ
വല്ലാതെ ബലഹീനരായ മനുഷ്യരെ ഉറപ്പിപ്പാനും മൊഹഭയ
ങ്ങളെ കൊണ്ടു ദ്വെഷം ചെയ്വാൻ തടവു വന്നവൎക്ക ധൈൎയ്യം വ
രുത്തുവാനും ആരുള്ളു. പരിശുദ്ധാത്മാവ് അപൊസ്തലന്മാ
ൎക്കും സഹായകനായിരുന്നു എന്ന വിചാരിക്കെണ്ടാ, സ്വൎഗ്ഗസ്ഥ
പിതാവിന്റെ ആത്മാവ് എല്ലാ വിശ്വാസികളിൽ വസിക്കുന്നു. രൊ
മ. ൮, ൯. ദൈവം തന്റെ ആത്മാവിനെ എല്ലാ വിശ്വാസി
കളുടെ ഹൃദയങ്ങളിൽ അയക്കുന്നു. ഗലാ. ൪, ൬. അവൻ അവരെ
നടത്തി. രൊമ. ൮, ൧൪. അവർ ദെവപുത്രന്മാരെന്ന തങ്ങളുടെ
ആത്മാവിൽ സാക്ഷ്യം കൊടുക്കുന്നു. രൊമ. ൮, ൧൬. പ്രാൎത്ഥ
നകളിൽ സഹായിച്ചു ഇന്നത് അപെക്ഷിക്കെണമെന്ന അറി
യാത്തു കൊണ്ടു ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളെ കൊണ്ടു ഇരക്കു
ന്നു. അവൻ വിശ്വാസികളിൽ ജ്ഞാനത്തിന്റെ ആത്മാവാകിട്ടും ബു

ശക്തികളുടെ ജന്മമായിട്ടും പുത്രസ്വീകാരം ലഭിച്ചിട്ടവകാ-
ശത്തിന്റെ മുദ്രയും അച്ചാരവുമായിട്ടും വസിക്കുന്നു. ഇങ്ങിനെ
അവൻ ഇന്നോളം ആശ്വാസപ്രദനം ചെയ്തുംകൊണ്ടിരുന്നു. അ-
വനെ വിരോധിക്കുന്നവരിൽ ഒരുത്തരായി വാഴ്കരുതെ.
എന്റെ ദൈവമെ നിന്റെ ആത്മാവെകൊണ്ടു നീ ഇന്നു എ-
ന്റെ ഹൃദയത്തിൽ വാഴേണമെ. നിന്നോട് അപേക്ഷിക്കുന്ന-
വൎക്ക പരിശുദ്ധാത്മാവിനെ കൊടുപ്പാൻ വാഗ്ദത്തം ചെയ്തുവ-
ല്ലൊ, അങ്ങിനെ തന്നെ ആമെൻ.

൧൩

൧ യൊഹ. ൨, ൧൫. ലോകത്തെയും ലോകത്തിലു-
ള്ളവറ്റെയും സ്നേഹിക്കൊല്ല.

യോഹനാൻ ദേവപുത്രന്മാരുടെ അന്യോന്യസംബന്ധവും
വെളിച്ചത്തിലെ നടപ്പും സ്നേഹസത്യങ്ങളിലെ വളൎച്ചയും കൊണ്ടു
വളരെ എഴുതിയത്. ഈ വിധാനങ്ങളെ ഒട്ടു മതി എന്നുവെച്ചു
നാളും പറയുന്നത്. ലോകത്തെ ഇത്ര അന്വേഷിക്കാം എന്ന
മതി എന്നിങ്ങിനെയും അരുത്. ആ സ്നേഹത്തിന്നു മൂലശബ്ദം
തന്നെ വേണം എന്നു യോഹനാന്റെ ബുദ്ധി. ലോകം എന്ന-
തു ഒരു ആൾ അല്ല ഒരു കൂട്ടം തന്നെ. അതിൽ സംസൎഗ്ഗമുള്ള ദേ-
വപുത്രന്മാരുടെ പ്രതിപക്ഷം അത്രെ. ലോകത്തിന്നു ഏക
ഉടയവർ ആല്ലലെയും അല്ല, ദുഷ്ടനിൽ കിടക്കുന്നവ-
ല്ലാ പിശാചു തന്നെ അതിലെ രാജാവു. ലോകത്തിൽ ഉള്ളതി-
ലും സ്നേഹം വെച്ചും എന്നവരെ അപേക്ഷിക്കരുതൊ എന്ന ഭാവം
ചൊല്ലാൻ എത്രയും അത്ഭുതമായൊരു ചെല്ലൊന്നത്തിൽ ഉണ്ടു
താനും. യോഹനാൻ ലോകത്തിന്റെ ആത്മാവിനെ അറി-
യേണ്ടതിന്നു ൧ യൊഹ. ൨, ൧൬. മൂന്നു ലക്ഷണങ്ങളെ
പറയുന്നതു ആകുന്നത്: ജഡമോഹം കൺമോഹം ജീവ-
സാരത്തിൽ വന്നു ചെന്നത്രെ. ജഡമോഹമായതു, ഭക്ഷണം
വസ്ത്രാഭരണം നേരമ്പോക്കു മുതലായതിന്റെ ആശയെ

ശുക്കംതന്നെ· കൺമോഹത്തെ നിവൃത്തിപ്പാൻ കഴിയാത്ത
ദൊഷങ്ങളെ ഉത്തചിത്രം പൊലെ മനസ്സിൽ ധരിക്കുന്നതല്ലാ
തെതക്കം വശമെന്നാലും മാംസകണ്ണുകളെക്കൊണ്ടു തന്നെ വഷി
ച്ചു നൊക്കും: കളിവാക്ക കാമരാഗാദികൾ കള്ളങ്ങൾ നാനാം സ
ത്യത്തെ തട്ടുക്കുന്നതും ഏഷണി പ്രതിവാദം മുതലായതിൽ രസി
ക്കുംതന്നെ മറ്റും ഉണ്ടാകുന്നു· സംസാരത്തിൽ വന്നുകൊണ്ടു വിശെ
ഷിച്ചെല്ലാത്തും പറയുന്നുതല്ല, അടിമാനം ഡംഭ രാക്ഷസ
ഭാവം ദെഷ്യാഹങ്കാരം മുതലായത് അതിന്റെ മുഖ്യലക്ഷണങ്ങ
ൾ ആകുന്നു· ഈവകകളിൽ ലൊകത്തിന്റെ ഭാഗ്യം നില്ക്കുന്നു
കഷ്ടം· ഇടുക്കവാതിൽ കൂടി ദെവരാജ്യത്തിലെക്കു പ്രവെശി
പ്പാൻ ലൊകർക്കു മനസ്സില്ല അവർ ദൈവത്തെയും അവനെ
ട്ടുചെന്നിട്ടുള്ളവരെയും ഭ്രമിച്ചു തള്ളിക്കളയുന്നു· ദൈവം
സ്നെഹം ആകുന്നു അവൻ ആദ്യം നമ്മെ സ്നെഹിച്ചതുകൊണ്ടു
നാമും അവനെ സ്നെഹിക്ക· ലൊകസന്തൊഷത്തിനു പകരം
ശുദ്ധമനസ്സുള്ളവർക്കു നിത്യജീവനെ തരുന്ന ലൊകവും അതി
ന്റെ മൊഹവും നശിച്ചുപൊകും നാമയം ദെവപുത്രന്മാർ അവ
നുരൂപന്മാരായി അവനെ കണ്ടു എന്നും സ്തുതിക്കയും ചെയ്യും· അ
തുകൊണ്ടു ഇന്നിവസത്തിലും ലൊകത്തെ വെടിപ്പാനും ദെവസ്നെ
ഹത്തിൽ വെരൂന്നി വളരുവാനും നമുക്കു ദെവാനുഗ്രഹം ഉ
ണ്ടാക.

൫൧

ലൂക്ക്· ൧൩,൨൪· ഇടുക്കവാതിലൂടെ അകമ്പുകുവാൻ പൊരാടുവിൻ·

ദെവരാജ്യത്തിൽ പ്രവെശിപ്പാൻ ഒർ ഇടുക്കവാതിലെ ഉള്ളു അത് കടന്നിട്ടു നിത്യജീവനിൽ ദെവരാജ്യത്തിൽ എത്തുവാൻ മനസ്സുള്ളവർ വിസ്താരം കുറഞ്ഞ വഴിയിൽ തന്നെ നടക്കെണ്ടു· ഇടുക്കവാതിലൂടെ കടപ്പിൻ മത്താ· ൭, ൧൩· എന്നുമാത്രമല്ല ഇടുക്കവാതിലൂടെ അകമ്പുകുവാൻ പൊരാടുവിൻ ലൂക്ക്· ൧൩—

ദൃഷ്ടമെന്നും യെശു പറയുന്നു. വാതിൽ ഇടുക്കമുള്ളതാകകൊ
ണ്ടു ചൊരാട്ടം തന്നെ വെണം. കൎത്താവായ യെശുവും മനുഷ്യ
നെ അന്ധതാ അവിശ്വാസങ്ങളുടെ വഴിയിലെക്ക കടത്തുവാ
ൻ ആരംഭിച്ചാൽ പല വിരൊധങ്ങളെ നെരിട്ടു ജയിക്കെണ്ടി
വരുന്നു. മനുഷ്യസ്വഭാവം എല്ലാം വഷളാക്കിതീൎത്തവനല്ലൊ.
യെശു ഇങ്ങിനെ ഉള്ളവരെ പിടിച്ചാൽ പല വിധ കൌശ
ലങ്ങളെ പ്രയൊഗിക്കുന്നു. തന്റെ കൊപം ശമിപ്പിനൊക്കി
വാനും സംഗതി വരുത്തി മരണഭീതിയും നരകബാധകങ്ങളും ക
ണ്ടെയലഭിപ്പാനുള്ള ആഗ്രഹവും അതിൽ ജനിപ്പിച്ചു
പാപശക്തിയും ഹൃദയത്തിന്റെ വഷളത്വവും കാണിച്ചു പ്ര
ത്യനകൊണ്ടു ദിവ്യ വാഗ്ദത്തങ്ങളെ പിടിപ്പാൻ ഉത്സാഹിപ്പി
ച്ചു അവൻ തന്നെത്താൻ ക്രൂശിൽ തന്നെ മരിച്ച പ്രകാരവും മന
സ്സിൻ ഹാസനത്തിലും ന്യായാസനത്തിലും ഇരിക്കുന്ന പ്രകാര
വും കാട്ടി ഉത്സാഹത്തിനും വെറുപ്പിനും ഒരെ ഉദാഹരണങ്ങ
ളെ നൊക്കുവാൻ സംഗതി വരുത്തി തന്റെ രക്ഷെക്കായി ഒരൊ
ഉപായങ്ങളെ പ്രയൊഗിപ്പാൻ സമ്മതിച്ചു ആവതില്ലായ്ക
ബൊധം വരുത്തി കിലപ്പൊൾ ക്ഷൊഭത്തൊടു ആശ്വാസവും
പ്രായശ്ചിത്ത ഉത്തരവും നല്കി പിശാചിന്റെ അധികാരത്തി
ൽ അവരെ എല്പിക്കയും തന്റെ മക്കളിൽ നിന്നു ഉപദ്രവിക്ക
യും ദെഹദീനങ്ങളെ അയക്കയും വെണ്ടുംവണ്ണം ഭീഷിക്കയും ചെ
യ്യുന്നു. ഈവകകൊണ്ടു മനുഷ്യനിൽ ഒരൊന്നിലും പാപ
വഴിയിൽ നടപ്പാൻ ചഞ്ചലവും ജനിച്ചു വരുന്നു. ദൈവരാജ്യത്തി
ൽ പ്രവെശിപ്പാൻ മനസ്സുണ്ടെങ്കിലും വാതിൽ ഇടുക്കമുള്ളത്
എന്നു കാണുകകൊണ്ടു കഴിയുകയില്ലെന്നു ബൊധിച്ചു അവൻ
ഭയപ്പെട്ടുനില്ക്കുന്നു. എങ്കിലും ഭൂമിയിൽ ബുദ്ധിപ്രാപ്തി, പിന്നെ
ൽ നരകം എന്ന രണ്ടു പക്ഷം സാധിക്കും എന്നറിഞ്ഞിരിക്കി
ച്ചു അവൻ ചൊരാട്ടം തുടങ്ങി പ്രവെശിപ്പാൻ ആഗ്രഹം വൎദ്ധിക്കും
അളവിൽ പ്രാൎത്ഥിച്ചും അധ്യയനിച്ചും ഭക്തിയും കൊണ്ടു സാധ്യ

മാക്കിവരുന്നവരെ സന്തോഷിക്കയും ചെയ്യുന്നു. ഇങ്ങിനെയുള്ള കാരുണ്യപാത്രങ്ങളുടെ പ്രയാസം. കർത്താവായ യെശുവെ ആശ്രയിക്കുന്നവരു ള്ളവരെല്ലാവരെയും തനിക്ക് ഇഷ്ടമുള്ള പൊരാട്ടത്തിന്നു ഉത്സാഹിപ്പിച്ചു. യഹോവ ആപത്തു ദിവസത്തിൽ നിന്നെ ചെവിക്കൊണ്ടു യാക്കൊബിന്റെ ദൈവത്തിൻ നാമത്തിൽ നിന്നെ ഉയർത്തു ശുദ്ധസ്ഥലത്തിൽ നിന്നു നിനക്കു ഉതവും ചിയോനിൽ നിന്നു സഹായവും അയച്ചു ഹൃദയത്തിന്റെ അനുഗ്രഹപ്രകാരം നിനക്ക് തന്നു നിന്റെ വിചാരങ്ങളെ നിവൃത്തിക്കുമാറാക. സങ്കീ. ൨൦, ൧-൪. എന്നുള്ള വാദത്തങ്ങളെ പൂരിപ്പിച്ചു കൊൾക.

ഫെ ൨

യശാ. ൪൫, ൭. ഞാൻ സമാധാനത്തെ ഉണ്ടാക്കുന്നു, ദോഷത്തെയും സൃഷ്ടിക്കുന്നു, യഹോവയായ ഞാൻ ഇക്കാര്യങ്ങളെ ഒക്കയും ചെയ്യുന്നു.

സുഖകാലങ്ങളും ആപൽദിവസങ്ങളും ഈ ലോകത്തിൽ മാറി വരുന്നതു എല്ലാവർക്കും സമ്മതം. ഇന്നെത്ത ദിവസവും സംശയം കൂടാതെ അനേകർക്കു സമാധാനകാലം, മറ്റെവർക്കും സങ്കടസമയമായി ഉദിച്ചിരിക്കുന്നു. ഒരു ക്രിസ്ത്യാനൻ സമാധാനവും സങ്കടവും ഒരു പോലെ വിചാരിച്ചു ഉദാസീനനായി അനുഭവിക്കേണമെന്നതൊന്നുണ്ടു. അബ്രഹാമും ധനവാന്റെയും ലാജരിന്റെയും സൌഖ്യാസൌഖ്യങ്ങളെ ഉള്ളതെ ഭേദമാക്കിക്കണ്ടു, ജീവകാലത്തിൽ ധനവാൻ ഗുണവും ലാജരൻ ദോഷവും ലഭിച്ചു അനുഭവിച്ചു എന്നു പറഞ്ഞു. ഇരുവരും തമ്മിൽ പ്രതികൂലമായ സമാധാനവും ദുഃഖവും ഒരൊരുത്തർക്കു തലകിൽ എഴുത്തുപ്രകാരം വരുന്നു എന്നു ഊഹിപ്പാൻ ഒരു സംഗതികില്ല. ഞാൻ സമാധാനത്തെ ഉണ്ടാക്കി, ദോഷത്തെയും സൃഷ്ടിക്കുന്നു എന്നു യഹോവ പറയുന്നു. മനുഷ്യരും പലപ്പോഴും ചിലർക്കു സമാധാനവും ചിലർക്കു സങ്കടവും വരുത്തുവാൻ പ്രയത്നം ക

ഗ്രഹിക്കുന്നു. യിറമിയാ പ്രവാചകൻ്റെ കാലത്തിൽ ഉള്ളവർക്കു നബു കദ്നെചർ രാജാവു മാത്രം യരുശലെം പട്ടണത്തിന്നും യഹൂദ രാജ്യത്തിന്നും സങ്കടം വരുത്തുന്നു എന്നു വിചാരിപ്പാൻ സംഗതിയൊന്നിട്ടുണ്ടായിരിക്കും. ഒരു ബാബലിൻ്റെ കരുത്തലക്കാർ പാർസി രാജാവു മാത്രം ഞങ്ങളെ ബാബലടിമയിൽ നിന്നു വിടുവിക്കും എന്നു ദൈവത്തെ വിചാരിക്കാതെ ഊഹിച്ചിട്ടുണ്ടായിരിക്കും. അതുകൊണ്ടു ദൈവം യശായപ്രവാചകൻ്റെ വാക്കിനാൽ, യഹോവയായ ഞാൻ ഇക്കാര്യങ്ങളെ ഒക്കയും ചെയ്യുന്നു എന്നു അരുളിച്ചെയ്തിരിക്കുന്നു. അവൻ മനുഷ്യരെക്കൊണ്ടു തൻ്റെ ഇഷ്ടം നടത്തുന്നു സത്യം, അവർ വെണ്ടും പ്രകാരം വിരക്തിയും ദുരിതവും ജീവനും മരണവും വരുത്തുന്നതല്ലാതെ കാര്യസാദ്ധ്യത്തിന്നും അസാദ്ധ്യത്തിന്നും അവർ അറിയാതെ കണ്ടു അനേകം വിശേഷങ്ങളെ നടത്തുന്നു. ഞാനൊ ഇതെല്ലാം വിചാരിച്ചു ദൈവത്തോടു നിൻ്റെ ഇഷ്ടം എൻ്റെ മെൽ ഉയർത്തി സമാധാനം തരേണമെ, ദോഷം എന്നെ ദുഃഖിപ്പിക്കാതിരിക്കേണ്ടതിന്നു എന്നെ കാത്തുകൊൾക എന്നു അപേക്ഷിക്കും. ഈജീവകാലത്തിൽ സങ്കടം അനുഭവിക്കേണ്ടി വന്നാൽ ഞാൻ അതിനെ ലാഭമെന്നൊർത്തവണ്ണം കൈക്കൊള്ളും. അത് എന്നെ ദൈവത്തിൽ നിന്നു മാത്രം വെർപിരിക്കരുത്. ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മെക്കായി വ്യാപരിക്കുന്നു എന്നുള്ള വാഗ്ദത്തവും ക്ഷമയൊടു സമാധാനവും എനിക്ക് അനുഭവമാകി വന്നാൽ ഈ ദിവസത്തിൻ്റെ കഷ്ടതെക്കും മതി.

൬൭

സങ്കീ. ൪൨. ൨. എൻ്റെ ദേഹി ദൈവത്തെ ജീവനുള്ള ദൈവത്തെ കുറിച്ചു ദാഹിക്കുന്നു.

ദൈവം ഉടലൊട്ടു, നാം വസിക്കേണ്ടി ഉപരമായതും സെവിക്കേണ്ടിയ കാര്യവും മാത്രമല്ല, നമ്മുടെ ആത്മാവിന്നു പൂർണ്ണശുദ്ധി വരുത്തുന്നതും സന്തോഷിപ്പിക്കുന്ന വെളിച്ചവും ജീവിപ്പി

പ്പാൻ മനസ്സുള്ള ജീവനാഥനാകുന്നു. നാം തപ്പിനൊക്കി കണ്ടെത്തെണ്ടതിന്ന അവനെ അമ്പെഷിക്കെണ്ടത്. അപ. പ്രവൃ. ൧൭, ൨൭. അവൻ നമ്മിൽ വസിപ്പാൻ മനസ്സാകകൊണ്ടു തന്നെ പ്രത്യക്ഷനാകുന്നു. തന്നിൽ നമുക്ക സമാധാനം ഉണ്ടാകെണം എന്ന അവന്റെ ഇഷ്ടം. ദൈവം സകലത്തിലും സകലവുമായി തന്നെ കൊണ്ടു പൂരിപ്പിക്കുന്നത് സൃഷ്ടികളുടെ ഭാഗ്യം ആകുന്നു. ദാവിദ് പറയുന്നത്: എന്റെ ആത്മാവു ജീവനുള്ള ദൈവത്തിന്നായി ദാഹിക്കുന്നു. അവൻ ബുദ്ധികൊണ്ടു തന്നെ അല്ല, ഹൃദയത്തിലെ പൊരായ്മകളിൽ നിന്നുണ്ടായ ആശയെ കൊണ്ടു അന്വെഷിച്ചതിന്ന വെദത്തിൽ പലപ്പൊഴും ദാഹം എന്ന പെർ പറഞ്ഞുവരുന്നു. അവൻ ഈ വാക്കു പറയുമ്പൊൾ ശത്രുക്കളുടെ മുമ്പിൽ നിന്ന ഓടിപ്പൊകെണ്ടിവന്നു. അവർ പരിഹസിച്ചു അവനൊടു നിന്റെ ദൈവം എവിടെ എന്ന പറഞ്ഞു വളര വ്യസനം വരുത്തുകകൊണ്ടു അവൻ ദൈവത്തൊടു നിന്റെ ജലപാത്തികളുടെ ഇരച്ചിലിൽ അഗാധം അഗാധത്തെ വിളിക്കുന്നു; നിന്റെ ഓളങ്ങളും തിരകളും എല്ലാം എന്റെ മീതെ കടന്നു പൊകുന്നു, നീ എന്നെ മറന്നത് എന്തിന്ന. ശത്രുവിന്റെ ഞെരുക്കം ഹെതുവായി ഞാൻ എന്തിന്ന ദുഃഖിച്ചു നടക്കുന്നു എന്ന സങ്കടപ്പെട്ടു പറഞ്ഞു. അങ്ങിനെയുള്ള മനഃപീഡയിൽ അവൻ, എന്റെ ആത്മാവു ദൈവത്തെ വിളിച്ചു ജീവനുള്ള ദൈവത്തിന്നായി ദാഹിക്കുന്നു എന്നത്രെ പ്രാർത്ഥിച്ചത്. ശത്രുഭയം നീക്കെണ്ടതിന്നല്ല, ആത്മാവിന്റെ ആശയെ തീർക്കെണ്ടതിന്നും ദാഹത്തിൽ ഒരു മാൻ വെള്ളം കുടിച്ചു ആശ്വാസം കൊള്ളുന്നതുപൊലെ തന്റെ ഉള്ളിൽ ദൈവത്തെ അനുഭവിച്ചു സന്തൊഷിക്കെണ്ടതിന്ന അങ്ങിനെ അപെക്ഷിച്ചു നാണിച്ചു പൊയതുമില്ല. അവൻ ആഗ്രഹിച്ച അനുഭവം സാധിച്ചു. അതിന്നായി അവൻ എന്റെ ആത്മാവെ നീ ഇടിഞ്ഞിരിക്കുന്നത് എന്തിന്ന്, എന്റെ ഉള്ളിൽ ചഞ്ചലപ്പെടുന്നത് എന്തിന്ന്

ദൈവത്തെ ശരണം ആക്കുക, എന്റെ മുഖരക്ഷയും ദൈവവുമായവനെ ഞാൻ ഇനിയും സ്തുതിക്കും എന്നു സന്തോഷിച്ചു പാടുകയും ചെയ്തു. ഇനിക്കുള്ളിൽ ദൈവത്തെ അനുഭവിപ്പാൻ മനസ്സാകുന്നു. ഈ ലൊകം മുഴുവൻ ഒരു വന പ്രദെശം അത്രെ. ജീവനാളെല്ലാം ഒരു വഴിയമ്പലകൂടമായലയുമാകുന്നു എങ്കിലും അവൻ താഴ്മയുള്ളവരുടെ ആത്മാക്കളെ തണുപ്പിച്ചു ആശ്വസിപ്പിക്കുന്നു, അവൻ ജീവന്റെ ഉറവു തന്നെ അല്ലൊ. ഇഹലൊകത്തിൽ തന്റെ വചനം കൊണ്ടും ആത്മദാനങ്ങളെ കൊണ്ടും നാം അവന്റെ സാദൃശ്യത്തിൽ ഉണരുമ്പോഴു ഇനിദശെഷം നിത്യജീവന്റെ അനുഭവം കൊണ്ടും അവൻ പൂൎണ്ണതൃപ്തി നല്കും. ഹല്ലെലൂയാ.

൧൦

അപ. പ്രവ. ൧൭, ൩൦. ഇപ്പൊളൊ ദൈവം എല്ലാടവും മനന്തിരിയെണം എന്നു സകലമനുഷ്യരൊടും ആജ്ഞാപിക്കുന്നു.

പൌൽ ഈ വചനങ്ങളെ ഒരു കൂട്ടം അഥെനരൊടു പറഞ്ഞത്, അവരിൽ ചില ലൊകജ്ഞാനികളും ഉണ്ടായിരുന്നു. യവനന്മാർ, തങ്ങളുടെ ജാതി എല്ലാ ജാതികളിൽ ജ്ഞാനം മികെച്ചത് എന്നു വിചാരിച്ചു. പിന്നെ അഥെനർ എല്ലാ യവനന്മാരിൽ ബുദ്ധി ഏറിയവർ എന്നു സൎവ്വസമ്മതമാകി. പൌൽ ഈ വകയുള്ളവരൊടു ദൈവം കണക്കിടാത്ത അജ്ഞാനകാലത്തെ കൊണ്ടു സംസാരിച്ചു എല്ലാവരും യവനന്മാരും കൂട മാനസാന്തരപ്പെടെണം എന്നുള്ള ദെവകല്പനയെ അറിയിച്ചപ്പൊൾ അവൎക്ക വളരെ ആശ്ചൎയ്യം തൊന്നി. മനുഷ്യബുദ്ധിക്ക എത്തുവാൻ കഴിയുന്നതൊക്കയും അറിഞ്ഞു വിദ്യാകൌശലങ്ങളിൽ മുഖ്യമായ മനുഷ്യർ അജ്ഞാനം മാനസാന്തരം എന്ന വാക്കുകളെ എങ്ങിനെ പൊറുക്കും. ആ ലൊകജ്ഞാനികൾ പൌലിനെയും തന്റെ പ്രസംഗത്തെയും പരിഹാ

നിച്ചുട്ടുഷിക്കയും ചെയ്തു. ആകട്ടെ ദൈവവചനം സകല മനുഷ്യ
ജ്ഞാനത്തിന്റെ മീതെ ഇരിക്കുന്നു. അതിനെ അറിഞ്ഞു വിശ്വസി
ക്കുന്നവർ മാത്രം ജ്ഞാനികൾ ആകുന്നു, ശെഷമുള്ളവരെല്ലാവ
രും എത്ര വിദ്യകളിൽ പരിചയം ഉണ്ടെങ്കിലും അജ്ഞാനികൾ
എന്നെ പറയാവു. ദൈവവചനം അറിയാത്ത ഇസ്രയെലരൊടു
മൊശ പറഞ്ഞതായിത്: ജാതികളുടെ കണ്ണുകളിൽ ഇത്
തന്നെ നിങ്ങളുടെ ജ്ഞാനവും ബുദ്ധിയും ആയിരിക്കും. അവ
ർ ഈ കല്പനകളെ ഒക്കയും കെട്ടു ഈ വലിയ ജാതി ജ്ഞാനവും ബു
ദ്ധിയുമുള്ള ജാതി എന്നു പറയും. നമ്മുടെ ദൈവമായ യഹൊ
വയൊടു നാം അപെക്ഷിക്കുമ്പൊൾ ഒക്കയും അവൻ നമുക്ക് സമീ
പമായിരിക്കുന്നതു പൊലെ ദൈവം തങ്ങൾക്കു ഇത്ര സമീപമായ വലി
യ ജാതി എതുള്ളു. ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ സ്ഥാപിക്കുന്ന
ഈ എല്ലാ ന്യായങ്ങളെ നീതിയുള്ള കല്പനകളും ലഭിച്ച വലിയ
ജാതിയും എതുള്ളു. (൫ മൊ. ൪, ൬.—൮.) ആരുടെ മനസ്സും ദൈ
വവചനത്തൊടു ചെരുന്നില്ല എങ്കിൽ അവൻ മാനസാന്തര
പ്പെടെണം. മുമ്പെ സ്നെഹിച്ചതു പകെക്കയും പകെച്ചതു സ്നെ
ഹിക്കയും ദൈവത്തെയും മറ്റുസകലത്തെയും വെറെ വിചാരി
ക്കണം. ഇത് ദൈവം എല്ലാടവും ഉള്ള മനുഷ്യരൊടു ജ്ഞാ
നികളൊടും അജ്ഞാനികളൊടും മൎയ്യാദക്കാരൊടും ദുഷ്ട
ന്മാരൊടും കല്പിക്കുന്നു. തന്റെ വചനത്തിന്റെ ശക്തികൊണ്ടു അ
വരിൽ മാനസാന്തരം വരുത്തുവാൻ മനസ്സുള്ളവനാകുന്നു. ബുദ്ധി
ക്ക് മാത്രം അല്ല, ഹൃദയത്തിന്നു മുഴുക്കം വെണം. പലപ്പൊഴും ബു
ദ്ധികൊണ്ടു താഴ്മയെ വഹിക്കുന്നവൻ ഹൃദയത്തിൽ ഡംഭിയും അത്യാ
ഗ്രഹത്തെ അന്വെഷിക്കുന്നവൻ, ശബ്ദാഗ്രഹിയും സൌഖ്യത്തെ
പ്രസ്ഥാപിക്കുന്നവൻ ക്ഷണനെക്കൊപിയും ആകുന്നു. കാരണം അവ
ക്ക് ബുദ്ധികൊണ്ടു ഒരൊന്നു ശരിയായി ബൊധിച്ചു എങ്കിലും ഹൃദ
യത്തിൽ ഒരു പുതിയ ജീവൻ വന്നില്ല. അതുകൊണ്ടു യെശു നിങ്ങൾ
വീണ്ടും ജനിക്കെണം എന്നും ആത്മാവിൽ നിന്നു ജനിച്ചത് ആത്മാവ്

വ് ആകുന്നു എന്നും കല്പിച്ചത്. യൊഹ. ൩. ഇങ്ങിനെ ദൈവത്തിൽ നിന്നു ജനിച്ചവനത്രെ ദൈവത്തിന്നു ഇഷ്ടനാകുന്നു.

൨൪

൧ തെസ്സ. ൪, ൧൭. ഇങ്ങിനെ നാം എപ്പൊഴും കൎത്താവിനൊടു കൂടെ ഇരിക്കും.

യെശു തനിക്കുള്ളവരൊടു കൂടെ അവസാനത്തൊളം ഇരിക്കുന്നു. അവന്റെ നാമത്തിൽ അവർ കൂടി വരുന്നെടത്തൊളം അവൻ അവരുടെ നടുവിൽ ഉണ്ടു. അവൻ പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നു. എന്നിട്ടു പൌൽ ഇവിടെ നിന്നു ക്രിസ്തുനൊടു കൂടെ ഇരിപ്പാൻ എനിക്ക് വാഞ്ഛ ഉണ്ടു എന്നും നാം ദെഹത്തിൽ നിന്നു പുറപ്പെട്ടു കൎത്താവിനൊടു കൂടെ ഇരിപ്പാൻ ആഗ്രഹിക്കുന്നു എന്നും പുനരുത്ഥാനത്തിൽ നാം കൎത്താവിനെ ആകാശത്തിൽ എതിരെല്പാനായി മെഘങ്ങളിൽ എടുക്കപ്പെട്ടും ഇങ്ങിനെ എപ്പൊഴും കൎത്താവിനൊടു കൂടെ ഇരിക്കും എന്നും പറയുന്നു. നാം കൎത്താവിനൊടു കൂടെ ഇരുന്നാൽ അവന്റെ ആലയത്തിലെ സിംഹാസനത്തിൻ മുമ്പാകെ ഇരിക്കും. ഈ ആശ്ചൎയ്യമുള്ള വാക്കിനെ കാണുന്നു. ഇതാ മനുഷ്യരൊടു കൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരൊടു കൂടെ വസിക്കയും ദൈവം താൻ അവരുടെ ദൈവമായിരിക്കയും ചെയ്യും. പുതിയ യരുശലെം തെളിഞ്ഞു കാണപ്പെട്ടവൎക്കായി അടിസ്ഥാനമാക്കീട്ടുള്ള പട്ടണം എബ്ര. ൧൧, ൧൦. ആ പട്ടണത്തിൽ ദൈവത്തിന്നു വസിപ്പാൻ ഒരു കൂടാരവും അവന്റെ സിംഹാസനവും ഇരിക്കും. അവിടെ മനുഷ്യർ നിരന്തരമായി അവനൊടു കൂടെ വസിക്കയും അവനൊ [illegible] രാജാക്കളായി അവരൊടു കൂടെ വാഴുകയും ചെയ്യും. ഈ ദൈവത്തിന്റെ അതിശയമുള്ള താഴ്മയും മനുഷ്യൎക്കും ദൈവത്തിന്നും ഉള്ള സഖ്യവും ചെൎച്ചയും [illegible] ബുദ്ധികളൊടു [illegible] എങ്ങിനെ ബൊധിക്കും.

എങ്കിലും ദൈവം ജ്വലിക്കുന്ന അഗ്നി അല്ലയൊ. എബ്ര. ൧൨. ൨൯. ദഹിപ്പിക്കുന്ന അഗ്നിയൊടുകൂട വസിപ്പാൻ മനസ്സുള്ളവൻ ആർ, നിത്യകൊള്ളികളുടെ നടുവിൽ ഇരിപ്പാൻ പ്രാപ്തൻ ആർ. വിശ്വാസത്താലെ യെശുക്രിസ്തുവിൽ നിന്നുണ്ടാക്കിയ പ്രായശ്ചിത്തം കൈക്കൊള്ളാത്ത ദുഷ്ടന്മാരും കള്ളഭക്തിക്കാരും മാത്രം ഇങ്ങിനെ പറയുന്നു. യശാ. ൩൩, ൧൪. രക്ഷയെ പ്രാപിച്ചു യെശുവിന്റെ നീതിവസ്ത്രം ഉടുത്തവനിൽ വസിക്കുന്നവൎക്കു ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ല ജ്വലിപ്പിക്കുന്ന വെളിച്ചം അത്രെ. പിതാവിന്റെ അടുക്കൽ പൊവാൻ ക്രിസ്തനത്രെ വഴി ആകുന്നു. ഈ വഴിക്കലെ അല്ലാതെ ദൈവത്തെ അടുപ്പാൻ ഉനിയരുതു. ന്യായവിധിനാളിൽ ക്രിസ്തൻ മഹത്വസിംഹാസനത്തിലിരിക്കുമ്പൊൾ എല്ലാ ജാതികൾ അവന്റെ മുമ്പാകെ നില്ക്കേണ്ടിവരും. എങ്കിലും അവന്റെ നീതിയും സാദൃശ്യവും ഇല്ലാത്തവൎക്ക അത് അസഹ്യ കഷ്ടമത്രെ ആയിരിക്കും. നീതിമാന്മാരുടെ ദെഹങ്ങൾക്കു അത് സുഖമായി വരെണ്ടതിന്നു ഒരു വലിയ മാററം വെണ്ടിവരും. മൎത്ത്യ ദെഹങ്ങൾക്കു ദൈവമഹത്വം കണ്ടുകൂടാ. അതിന്നു യശായ, ഹിസ്കിയെൽ, യൊഹനാൻ മററും ഉദാഹരണങ്ങൾ ആകുന്നു. ഞാൻ ഇരിക്കുന്നെടത്തു നിങ്ങളും ഇരിക്കെണ്ടതിന്നു ഞാൻ പിന്നെയും വന്നു നിങ്ങളെ ചെൎത്തുകൊള്ളും എന്നുള്ള വാഗ്ദത്തത്തെ കൎത്താവു എന്നിലും എനിക്കുള്ളവരിലും പൂരിപ്പിക്കെണമെ.

൨൨

ഫിലി. ൩, ൨൦. നമ്മുടെ പെരുമാററമല്ലൊ വാനങ്ങളിൽ ആകുന്നു.

നമ്മുടെ പെരുമാററം വാനങ്ങളിൽ ആകകൊണ്ടു നാം ഈ ഭൂമിയിൽ പരദെശികളും അതിഥികളുമത്രെ ആകുന്നു. ഭൂമിയിൽ നമുക്കു സ്ഥിരമായ വാസസ്ഥലമില്ല സ്വൎഗ്ഗീയമാ

യതൊന്ന അനുഭവിക്കുന്നു. അതുവും അല്ല പുതിയ ജന
നം കൊണ്ടു മാത്രം നാം സ്വൎഗ്ഗപ്രാപ്തിക്കും അനുഭവങ്ങൾക്കും
യൊഗ്യന്മാരായി വരുന്നു എന്ന് ഈ വാക്കുകളെ കൊണ്ടെ ഏ
റ്റം പറയുന്നതു. ഈ ഭൂമിയിലും ഒരൊരുത്തൻ തന്റെ ജന്മ
ദെശത്തെ മറ്റെ രാജ്യങ്ങളിൽ അധികം സ്നെഹിക്കുന്നു അ
ത് മറ്റവൎക്ക എത്രയും അനിഷ്ടനാടായി തൊന്നിയാലും
തനിക്ക് അത് സുഖഭൂമി തന്നെ. അങ്ങിനെ തന്നെ വിശ്വാ
സികൾ സ്വൎഗ്ഗീയ വിശെഷങ്ങളെ ഒട്ടും വിചാരിക്കുന്നു.
ദെഹ ജനനം കൊണ്ടല്ല ഈ മനസ്സുണ്ടാകുന്നു, അതിന്ന
മെലിൽ നിന്ന ഒരു ജനനം വെണ്ടുന്നതു. അങ്ങിനെ ജനി
ച്ചവൎക്ക ദൈവത്തിൽനിന്ന് ഒരു ജീവനെ കിട്ടിയതിനാൽ
അവരുടെ വിചാരങ്ങളും ആഗ്രഹങ്ങളും മീത്തലെ കാൎയ്യ
ങ്ങളൊടുകൂടും, മീത്തലെ വാസസ്ഥലത്തിന്നായിട്ടൊരിക്കി
പാൎക്കും. ആത്മാവിൽ ജനിച്ചവർ ദൈവത്തിന്റെ വ
ലത്തുഭാഗത്തിരിക്കുന്ന ക്രിസ്തുവിന്റെ വാസസ്ഥലവിശെഷ
ങ്ങളെ അന്വെഷിക്കുന്നു. കൊല. ൩, ൧. ആത്മികമനുഷ്യ
ൻ ദെഹത്തെ വിട്ടു കൎത്താവൊടുകൂടെ ഇരിപ്പാൻ ആഗ്രഹിക്കു
ന്നു എങ്കിലും ജഡരക്തങ്ങൾ ദൈവരാജ്യം അവകാശമായി
അനുഭവിക്കയില്ല എന്ന് അവൻ അറികകൊണ്ടു ശരീരത്തെ
വിട്ടു സ്വൎഗ്ഗീയധനങ്ങളെ അനുഭവിപ്പാൻ തക്ക ആത്മിക
ശരീരമായി പിന്നെയും കൈക്കൊള്ളുവതിന്നു ഭ്രമിച്ചു
പാൎപ്പാനായിട്ടു ഏങ്ങിക്കുന്നത് പുതിയ ജനനത്തിൽ കിട്ടിയ
ജീവനും വിശ്വാസവും വൎദ്ധിക്കും അളവിൽ നമ്മുടെ പൌരമാ
റ്റം സ്വൎഗ്ഗത്തിൽ ആകുന്നു എന്നുള്ള നിശ്ചയം ഉറെച്ചു വ
ട്ടും. ആത്മികജീവൻ നമ്മിൽ പുഷ്ടി വെക്കുന്തൊറും ആ നിത്യ
വാസസ്ഥലത്തിന്നായിട്ടു നമ്മുടെ ആഗ്രഹവും ലൌകികത്തി
ലെ വെറുപ്പും വൎദ്ധിക്കുന്നതു. ലൌകികധനങ്ങളും പാപവി
ഷം നിറഞ്ഞ ദെഹവും അല്ലാതെ മറ്റൊന്നിനെയും അനുഭ

ഗിക്കാത്ത മനുഷ്യനിലും യെശുവെ മരിച്ചവരിൽ നിന്നുയിൎപ്പി ച്ചവന്റെ ആത്മാവിനെ ലഭിച്ച പുതിയ മനുഷ്യനിലും അ ത്യന്തം വ്യത്യാസം. അതുകൊണ്ടു നാം ഇഹലൊകത്തിൽ പര ദെശികളും അതിഥികളുമായി നടക്ക, ആകാശത്തിൻ കീഴെ എ ല്ലാം മായ എന്നു വെച്ചു ലൌകിക ധനങ്ങളെ വിട്ടുപൊകെ ണ്ടിയ സമയം ഒത്തു ഉണൎന്നും പ്രാൎത്ഥിച്ചും കൊണ്ടു കൎത്താവി ന്റെ മാനത്തിന്നായി കൊണ്ടു ക്ഷമിക്ക പലപ്പോഴും അസഹ്യ മായി തൊന്നുന്ന കഷ്ടങ്ങളെ ധൈൎയ്യത്തൊടെ സഹിക്ക. അത് ക്ഷണികമല്ലൊ. സ്വൎഗ്ഗീയ ഭവനത്തിൽ സകല പ്രാ ൎത്ഥനകളും ആശകളും പരിപൂൎണ്ണമായ നിവൃത്തി വരും നിശ്ച യം.

൨൩

ലൂക്ക. ൨൧, ൩൩. വാനവും ഭൂമിയും ഒഴിഞ്ഞുപൊകും എന്റെ വചനങ്ങൾ ഒഴിഞ്ഞു പൊകയില്ല താനും.

ലൊകാവസാനം വെദത്തിൽ പല പ്രകാരം വൎണ്ണിച്ചു കി ടക്കുന്നു. ൧൦൨. സങ്കീൎത്തനം ഉണ്ടാക്കിയവൻ യഹൊവയൊ ടു നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായിരിക്കുന്നു. പൂൎവ്വത്തിൽ നീ ഭൂമിക്ക അടിസ്ഥാനം ഇട്ടു, ആകാശങ്ങളും നിന്റെ കൈക്രിയ തന്നെ. അവ നശിക്കും, നീയൊ നില നി ല്ക്കും; അവ ഒരു തുണി പൊലെ പഴതായി പൊകും, ഒരു ശാ ൽവയെ പൊലെ നീ അവറ്റെ മാറ്റും എങ്കിലും നീ പൂൎവ്വ പ്രകാരം ഇരിക്കുന്നു, നിന്റെ സംവത്സരങ്ങൾ അവസാനി ക്കയുമില്ല. പെത്രൻ ൨ാം ലെഖനം ൩, ൭. എഴുതിയത്: ആ കാശങ്ങളും ഭൂമിയും ന്യായവിധിനാളിന്നു കാക്കപ്പെട്ടിരി ക്കുന്നു. പിന്നെ ൧൦ാം വാക്കിൽ അതിനെ വ്യാഖ്യാനിച്ചു കൊണ്ടു പറഞ്ഞത്: ആ ദിവസത്തിൽ വാനങ്ങൾ മുഴങ്ങി ഒ ഴിഞ്ഞും പഞ്ചഭൂതങ്ങൾ കത്തി അഴിഞ്ഞും ഭൂമിയും അ തിലുള്ള പണികളും വെന്തുപൊകും. വെളി. ൨൦, ൧൧. വായിക്കുന്നത്: പിന്നെ ഞാൻ വലുതായ വെള്ള സിംഹാസ

നരത്തെയും അതിന്മെൽ ഇരുന്നവനെയും കണ്ടു. അവന്റെ സന്നിധിയിൽ നിന്ന ഭൂമിയും വാനവും മണ്ടിപ്പൊയി അവറ്റിന്നു സ്ഥലം കാണായതുമില്ല. (വെളി. ൨൧. ൧.) ഒന്നാം വാനവും ഭൂമിയും ഒഴിഞ്ഞു പൊയല്ലൊ. സമുദ്രവും ഇനി ഇല്ല. ഇങ്ങിനെ ആകാശഭൂമികൾ ഒഴിഞ്ഞും ഓടിയും ഭയിച്ചും പൊകും. യെശുവിന്റെ വചനങ്ങൾ മാത്രം ഒഴിയാതെ നിന്നു നിവൃത്തിയായി വരും. ലോകാവസാനം മാനുഷസങ്കല്പിതങ്ങൾക്കും വാദങ്ങൾക്കും ശാസനകൾക്കും ധൎമ്മങ്ങൾക്കും തീൎപ്പ വരുത്തും. കള്ള പ്രവാചകരും ഉപദ്രവികളും ചതിയന്മാരും ഞെളിഞ്ഞ ലോകജ്ഞാനികളും ലഘുബുദ്ധികളായ ജല്പികളും പറഞ്ഞ വാക്കുകൾ എല്ലാം അന്നു ഒഴിഞ്ഞുപൊകും. മനുഷ്യർ ഒരൊ സമയത്തു വളരെ മാനിച്ച അനെക വെപ്പുകളും ആചാരങ്ങളും സാരമില്ലാതെയായി തീരും. എന്നാൽ സ്ഥിരവും സത്യവും ആശ്വാസവും നിശ്ചലവും ഉള്ളതിനെ എവിടെ കാണും. മരണനെരത്തും വിധിനാളിലും നാണം വരുത്താത്തതും ഭയം എന്നിയെ വിശ്വസിപ്പാൻ തക്കതും എവിടെ കിട്ടും; ഈ ചൊദ്യങ്ങൾക്കു പെത്രൻ ഉത്തരം പറഞ്ഞതു: അതെ നിത്യജീവന്റെ വചനങ്ങൾ ഉണ്ടു. അതെ യെശുവിന്റെ വചനങ്ങൾ മാത്രം ഒഴിഞ്ഞു പൊകയില്ല. അവന്റെ വചനങ്ങളെ കെട്ടു കാത്തുകൊള്ളുന്നവർ ധന്യരാകുന്നു. ന്യായവിധിയിലും എല്ലാം അവന്റെ വചനപ്രകാരം നടക്കും. അതിൽ ഒന്നും നിവൃത്തി വരാതിരിക്കയില്ല. യെശുവിന്റെ വചനങ്ങളെ വിശ്വസിക്കുന്നവൻ നാണിച്ചു പൊകയില്ല. കൎത്താവെ ഞാൻ വിശ്വസിക്കുന്നു എന്റെ അവിശ്വാസത്തിന്നു സഹായിക്കെണമെ.

൨൪

൨ കൊരി. ൧, ൩. മനസ്സലിവിന്റെ പിതാവും സൎവ്വാശ്വാസത്തിന്റെ ദൈവവുമായി നമ്മുടെ കൎത്താവായ യെ

ഈശൊമിശിഹായുടെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവനാക.

ഒരു ക്രിസ്ത്യാനി വിശ്വാസത്താലെ ദൈവത്തെ ഈശൊമിശിഹായുടെ പിതാവെന്ന വിളിച്ചാൽ ദൈവം തന്റെ ഏകജാതനായവന്ന കാണിക്കുന്ന സ്നെഹം വിശ്വസിക്കും അനുഭവമാക്കി വരുന്നു എന്നും ദൈവപുത്രനിലെ വിശ്വാസം ഒരു മനുഷ്യന്ന ദൈവമകൻ ആകുന്നതിനു അധികാരം തരുന്നു എന്നും ഈശൊമിശിഹാ ഉയിർത്തതിന്റെ ശെഷം മഗ്ദലെന മറിയയൊട ഞാൻ എന്റെയും നിങ്ങളുടെയും പിതാവിന്റെ അടുക്കലും എന്റെയും നിങ്ങളുടെയും ദൈവത്തിന്റെ അടുക്കലും കരെറി പൊകുന്നു എന്ന പറഞ്ഞ പ്രകാരവും കൂട ഒർക്കുന്നു. പിന്നെ ഒരുവൻ ഈശൊമിശിഹായുടെ പിതാവിനെ കരുണകളുടെ പിതാവെന്ന വിളിച്ചാൽ താനും കരുണെക്ക ആവശ്യമുള്ളവരുടെ കൂട്ടത്തിൽ ഇരിക്കുന്നു എന്ന ഒർത്തു പറഞ്ഞു സ്വർഗ്ഗസ്ഥ പിതാവു കരുണകൊണ്ടെ തന്റെ മെലും നൊക്കും എന്ന ആശിക്കയും വിശ്വസിക്കയും ചെയ്യുന്നു. പിന്നെ ഒരുവൻ ദൈവത്തെ സർവ്വാശ്വാസത്തിന്റെ ദൈവം എന്ന വിളിച്ചാൽ സങ്കടങ്ങളിൽ വെണ്ടുന്ന ആശ്വാസത്തിന്നായി അവനെ നൊക്കി പാർക്കുന്നു. ഇപ്രകാരം ചെയ്യുന്നവർ സങ്കടങ്ങളിലും ദൈവത്തെ സ്തുതിപ്പാൻ പ്രാപ്തന്മാരായി വരുന്നു. തന്റെ മനവും പുത്രന്മാരുടെ ഗുണവും വിചാരിച്ചു ദൈവം സങ്കടങ്ങളെ കൊണ്ടു ശിക്ഷിക്കുന്നു. കരുണകളുടെ പിതാവാകിയവൻ സങ്കടങ്ങളെ മാററി അവർ പൊടി ആകുന്നു എന്നൊർത്ത അസഹ്യമായി അവരെ ഉപദ്രവിക്കാതെയും പ്രാപ്തിക്കിൽ അധികം പരീക്ഷിക്കാതെയും എല്ലാ സങ്കടങ്ങളിൽ അവർക്ക ആശ്വാസസ്ഥലങ്ങളെ നല്കി ഒടുവിൽ അവരുടെ ദുഃഖം എല്ലാം സുഖമാക്കി മാററുകയും ചെയ്യും. ആശ്വാസങ്ങളുടെ ദൈവമാകി

അവൻ തന്റെ വചനം കൊണ്ടു അവരെ ആശ്വസിപ്പിക്കയും സ്ഥിരീകരിക്കയും ചെയ്യുന്നു. സങ്കടങ്ങൾ പലവിധമാകകൊണ്ടു ദൈവവചനത്തിൽ പലവക ആശ്വാസങ്ങളും അടങ്ങിയിരിക്കുന്നു. അതു എല്ലാ ദീനങ്ങൾക്കു വെണ്ടുന്ന മരുന്നുകളെ സൂക്ഷിച്ചു വെക്കുന്ന ഔഷധശാലെക്ക് സമം. ദാരിദ്ര്യദീനങ്ങളിലും ദൂഷണനിരസങ്ങളിലും ഹൃദയപരീക്ഷാദൈഹൊപദ്രവങ്ങളിലും മരണഭീതിയിലും ചാകുന്നെരത്തും ദൈവവചനത്തിൽ അതാത് ആശ്വാസം കൊണ്ടും പിന്നെ ദൈവം അതിനെ അറിയിച്ചത് മാത്രമല്ല തന്റെ ആത്മാവെകൊണ്ടു അനുഭവത്തിന്നു കൊടുക്കുന്നതിനാൽ ആശ്വാസങ്ങളുടെ ദൈവം എന്ന നാമത്തിന്നു യൊഗ്യൻ ആകുന്നുവല്ലൊ. അതുകൊണ്ടു ദാവിദ് ചെയ്ത പ്രകാരം നാം ഒരു നാളും ചെയ്യരുതു. അവൻ ദൈവത്തെ തന്റെ ബലമാക്കി വെക്കാതെ ദ്രവ്യസമൃദ്ധിയിൽ ആശ്രയിച്ചു തന്റെ വഷളത്വത്തിൽ ബലവാനാകുന്നു. സങ്കീ. ൫൨, ൭. ന്യായവിധിനാളിൽ നാം ഇപ്രകാരമുള്ളവരൊടു കൂട യെശുവിന്റെ ഇടത്തു നില്ക്കാതിരിക്കെണ്ടതിന്നു ആശയിൽ സന്തൊഷിക്കയും ഉപദ്രവത്തിൽ സഹിക്കയും സ്ഥിരപ്പെടുകയും ചെയ്യുമാറാക. എന്നാൽ സങ്കടങ്ങളിലും ദൈവത്തെ സ്തുതിക്കെണ്ടതിന്നു സംഗതി വെണ്ടുവൊളം ഉണ്ടു എന്നു ഒരൊ ദിവസത്തിലും കാണും.

൨൭

൧ യൊഹ. ൧, ൭. ദൈവപുത്രനാകുന്ന യെശുക്രിസ്തുവിന്റെ രക്തം നമ്മെ സകല പാപത്തിൽ നിന്നു ശുദ്ധികരിക്കുന്നു.

ദൈവത്തിന്നു ഇഷ്ടനായിതീരെണ്ടതിന്നു പാപം നീങ്ങിപൊകെണമെന്നു ഒരൊരുത്തന്നു മനസ്സാക്ഷി തന്നെ ബൊധം വരുത്തുന്നു. യെശുക്രിസ്തുവിന്റെ രക്തത്താൽ ശുദ്ധി

വരുന്ന പ്രകാരം സൃഷ്ടിശേഷം മാത്രം അറിയിക്കുന്നു. ഒരു മനുഷ്യന്റെ പാപമോചനത്തിന്റെ നിശ്ചയം ഉണ്ടായാൽ ജീവനുള്ള ദൈവത്തെ സേവിക്കേണ്ടതിന്നു അവന്റെ മനസ്സാക്ഷി മരണക്രിയകളിൽ നിന്നു ശുദ്ധമായി വരും. എബ്രാ. ൯, ൧൪. അവന്റെ ആത്മാവു മുഴുവൻ പാപശുദ്ധിയെ കിട്ടിയെങ്കിൽ അവൻ തന്റെ വസ്ത്രം ആട്ടിൻകുട്ടിയുടെ രക്തത്തിൽ അലക്കി വെളുപ്പിക്കയും ചെയ്തു. വെളി. ൭, ൧൪. ഈതൊക്കെയും യോഹന്നാൻ മേലെഴുതിയ വചനത്തിൽ സമർപ്പിച്ചു പറയുന്നതു: ദൈവം വെളിച്ചത്തിൽ ഇരിക്കുന്നപ്രകാരം വിശ്വാസികൾ വെളിച്ചത്തിൽ നടക്കുന്നു എങ്കിൽ അവർക്കു അന്യോന്യം സംസർഗ്ഗം ഉണ്ടു. പിന്നെ യേശുക്രിസ്തുവിന്റെ രക്തം അവരെ സകല പാപത്തിൽനിന്നും ശുദ്ധീകരിക്കുന്നു. മനസ്സാക്ഷി അവരെ വല്ല പാപം ചുമത്തിയാൽ യേശുവിന്റെ രക്തം അതിനെയും നീക്കും. അവർ പാപത്തെ ഏറ്റുപറഞ്ഞു വിശ്വാസത്തോടുകൂട അടുക്കെ ചെല്ലുകമാത്രമേ വേണ്ടു. പിന്നെ അവർ ഉപദേശനങ്ങളുടെ ഉള്ളിൽ പാപം ഉണ്ടെന്നു ഏറ്റുപറയേണ്ടിവന്നാൽ യേശുവിന്റെ രക്തം അവരെ സകല പാപങ്ങളിൽനിന്നു വിടുവിക്കും എന്നും ശുദ്ധനടപ്പിന്നു പ്രാപ്തിയും നല്കും എന്നും ഇതുമൂലം അവർ മുഴുവനും തികഞ്ഞവരാകിയശേഷവും ആ രക്തത്തിന്റെ ശക്തി അവരെ താങ്ങും എന്നും അവർ അറിക്കയും വിശ്വസിക്കയും ചെയ്യുന്നു. മനുഷ്യപ്രയത്നവും ബുദ്ധിശക്തികളും നീക്കുവാൻ കഴിയാത്ത പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കേണ്ടതിന്നു യേശുവിന്റെ രക്തത്തിൽ ശക്തി വേണ്ടുവോളം ഉണ്ടു. അതു ദൈവപുത്രന്റെ രക്തം ആകുന്നുവല്ലൊ. അതു വിശുദ്ധവും അത്യന്തം വിലയുമുള്ള രക്തമാകുന്നതല്ലാതെ ക്രിസ്തുനിൽ ദിവ്യത്വവും മാനുഷത്വവും ഒന്നായി ചേർന്നു വന്നതിനാൽ ദൈവശക്തി

പറഞ്ഞതും ആകുന്നു. മനുഷ്യവംശം മുഴുവനും പ്രവെശിപ്പാനും അവരുടെ അസംഖ്യ പാപങ്ങളെ നീക്കുവാനും അൎത്ഥമിയാകുന്നു. സകല മലിനതയെ നീക്കി ദൈവസാദൃശ്യം വരുത്തുവാൻ അതിന്നു കഴിവുണ്ടു. ഇതെല്ലാം പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ അനുഭവമാകി വരുന്നു. ദൈവപുത്രനായ യെശുവിന്റെ രക്തം എന്നെയും സകല പാപങ്ങളിൽ നിന്നു ശുദ്ധീകരിപ്പാൻ മതിയായിട്ടുള്ളത്. ഞാൻ വെളിച്ചത്തിൽ നടന്നാൽ ഒരു ദൊഷവും എന്നിൽ ശെഷിക്കയില്ല. പാപശുദ്ധി വന്നിട്ടു ഞാനും തികഞ്ഞ നീതിമാന്മാരൊടു ചെൎന്നു നിത്യം ധന്യനാകി പാൎക്കും. ദൈവശുശ്രൂഷയിൽ പിന്നെ ഒരു തടവും ഉപദ്രവവും കുറച്ചലും എനിക്ക് ഉണ്ടാകയില്ല. പിന്നെ യെശുക്രിസ്തന്റെ നാളിൽ ഇനി വെളിവാകിവരുവാനുള്ളതിന്നു ഞാൻ കാത്തിരിക്കെയുള്ളു. ഇതാകുന്നത് ഞാൻ എത്തെണ്ടിയ ലാക്ക. പൊർ കഴിച്ചു കിട്ടെണ്ടിയ രത്നം കൎത്താവായ യെശുക്രിസ്തന്റെ കരുണ അതിന്നാകി എന്നെ തുണെക്കുമാറാക.

൨൩

യൊഹ. ൧൦,൧൪. ഞാൻ നല്ല ഇടയനാകുന്നു, എന്റെവ ഞാൻ അറിയുന്നവനും എന്റെവറ്റാൽ അറിയപ്പെടുന്നവനും ആകുന്നു.

യെശു നല്ല ഇടയനാകിട്ടു തനിക്കുള്ളവരെ അറിയുന്നു, മറ്റെ സകല സൃഷ്ടികളെ അറിയുന്നത് പൊലെ അല്ല, അവരെ തനിക്കുള്ളവർ എന്നറിയുന്നു. അവസാന നാളിൽ അക്രമക്കാരൊടു ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു പറയും പൊലെ തനിക്കുള്ളവരെ പിതാവിന്റെ മുമ്പാകെ അറിയിക്കും. അവൻ സൎവ്വജ്ഞനാകകൊണ്ടു തനിക്കുള്ളവരുടെ ക്രിയകളും കഷ്ടവും വിശ്വാസ്യതയും ആവശ്യങ്ങളും ആപത്തുകളും സൂക്ഷ്മമാകി അറിയുന്നു. അവർ പാൎക്കുന്ന സ്ഥ

ലവും ത്രികാലങ്ങളിൽ അവരുടെ അവസ്ഥ മുഴുവൻ അറിയുന്നു. അത്രകൊണ്ടു തത്സമയത്തു അവൎക്ക വെണ്ടുന്നതും എല്ലാം അറിയുന്നു. അവൻ അവരുടെ നാമങ്ങളെയും ഒരൊരുത്തരുടെ ഗുണദൊഷങ്ങളെയും അറിയുന്നു, അവരെ തനിക്കുള്ളവരാക്കിട്ടു അറിയുന്നു. ആകാശത്തിൻ കീഴുള്ളൊൎക്കും തന്റെ മുതൽ എങ്കിലും തന്റെ വചനം വിശ്വാസത്തൊടുകൂടെ കെട്ടനുസരിക്കുന്നവർ പ്രത്യെകം തനിക്കുള്ളവർ ആകുന്നു. അവൻ അവരെ ഹൃദയത്തിൽ വഹിക്കുന്നു. ഇടയൻ സ്വന്ത ആടുകളൊടു എത്ര പ്രകാരം അപ്രകാരം യെശു തനിക്കുള്ളവരൊടു ചെൎന്നിരിക്കുന്നു.

കൎത്താവ് ഇങ്ങിനെ തനിക്കുള്ളവരെ അറിയുന്നതു പൊലെ അവർ അവനെയും അറിയുന്നു. അവർ മറെറാരൊന്ന അറിയുന്നതു പൊലെ അല്ല യെശുവിനെ അറിയുന്നത്, ഈ അറിവിനാൽ അവരുടെ ആത്മാക്കൾ ജീവിക്കുന്നു. നല്ല ഇടയനായി അവൻ തങ്ങളെ രക്ഷിച്ചു തങ്ങൾക്കായി ജീവനെയും ഉപെക്ഷിക്കയാൽ നിത്യജീവനെ സമ്പാദിച്ചു എന്നും നല്ല ഇടയനായി ആടുകൾക്കു സ്വന്ത വഴിയിൽ നടപ്പാൻ സമ്മതിക്കാതെ തന്റെ വചനമാകുന്ന ശബ്ദം കൊണ്ടും അതിശയശക്തികൊണ്ടും അവരെ ഉപദെശിച്ചു നടത്തി അനുസരിക്കുന്നവൎക്ക നിത്യജീവനെയും പരിപൂൎണ്ണതയെയും തരും എന്നും തന്റെ കൈക്കിൽ നിന്നു തങ്ങളെ പറിച്ചുകളവാൻ ആൎക്കും സമ്മതിക്കയില്ല എന്നും എല്ലാം അവർ നിശ്ചയമായി അറിയുന്നു. അവർ പ്രത്യെകം അവന്റെ ശബ്ദം കെട്ടും വചനം ഗ്രഹിച്ചും സുവിശെഷ സാരം അറിഞ്ഞും ഇരിക്കകൊണ്ടു ഒരുത്തൻ വന്നു വ്യാജൊപദെശങ്ങളെ കൊണ്ടും മറ്റും അവരെ നെല്വഴിയിൽ നിന്നു തെറ്റിപ്പാൻ ശ്രമിച്ചാൽ ഇത് യെശുവിന്റെ ശബ്ദം അല്ല എന്നു അറിഞ്ഞു അവർ അനുസരിക്കാതെ ഓടിപ്പൊകുന്നു. കൎത്താവായ യെശു ഒരൊ ആത്മാവിനെത

ന്റെ ആത്മാവിനാൽ നടത്തിവരുന്നു അവൻ നല്ലയൻ ആ
വനെ തൊട്ടു പറവാനുള്ളതെല്ലാം ഈ വാക്കിൽ അടങ്ങിയി
രിക്കുന്നു. ആകകൊണ്ടു എന്റെ ദെഹവും ആത്മാവും ഈ ദി
വസത്തിൽ വെണ്ടുന്ന രക്ഷയും സൌഖ്യവും പ്രാപിപ്പാന
ഭവിക്കെണ്ടതിന്നു ഈ നല്ല ഇടയന്റെ കൈകളിൽ വാസംചെ
യ്യുമാറാക.

൨൭

യൊഹ. ൧൪, ൧൯. ഞാൻ ജീവിച്ചിരിക്കുന്നു
വല്ലൊ പിന്നെ നിങ്ങളും ജീവിച്ചിരിക്കും.

യെശു തന്റെ ശിഷ്യന്മാരൊടു ഞാൻ ജീവിക്കുന്നു എന്നു
പറയുമ്പൊൾ വന്നുള്ള പ്രവാചകരുടെ മാതിരിയെപ്പൊലെ പ
റഞ്ഞതു. ആയവർ ഭാവികാൎയ്യങ്ങളെ വൎത്തമാനത്തിൽ ന
ടക്കുന്നതു പൊലെ കണ്ടു അറിയിക്കയും ചെയ്തു. അങ്ങിനെ
യെശു കുറഞ്ഞൊരു നെരം കഴിഞ്ഞിട്ടു ലൊകം എന്നെ കാണു
ന്നില്ല എങ്കിലും നിങ്ങൾ എന്നെ കാണുന്നു. ഞാൻ ജീവിക്കുന്നതു
കൊണ്ടു നിങ്ങളും ജീവിക്കും. ഇത് അവന്റെ പുനരുത്ഥാ
നത്തിന്റെ ശെഷം മാത്രം ഉണ്ടായി, എങ്കിലും യെശുവി
ന്നു എത്രയും നിശ്ചയമായതിനാൽ അന്നു നടന്നതു പൊ
ലെ പറഞ്ഞതു. ഇങ്ങിനെ അവൻ മരിക്കും മുമ്പെ ഞാൻ ഇ
നിമെൽ ലൊകത്തിൽ ഇരിക്കുന്നില്ല. യൊഹ. ൧൭, ൧൧. എ
ന്നു പറഞ്ഞു. തന്റെ ഒട്ടം തീൎന്നു പൊയിരുന്നു. തനിക്കു
മുമ്പ പിതാവിനൊടു കൂട ഉണ്ടായ തെജസ്സു അടുത്തു വ
ന്നു എന്നു അവൻ മനസ്സിൽ നിശ്ചയമായി അറിഞ്ഞിട്ടു താൻ
അന്നു തന്നെ മരിച്ചു കഴിഞ്ഞ പ്രകാരം ഞാൻ ഇനി ലൊക
ത്തിൽ ഇരിക്കുന്നില്ല എന്നു പറഞ്ഞതു. യെശുക്രിസ്തൻ നി
ന്നു നിശ്ചയമായി മരിച്ചു മൂന്നാം ദിവസത്തൊളം മരിച്ചവ
രൊടു കൂട ഉണ്ടായിരുന്ന ശെഷം ജീവിച്ചെഴുനീറ്റു യുഗാദി
യുഗങ്ങളൊളം ജീവിച്ചിരിക്കുന്നു. വെളി. ൧, ൧൮. യെശു

മരിച്ചവരിൽ നിന്ന പിന്നെയും ജീവിച്ചെഴുനീറ്റു തന്റെ
ശിഷ്യന്മാൎക്ക എത്രയും സന്തൊഷകരമായിരുന്നു. അ
വർ അവന്റെ ശുദ്ധ നടപ്പിനെ കണ്ടു ഇസ്രയെലെ രക്ഷി
പ്പാനുള്ള ദൈവപുത്രനായ ക്രിസ്തൻ അവൻ തന്നെ എന്ന
വിശ്വസിച്ചു അനുഭവിക്കെണ്ടി വന്ന ദാരിദ്ര്യവും ലൊക
ദ്വെഷ്യവും കൊണ്ടു ഈ വിശ്വാസം അവരിൽ ഇളകി
പൊയില്ല എങ്കിലും ശത്രുക്കൾ അവനെ കെട്ടികൊണ്ടു
പൊകുന്നതും ക്രൂശിൽ തറെപ്പിച്ചു കൊല്ലുന്നതും കണ്ടാ
റെ അവരുടെ മനസ്സിൽ വളരെ ചഞ്ചലം ഉണ്ടായി. ഇ
സ്രയെലിന്റെ രക്ഷിതാവിന്ന ഇത തന്നെ സംഭവിക്കെ
ണമെന്ന അവൎക്ക ബൊധിക്കായ്ക കൊണ്ടു അവർ ഇടറി
ദുഃഖിച്ചു കരഞ്ഞു തങ്ങളുടെ മനസ്സിലുള്ള ലൊകരാജ്യ
ത്തിന്റെ ആശ നിഷ്ഫലമായി എന്നു കണ്ടു വിലപിക്കയും
ചെയ്തു. എങ്കിലും അവർ അവനെ തള്ളിക്കളഞ്ഞില്ല.
രാത്രിസമയത്ത കാട്ടിൽ വഴി തെറ്റിപ്പൊയ വഴിപൊ
ക്കർ സൂൎയ്യൊദയത്തിന്ന കാത്തു നില്ക്കുന്നതു പൊലെ അ
വരും അവന്നായി കാത്തു കൊണ്ടിരുന്നു, നാണിച്ചു പൊയ
തുമില്ല. മൂന്ന ദിവസം കഴിഞ്ഞിട്ടു യെശു ജീവനൊടെ അ
വൎക്ക പ്രത്യക്ഷനായി വന്നപ്പൊൾ അവരും ജീവിച്ചു. ശ
ത്രുക്കളുടെ കയ്യിൽ നിന്ന തെറ്റിപ്പൊയതു കൊണ്ടല്ല,
യെശു അവൎക്ക നല്കിയ പുതിയ വെളിച്ചവും ശക്തി സ
ന്തൊഷങ്ങളും കൊണ്ടു തന്നെ അവർ മരിച്ചവരിൽ നിന്ന
ഉയിൎത്തെഴുനീറ്റ പ്രകാരമായിരുന്നു. മുമ്പെ അവർ മരി
ച്ചവരെ പൊലെ ഇരുട്ടിൽ ആയി; യെശുവിനെ പിന്നെ
യും കണ്ടപ്പൊൾ അവരുടെ ആത്മാക്കൾക്ക പുതിയ വെളിച്ചവും
ജീവനും ഉദിച്ചു. മുമ്പെ ഭയവും സങ്കടവും അവരിൽ നിറഞ്ഞു;
പിന്നെയൊ അവർ പുനൎജ്ജീവികളായി സന്തൊഷിച്ചു. യെശു
പരിശുദ്ധാത്മാവിന്റെ ദാനവും അവൎക്ക വൎദ്ധിപ്പിച്ചു കൊടു

അതിനാൽ യോഹ. ൧൭,൨൨. അവരുടെ വിശ്വാസത്തിന്നും ആത്മജീവന്നും പുതിയ ഉറപ്പും നിശ്ചയവും വന്നു. ജീവിക്കുന്ന യേശുവിന്റെ വെളിച്ചവും ജീവശക്തിയും അല്ലാതെ എന്നെ ഒന്നും പ്രസാദിപ്പിക്കയും വിശ്വാസത്തിൽ ഉറപ്പിക്കയും വേണ്ട. യേശു ഈ ദിവസത്തിലും എനിക്ക് നിത്യസൂര്യനായി ഉദിച്ചു എന്നെ നോക്കി നടത്തിയാൽ മറ്റൊന്നിനെ കൊണ്ടും ഒരാവശ്യമുണ്ടോ.

൨൮

൧ യോഹ. ൨,൨. യേശു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു.

ഭൂമിയിലെ രാജാക്കന്മാർ കുറ്റക്കാരായ പ്രജകൾക്കു ക്ഷമിച്ചു ന്യായമുള്ള കോപം അവരിൽനിന്നു നീക്കി സ്നേഹവും കരുണയും കാണിക്കേണമെന്നു വന്നാൽ തങ്ങളുടെ സ്ഥാനത്തിന്നു അപമാനവും ദൂഷണവും വരാതിരിക്കേണ്ടതിന്നും കുറ്റക്കാരെ വേണ്ടുംവണ്ണം ശിക്ഷിച്ചു ന്യായം നടത്തുവാൻ തങ്ങൾക്കു ഏറ മനസ്സില്ല എന്നു ആരും വിചാരിക്കാതിരിക്കേണ്ടതിന്നും അപേക്ഷ, വന്ദന, കാഴ്ച, പക്ഷമൊൽ മുതലായത് ചോദിക്കുന്നു. ഉന്നതനായ ദൈവത്തിന്നു ഒരു ലോകം നിറഞ്ഞ ദ്രോഹികൾ ഉണ്ടു. അവർ അവന്റെ പ്രജകൾ മാത്രമല്ല, അവന്റെ സൃഷ്ടികളും ആകുന്നു. അവരോടു സമാധാനവും ചേൎച്ചയും വരുത്തുവാൻ അവൻ എത്രയും നിശ്ചയിച്ചു, രാജാക്കന്മാൎക്കുള്ള ന്യായങ്ങളിൽ ദൈവത്തിന്റെ ന്യായം എത്രയും വലിയത്. അവന്റെ മാനത്തിന്നു ഒരു കുറവു വരുവാൻ ഒരു നാളും സമ്മതിക്കയില്ല, മനുഷ്യൎക്കു ക്ഷമിപ്പാനും നിത്യജീവനെ തരുവാനും അവന്നു മനസ്സായി എങ്കിലും അവന്റെ നാമത്തിന്നു അപമാനവും ദൂഷണവും വരാതവണ്ണം അവനെയും മത്സരികളായ മനുഷ്യരെയും തമ്മിൽ ചേൎപ്പാൻ പ്രാപ്തിയുള്ളവൻ ആർ, ദൈവത്തിന്റെ ബുദ്ധിയും

നീതിയും ദയയും വാത്സല്യവും പ്രസിദ്ധമായി വരുമാറു എത്ര അപെക്ഷയും വന്ദനവും പക്ഷവാദങ്ങളും അവനിൽ ചെയ്ത അന്യായത്തിന്ന എത്ര പ്രതികാരവും വെണ്ടു. അവൻ പാപികളിൽ വല്ലവരൊടു ഇതൊക്കെ നിവൃത്തിപ്പാൻ കല്പിക്കും എങ്കിൽ എല്ലാം നിഷ്ഫലമായിതീരും. പാപികൾ അവനെ എങ്ങിനെ അടുക്കും, അവരും അവരുടെ ക്രിയകളും എല്ലാം അശുദ്ധി നിറഞ്ഞത്; ദൈവത്തൊടു അവർ വ്യാപരിച്ചാൽ ദൊഷം അല്ലാതെ മറ്റൊന്നും വരികയില്ല. ദൈവം ഇതെല്ലാം അറിഞ്ഞു അതുകൊണ്ടു അവൻ തന്റെ പുത്രനെ ഈ വലിയ ക്രിയ നിവൃത്തിപ്പാൻ പാപമുള്ള ജഡത്തിന്റെ സാദൃശ്യത്തിൽ അയച്ചു. ആയവൻ ഈ അത്ഭുതമായ വെലയെ എല്ക്കയും ചെയ്തു. അവൻ ന്യായപ്രമാണത്തിന്റെ കീഴിലായി കുറവു വരാത്ത അനുസരണം കൊണ്ടും അപെക്ഷ കൊണ്ടും പാപികളാൽ ദൈവത്തിന്ന വന്ന അപമാനം നീക്കി ദൈവനീതിയെയും പാപദ്വെഷ്യത്തെയും പ്രസിദ്ധമാക്കെണ്ടതിന്നായി കല്പനകളുടെ ശാപം എല്ലാം അനുഭവിച്ചു പാപികൾക്കു വരെണ്ടിയ ശിക്ഷകളെ തന്റെ ശുദ്ധ ശരീരത്തിൽ കൈക്കൊള്ളുകയും ചെയ്തു.

ഇങ്ങിനെ യെശു നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തവും ദൈവം നീതിമാനും യെശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകുന്നു എന്ന പ്രസിദ്ധമാകി വരെണ്ടതിന്ന ദൈവത്തിന്റെ ദയയെ വൎണ്ണിക്കുന്ന കൃപാസനവും ആയി തീൎന്നിരിക്കുന്നു. അവൻ അന്യായമായതൊന്നും പ്രയൊഗിക്കാതെ എല്ലാവരുടെ വീണ്ടെടുപ്പിന്നായി തന്നെത്താൻ ബലിയാക്കി അൎപ്പിക്കയും ചെയ്തു.

൧൩

൨ മൊശ. ൧൫, ൧൧. യഹൊവയെ, ഞാൻ നിന്റെ

രക്ഷക്കായി കാത്തിരിക്കുന്നു.

യാക്കൊബ് ദീനമായി കിടക്കുമ്പോൾ തന്റെ പുത്രന്മാരെ വിളിച്ചനുഗ്രഹിച്ചു അനുഗ്രഹങ്ങളിൽ ഒരൊ പ്രവാചകങ്ങളെയും കല്പിച്ചു. അതിന്റെ നിവൃത്തി അവരല്ല, അവരുടെ സന്തതികൾ മാത്രം കണ്ടു. യാക്കൊബ്, ദാൻ ഗൊത്രത്തെ കൊണ്ടു അങ്ങിനെ ഒരു ദീർഘദർശനം പറഞ്ഞ ശെഷം ദൈവത്തെ നൊക്കി വിശ്വാസത്തൊടുകൂടെ യഹൊവയെ ഞാൻ നിന്റെ രക്ഷക്കായി കാത്തിരിക്കുന്നു എന്നു പ്രാർത്ഥിച്ചു പറഞ്ഞു. വെദപുസ്തകത്തിൽ ഒരൊ ദിവ്യ സഹായത്തിന്നും ഉദ്ധാരണത്തിന്നും ദൈവത്തിന്റെ രക്ഷ എന്നു പെർ ഉണ്ടു. ക്രിസ്തൻ താൻ യശു. [illegible] രക്ഷ എന്നു പെർ ഉള്ളവൻ ആകുന്നു. പിന്നെ യെശുവ എന്ന പെരിന്റെ അർത്ഥവും രക്ഷ അല്ലെങ്കിൽ രക്ഷിതാവെന്നാകുന്നു. മശീഹായെ കൊണ്ടു മനുഷ്യവംശത്തിന്നു വരുവാനുള്ള അനുഗ്രഹങ്ങൾക്കു പ്രവാചകന്മാർ പലപ്പൊഴും രക്ഷ എന്നു പറഞ്ഞു. യാക്കൊബ് പ്രവാചകനായി മെൽ എഴുതിയ വാക്കുകളെ പറഞ്ഞതിനാൽ വരുവാനുള്ള മശീഹായെ വിചാരിച്ചു അവനെ പറഞ്ഞത്. ദാൻ ഗൊത്രത്തിന്നു അയൽ മുഖെ വളരെ സങ്കടമുള്ളതു ഒന്നു പ്രവചിച്ചു. ദാൻ കുതിരയുടെ മടമ്പുകളിൽ കടിക്കുന്നവൻ പിന്നൊട്ടു വീഴുവാന്തക്കവണ്ണം കടിക്കുന്നതായി വഴിയിൽ ഒരു സർപ്പവും ഊടുവഴിയിൽ അണലിയുമായിരിക്കും എന്നു ചൊല്ലിയതു, ദാൻ ഗൊത്രക്കാർ ഇസ്രയെലിൽ ആദ്യം ക്ഷുദ്ര ദെവാരാധനയെ നടത്തിയപ്പൊൾ ഈ വാക്കുകൾക്കു നിവൃത്തി വന്നു. സാക്ഷികൂടാരം ശീലൊവിൽ ഇരുന്നസമയം എല്ലാം ദാൻ ഗൊത്രക്കാർ മീഖാ എന്നവന്റെ ബിംബത്തെ സെവിച്ചു കള്ള ആചാര്യന്മാരെയും സ്ഥാപിക്കയും ചെയ്തു. ന്യായാ. ൧൮, ൩൦. ൩൧. പിന്നെ യരൊബെയാം

രാജാവും ദാൻ നഗരത്തിൽ തന്റെ രണ്ടു കാളവിഗ്രഹങ്ങളിൽ ഒന്നു പ്രതിഷ്ഠിച്ചു. ഇങ്ങിനെ ദാൻ ഗോത്രം ഇസ്രായെലിൽ കള്ളദൈവാരാധനയെ തുടങ്ങി, മറ്റെ ഗോത്രങ്ങളിൽ നാൾ ചെല്ല കൂടക്കൂട നീങ്ങി ദാൻ ഗോത്രം തന്റെ വംശത്വം ഒരു വീഴ്ച വരാതെ നടത്തിക്കൊണ്ടിരുന്നു. വഴിയിൽ ഒരു സർപ്പമായും ഊടുവഴികളിൽ അണലിയായും ഇരുന്നു. ഇസ്രായെലിൽ ഭരണം നടത്തുവാൻ കഴിയാത്ത നാശത്തിന്നു കാരണമായി. ഇതെല്ലാം ആത്മാവിൽ കണ്ടിട്ടു യാക്കോബ് യഹോവയെ ഞാൻ നിന്റെ രക്ഷെക്കായി കാത്തിരിക്കുന്നു എന്നു പറഞ്ഞു ഇസ്രായെലിൽ വീണുപോയതു പിന്നെയും ഉദയിപ്പിക്കേണ്ടതിന്നു വരുവാനുള്ള രക്ഷിതാവിനെ പ്രത്യാശിക്കയും ചെയ്തു. ഈ പ്രകാരം നാമും ഒരോ നാശങ്ങളെ കാണുന്ന സമയം പ്രവാചകവചനത്തെ പിടിച്ചു, യേശു എല്ലാം നന്നാക്കി തന്റെ നാമത്തെ ഭൂമിയിൽ എങ്ങും അറിയിച്ചു അവസാന നാളിൽ ശക്തി തേജസ്സുകളോടെ വന്നു വന്നിട്ടുള്ളവരുടെ കഷ്ടം എല്ലാം തീർക്കും എന്നു വിശ്വസിച്ചാശ്വസിക്കേണ്ടിയത്. അതിന്നു അവൻ ഇന്നും തുണനില്ക്കേണമെ.

൩൦

ഫിലി. ൨, ൧൧. എല്ലാ നാവും യേശുക്രിസ്തൻ കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ തേജസ്സിന്നായി ഏറ്റു പറകയും ചെയ്യേണ്ടി വരും.

കർത്താവായ യേശു തന്നെ താഴ്ത്തി ദാസവേഷം ധരിച്ചു മനുഷ്യരുടെ നടുവിൽ നടന്നു ഒടുവിൽ രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിൽ തന്നെ മരിച്ചപ്പോൾ അനേകർ അവനെ അറിഞ്ഞില്ല. ചിലർ അവനെ പ്രവാചകൻ എന്നത്രെ പറഞ്ഞു, അനേക നാവുകൾ അവനെ ദുഷിക്കയും ചെയ്തു. അന്നു സങ്കീ. ൩൩, ൩. ൬൨, ൩൧. എഴുതിക്കിടക്കുന്നതു നിവൃത്തിയായി.

എന്നിട്ടും ഈ യെശുവിനെ പിതാവു ഉയൎത്തി എല്ലാ നാമങ്ങളുടെ മെലായി ഒരു നാമവും കൊടുത്തു അവന്റെ നാമത്തിൽ സ്വൎഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ളവരുടെ മുഴങ്കാൽ ഒക്കയും മടങ്ങുകയും നാവൊക്കയും യെശുക്രിസ്തൻ കൎത്താവാകുന്നു എന്നു പിതാവിന്റെ മഹത്വത്തിന്നായി അനുസരിച്ചു പറകയും വെണം. ദിവ്യന്മാരുടെ മുഴങ്കാലുകളും നാവുകളും കൊണ്ടു മാത്രമല്ല ഇവിടെ പറഞ്ഞത്, എല്ലാവരും ഒരു ഭെദം കൂടാതെ അങ്ങിനെ ചെയ്യെണ്ടിവരും. സ്വൎഗ്ഗവാസികൾ ഇപ്പോൾ യെശുവിനെ ദൈവത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നതു കാണുന്നു. ഭൂമിയിൽ അവൻ തന്നെ കൎത്താവാകുന്നു എന്നു എല്ലാടവും അറിയിച്ചുവരുന്നു. അവൻ പാതാളത്തിൽ ഇറങ്ങിയപ്പോൾ അവിടെയുള്ളവരും അവന്റെ അധികാരം കാണ്മാൻ സംഗതി ഉണ്ടായി. പിന്നെ ജീവകാലത്തിലും മരിച്ച ശെഷവും അവനെ കണ്ടു ഒന്നും കെട്ടറിയാത്തവരും അവസാന നാളിൽ അവൻ ദിവ്യ തെജസ്സൊടെ പ്രത്യക്ഷനാകയൊൾ അവനെ കാണും. ശപിക്കപ്പെട്ടവരും കൎത്താവെ, കൎത്താവെ, കൎത്താവെ എന്നു അവനൊടു പറയും. മത്താ. ൭, ൨൨. ഇങ്ങിനെ നാവൊക്കെയും യെശുക്രിസ്തൻ കൎത്താവെന്നു ഏറ്റുപറകയൊൾ അതു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായിത്തീരും. യെശുവിന്നും അതിനാൽ മാനം ഉണ്ടാകും. നാവെല്ലാം അവനെ കൎത്താവെന്നു വിളിക്ക കൊണ്ടും അവൻ പിതാവിന്റെ വലത്തു ഭാഗത്തു ഇരിക്ക കൊണ്ടും പിതാവിന്നു സമമായിരിക്കുന്നു എങ്കിലും മനുഷ്യനായി പിതാവു അവനെ അത്ര ഉയൎത്തി എല്ലാ നാമങ്ങളുടെ മെലായ നാമം കൊടുത്തതിനാൽ തനിക്കും ഈ വലിയ സാക്ഷ്യത്തിൽ നിന്നു മാന മഹത്വങ്ങൾ വരുന്നുവല്ലൊ. യെശുവിന്നു ഏതു മാനം വരുന്നൊദ്രം അതു അങ്ങിനെ തന്നെ പിതാവിന്നും

വരുന്ന അവൻ യെശു ക്രിസ്തന്റെ പിതാവാകുന്നവനല്ലൊ. സൃഷ്ടിവിശെഷത്തെ കൊള്ളുന്ന നാം കൎത്താവായവനെ സന്തൊഷത്തൊടെ വഹിച്ചു കുട്ടികത്തി താഴ്മയൊടു കൂടെ യെശു തന്നെ നമ്മുടെ കൎത്താവെന്നു ഏറ്റുപറകൊണ്ടെന്നത്രെ ന്യായം. തന്റെ തിരുരക്തത്താലെ നമ്മെ വീണ്ടുകൊണ്ടു ഇരുട്ടിന്റെ അധികാരത്തിൽ നിന്നു ഉദ്ധരിച്ചു തന്റെ രാജ്യത്തിന്റെ അവകാശികളാക്കിയ കൎത്താവായ യെശുവിന്നു എന്നെക്കും മാനവും പുകഴ്ചയും സ്തൊത്രവും ഉണ്ടാക.

൬൪

൧ യൊഹ. ൫, ൧൪. നമുക്ക് അവനൊടുള്ള പ്രാഗത്ഭ്യം ആയിത്രെ: നാം അവന്റെ ഇഷ്ടപ്രകാരം വല്ലതും യാചിച്ചാൽ അവൻ നമ്മെ കെൾക്കുന്നു എന്നത്രെ.

ദൈവത്തിന്റെ ഇഷ്ടപ്രകാരം പ്രാൎത്ഥിക്കെണമെന്നുള്ള കല്പന നമുക്ക ഭാരമായിരിക്കെണ്ടാ. ദൈവത്തിന്നു ഇഷ്ടമുള്ളത് മാത്രം നല്ലതു. പിന്നെ നല്ലതെല്ലാം അവൻ ഇഛ്ശിക്കുന്നു. അതുകൊണ്ടു പ്രാൎത്ഥനെക്ക് ദെശം വളരെ ഉണ്ടു. ദൈവവചനത്തെ നൊക്കിയാൽ അതിൽ ദൈവം മനുഷ്യരൊടു എത്ര നല്ല കാൎയ്യങ്ങളെ ചൊദിക്കുന്നു, എത്ര വാഗ്ദത്തങ്ങളെയും കൊടുക്കുന്നു; ഇതെല്ലാം അവന്റെ ഇഷ്ടം. ദൈവകല്പന വാഗ്ദത്തങ്ങൾ എത്രൊടം എത്തുന്നു അത്രൊടം തന്നെ പ്രാൎത്ഥിക്കാം. നാം യഹൊവയിന്റെ വചനപ്രകാരം ഞങ്ങളെ രക്ഷിക്കയും ശക്തീകരിക്കയും കരുണ കാണിക്കയും ചെയ്യെണമെ. എന്ന് അപെക്ഷിച്ചാൽ ദൈവെഷ്ടപ്രകാരം തന്നെ പ്രാൎത്ഥിക്കുന്നു. സങ്കീ. ൧൧൯, ൨൫. ൨൮. ൧൦൭. യെശുവും അവന്റെ വചനങ്ങളും നമ്മിൽ വസിക്കുന്നു എങ്കിൽ നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തൊടു ഒത്തു വരുന്നു. അതുകൊണ്ടു

ചെയ്ത തന്റെ ശിഷ്യന്മാരൊടു നിങ്ങൾ എന്നിലും എ
ന്റെ വചനങ്ങൾ നിങ്ങളിലും വസിക്കുന്നു എങ്കിൽ നിങ്ങൾ ഇ
ച്ഛിക്കുന്നത എന്തെങ്കിലും ചൊദിച്ചാൽ അത നിങ്ങൾക്കു ചെ
യ്യപ്പെടും. യൊഹ. ൧൫, ൭. അനെക കാൎയ്യങ്ങളിൽ ദൈ
വത്തിന്റെ ഇഷ്ടം ഇന്നതെന്നു വെദത്തിൽ കാണുന്നില്ല.
ആ വകയിൽ എങ്ങിനെ ആചരിക്കെണം. നാം ദൈവത്തി
ന്റെ മന്ത്രികളായി തീരരുത. നമ്മുടെ അല്പ ബുദ്ധികളെ
കൊണ്ടു ദൈവത്തൊടു ഇന്നത ചെയ്യെണം, ഇന്നത അരു
ത എന്നു കല്പിക്കരുതെ. ദൈവം ആദിമുതൽ അന്ത്യംവ
രെക്കും ചെയ്യുന്ന ക്രിയയെ ഒരു മനുഷ്യനും കണ്ടെത്തുവാ
ൻ കഴികയില്ല. പ്രസംഗി. ൩, ൧൧. എന്നാൽ ദൈവവച
നത്തിൽ ഒരു വാഗ്ദത്തം ഇല്ലാത്തതിന്നായി അപെക്ഷി
ച്ച ദൃഷ്ടാന്തങ്ങളും ഉണ്ടു: ശമുവെലിന്റെ അമ്മ ദൈവത്തൊ
ടു ഒരു പുത്രനെ അപെക്ഷിച്ചു. ഹിസ്കിയ രാജാവു ത
ന്റെ ജീവകാലത്തെ നീട്ടെണമെന്നു പ്രാൎത്ഥിച്ചു. ഇരുവ
ൎക്കും അപെക്ഷ പ്രകാരം സാധിച്ചതിനാൽ ദൈവെഷ്ടത്തി
ന്നു വിരൊധമായില്ല എന്നു അറിയാം. അങ്ങിനെ യെശുവി
ന്റെ ഭൂവാസത്തിൽ അനെകർ ഒരൊ സഹായങ്ങൾക്കായി
അവനൊടു അപെക്ഷിച്ചു, ഒരുത്തരെയും അവൻ വെറുതെ വി
ട്ടയച്ചതുമില്ല. പിന്നെ യാക്കൊബ് [illegible]
പറയുന്നത: നീതിമാന്റെ താല്പൎയ്യമുള്ള പ്രാൎത്ഥന വലി
ന്ന മതിയാകുന്നു. എലിയ നമ്മെ പൊലെയുള്ള മനുഷ്യ
നായിരുന്നു. മഴ പെയ്യാതിരിക്കെണ്ടതിന്നു അവൻ താല്പ
ൎയ്യമായി പ്രാൎത്ഥിച്ചിട്ടു മൂന്നു സംവത്സരവും ആറു മാസവും
മഴ പെയ്യാതെ ഇരുന്നു. അവൻ പിന്നെയും പ്രാൎത്ഥിച്ച
പ്പൊൾ ആകാശം മഴ തന്നു ഭൂമി തന്റെ ഫലത്തെ ജനി
പ്പിക്കയും ചെയ്തു. യാക്കൊ. ൫, ൧൬. ൧൭. തന്റെ ഇഷ്ടപ്ര
കാരം നാം അപെക്ഷിക്കുന്നു എങ്കിൽ ദൈവം കെൾക്കുന്നതി

നാൽ നാം ഐശ്വൎയ്യസന്തൊഷങ്ങളോടു കൂട പലപ്പോഴും പലതിന്നും അവനോടു അപെക്ഷിക്കുന്നതിന്നു ഒരു വിരോധവും ഇല്ല, വിശ്വാസം കൂടാതെ മാത്രം അരുത.

൬൧

൧ കൊറി. ൧൫, ൫൮. നിങ്ങളുടെ പ്രയത്നം കൎത്താവിൽ വ്യൎത്ഥമല്ല എന്ന് അറിയുന്നു.

വെലക്കാരൻ തന്റെ കൂലിക്ക് യൊഗ്യൻ. ലൂക്ക്. ൧൦, ൭. ൨ തിമ. ൨, ൬. കൃഷിക്കാരന്റെ കൂലി മുഴുത്തന്ന. ദാസന്റെ കൂലിയൊ യജമാനനൊടു നിശ്ചയിച്ച പണം അത്രെ. ഇങ്ങിനെ ലൊകത്തിൽ ഒരൊ പ്രയത്നത്തിന്നു അതിന്നടുത്ത കൂലി ഉണ്ടു. എങ്കിലും ക്രിസ്ത്യാനരുടെ കാൎയ്യം വെറെ; അവർ മനുഷ്യരൊടു കൂലി ചൊദിക്കാതെ അനെക കാൎയ്യങ്ങളെ ചെയ്യുന്നു: ഭയത്തൊടും വിറയലൊടും കൂട സ്വന്ത രക്ഷയെ സമ്പാദിക്കയും വാക്കകൊണ്ടും ക്രിയകളെകൊണ്ടും മറ്റവൎക്ക അനുതാപ വിശ്വാസങ്ങളെ വരുത്തുവാൻ നൊക്കുകയും കരുണാ ക്ഷമകളെ കാണിക്കയും ദരിദ്രൎക്ക ധൎമ്മം കൊടുക്കയും ആത്മാവിന്നു നഷ്ടം വരുത്തുന്ന അനെക ലൌകിക സന്തൊഷങ്ങളെ വെടിഞ്ഞു വിടുകയും വീട്ടുകാൎയ്യം സ്ഥാന പ്രവൃത്തികളെ നടത്തുകയും മനുഷ്യർ കല്പിച്ച കൂലി കൊടുക്കുന്നതിൽ അധികം കൂട്ടുകാരെ സ്നെഹിച്ചു സെവിക്കയും കൂലിക്കായി വല്ലതും പ്രവൃത്തിച്ചാലും എകാഗ്രതയൊടെ കൎത്താവിന്നായി അതിനെ അനുഷ്ഠിക്കയും ചെയ്യുന്നു. ഇതിന്നു അവർ ലൊകത്തിൽ ആരൊടും കൂലിയെ ചൊദിക്കുന്നില്ല. എന്നാൽ കൂലിക്കാരൻ ദൈവത്തിന്റെ മുമ്പാകെയും കൂലിക്ക് യൊഗ്യനൊ, അതെ എങ്കിലും ദൈവം അവന്നു കടക്കാരൻ അല്ല, ഇന്നത് എനിക്ക് കൊടുക്കെണം എന്നു ദൈവത്തൊടു കല്പിപ്പാൻ ന്യായമില്ല. കാരണം മനുഷ്യന്റെ ക്രി

വന്നും വെലയെ ചെയ്വാനുള്ള ശക്തിയും വെലയുടെ സാദ്ധ്യ
വും എല്ലാം ദൈവത്തിന്റെ ദാനം. ആകാശത്തിൻ കീഴുള്ള
തൊക്കെയും അവന്റെ മുതലാകകൊണ്ടു എനിക്ക വല്ലതും
മുമ്പിൽ കൊടുത്തിട്ടു പകരം മെടിപ്പത് ആര്. രൊമ. ൧൧,
൩൫ എന്നു പറവാൻ അവനു ന്യായം ഉണ്ടു. പിന്നെ ദൈ
വം മനുഷ്യൎക്ക കൊടുക്കുന്ന നന്മകളൊക്ക കരുണയാൽ
അത്രെ തനികകൊണ്ടു അത് ക്രിയകളാൽ അല്ല, അല്ലായ്കി
ൽ കരുണ ഇനി കരുണ എന്നാകില്ല. രൊമ. ൧൧, ൬. വാ
ത്സല്യവും ഐശ്വൎയ്യവുമുള്ള ദൈവം കരുണയാൽ അത്രെ
വെലക്കാരനെ കൂലിക്കു യൊഗ്യൻ എന്നെണ്ണി തത്സമയം
അതിനെ കൊടുക്കയും ചെയ്യും. ആ സമയം എപ്പൊഴാ
കും എന്നു ചൊദിച്ചാൽ അത് നിത്യം തന്നെ ആകുന്നു എ
ന്നൊരു വിധമായി പറയാം. ദൈവനാമത്തിൽ ചെയ്യുന്ന
വെലെക്ക ദൈവാനുഗ്രഹവും ഉണ്ടല്ലൊ. എന്നാൽ പൂൎണ്ണ
പ്രതികാരം യെശു ക്രിസ്തന്റെ നാളിൽ മാത്രം വരും. അ
ന്ന് അവൻ ഒരൊരുത്തനു തന്റെ ക്രിയകൾക്കു പ്രകാരം
കൊടുത്തു തീൎപ്പാൻ കൂലിയൊടു കൂട വരും. വെളി. ൨൨, ൧൨.
ഈ ദൈവത്തെ സെവിപ്പാൻ ഒരുവനു മനസ്സുണ്ടെങ്കിൽ
അവൻ ചെയ്യുന്നതൊക്ക മനഃപൂൎവ്വമായും മനുഷ്യദാസന്മാ
രെക്കാൾ അധികമായും ചെയ്യെണം. അതിന്നു കൂലിയായി
നിത്യജീവനെ അവകാശമായി അനുഭവിക്കും നിശ്ചയം.

൩൩

൨ കൊരി. ൪, ൧൩. ഞാൻ വിശ്വസിച്ചു അതു
കൊണ്ടു ഉരെച്ചു എന്നു എഴുതിയതിന്നു ഒത്ത വിശ്വാ
സത്തിൻ ആത്മാവു തന്നെ ഞങ്ങൾക്കും ഉണ്ടാകയാൽ ഞ
ങ്ങളും വിശ്വസിക്കുന്നു അതുകൊണ്ടു ഉരെക്കയും ചെയ്യു
ന്നു.

പൌൽ അപൊസ്തലൻ ഈ വാക്കുകളെ ൧൧൬ാം സങ്കീ

ത്തനത്തിൽ നിന്ന എടുത്തു താനും, സഹകാരികളും കഷ്ട
സങ്കടങ്ങളിലും ധൈൎയ്യത്തൊടെ സുവിശെഷത്തെ ഘൊ
ഷിക്കുന്ന സംഗതിയാക്കി പറഞ്ഞത്. ദാവിദ് ആ സങ്കീൎത്തന
ത്തിൽ ഒരൊ സമയം തനിക്ക ഉണ്ടായ പരീക്ഷാ സങ്കട
ങ്ങളെ വിവരിച്ചു പറഞ്ഞത്: മരണ ബന്ധങ്ങൾ എന്നെ ചു
റ്റി, നരക വെദനകൾ എന്നെ പിടിച്ചു, ഞാൻ അനൎത്ഥവും
ദുഃഖവും കണ്ടു. എന്നിട്ടു അവൻ ദൈവസ്തുതിക്കായി പി
ന്നെ എഴുതിയതാവിത്: നീ എന്റെ ആത്മാവിനെ മരണ
ത്തിൽ നിന്നും കണ്ണിനെ അശ്രുക്കളിൽ നിന്നും കാലിനെ
വീഴ്ചയിൽ നിന്നും രക്ഷിച്ചു. പിന്നെ അവൻ ഒരു പരീക്ഷ
യെക്കൊണ്ടു തനിക്ക പലപ്പൊഴും ചഞ്ചലം ഉണ്ടായ പ്ര
കാരം അറിയിച്ചശെഷം എല്ലാ മനുഷ്യരും ഭൊഷ്കു പറ
യുന്നവർ എന്ന ഞാൻ എന്റെ ബദ്ധപ്പാട്ടിൽ പറഞ്ഞു എ
ന്ന സങ്കടപ്പെട്ടുരെച്ചത്രെ. ഈ സകല ദുഃഖങ്ങളെ അവൻ
അനുഭവിച്ചിട്ടും ആലസ്യപ്പെടാഞ്ഞത് എന്തിന്ന, അവ
ന്ന വിശ്വാസത്തിന്റെ ആത്മാവു ഉണ്ടായതിനാൽ അത്രെ.
ഞാൻ വിശ്വസിച്ചു അതുകൊണ്ടു ഉരെച്ചു. അവൻ ഉരെച്ചു
തന്ന പാറ വിശ്വാസം തന്നെ ആകിരുന്നത്. അതിനാൽ അ
വന്ന ലൊകത്തിൽ ദൈവത്തിന്ന സാക്ഷിയായി നില്പാൻ
പ്രാപ്തി ലഭിച്ചിരുന്നു. പൌൽ മുതലായ അപൊസ്തൊലരുടെ
അവസ്ഥയും അങ്ങിനെ തന്നെ ആയി; കഷ്ട സങ്കടങ്ങളി
ൽ അവൎക്ക ക്ഷാമം ഉണ്ടായില്ല. അതിന്റെ വിവരം പൌ
ൽ പറയുന്നത് ഇങ്ങിനെ: ഞങ്ങൾ എല്ലാ വിധത്തിലും സങ്ക
ടപ്പെട്ടു കുടുങ്ങിപൊകുന്നവർ അല്ലതാനും, ബുദ്ധിമുട്ടീട്ടും അ
ശ്രിലെ വന്നവരല്ല, ഹിംസിക്കപ്പെട്ടും കൈവിടപ്പെട്ടുന്ന
വരല്ല, തള്ളിയിടപ്പെട്ടിട്ടും നഷ്ടരായല്ലതാനും. യെ
ശുവിൻ ജീവനും ഞങ്ങളുടെ ശരീരത്തിൽ വിളങ്ങി വരെണ്ടു
ന്ന എപ്പൊഴും യെശുവിന്റെ മരിപ്പിനെ ശരീരത്തിൽ

വഹിച്ചും നടന്നും കൊണ്ടത്രെ സ്തെഫാൻ, യാക്കൊബ് മു
തലായ രക്തസാക്ഷികളുടെ മരണത്തെ അറിഞ്ഞിട്ടു
പൌൽ തന്നെയും ശെഷം അപ്പൊസ്തലരെയും കൊലെ
ക്ക് ആളുകൾ എന്നെണ്ണുകയും ചെയ്തു. എന്നാൽ സുവിശെ
ഷത്തെ അറിയിച്ചതിൽ തളൎന്നു പൊകാഞ്ഞത് എന്തി
ന്നു, സകല വിരൊധങ്ങളെ ജയിച്ചു കളയുന്ന ധൈൎയ്യം എ
വിടെനിന്നു കിട്ടി, ഈ ചൊദ്യങ്ങൾക്കു ഉത്തരം മെൽ എഴു
തിയ വചനത്തിൽ കാണും: വിശ്വാസത്തിൻ ആത്മാവ്
അവൎക്കു ഉണ്ടായിട്ടു സാക്ഷ്യം പറവാൻ ശക്തിയും ഉണ്ടായി.
അവർ വിശ്വസിച്ചു അതുകൊണ്ടു ഉരെക്കയും ചെയ്തു. ദൈ
വത്തെ വാക്കുകൊണ്ടും ക്രിയകൊണ്ടും സൎവ്വലൊകത്തി
ന്റെ മുമ്പാകെ വൎണ്ണിച്ചു സെവിക്കെണ്ടതിന്നു വിശ്വാസത്തി
ൻ ആത്മാവു ഞങ്ങൾക്കും ഉണ്ടാകിവരെണമെ.

൩൰

മത്താ. ൧൧, ൨൮. ൩൦. അദ്ധ്വാനിച്ചും ഭാരം
ചുമന്നും നടക്കുന്നൊരെ ഒക്കയും എന്റെ അടുക്കെ
വരുവിൻ, ഞാൻ നിങ്ങളെ തണുപ്പിക്കും. ഇത്യാദി.

ഒരു മനുഷ്യൻ ദൈവാത്മാവിന്റെ വ്യാപാരംകൊണ്ടു
പാപത്തിൽനിന്നു ഉണൎന്നു ആത്മരക്ഷയെ അന്വെഷി
പ്പാൻ തുടങ്ങുമ്പൊൾ വെണ്ടുന്ന വെളിച്ചം ഇല്ലായ്കകൊണ്ടു
സ്വന്തപ്രയത്നത്താൽ ആശ്വാസം കിട്ടുവാൻ നൊക്കും. ഇ
ങ്ങിനെ അദ്ധ്വാനിക്കുന്ന സമയം പരിശ്രമിച്ചാലും ഇതെ
ല്ലാം നിഷ്ഫലം എന്നത്രെ മത്തായിലെ ബൊധം വരുന്നു
കയാൽ ആശ്വാസവും സൌഖ്യവും ദൈവകരുണയാൽ അ
ത്രെ വരുന്നു എന്നും എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെ
യ്വാൻ കഴികയില്ല എന്നുള്ള യെശുവിന്റെ വാക്ക് സത്യം
തന്നെ എന്നും യെശുവിന്റെ അടുക്കൽ വരാതെയും അവനി
ൽ വിശ്വസിക്കാതെയും ഇരുന്നാൽ മാനസാന്തരം സാധിക്ക

യില്ല എന്നും ഗ്രഹിക്കുന്നത് അല്ലാതെ മാനുഷ കല്പനകളും
മത്താ. ൧൧, ൨൮. വരെ ഒരൊരൊ കഷ്ടങ്ങളും കൂടെ ചെൎത്തി
രിക്കകൊണ്ടു പാപം അവന്നു അസഹ്യ ഭാരമായി തൊന്നുന്നു
ന്നു. ഇങ്ങിനെയുള്ളവൎക്ക ആശ്വാസം ചെയ്വാൻ എത്രയാ
യം, എന്റെ അടുക്കെ വരുവിൻ എന്നു യെശു വിളിക്കുന്നു
എന്നാൽ അവൎക്ക എങ്ങിനെ വരാം, ശക്തി ഇല്ലല്ലൊ, യെ
ശുവിൻ വിളി തന്നെ അവരെ ആകൎഷിച്ചു പ്രാപ്തന്മാരാ
ക്കുന്നു. എന്നാൽ അവന്റെ അടുക്കൽ വന്നിട്ടു അവരൊ
ടു അവൻ എങ്ങിനെ ആചരിക്കും, ഞാൻ നിങ്ങൾക്കു ആശ്വാ
സം തരും എന്ന് അവന്റെ വാക്കു. കരുണയും പാപമൊ
ചനവും സ്നെഹവും കാണിച്ചു കൊടുത്തതുകൊണ്ടു ആശ്വാ
സം വരുത്തുവാൻ അവന്നു മാത്രം ശക്തി ഉണ്ടു സത്യം. പി
ന്നെ ജ്ഞാനവും വെണമല്ലൊ, അതിന്നു യെശു ഒരു വഴി
കല്പിച്ചത്: എന്റെ നുകം എടുത്തുകൊണ്ടു എങ്കൽനിന്നു
പഠിപ്പിൻ ഞാൻ നിങ്ങൾക്കു കൎത്താവായിരിക്കട്ടെ, ശിഷ്യ
ന്മാരായിരിക്കെണ്ടതിന്നു എന്റെ ആത്മാവിന്റെ വ്യാപാ
രവും സൌമ്യതയുള്ള എന്റെ വാഴ്ചയും സമ്മതിച്ചു അനു
സരിപ്പിൻ. ദൈവവചനത്തിൽ നിങ്ങളുടെ രക്ഷെക്കായി എ
ഴുതിക്കിടക്കുന്നതെല്ലാം ഗ്രഹിച്ചു വരെണ്ടതിന്നു ഞാൻ നി
ങ്ങൾക്കു ബുദ്ധി തരും എന്നെല്ലാം പറയും, എങ്കിലും ഇങ്ങി
നെയുള്ളവർ ശക്തിയും ധൈൎയ്യവും ഇല്ലാത്തവർ ആകു
ന്നുവല്ലൊ, ആകട്ടെ യെശു സൌമ്യതയുള്ളവൻ ദുഃഖിക്കു
ന്നവരെ ആശ്വസിപ്പിപ്പാനും ദീനന്മാരെ ചികിത്സിച്ചു ഉയ
ൎത്തിപ്പാനും അവന്നു ശീലം ഉണ്ടു. ചതഞ്ഞ ഞാങ്ങണയെ അ
വൻ മുറിക്കയില്ല, മങ്ങി കത്തുന്ന തിരിയെ കെടുക്കയുമില്ല
ല്ലൊ. ഈ പറഞ്ഞ സകലത്തിന്റെ ഫലം എന്തു, ഇങ്ങി
നെ യെശുവിന്റെ അടുക്കൽ വരുന്നവർ തങ്ങളുടെ ആത്മാക്ക
ൾക്കു വിശ്രാമം കണ്ടെത്തും എന്നിതത്രെ. യെശുവിന്റെ നുകം

പുതിയനടപ്പിൽ അവൎക്ക അസഹ്യമായി തോന്നില്ല. അസ്ലേഷ്യവാകുന്നവല്ലോ, യെത്രയിൽ മുമട്ട അവൎക്ക തടയായിവരുന്നില്ല അത് ഫലമില്ലാത്തതാകുന്നവയല്ലോ, ദൈവസമാധാനത്തോടും താഴ്മയുള്ള മനസ്സോടും കൂടെ അവർ തങ്ങളുടെ രക്ഷയെ സമ്പാദിച്ചു നടക്കുന്നു.

൧൯—

൧ പെത്രു. ൧,൫. വിശ്വാസത്താൽ നിങ്ങൾ ദൈവശക്തിയിൽ കാക്കപ്പെടുന്നു.

പുതിയ ജനനം ദൈവത്തിന്റെ ക്രിയ ആകുന്നു എന്നു അനേക ദൈവവചനങ്ങളെക്കൊണ്ട് അറിയാം. ആർ എങ്കിലും താൻ പുതിയ മനുഷ്യനായി തീൎന്നു എന്നു വിചാരിച്ചു തന്റെ ഹൃദയത്തിൽ പരിശുദ്ധാത്മശക്തിയുടെ ആവശ്യമൊന്നുമില്ല എങ്കിൽ ആയവൻ തന്നെത്താൻ ചതിക്കുന്നു. ആത്മദാരിദ്ര്യത്തെയും വഷളത്വത്തെയും ബോധിക്കാതെയും, ദൈവകരുണയും പാപമോചനവും അപേക്ഷിക്കാതെയും, മേലിൽ നിന്നു ശക്തിയും വെളിച്ചവും കിട്ടുവാൻ പ്രാൎത്ഥിക്കാതെയും ഹൃദയത്തിൻ പുതുക്കം വരുത്തുവാൻ നോക്കുന്നവനെല്ലാം ദൈവനീതിക്കു കീഴ്പ്പെടുവാൻ മനസ്സില്ലാതെ സ്വന്തനീതിയെ സ്ഥാപിപ്പാൻ ശ്രമിക്കുന്നു. ദൈവവചനവും ആത്മാവും കൊണ്ടു പുതിയമനുഷ്യനായി ജനിച്ചശേഷം എല്ലാം ആയി എന്നു വിചാരിക്കാതെ, വിശ്വാസത്തിൽ സ്ഥിരമാകി എപ്പോഴും ഇത്ര രക്ഷക്കായി കാക്കപ്പെടുവാനും ദൈവശക്തി തന്നെ വേണം. വിശ്വാസികളെ പിന്നെയും പാപനാശങ്ങളിൽ വീഴ്ത്തുവാൻ പിശാച് തന്നാലാവോളം പ്രയത്നം കഴിക്കുന്നവല്ലോ, ലോകവും പലവിധ പരീക്ഷകളെ കഴിച്ചു അവരെ പിന്നെയും സ്വാധീനമാക്കുവാൻ നോക്കുന്നു, സ്വന്തജഡവും മുമ്പെ പോലെ ആത്മാവിന്മേൽ വാഴേണ്ടതിന്നു പല മോഹങ്ങളെ സങ്കല്പിക്കുന്നു. ഈ സ

കലശത്രുക്കളെ ഏറിയിട്ടു തോല്പിക്കെണ്ടതിന്നു സ്വന്തശക്തി പെരുത്തെന്നോ, യുദ്ധത്തിന്നും ആത്മാവിന്നും തമ്മിലുള്ള പൊരാട്ടവും ആത്മാവിൽ തുടങ്ങീട്ടു യുദ്ധത്തിൽ അവസാനിപ്പിപ്പാൻ പലപ്പൊഴും സംഗതിവരുന്ന പ്രകാരവും അനുഭവത്താൽ അറിയാത്തവർ ചില കാലം നന്നായി നടന്ന ശെഷം ജാഗ്രതയും ഉണൎച്ചയും പൊരാഞ്ഞിട്ടു പാപത്തിൽ വീഴുകയൊ, വിശ്വാസശക്തി ഹീനന്മാരായി പൊകയൊ ചെയ്യുന്നവരെ കള്ളഭക്തർ എന്നു വിളിക്കുന്നതു. ദൈവവചനം ഈ വകയെ കൊണ്ടു പറയുന്ന ഒരുവൻ വിശ്വസിച്ചാൽ അത്രവെഗം സഹൊദരനെ വിധിക്കയില്ല. താൻ നില്ക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതിരിപ്പാൻ നൊക്കുക, ക്രിസ്തുവിന്നു നല്ല സാക്ഷിയായി നിന്നിട്ടു അവനൊടു മറുത്തു പറയാതിരിക്കെണ്ടതിന്നു സൂക്ഷിക്ക, സത്യമുന്തിരിവള്ളിയിൽ പച്ചക്കൊമ്പായി വളൎന്നിട്ടു ഉണങ്ങിയ പൊകാതിരിക്കെണ്ടതിന്നു ഉണൎന്നുകൊണ്ടിരിക്ക, ദെ ലൊകചാട്ടിയിൽ നിന്നു തെറ്റിപ്പൊയിട്ടു അതിൽ തിരിച്ചു വീഴാതിരിപ്പാൻ ജാഗരിച്ചിരിക്ക. അനെകരുടെ കാൎയ്യം ഇങ്ങിനെ ആകിതീൎന്നുവല്ലൊ, ദൈവവചനം അതിന്നു സാക്ഷി. ആകയാൽ കൊണ്ടു കരുണ ലഭിച്ചുവന്നു വിശ്വാസത്താൽ നിത്യരക്ഷക്കായി കാക്കപ്പെടുന്നത് എത്രയും ആശ്ചൎയ്യം.

൩൯

സങ്കീ. ൩൧, ൨൦. നിന്നെ ഭയപ്പെടുന്നവരെ നീ പുരുഷന്മാരുടെ കൂട്ടുകെട്ടിൽ നിന്നു നിന്റെ മുഖത്തിൻ മറവിൽ മറെക്കുന്നു.

ശൌൽ രാജാവിന്റെ അന്യായ നിമിത്തം ദാവീദ് വളരെ കാലം ഓടിപ്പൊകെണ്ടിവന്നപ്പൊൾ ഈ വകയിൽ നിന്നു പല പ്രയാസം നിവൃത്തി ഉണ്ടായി. അതുകൊണ്ടു അവൻ തന്നെ

വിചാരിച്ചു പറയുന്നിതു, അനൎത്ഥനാളിൽ യഹോവ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും. തന്റെ കൂടാരമറവിൽ അവൻ എന്നെ മറെക്കും. സങ്കി. ൨൭, ൫. അവന്റെ പാൎപ്പു ശൌൽ അറിയാതിരിക്കേണ്ടതിന്നു ദൈവം പലപ്പോഴും ഗുഹയിലൊ, വനത്തിലൊ, കാട്ടിലൊ അവന്നു ഒരു സങ്കേതസ്ഥലം കാണിച്ചു. രണ്ടുവട്ടം ശത്രുക്കൾ വന്നു ശൌലൊടു ദാവിദിന്റെ വാസസ്ഥലം അറിയിച്ചു എങ്കിലും ദൈവം അവനെ ശൌലിന്റെ ക്രോധത്തിൽ നിന്നു മറെച്ചു രക്ഷിക്കയും ചെയ്തു. ദാവീദ് രാജാവു, ദൈവം ഭക്തിയുള്ളവരെ മറെക്കുന്ന പ്രകാരം പറഞ്ഞതു ഇപ്പോഴും വിശ്വാസികളിൽ നിവൃത്തിയാകി പോരുന്നു. ചിലതു മാത്രം പറയാം: അവർ ലോകത്തിൽ സ്ഥാനമാനങ്ങൾ ഉണ്ടെങ്കിൽ ദുഷ്ടന്മാരുടെ അഹങ്കാരവും നീരസവും സഹിക്കേണ്ടിവരും എന്നു അറിഞ്ഞു ദൈവം അവരെ താണവരുടെ കൂട്ടത്തിൽ മറെക്കുന്നു. അതിന്നു മഹാലോകരുടെ ഐശ്വൎയ്യവും നിന്ദ്യം സഹായം. ദുഷ്ടന്മാർ തങ്ങളുടെ കോപത്തിൽ ഭക്തിയുള്ളവരെ ഉപദ്രവിപ്പാൻ മനസ്സുണ്ടായിട്ടു ദൈവകടാക്ഷത്താൽ അവരെ കാണാതെയും അവരുടെ തെറ്റുകളെ അറിയാതെയും ഇരിക്കകൊണ്ടു അവൎക്കു ഒന്നും ചെയ്വാൻ സംഗതി വരാത്തതു ദൈവം അവരെ മറെച്ചതു കൊണ്ടാകുന്നു. സങ്കടകാലത്തിൽ ഓടിപ്പോവാനും ഇടം കൊടുക്കുന്നതും തന്റെ സാക്ഷികളെ നടത്തുന്ന ദേശങ്ങളിൽ അവരെ തൊടാതെ ഇരിക്കുന്നതും ദൈവത്തിന്റെ മറവു തന്നെ. ഭക്തരെ പകെക്കേണ്ടതിന്നും ദുഷ്ടന്മാരുടെ ആലോചനയിൽ ചേരാതെയും പാപികളുടെ വഴിയിൽ നടക്കാതെയും പരിഹാസക്കാരുടെ ആസനങ്ങളിൽ ഇരിക്കാതെയും പാൎക്കേണ്ടതിന്നു ദൈവം തന്റെ ആളുകളെ നേർവഴിയിൽ നടത്തി തന്റെ സന്നിധിയിൽ സമാധാനവും സ.

ദോഷവും കൊടുക്കുന്നതിനാൽ അവരെ അനേക ദോഷങ്ങളിൽ നിന്നു മറെക്കുന്നു. ഒടുവിൽ അവൻ അവരെ ഈ ദുഷ്ട ലോകത്തിൽ നിന്ന് എടുത്തു നിത്യ കൂടാരങ്ങളിൽ പാൎപ്പിച്ചു പരിഹാസക്കാരുടെ കൈ എത്താത്ത രാജ്യത്തിൽ കൈക്കൊണ്ടു യേശു ക്രിസ്തന്റെ നാളോളും മറെച്ചു വെക്കുന്നു. എങ്കിലും അവരുടെ ജീവനാകുന്ന യേശു പ്രത്യക്ഷനാകുമ്പോൾ അവരും അവന്റെ മഹത്വത്തിൽ അവനോടു കൂടെ കാണായി വരും. ആയത് കൊണ്ടു മനുഷ്യരിൽ ആശ്രയിക്കാതെ യഹോവയെ ശരണമാക്കുന്നത് നല്ലത്. യാക്കോബിന്റെ ദൈവം തനിക്ക് സഹായമുള്ളവനായി തന്റെ ദൈവമായ യഹോവയിൽ ആശയുള്ളവൻ ഭാഗ്യവാൻ. അവൻ ആകാശ ഭൂമി സമുദ്രങ്ങളെയും അവറ്റിൽ ഉള്ള സകലത്തെയും ഉണ്ടാക്കി സത്യത്തെ എന്നേക്കും പാലിക്കുന്നു.

൩൨

൨ തിമൊ. ൧, ൧൨. ഞാൻ ഇന്നവനെ വിശ്വസിച്ചു എന്ന് അറിഞ്ഞിരിക്കുന്നു.

പൌരൽ യൌവന കാലത്തിൽ ഒരു ലോകജ്ഞാനിയും മാനമുള്ള പറിശനും ആകിരുന്നു ക്രിസ്തു ശിഷ്യന്മാരെ ഹിംസിച്ചു നിഗ്രഹിപ്പാൻ ഉത്സാഹിച്ചതിനാൽ യഹൂദശ്രേഷ്ഠന്മാരെ പ്രസാദിപ്പിച്ചു അവൎക്കു പേരെയും സമ്മതനായി സ്ഥാനമാനങ്ങളെ കിട്ടേണ്ടതിന്നു തനിക്ക് നല്ല വഴിയും ഉണ്ടാക്കി. എങ്കിലും ക്രിസ്ത്യാനിയായി തീരുകകൊണ്ടു ജഡത്തിന്നു ഇഷ്ടമായ ഈ പ്രയോജനങ്ങളെ ഒക്കയും തള്ളി ദാരിദ്ര്യവും കഷ്ട സങ്കടങ്ങളും പെരുകി അനുഭവിക്കേണ്ടി വന്നു. അപോസ്തലനായി അനേക യാത്രയും പ്രയത്നങ്ങളും കഴിച്ചു പ്രകാരം ഒത്താൽ ക്രിസ്തുനാമത്തിലും സുവിശേഷസേവയിലും അവനൊടുവിൽ നാണം തോന്നി

ല്ലയൊ എ.ന്ന ചൊദിപ്പാൻ സംഗതിയുണ്ടു. അതിന്നു അയ
ൻ തൻെറ പ്രിയശിഷ്യനായ തിമൊത്ഥ്യയൊടു ഉത്തരം പ
റഞ്ഞതു, അവനെപ്രബൊധിപ്പിക്കുന്നതിപ്രകാരം: നമ്മുടെ
കർത്താവിൻെറ സാക്ഷ്യത്തിലും അവൻെറ ബദ്ധനായ ഈ
എന്നിലും നാണിക്കാതെ നീയും സുവിശെഷത്തിന്നായി ദൈ
വശക്തിയാൽ ഒക്കും വണ്ണം കൂടെ കഷ്ടസങ്കടങ്ങളെ സഹി
ക്ക. ആ സുവിശെഷത്തിന്നു ഞാൻ ഘൊഷകനും അപൊ
സ്തലനും ജാതികളുടെ ഉപദെഷ്ടാവും ആക്കപ്പെട്ടതിനാൽ
ഈ കഷ്ടത അനുഭവിക്കുന്നു ലജ്ജിക്കുന്നില്ല താനും കാര
ണം ഞാൻ ഇന്നവനെ വിശ്വസിച്ചു എന്നു ഞാൻ അറിഞ്ഞി
രിക്കുന്നു. അവൻ എൻെറ ഉപനിധിയെ ആ ദിവസം വരെ സൂ
ക്ഷിപ്പാൻ ശക്തനാകുന്നു എന്നു തെറിയുമിരിക്കുന്നു. ൨ തിമൊ.
൧. ൮. ൧൨. തനിക്കു ചിലപ്പൊൾ പ്രത്യക്ഷനായി
തന്നൊടു സംസാരിച്ചു ദിവസെനതാൻ ചെയ്തുണ്ടതും വരയെ
ങ്ങളും വിശ്വാസമായവയെ കൊണ്ടു ഉപദെശിച്ചു വന്ന യെശുവി
ൽ പൌലുസ് വിശ്വസിച്ചു എന്നും ഈ യെശു തന്നെ വിശ്വാ
സ്യനും സത്യവുമുള്ള സാക്ഷി വെളി. ൩, ൧൪. എന്നും ആ
കാശഭൂമികളും ഒഴിഞ്ഞു പൊയാലും അവൻെറ വചനങ്ങ
ൾ ഒഴിഞ്ഞു പൊകയില്ല എന്നും അവൻ ഒരു നിത്യരക്ഷയെ
തുടർച്ചു പിതാവിൻെറ അടുക്കൽ പൊവാൻ വഴിയും
ദൈവത്തിൻെറ അടുക്കൽ വരുന്നവരെ നിത്യത്തൊളം രക്ഷി
പ്പാൻ പ്രാപ്തനമാകുന്നു എന്നും തൻെറക്കും കഷ്ടങ്ങൾക്കും പ്ര
യാസത്തിന്നും പകരം തനിക്ക മാനവും സന്തൊഷവും നിത്യ
സ്വസ്ഥതയും പരിപൂർണ്ണമായി നല്കുന്നതിനാൽ അവ
ൻെറ ശുശ്രൂഷയിൽ തനിക്ക നഷ്ടം അല്ല, പറഞ്ഞു കൂടാത്ത
ലാഭം അത്രെ വരും എന്നും നിശ്ചയമാകി അറികയും ചെ
യ്തു. എൻെറ കാര്യവും എങ്ങിനെ ആകുന്നു ഞാനും യെശുവി
ൽ വിശ്വസിച്ചിരിക്കുന്നുവൊ, ഞാൻ അവൻെറ ശിഷ്യ

നായി തീൎന്നവൊ, അവന്റെ അറിവു മരണം അടുക്കുന്ന സമയത്തിലും എന്നെ ആശ്വസിപ്പിക്കുന്നവൊ, പൌൽ ഉപദെശിച്ചതും എഴുതിയതും എല്ലാം വിശ്വസിച്ചു ഞാനും അതിനെ ചെയ്യുന്നവൊ; കൎത്താവായ യെശുവെ വിശ്വാസത്തിന്റെ ആത്മാവിനെ എനിക്ക് തരെണമെ. മറ്റെയവരൊടു കൂട നീതിയുടെ കിരീടം ആ ദിവസത്തിൽ എനിക്കും കിട്ടെണ്ടുന്നതിന്ന നല്ലപൊരാട്ടം കഴിച്ചു എന്റെ ഒട്ടം അവസാനിപ്പിച്ചു വിശ്വാസത്തെ കാത്തു കൊള്ളെണ്ടതിന്ന സഹായിക്കെണമെ.

൩൨

സങ്കീ. ൧൦൩. ൨. എന്റെ ആത്മാവെ യഹൊവയെ വാഴ്ത്തുക, അവന്റെ സകല ഉപകാരങ്ങളെ മറക്കയുമരുതെ.

ദൈവപുത്രന്മാർ നിത്യജീവനൊടു സംബന്ധിച്ചുള്ള ഉപകാരങ്ങളെ പ്രത്യെകം മാനിക്കുന്നു എങ്കിലും ദൈവം അവൎക്ക് ദിവസെന നല്കിവരുന്ന ലൌകിക നന്മകളെ നിരസിക്കാതെ കൃതജ്ഞന്മാരായി അനുഭവിക്കുന്നു. ദൈവം എന്നെ നിത്യജീവന്ന യൊഗ്യനാക്കി പുത്രനായ യെശുവിനെ എന്റെ രക്ഷക്കായി അയച്ചു ആയവന്റെ ആത്മാവിനെ എനിക്കും തന്നു അവന്റെ വചനത്തെയും കൃപാവരങ്ങളെയും എന്റെ അനുഭവത്തിന്ന നല്കി തിരുമദ്ധ്യസ്ഥന്റെ നാമത്തിൽ താഴ്മയൊടും അനുതാപത്തൊടും കൂടെ ഞാൻ അവനടുക്കൽ വരുംതൊറും പാപങ്ങളെ ക്ഷമിച്ചു എന്റെ ഹൃദയം തന്റെ സ്നെഹം കൊണ്ടു നിറച്ചു സന്തൊഷിപ്പിക്കയും ഇഹലൊകത്തിൽ തന്നെ നിത്യജീവന്റെ അച്ചാരം എനിക്ക് ഇറക്കിത്തരികയും വരുംകാലത്തിൽ കെടു മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശം എനിക്ക് ഒരുക്കി വെക്കുകയും ചെയ്യുന്നതു ദൈവത്തിന്റെ ഉപകാരങ്ങളിൽ

മുഖ്യമായവ തന്നെ ആകുന്നു. എങ്കിലും അവൻ ഇന്ന് എനിക്ക് സൌഖ്യമുള്ള ശരീരവും ഊനമില്ലാത്ത അവയവങ്ങളും സ്വസ്ഥബുദ്ധിയും അന്നവസ്ത്രാദികളും എന്റെ കൂട്ടുകാരെക്കു സമാധാനവും നല്കിയത് ഓൎത്താൽ ദൈവസ്തുതിക്കായി എന്റെ ആത്മാവിനെ ഉത്സാഹിപ്പിക്കുന്നതു യോഗ്യമല്ലയൊ, എന്റെ ആത്മാവെ യഹോവയെ വാഴ്ത്തുക, അവന്റെ സകല ഉപകാരങ്ങളെ മറക്കുമരുതെ. മനുഷ്യർ മിക്കവാറും സങ്കടപ്പെടുക അത്രെ ചെയ്യുന്നതു, അനുഭവിച്ച കഷ്ടങ്ങളെ വിവരമായി അറിയിപ്പാൻ അവൎക്ക പ്രാപ്തി ഉണ്ടു എങ്കിലും ദൈവം അവൎക്ക ദിവസെന കാണിക്കുന്ന ഉപകാരങ്ങൾ ക്ഷണത്തിൽ മറന്നുകളയുന്നു. അനൎത്ഥകാലത്തിൽ അവർ നിലവിളിക്കുന്നു എങ്കിലും സങ്കടം തീൎന്നിട്ടു ദൈവത്തെ സ്തുതിപ്പാൻ അവൎക്ക വളരെ മടി ഉണ്ടു കഷ്ടം. വിശ്വാസത്തിന്റെ ഉറപ്പിന്നായിട്ടും വിശുദ്ധനും നിൎമ്മലനും സൎവ്വശക്തനും നിത്യനും ജീവനും സത്യവുമുള്ള ദൈവം സ്തുതിക്കു യോഗ്യനാകകൊണ്ടും ഞങ്ങൾ അവനെ ഒരു മുടക്കം വരാതെ വാഴ്ത്തെണ്ടതാകുന്നു അതെ ശ്വാസമുള്ളതൊക്കയും യഹോവയെ വാഴ്ത്തുക, വിശുദ്ധാത്മാവു ഇതും അതിന്നായി ഞങ്ങളെ ഉത്സാഹിപ്പിക്കകൊണ്ടു എന്റെ ആത്മാവെ യഹോവയെ വാഴ്ത്തുക, എൻ ഉള്ളമെ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക, എന്റെ ആത്മാവെ യഹോവയെ വാഴ്ത്തുക, അവന്റെ സകല ഉപകാരങ്ങളെ മറക്കുമരുതെ, ഹല്ലെലൂയാ.

൩൫

അപ. പ്രവൃ. ൭. ൬൦. അവൻ നിദ്രപ്രാപിച്ചു.

ഇങ്ങിനെ ലൂക്ക ഒന്നാം രക്തസാക്ഷിയായ സ്തെഫാനന്റെ മരണം കൊണ്ടു പറഞ്ഞു. അവൻ കല്ലേർ ഏറ്റുമരിച്ചു എങ്കിലും അവന്റെ മരണത്തെ ഉറക്കം എന്നു ചൊ

ല്ലുന്നു. ഈ വാക്കിനെ വെദത്തിൽ പലെടത്തും എഴുതികാണുന്നു, അതിന്റെ അൎത്ഥം മരണം എന്നത്രെ. സമരണത്തെ തന്നെ അല്ല, ദുൎമ്മരണം കൊണ്ടും അങ്ങിനെ പറഞ്ഞിരിക്കുന്നു. ഉറക്കം എന്നതു ദെഹത്തിന്നു മാത്രം പറയുന്നു ദെഹി ഉറങ്ങുന്നില്ലല്ലൊ. ഒരു ശവം നാറി പൊകും മുമ്പെ ഉറങ്ങുന്നവനൊടു ഒക്കു സമം: ദെഹി ഉറങ്ങി പൊകുന്നു എങ്കിൽ മരിച്ച ലാജരന്റെ ആശ്വാസത്തിന്നും ധനവാന്റെ പീഡെക്കും മാത്രം അല്ല ആകിരുന്നു, മഹാശബ്ദത്തൊടെ വിളിച്ചു വെള്ളങ്കികളെ ലഭിച്ച രക്തസാക്ഷികളുടെ ദെഹികളും ഉറങ്ങിയില്ലല്ലൊ. വെളി. ൬, ൯. ൧൧. യെശുവൊടു കൂട ക്രൂശിൽ തറെക്കപ്പെട്ട കള്ളനൊടു യെശു ഇന്നു നീ എന്റെ ഒന്നിച്ചു പരദീസയിൽ ഇരിക്കും എന്നു പറഞ്ഞു; ദെഹി ഉറങ്ങും എങ്കിൽ അതിനാൽ അവന്നു ഒരു ഉപകാരവും വരികയില്ലയായിരുന്നു. ഇങ്ങിനെ വെദത്തിൽ മരണത്തിന്നു ഉറക്കം എന്ന പെരിനെ കാണുന്നതൊടും ദെഹിക്കല്ല, ദെഹത്തിന്നത്രെ ചെൎത്തു പറഞ്ഞത്രെ. ദെഹി വിട്ടു പൊയ ഉടനെ ദെഹം എത്രെയും ഉറങ്ങുന്നവന്നു സമം. ഒരു ഇളക്കവും അറിവും കൂടാതെ പുനരുത്ഥാനനാളൊളം കുഴിയിൽ കിടക്കെയുള്ളു. ഇപ്രകാരം സ്തെഫാനൊസു ഉറങ്ങി പൊയി. അതിന്റെ ശെഷം ചില ശിഷ്യന്മാർ വന്നു അവന്റെ ഉടൽ എടുത്തു കുഴിച്ചിട്ടു. ഇങ്ങിനെ അവന്റെ ശരീരം യരുശലെം പട്ടണത്തിന്നു സമീപം കിടന്നുറങ്ങി. ആ പട്ടണത്തിന്നു നാശം വന്നപ്പൊൾ അതിൽ ഒന്നും അറിയാതെയും അനുഭവിക്കാതെയും ഇരുന്നു. അവൻ ഉറങ്ങി എങ്കിലും അവന്റെ ആത്മാവ് ദൈവസന്നിധിയിൽ ഇന്നു ആശ്വസിച്ചും സ്വൎഗ്ഗീയ സൌഖ്യങ്ങളെ അനുഭവിച്ചു വരുന്നു. ഇങ്ങിനെ നീതിമാന്മാരുടെ മരണം അവർ കുഴിയിൽ കിടന്നു ഉറങ്ങുന്നു. ലൊകത്തിലെ കഷ്ടസങ്കടങ്ങൾ ഒന്നും അറിയാതെ ഉയിൎപ്പിന്നായി പാൎക്കുന്നു. അവരുടെ വെല എല്ലാം ഈ

ഭൂമിയിൽ നിന്നു എങ്കിലും അവരുടെ ആത്മാക്കൾക്കു ദൈ
വത്തിൻ കുഞ്ഞാട്ട മെയിച്ചു ശ്ലീവ വെള്ളങ്ങളുടെ അതിരിക്കുന
ടത്തുന്നു. അവരുടെ ശേഷം മറെറാരു തലമുറ അല്പകാലം
ലോകത്തിലിരുന്നശേഷം ചെയ്തുഭവിച്ചനന്തരം ഉറങ്ങിപ്പൊയി
കാഴ്ചാദികളെ വെറെ ആളുകൾക്കു ഏല്പിക്കുന്നു. ഇങ്ങിനെ തന്നെ
ആദാം പാപം ചെയ്ത സമയം മുതൽ അവസാനത്തോളം പ്ര
പഞ്ച നടപ്പു. മനുഷ്യൻ എത്രയും അല്പൻ. അവന്റെ വെ
ലയും എത്ര ചുരുങ്ങിയത് എന്നു അതിനാൽ അറിയാമല്ലൊ

൫൦

ഏശൈ. ൨, ൧൩. ൧൨. യേശുക്രിസ്തുവെ ശത്രു
ത്വത്തെ കൊന്നൊരെ വന്നു സമാധാനത്തെ സ്ഥാപിച്ചു.

ദൈവപുത്രന്റെ മരണത്താൽ ഉണ്ടായ സമാധാനം വി
ലയെറിയതും അതിശയമുള്ളതും തന്നെ. അതിന്റെ ഫലങ്ങ
ൾ കൊടികൊടി മനുഷ്യർ നിത്യത്തോളം അനുഭവമാക്കിയ
രുന്നു. ദൈവത്തിന്റെ ഉഗ്രമായ കോപം ദ്രോഹികളായമ
നുഷ്യരിൽ തന്നെ അതിനാൽ നീങ്ങി അവരുടെ ശത്രുത്വ
വും തീർന്നു. ഇങ്ങിനെ നമ്മുടെ മദ്ധ്യസ്ഥൻ തന്റെ ബലിയെ
കൊണ്ടു ക്രൂശിൽ വെച്ചു ദൈവത്തിന്നും മനുഷ്യർക്കും നിര
പ്പു വരുത്തി മരിച്ചവരിൽ നിന്നു ഉയിർത്തെഴുനീറ്റു സ്വർഗ്ഗാ
രോഹണം ചെയ്തത് അപ്പൊസ്തലരെ കൊണ്ടു എങ്ങും സമ
ത്തമാനമായി പ്രസിദ്ധമാക്കി വരുന്നു. യേശുവിൽ വിശ്വ
സിക്കുന്നവർക്കെല്ലാവർക്കും അവന്റെ നാമം മൂലം പാപമൊ
ചനം ലഭിക്കും എന്നല്ലൊ സർവ്വസൃഷ്ടികൾക്കും അറിയിപ്പാൻ
കല്പിച്ച സുവിശേഷ പൊരുൾ.

തന്റെ അരിഷ്ടതയെ ബൊധിച്ച മനുഷ്യന്റെ ഹൃ
ദയത്തെ ആശ്വാസിപ്പിക്കുന്ന സമാധാനം ധർമ്മത്തിലല്ല, ക
ക്രിസ്തുവിന്റെ മരണത്താലുണ്ടായ പ്രായശ്ചിത്തം ഘോഷി
ക്കുന്ന സുവിശേഷത്തിൽ അത്രെ എത്തിക്കിടക്കുന്നു. അ

തങ്കലേക്കാൎത്തവന്റെ പാപം നിമിത്തം സങ്കടപ്പെട്ടു ദൈവത്തോടു തൃക്കിരം ചൊല്ലുമ്പോൾ ഉത്തരം ഒന്നും പറവാൻ കഴികയില്ല എന്ന് അറിഞ്ഞു താൻ ദേവകരുണെക്ക് അല്ല, കോപത്തിന്നും ശിക്ഷെക്കും പാത്രം എന്നു സമ്മതിച്ചു എത്ര പ്രയത്നം ചെയ്താലും ദൈവപ്രസാദത്തെ തന്നെ നിമാനാക്കുവാൻ കഴികയില്ല. എന്നു ബോധിച്ചു തന്നെ താഴ്ത്തി സത്യാനുതാപം ചെയ്യുന്നവൻ പാപകടങ്ങൾ നീങ്ങും വന്നു എന്നും യേശുവിന്റെ വിശുദ്ധ ബലിയാലെ ദേവകോപം നീങ്ങി നിത്യ കരുണയുടെ അനുഭവത്തിന്നു സ്ഥിരമായൊരു അടിസ്ഥാനം ഉണ്ടായി എന്നും നിശ്ചയമായി ധരിച്ചുകൊള്ളാം. ഇത് നാം താഴ്മയോടെ അറിഞ്ഞു നമ്മുടെ മദ്ധ്യസ്ഥനെ വേണ്ടും വണ്ണം സ്തുതിക്കയും അവൻ അതിപ്രയാസത്തോടെ നമുക്ക് സമ്പാദിച്ച കരുണയെ കൃതജ്ഞതാപൂർവ്വം കൈക്കൊള്ളുകയും വേണ്ടതാകുന്നു. അങ്ങിനെ ചെയ്താൽ നമ്മുടെ ആത്മാക്കൾ സൌഖ്യവും ദൈവത്തോടു സമാധാനവും വർദ്ധിച്ചു വരും അളവിൽ പാപദോഷവും പിശാചിനോടുള്ള പോരാട്ടവും അതിക്രമിച്ചു യേശുവിന്റെ ശക്തിയാലെ തികഞ്ഞ ജയവും സാധിക്കും നിശ്ചയം. ഇത് നമുക്ക് എല്ലാവർക്കും കരുണയാൽ ഉണ്ടാകേണമേ.

൧൭

൨ തിമൊ. ൧, ൭. ദൈവം നമുക്ക് വാഗ്ദാനമുള്ള ആത്മാവിനെ തന്നത്.

പൌൽ തിമൊത്ഥ്യനെ സുവിശേഷശുശ്രൂഷയിലെ വിശ്വാസ്യതയെ കൊണ്ടു ദൈവവരത്തെ ജ്വലിപ്പിക്കേണമെന്ന ഉപദേശിച്ചു എങ്കിലും ഈ ശുശ്രൂഷയിലെ കഷ്ടസാഹസങ്ങളെയും അനുഭവിക്കേണ്ടി വന്നതിനാൽ ദൈവം നമുക്ക് ഭീരുതയുള്ള ആത്മാവിനെ അല്ല; ശക്തി, സ്നേഹ,

സുബൊധങ്ങളുള്ള ആത്മാവെ അവത്രെ തന്നത്താനെ പ്രബൊ-
ധിപ്പിക്കയും ചെയ്തു. സ്നെഹമുള്ള ആത്മാവ് സ്നെഹിതന്നായി
വെണ്ടുന്നത് ചെയ്വാനും അനുഭവിപ്പാനും സഹായിക്കുന്നു. ഭീരു-
തയുള്ള ആത്മാവ്, സ്നെഹക്രിയകളിൽ രസക്കെടു മാത്രം ജ-
നിപ്പിക്കുന്നു. ദൈവപുത്രന്മാരുടെ സ്നെഹിതൻ യെശു തന്നെ.
പൌൽ അവനെ സകല ലെഖനങ്ങളിൽ പ്രസ്താവിച്ചു അ-
വൻ്റെ ഗുണവിശെഷങ്ങളെ ഒരു ചിത്രം പൊലെ വിശ്വാ-
സിക്കു വരച്ചെഴുതുകയും ചെയ്തു. അവൻ്റെ വചനം കൈ-
ക്കൊണ്ടു വിശ്വസിക്കുന്നവരിൽ ഈ യെശുവിൽ ഒരു സ്നെഹം
ജനിച്ചു വരുന്നു. അവൻ ആദ്യം നമ്മെ സ്നെഹിച്ചതുകൊ-
ണ്ടു, നാമും അതിന്നു പ്രതിയായി അവനെയും സ്നെഹിക്കെ-
ണ്ടതാകുന്നുവല്ലൊ. നാം അവൻ്റെ കല്പനകളെ പ്രമാണി-
ക്കുന്നതു അവങ്കലെക്കുള്ള സ്നെഹം ആകുന്നു. സ്നെഹിക്കുന്നവ-
ൎക്ക അവൻ്റെ കല്പനകൾ ഭാരമായി തൊന്നുന്നില്ല, എങ്കി-
ലും അവയെ പ്രമാണിക്കുന്നവൎക്ക കഷ്ടിച്ചു പൊരുവാനും
സംഗതി വരുന്നു. യെശു സ്നെഹം മൂലം നമുക്കായി ഏറിയ ക-
ഷ്ടങ്ങളെ അനുഭവിച്ചതിനാൽ അവൻ്റെ നാമത്തിന്നായി
നാമും അല്പം ഒന്നു സഹിക്കെണ്ടിവന്നാൽ നീരസം വെണ്ടാ, സ-
സ്നെഹമുള്ള ആത്മാവു കൂടാതെ ദൈവശുശ്രൂഷ ഒരു ഭാരം അ-
തിനൊടു സംബന്ധിച്ച കഷ്ടം അസഹ്യം തന്നെ. സ്നെഹമുള്ള
ആത്മാവിനാൽ രണ്ടും സന്തൊഷകരമായി വരുന്നു. ഈ ആ-
ത്മാവു കൂടാതെ പുതിയ ജീവൻ ക്ഷയിച്ചു പൊകുന്നു. സ്നെ-
ഹം ഉണ്ടെങ്കിൽ അത് വൎദ്ധിച്ചു വൎദ്ധിച്ചു വരുന്നതുള്ളു. സ്നെ-
ഹാത്മാവുള്ളവന് സ്നെഹിതന്നു വെണ്ടി ജീവനെയും ഉ-
പെക്ഷിപ്പാൻ മനസ്സുണ്ടു. എന്നാൽ അതിൽ ചെറിയ
ഒന്നും അവൻ്റെ നാമം നിമിത്തം ഉപെക്ഷിപ്പാൻ മന-
സ്സു വരാതിരിക്കുമൊ. ദൈവശുശ്രൂഷയിൽ കൂട്ടുകാരനൊ-
ടും ദ്യാപരിപ്പാനും അവൻ്റെ ബലഹീനത, മുഷ്കത, ക്രൂര-

ഷ്ടത മുതലായവരെ സഹിപ്പാനും സംഗതി വരുന്നു. എങ്കിലും സ്നെഹമുള്ള ആത്മാവു തളരാതെ ഗുണം ചെയ്വാൻ പ്രാപ്തിവരുത്തുന്നു; ൧ കൊറി. ൧൩, ൪. ൭.

എന്നാൽ സത്യാനുതാപം ചെയ്തു പുതിയ മനുഷ്യനായി തീരുവാൻ മനസ്സുള്ളവൻ സ്നെഹമുള്ള ആത്മാവെ ലഭിപ്പാൻ അദ്ധ്വാനിച്ച് അപെക്ഷിക്കെണം. ആ ആത്മാവിനെ പൂർണ്ണമായി ലഭിച്ചവൻ ശുദ്ധനായി തീർന്നിരിക്കുന്നു. ലൊകർ സ്നെഹമുള്ള ആത്മാവില്ലാത്തവരാകയാൽ മുള്ളുകൾക്കു തുല്യന്മാർ, അവരുടെ സ്നെഹം മാറെറാലിവെക്കുവാൻ രസം വിടുവൊളം താഴ്വരയിൽ നിന്നു വിളിക്കുന്നവനു നാമം.

൫൨

വെളി. ൧, ൧൮. ആദ്യനും അന്ത്യനും ജീവനുള്ളവനുമാകുന്നു, ഞാൻ മരിച്ചവനായി ഇതായുഗാദി യുഗങ്ങളൊളം ജീവിച്ചിരിക്കുന്നവനും ആകുന്നു.

തെജസ്സൊടെ തന്റെ മുമ്പാകെ നില്ക്കുന്നവൻ ആർ എന്നു യൊഹനാനു സംശയം ഉണ്ടായി. എങ്കിൽ ഞാൻ മരിച്ചവനായി എന്നുള്ള വാക്കുകൊണ്ടു നല്ല നിശ്ചയം വരുമായിരുന്നു. ഒരു ദൈവദൂതൻ തന്നെകൊണ്ടു അത് പറവാൻ കഴിവില്ലല്ലൊ, യെശുവിനു യൊഹനാനൊടു രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിൽ തൂങ്ങി മരിച്ചവനായി നീ കണ്ടത് ഞാൻ തന്നെ എന്നു അറിയിപ്പാൻ ലജ്ജ തൊന്നിയില്ല. സ്വർഗ്ഗീയ ദൂതരും ഇരുപത്തിനാല് മൂപ്പന്മാരും യെശുവൊടു നീ അല്ലൊ അറുക്കപ്പെട്ടു എന്നു പറഞ്ഞു അവനെ സ്തുതിക്കയും ചെയ്തു; വെളി. ൫, ൯. ൧൨. യെശു യൊഹനാനൊടു, ഞാൻ മരിച്ചവനായി എന്നു പറഞ്ഞപ്പൊൾ തന്റെ സ്നെഹത്തെ ഓർമ്മവരുത്തിയത്. സ്നെഹിതന്മാർക്കു വെണ്ടി ജീവനെ ഉപെക്ഷിക്കുന്നതിൽ അധികം സ്നെഹിപ്പാൻ പാടില്ലല്ലൊ. യൊഹനാൻ മരിച്ചവനെ പൊലെ യെശുവിൻ മുമ്പിൽ വീണപ്പൊൾ തനിക്കായിട്ടും

എല്ലാ പാപികൾക്കു വെണ്ടിയും യെശു സഹിച്ച മരണം ഒക്കയെ എഴുനില്പാൻ ശക്തി ഉണ്ടായി. യെശു മരിച്ചത് എല്ലാവരും അറിയുന്നു എങ്കിലും താൻ ജീവിച്ചിരിക്കുന്നു എന്നു വിശ്വസിക്കാതെ ഇരുന്നാൽ ഈ അറിവുകൊണ്ടു ഉപകാരം എന്തു. അതുകൊണ്ടു യെശു യൊഹന്നാനൊടു ഇതാ ഞാൻ ജീവിച്ചിരിക്കുന്നവനും ആകുന്നു എന്നു പറഞ്ഞു സുവിശെഷസത്യം എല്ലാം അവന്റെ മനസ്സിൽ ഉറപ്പിച്ചു; അവനും വിശ്വാസത്താൽ വരുവാനുള്ള നിത്യജീവന്റെ നിശ്ചയം വരുത്തിയിരുന്നത്. നമുക്കും യെശുവിന്റെ ഈ വാക്കുകൾ വളരെ ആനന്ദമുള്ളതായിരിക്കെണം. അവൻ തന്റെ ജനത്തിന്റെ പാപങ്ങൾക്കു വെണ്ടി ജീവിതനായപ്പൊൾ ജീവികളുടെ ദെശത്തിൽ നിന്നു പിരിഞ്ഞുപൊയി. ഇനി അവനെ ഭൂമിയിൽ കാണുന്നില്ല എങ്കിലും നിത്യതെജസ്സിൽ ദൈവത്തിന്റെ ഉന്നത സിംഹാസനത്തിന്മെൽ രാജാവും ആചാൎയ്യനുമായി വാഴുന്നു. അവനാൽ ദൈവത്തിന്റെ അടുക്കൽ വരുന്നവരെ രക്ഷിപ്പാൻ കഴിയുന്നവനായി നിത്യം ജീവിച്ചു അവൎക്കായി പ്രാൎത്ഥിക്കുന്നു. അവൻ നിത്യതൊളം ജീവിക്കകൊണ്ടു രാജാചാൎയ്യസ്ഥാനങ്ങളിലും അനന്തരവനെ കൂടാതെ മെല്ക്കിസെദെക്കിന്റെ ക്രമപ്രകാരം ഭരിക്കുന്നു. തന്റെ നിത്യജീവശക്തിയിൽ നിന്നു അവൻ അടുത്തു വരുന്നവൎക്കെല്ലാവൎക്കും കൊടുപ്പാൻ അവന്നു മനസ്സുണ്ടു. ഇങ്ങിനെ തന്റെ കാല്ക്കൽ വീണ യൊഹന്നാനെയും വെഗം ജീവിപ്പിച്ചുവല്ലൊ. രാത്രിഭൊജനത്തിൽ അവന്റെ ശരീരരക്തങ്ങളെ അനുഭവിക്കുമ്പൊഴും യെശു ജീവിക്കുന്നു എന്നു അറിവാൻ സംഗതി ഉണ്ടല്ലൊ. അവൻ ജീവിച്ചിരിക്കകൊണ്ടു വിശ്വസിക്കുന്നവർ എല്ലാവരും നിൎമ്മലരായി ആത്മദെഹങ്ങളൊടു കൂട ജീവിച്ചു നിത്യം അവനൊടു ഇരിക്കും. അതിന്നായി ദൈവം നമുക്കും സഹായം ചെയ്തു തൻ കൃപയിൽ നിലനിൎത്തുമാറാക.

൨ തെസ്സ. ൨, ൧൬. ൧൭. നമ്മുടെ കൎത്താവായ യെശുക്രിസ്തൻ താനും നമ്മെ സ്നെഹിച്ചു നിത്യ ആശ്വാസവും നല്ല പ്രത്യാശയും കരുണയാലെ തന്ന നമ്മുടെ ദൈവവും പിതാവുമായവനും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്ക.

ദുഃഖത്തിൽ കിടക്കുന്ന ലൊകത്തെ ചെൎത്ത സ്നെഹിക്കുന്നവനു കഷ്ടം, യെശുക്രിസ്തനിൽ നിന്നും പിതാവായ ദൈവത്തിൽ നിന്നും നിത്യസ്നെഹത്തെ പ്രാപിച്ചനുഭവിക്കുന്നവനൊ ധന്യൻ തന്നെ. പൊൻകട്ടയൊടു നീ എന്റെ ശരണം എന്നു പറഞ്ഞു ക്ഷണികമായ ഐഹികജീവനിൽ ആശ്രയിക്കുന്നവനു കഷ്ടം, മരണത്തിന്നും ലൊകാവസാനത്തിന്നും നശിപ്പിപ്പാൻ കഴിയാത്ത നിത്യ ആശ്വാസം ദൈവത്തിൻ കൈക്കൽ നിന്നു ലഭിച്ചവനൊ ധന്യൻ. പ്രത്യാശ ഇല്ലാത്തവനും ചിലന്നിവലെക്ക് സമമായ പ്രതീക്ഷയെ തനിക്കുണ്ടാക്കുന്നവനും കഷ്ടം, ദൈവം നിത്യധനമായ പ്രത്യാശയെ കരുണയാലെ മാത്രം ആൎക്കു തന്നുവൊ ആയവർ ധന്യർ. അവർ ദൈവത്തിന്റെ അവകാശികളും ക്രിസ്തന്റെ കൂട്ടവകാശികളുമായി നിത്യത്തൊളം കൎത്താവൊടു ജീവിച്ചിരിപ്പാൻ ന്യായം.

നമ്മുടെ കൎത്താവായ യെശുക്രിസ്തനും പിതാവായ ദൈവത്തിന്നും ഇതെല്ലാം കൊടുപ്പാൻ കഴിയും. അരിഷ്ടനായ പാപിയുടെ ഹൃദയത്തെ തണുപ്പിച്ചു തൃപ്തിയാക്കുവാൻ അവന്റെ സ്നെഹം തന്നെ മതിയായിട്ടുള്ളു. അവൻ നമുക്ക തൻ വചനത്തെ തന്നു. ആയതിനെ വിശ്വസിക്കുന്നവൎക്ക നിത്യാശ്വാസവും നല്ല പ്രത്യാശയും സാധിക്കും നിശ്ചയം. പരിശുദ്ധാത്മാവിനാൽ ഈ ആശ്വാസവും പ്രത്യാശയും ഹൃദയത്തിൽ നടുന്നത് അവൻ താൻ. സുവിശെഷവചനം കൊണ്ടു വിശ്വാസത്തെ പരിഗ്രഹിച്ച അനുതാപമുള്ള പാപിക്ക കരുണയെ നല്കി നിത്യാശ്വാസത്തിന്നും നല്ല പ്രത്യാശെക്കും യൊഗ്യത വരുത്തു

ന്നത് അവൻ താൻ. ആത്മാവിന്മെൽ ഭാരമായി കിടക്കുന്ന കഷ്ടങ്ങൾ നിമിത്തം മനുഷ്യന്ന ആശ്വാസം ആവശ്യം തന്നെ സത്യം. അവന്റെ ജീവൻ എത്ര ക്ഷണികമായാലും നിത്യത്തൊളം ആത്മാവിൽ വസിച്ചു രക്ഷയെ കാട്ടുന്ന ആശ്വാസം വെണം. സത്യക്രിസ്ത്യാനി ഈ ജീവകാലത്തിൽ അനുഭവിച്ചു വന്ന ആശ്വാസത്തെ മരണത്തിലും കൂടെയായ്ക്കൊണ്ടു ലാജരനെപൊലെ വരുവാനുള്ള ലൊകത്തിലും പൂർണ്ണമായി അനുഭവിക്കും. ആശ്വാസപ്രദൻ നിത്യനും അവന്റെ സ്നെഹം മാറാത്തതും ദുഃഖിക്കുന്നവൎക്ക അവൻ നല്കുന്ന നന്മ ക്ഷയിച്ചു പൊകാത്തതും ആകകൊണ്ടു ആശ്വാസവും നിത്യമുള്ളത് തന്നെ. ആധനവാന്ന സമമായി തന്റെ നന്മകളെ ഇഹത്തിൽ ഭുജിപ്പാൻ മനസ്സില്ലാതെയും വിശ്വാസത്താൽ പ്രാപിച്ച വിശുദ്ധാത്മദാനം ഹൃദയത്തിന്ന പൂർണ്ണ തൃപ്തി വരുത്താതെയും ഇരിക്കകൊണ്ടു ദൈവപുത്രന്നും പ്രത്യാശ തന്നെ ആവശ്യം. അവൻ തികഞ്ഞ തൃപ്തിക്കായും നിത്യസന്തൊഷത്തിന്നായും നാശമില്ലാത്തതും അശുദ്ധി പറ്റാത്തതും വാടാത്തതായുമുള്ള അവകാശത്തിന്നായും നൊക്കി പാർക്കുന്നു. അവൻ ആശിക്കുന്നതു പരമനന്മ ആകകൊണ്ടു ദൈവം ഈ ആശയെ അവന്റെ മനസ്സിൽ നട്ടു ജീവവഴിയിൽ രക്ഷിച്ചു വരികകൊണ്ടും ക്രിസ്ത്യാനിയുടെ പ്രത്യാശ നല്ലതു തന്നെ, സകല കഷ്ടങ്ങളെയും മധുരമാക്കി മാറ്റുന്നു.

൫൫

൧ കൊറി. ൧, ൩൦. ക്രിസ്തൻ നമുക്ക ദൈവത്തിൽ നിന്നു ജ്ഞാനമായി ഭവിച്ചു.

പൌൽ കൊരിന്ത്യരൊടു ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലൊകത്തിൽ പൊട്ടായവരെ തന്നെ തെരിഞ്ഞെടുത്തു; ഇത് യെശയ്യാവിന്റെ വചനത്തൊടു ഒത്തു വരുന്നു. അതാകുന്നത്- പിതാവെ സ്വൎഗ്ഗഭൂമികളുടെയും നാഥ, നീ ഇവറ്റെ ജ്ഞാനികളിൽ നിന്നും വിദ്വാന്മാരിൽ നിന്നും മറച്ചു ശിശുക്ക

ക്കു വെളിപ്പെടുത്തിയത് കൊണ്ടു ഞാൻ നിന്നെ സ്തുതിക്കുന്നു. മത്താ.
൧൧, ൨൫. ദൈവത്തിന്നു തെരിഞ്ഞെടുപ്പാനും സൃഷ്ടിശെഷം
വെളിപ്പെടുത്തുവാനും കഴിയാത്ത ജ്ഞാനികൾ മനുഷ്യരിൽ
ഉണ്ടു. ഇത് വായിച്ചാൽ വിദ്വാന്മാരെ മാത്രം അല്ല വിചാ
രിക്കേണ്ടു, അവരിലും ഈ വകയുള്ളവർ ഉണ്ടായിരിക്കും.
താണവരിലും സ്വന്ത ജ്ഞാനം ആത്മരക്ഷെക്ക് മതി എന്നു
വിചാരിച്ചു ദൈവസത്യത്തിന്നു പകരം മാനുഷകല്പിത
ങ്ങളെ ആശ്രയിച്ചു സൃഷ്ടിശെഷത്തെ തള്ളിക്കളയുന്നവർ ഉ
ണ്ടല്ലൊ. ദൈവം സൃഷ്ടിശെഷത്തിൽ വെളിവാക്കിയതുത
ങ്ങളുടെ വിചാരങ്ങളൊട്ടു ഒക്കുന്നില്ല. പിന്നെ സ്വന്തജ്ഞാ
നം തള്ളിക്കളവാൻ മനസ്സില്ലായ്കകൊണ്ടു അവർ വിശ്വാ
സത്തിന്നു പ്രാപ്തി ഇല്ലാത്തവരായിരിന്നു. ലൊകത്തിന്റെ
മുമ്പാകെ മൂഢനാകി ഇരിക്കുന്നതു എറെ നല്ലതു, അതിന്നു
ആർക്കും ലജ്ജതൊന്നെണ്ടാ. പൌൽ ദൈവത്തിന്റെ ഒരു
ഭൊഷത്വവും മൌഢ്യമുള്ള സൃഷ്ടിശെഷ ഘൊഷണ
വും കൊണ്ടു എഴുതിയതല്ലൊ. ൧ കൊറി. ൧, സ്വന്തജ്ഞാ
നത്തിൽ രസിക്കുന്ന ലൊകത്തിന്നു ദൈവത്തിന്റെ സൃഷ്ടി
ശെഷം ഭൊഷത്വം എന്നു പണ്ടു പണ്ടെ തൊന്നി വരുന്ന
ത്. ദൈവത്തിന്റെ വചനത്തെ വിശ്വസിച്ചു അതിൻ പ
ണ്ണം തന്നാൽ ആവൊളം നടക്കുന്നവൻ ലൊകരുടെ കണ്ണുക
ളിൽ ഒരു ഭൊഷൻ എങ്കിലും ഈ വകയുള്ളവരെ ദൈവം
തെരിഞ്ഞെടുത്തു തന്റെ പുത്രന്റെ സൃഷ്ടിശെഷ വെളിച്ച
ത്തിന്നു യൊഗ്യന്മാരാക്കിയിരിക്കുന്നു.

ക്രിസ്തൻ അല്ലൊ മനുഷ്യർക്ക് ദൈവത്തിൽ നിന്നു ജ്ഞാ
നമായി ഭവിച്ചു. ജ്ഞാനിയാകുവാൻ മനസ്സുള്ളവൻ അവനെ
അറികും സത്യാത്മാവു മാത്രം ഈ ജ്ഞാനം മനുഷ്യരിൽ ജ
നിപ്പിച്ചു വർദ്ധിപ്പിക്കുന്നു, അതിന്നായിട്ടല്ലൊ യെശു അവ
നെ തനിക്കുള്ളവർക്ക് അയക്കുന്നു. ഈ ജ്ഞാനം ദൈവത്തെ

ആരാധിക്കേണ്ടുന്ന വിധിയെ മാത്രം ഉപദേശിച്ചു ശേഷം കാര്യങ്ങൾക്കു ഒരു ഉപകാരം ഇല്ലാത്തതാകുന്നു എന്നു വിചാരിക്കേണ്ടതല്ല, ലൌകികന്മാർ നടക്കുന്ന വഴിയിലും അതിന്റെ വെളിച്ചം ശോഭിക്കുന്നു. യേശുവിനെ അറിയുന്നവർ സകല ക്രിയാവിശേഷങ്ങളിൽ അവനെ നോക്കി നടക്കും. മറ്റെ മനുഷ്യരോട് വ്യാപരിക്കും തോറും യേശുവിന്റെ ചിത്രകാരം എല്ലാം ചൊല്ലാനും ക്ഷമ, താഴ്മ, സ്നേഹം, സൌമ്യത, നീതിയും ഉള്ളവനായി അവന്റെ കാലടികളിൽ നടക്കും. ഈ ജ്ഞാനം ചെന്നു വന്നാൽ മാത്രം ലോകവിദ്യാകൌശലങ്ങളും സാരമായി തീരുന്നു. ഇതു കൂടാതെ എല്ലാം മായ അത്രെ. സ്വർഗ്ഗസ്ഥപിതാവെ നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ അറിവിനാൽ ഞങ്ങളെ രക്ഷെക്കു ജ്ഞാനികളാക്കേണമെ.

൧൭

൧ പെത്രൊ. ൧, ൫. വിശ്വാസത്താൽ ഞങ്ങൾ ദൈവശക്തിയിൽ രക്ഷെക്കായി കാക്കപ്പെടുന്നു.

ഈ വാക്കുകൾ പിതാവായ ദൈവത്തിന്റെ അളവററ കരുണയാൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനംകൊണ്ടു ജീവനുള്ള പ്രത്യാശെക്കും കെട്ടു, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്ത അവകാശത്തിന്നും വീണ്ടും ജനിച്ചവർക്കു മാത്രമെ പറ്റുന്നുള്ളു. പുത്രരായി ജനിച്ചവർക്കു സമാധാനദ്രോഹികളുടെ ഇടയിൽ വസിപ്പാനും ദിവസേന കർത്താവായ യേശുവിന്റെ ക്രൂശിനെ എടുത്തു ചുമപ്പാനും ആത്മശരീരങ്ങൾക്കു വരുന്ന അനേക സങ്കടങ്ങളെ അനുഭവിപ്പാനും കൂടക്കൂട ആലസ്യവും സംശയങ്ങളും പരി പുത്രാവകാശത്തിന്നു കാലം എത്ര ദീർഘമായും വഴിയാത്രാന്തം ദൂരമായും തോന്നുന്നു എങ്കിൽ മേൽ എഴുതിയ വാക്കുകളെ വിശ്വാസംകൊണ്ടു പിടിച്ചുകൊൾവാൻ ഉള്ളതാകുന്നു. അവരുടെ അവകാശം കറ

ഞ്ഞു പോകയില്ല, ദൈവം അതിനെയും അവരെയും കാത്തു
രക്ഷിക്കുന്നു. അവൎക്ക ശത്രുക്കൾ പലരെ ഉണ്ടായാലും
ദൈവം തന്റെ ശക്തിയെ പ്രയോഗിക്കുന്ന പക്ഷം അവൎക്ക
ഒരു ഹാനിയും വരികയില്ല, അവൻ അതിനെ പ്രയോഗി
ക്കുമെന്നു നിശ്ചയം; പെത്രൻ അത് ഇവിടെ പറയുന്നുവല്ലൊ.
പിന്നെ യെശുവും തന്റെ ആട്ടുകളെ കൊണ്ടു പറയുന്നതു:
ഞാൻ അവൎക്ക നിത്യജീവനെ കൊടുക്കുന്നു, അവർ ഒരുനാ
ളും നശിച്ചുപോകയുമില്ല, ഒരുവനും അവരെ എന്റെ കയ്യി
ൽനിന്നു പറിച്ചുകളകയുമില്ല, അവരെ എനിക്ക തന്നിട്ടു
ള്ള പിതാവ് എല്ലാവരെക്കാളും വലിയവൻ, ഒരുവനും
അവരെ പിതാവിന്റെ കയ്യിൽനിന്നു പറിച്ചുകളവാൻ ക
ഴികയില്ല, ഞാനും പിതാവും ഒന്നായിരിക്കുന്നു. യൊഹ. ൧൦,
൨൮. ൩൦. യെശു നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പിന്നായി
ഇതിനെ പറഞ്ഞത്, വിശ്വാസികൾക്ക സംഭവിക്കുന്ന സങ്ക
ടങ്ങളും ഉപദ്രവങ്ങളും വലിയത് എന്ന് അറിഞ്ഞു താൻ സക
ലത്തിൽനിന്നു രക്ഷിപ്പാൻ ശക്തൻ എന്നു കാണിക്കെണ്ട
തിന്നു ഞാനും പിതാവും ഒന്നായിരിക്കുന്നു എന്നു പറഞ്ഞതു. പൌ
ൽ വിശ്വാസികൾക്കു സംഭവിക്കുന്നത് ചിലത് രൊമരൊടു എഴു
തിയതാവിതു: സങ്കടം, ഇടുക്ക്, ഹിംസ, വിശപ്പ, നഗ്നത, കുടുക്ക്,
വാൾ, മരണം, ജീവൻ, [ദുഷ്ട] ദൂതർ, വാഴ്ചകൾ, അധികാര
ങ്ങൾ ഇത്യാദി. രൊമ. ൮, ൩൫. ൩൮. ൩൯. ഈ സങ്കടമാലയെ
നൊക്കിയാൽ ഭയപ്പെടുവാൻ സംഗതി ഉണ്ടു സത്യം; എങ്കി
ലും യെശുവിന്റെ ആട്ടുകളെ കയ്യിൽ പിടിക്കുന്ന പിതാവു
എല്ലാറ്റിനെക്കാളും വലിയവൻ; അവൻ സകലവും തന്റെ
പുത്രന്റെ കാല്ക്കീഴാക്കി. പിന്നെ അശുദ്ധാത്മാക്കളെക്കാൾ ശ
ക്തനായ പരിശുദ്ധാത്മാവു അവരുടെ കൌശലങ്ങളെ നശി
പ്പിക്കും നിശ്ചയം. ആയത്കൊണ്ടു മഹത്വമുള്ള ദൈവത്തി
ന്റെ ശക്തിയെ അറിഞ്ഞവൻ ആശ്വസിക്കുന്നു. അതെ ദൈവം

തിനിക്കുള്ളവരെ വിശ്വാസം മൂലം തന്റെ ശക്തി കൊണ്ടു കാത്തു ക്രിസ്തീയൻ അവൎക്ക അനുഭവമായി വരുവൊളം സകല സങ്കടങ്ങളിൽ നിന്ന ഉദ്ധരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട നാം ധൈൎയ്യമായിരിക്ക; അവൻ നമ്മെ ഈ ദിവസത്തിലും കാത്തു രക്ഷിക്കും നിശ്ചയം.

൪൩

൧ കൊരി. ൧, ൩൦. ക്രിസ്തൻ നമുക്ക ദൈവത്തിൽ നിന്ന നീതിയായി ഭവിച്ചു.

ദൈവം ന്യായാധിപതി ആകുന്നു. പാപങ്ങളെ ക്ഷമിക്കുന്നതും കണക്കിടുന്നതും കരുണയെ നല്കുന്നതും കോപം കാണിക്കുന്നതും ശിക്ഷിക്കുന്നതും കൊല്ലുന്നതും അനുഗ്രഹിക്കുന്നതും ശപിക്കുന്നതും അവന്നു ന്യായം. എന്നിൽ പാപം ഇല്ലായ്ക്കകൊണ്ടു ദൈവം കണക്കിടുവാൻ ഒന്നും കാരണമില്ല എന്നും കോപിച്ചു നിൎന്നാശം വിധിപ്പാൻ സംഗതി ഇല്ല എന്നും പറയാൻ പ്രാപ്തിയുള്ളവൻ ആർ. ആയതുകൊണ്ടു ദൈവത്തിന്റെ ന്യായവിധിയിൽ ക്ഷമയും കരുണയും ജീവനും അനുഗ്രഹവും ലഭിപ്പാൻ തക്ക നീതി എത്രയും വിശേഷമായ ധനം തന്നെ. ആയത മനുഷ്യരുടെ ക്രിയകളാൽ അല്ല, യെശുക്രിസ്തനിലെ വിശ്വാസത്താൽ അത്രെ ഉളവാകുന്നു. അവനല്ലൊ നമുക്ക ദൈവത്തിൽ നിന്ന നീതിയായി ചമഞ്ഞു. നാം നീതിമാന്മാരായി വരെണ്ടതിന്നു സ്വൎഗ്ഗസ്ഥ പിതാവു തന്റെ പുത്രനെ ലൊകത്തിലെക്ക അയച്ചു, മരണത്തിലെക്ക ഏല്പിച്ചു നമ്മുടെ പാപങ്ങളെ ഒക്കയും അവന്റെ മെൽ ചുമത്തുകയും ചെയ്തു. യെശു ഈ ഭാരം ചുമന്നു പിതാവിന്നു തികഞ്ഞ അനുസരണം കാട്ടി നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിഞ്ഞു നമ്മുടെ പാപങ്ങൾ ഹേതുവായി ചതഞ്ഞു ശാപമായി തീരുകകൊണ്ടു ദൈവം അവന്റെ അനുസരണവും കഷ്ടങ്ങളും നമുക്ക തന്നെ കണക്കിട്ടു പാപങ്ങളെ മൂടി

കടങ്ങളെ ഇളച്ചു പ്രസാദം നമ്മുടെ മെൽ വിളങ്ങിച്ചു ത
ന്നിരിക്കുന്നു. കൎത്താവായ യെശു തനിക്കുവെണ്ടി മാത്രം അല്ല,
ദൈവത്തിന്നും മനുഷ്യൎക്കും നടുവിൽ നില്ക്കുന്ന മദ്ധ്യസ്ഥനാ
യി നമുക്ക വെണ്ടിയും നീതിമാനാകുന്നു. വിശ്വാസത്താൽ അ
വന്റെ നീതി നമുക്ക അനുഭവമായി വരുന്നു. അങ്ങിനെ വരെണ്ട
തിന്നു മനുഷ്യൻ ഒക്കയും തന്റെ അസംഖ്യ കഷ്ടങ്ങളെ അറി
ഞ്ഞു ഏററു പറഞ്ഞു സ്വന്ത പ്രയത്നം കൊണ്ടു അവയെ തീ
ൎപ്പാൻ കഴികയില്ല എന്നു ബൊധിക്കെണ്ടതാകുന്നു ഈ
ബൊധം വന്നിട്ടു വിശ്വാസം കൊണ്ടു യെശുവിനെ പിടിച്ചു അ
വന്റെ നീതിയിൽ ആശ്രയിച്ചു കരുണയെ അപെക്ഷിക്കും.
ന്യായവിധിയിൽ യെശുവിന്റെ രക്ഷയെ കിട്ടുകയും ക്ഷമ
യെ ലഭിച്ചു കടക്കാരനും ജീവനുള്ള അവയവവുമാക്കി നി
ല്ക്കുണ്ടതിന്നു തന്നെ മുഴുവനും അവന്റെ കയ്യിൽ ഭരമെല്പിക്കും.
ഈ വഴിക്കൽ യെശു മനുഷ്യൎക്ക നീതിയായി വരുന്നു. ദൈ
വത്തിന്റെ ആലൊചനയും അവരുടെ വിശ്വാസവും തമ്മിൽ
ചെൎന്നു പ്രായശ്ചിത്തം പൂൎണ്ണമായി. ഇങ്ങിനെയുള്ള വി
ശ്വാസം ഒരുനാളും നാണിച്ചു പൊകയില്ല. അതുകൊണ്ടു
നമ്മുടെ നീതിയായ യെശു നമുക്ക തെളിഞ്ഞു വന്നു പുക
ഴ എല്ലാം അവന്നു വരെണ്ടതിന്നു സ്വാനുഗ്രഹ വിശെഷ
ങ്ങളെ വിചാരിപ്പാൻ ഒരു ഭാവം നമ്മിൽ ഉദിക്കും വണ്ണം
പരിശുദ്ധാത്മാവ് ആയതിനെ വെരൊടെ ഹൃദയങ്ങളിൽ
നിന്നു പറിച്ചു കളവൂതാക.

൬൭

ലൂക്ക. ൨൧, ൧൯. ക്ഷമയിൽ നിങ്ങളുടെ ആത്മാ
ക്കളെ കാത്തുകൊള്ളുവിൻ.

ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നമുക്ക വ
രുന്ന സങ്കടങ്ങളെ രണ്ടു കൂട്ടം ആക്കി ദൈവം അയക്കുന്നതി
ൽ ക്ഷമയെ കാട്ടി മനുഷ്യരിൽ നിന്നു വരുന്നതു അത്ര സഹ

ത്രുമില്ല എന്നു വിചാരിച്ചു നിരസവും കൊപവും കാണിക്കു
ന്നതു വലിയ കുററം തന്നെ. അതുകൊണ്ടു യെശു തന്റെ ശി
ഷ്യന്മാരൊടു ക്ഷമയിൽ നിങ്ങളുടെ ആത്മാക്കളെ സ്വാധീന
മാക്കി കാക്കും എന്നുതന്നെ അല്ല, നിങ്ങളുടെ അച്ഛയപ്പന്മാ
രും സഹൊദരന്മാരും ചാൎച്ചക്കാരും ചങ്ങാതിമാരും നിങ്ങ
ളെ കാണിച്ചു കൊടുക്കും അവർ ചിലരെ കൊല്ലിക്കയും ചെ
യ്യും എൻ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും
എന്നു പറഞ്ഞു അവരുടെ ക്ഷമ ഈ വക ഉപദ്രവങ്ങളിലും
ശൊഭിക്കെണമെന്നു അതിനാൽ കാണിച്ചിരിക്കുന്നു. പണ്ടു യൊ
ബ്, മൊശ മുതലായ ശുദ്ധന്മാർ ഉപദ്രവങ്ങളെ എങ്ങിനെ സ
ഹിച്ചു, ക്ഷമയാലും ശാന്തതയാലും അല്ലയൊ. യെശു എ
ല്ലൊൾ കൊലെക്കു കൊണ്ടു പൊകുന്ന ആട്ടിന്നും രൊമം കത്രി
ക്കുന്നവരുടെ മുമ്പാകെ ശബ്ദിക്കാത്ത ആട്ടിന്നും സമമായി
രുന്നു, മനുഷ്യർ അവനെ ഒരു കുററം കൂടാതെ പിടിച്ചു പ
രിഹസിച്ചു ദണ്ഡിപ്പിച്ചു കൊല്ലുമ്പൊഴല്ലയൊ. എന്നാൽ മ
നുഷ്യർ എനിക്കു അന്യായം ചെയ്യുന്നു, ഞാൻ കുററം ഇല്ലാ
ത്തവൻ എന്നു ഒരുത്തൻ പക്ഷെ പറയും, ആകട്ടെ സംബ
ന്ധക്കാർ യെശുവിന്റെ ശിഷ്യന്മാരെ ജാതികളുടെ കൈ
ലെക്കും എല്ലാവരുടെ നിരസത്തിലെക്കും ഏല്പിച്ചതു അ
ന്യായമായില്ലയൊ, എന്നിട്ടും യെശു തനിക്കുള്ളവരൊടു
എന്നു കല്പിക്കുന്നു, നിങ്ങൾ ക്ഷമയെ കാണിച്ചു കൊൾവിൻ
എന്നത്രെ. യെശുവിന്നു സമമായി കുററം കൂടാതെ കഷ്ടി
ച്ചു പൊറുന്നവരെങ്ങൊ, അവൻ എങ്ങിനെ അനുഭവിച്ചു. എ
ത്രയും അത്ഭുതമായ സൌമ്യതയൊടു കൂട അവ എല്ലാം
സഹിച്ചത്. പലരും തങ്ങളെ കുററമില്ലാത്തവർ എന്നു വി
ചാരിക്കുന്നു, എങ്കിലും കുറ സൂക്ഷിച്ചു നൊക്കിയാൽ കാൎയ്യം
വെറെ എന്നു കാണും. രാജ്യാധികാരികൾ അനെകരെ ദ്വെ
ഷം നിമിത്തം ശിക്ഷിക്കെണ്ടി വരുന്നു എങ്കിലും ക്രിയക

ക്കു യദൃച്ഛയായിട്ടും നമുക്ക് സംഭവിക്കുന്നു എന്നു പറയുന്നവർ എ
ത്രയും ദുഷ്ടരം തന്നെ. എന്നാൽ കൂട്ടുകാർ ശത്രുക്കളായി
ചിലപ്പോൾ വല്ല ഉപദ്രവം കാണിച്ചാലും ക്ഷമയിൽ ത
ന്റെ ആത്മാവിനെ അടക്കി സഹിക്കുന്നതു ന്യായം. മനുഷ്യ
രിൽ മാത്രം നോക്കുന്നതു തെറ്റു തന്നെ. ദൈവം അല്ലൊ മ
നുഷ്യരെ കൊണ്ടു തന്റെ ശിക്ഷകളെ നടത്തുന്നത്. ആയത്
കൊണ്ടു മുഖ്യമായി അവനെ നോക്കേണം. യോബിനെ
പരീക്ഷിച്ചു ശിക്ഷിപ്പാൻ അവന്നു ഇഷ്ടം തോന്നിയപ്പോൾ
ദുഷ്ടമനുഷ്യരെ കൊണ്ടു തന്റെ മൃഗക്കൂട്ടങ്ങളെ നഷ്ടം വ
രുത്തി എങ്കിലും യോബ് എന്തു പറഞ്ഞു, ആ കൊള്ളക്കാരെ
ദുഷിച്ചുവൊ; അല്ല യഹോവ തന്നു യഹോവ എടുത്തു അ
വന്റെ നാമത്തിന്നു സ്തോത്രം എന്നത്രെ.

൧൯

ലൂക്ക. ൧൭, ൩൨. ലോത്തന്റെ ഭാര്യയെ ഓർ
ക്കൊൾവിൻ.

യെശു യഹൂദന്മാർക്ക് വരുവാനുള്ള യുദ്ധസങ്കടവും യരു
ശലേം പട്ടണത്തിന്റെ നാശവും വർണ്ണിച്ചു, ആ ദിവസത്തി
ൽ വീട്ടിൻ മുകളിൽ ഇരിക്കുന്നവൻ തന്റെ വസ്തുക്കൾ വീട്ടിനക
ത്തു ഇരുന്നാൽ അവറ്റെ എടുത്തു കൊൾവാൻ ഇറങ്ങരുത്, വയലി
ൽ ഇരിക്കുന്നവൻ അപ്രകാരം പിന്നോക്കം തിരികയും അരു
ത് എന്നു പറഞ്ഞശേഷം ലോത്തന്റെ ഭാര്യയെ ഓർ
ക്കൊൾവിൻ, ജീവനെ രക്ഷിച്ചു കൊൾവാൻ നോക്കുന്നവൻ അതി
നെ നശിപ്പിക്കും, ജീവനെ നശിപ്പിക്കുന്നവൻ അതിനെ ര
ക്ഷിച്ചു കൊള്ളും എന്നു ചേർത്തു കല്പിച്ചതു. മോശ, സദോ
മിന്റെ സംഹാരം വിവരിച്ച സ്ഥലത്തു ലോത്തന്റെ ഭാര്യ
പിറകോട്ടു നോക്കി ഉപ്പുതൂണായി തീർന്നു എന്നു ചുരുക്കി പറ
ഞ്ഞു. ൧ മൊ. ൧൯, ൧൭. നിന്റെ ജീവനായി ഓടിപ്പോക,
പിറകോട്ടു നോക്കരുതു, ഈ സമഭൂമിയിൽ എങ്ങും നില്ക്കയും

അരുത എന്നുള്ള കല്പനയെ അവൾ നിരസിച്ചതുമല്ലാതെ പട്ടണങ്ങൾക്കു സംഭവിപ്പാനുള്ളത് കാണെണ്ടതിന്ന മാത്രം അല്ല, അവിടെ വിട്ടു പൊയ ചങ്ങാതികളെയും വസ്തുവകകളെയും ഒൎത്തു ഇനി ഒന്നു രക്ഷിച്ചു കൊണ്ടു പൊവാൻ പാടുണ്ടൊ, ദൂത വചനം സത്യമൊ എന്നു വിചാരിച്ചു സംശയിച്ചു അത്യാഗ്രഹം കൊണ്ടു തിരിഞ്ഞു നൊക്കുകയാൽ ശിക്ഷ പ്രാപിക്കയും ചെയ്തു. അവൾക്കു വിശ്വാസം ഇല്ലായ്കയാൽ തനിക്കും പുത്രി ഭൎത്താക്കന്മാൎക്കും വരുവാനുള്ള ദാരിദ്ര്യത്തെ പെടിച്ചു സംശയിച്ചു ഒടുവിൽ തിരിഞ്ഞു നൊക്കുമ്പൊൾ തന്നെ ഗന്ധക വൎഷം ആരംഭിച്ചു ശ്വാസം മുട്ടിച്ചു അവൾ സ്തംഭിച്ചു ഉപ്പു മൂടി നിന്നു ചാകി. അപ്രകാരം തന്നെ യഹൂദ യുദ്ധത്തിൽ ശിഷ്യന്മാർ വസ്തുവകകളെ രക്ഷിക്കെണ്ടതിന്ന പട്ടണത്തിൽ താമസിച്ചു എങ്കിൽ നശിച്ചു പൊവാൻ സംഗതി വരികയായിരുന്നു. എങ്കിലും യെശു ഈ വചനം കൊണ്ടു നമ്മെയും ഉണൎന്നു പ്രാൎത്ഥിപ്പാൻ ഉത്സാഹിപ്പിക്കുന്നത. നാം എല്ലാവരും മനസ്താപം ചെയ്തു ലൊകത്തെ വിട്ടു പൊകെണം എന്നു ദൈവത്തിന്റെ ഇഷ്ടം. ഈ വിശുദ്ധ വിളിയെ അനുസരിക്കെണ്ടതിന്നു ആരംഭിച്ചിട്ടു പിന്നെയും പിശാചിന്റെ മന്ത്രങ്ങൾക്കു ചെവി കൊടുത്തു വഴിക്കൽ നിന്നു പൊയി നായ്ക്കൾക്കു സമമായി ഛൎദ്ദിച്ചതിനെ പിന്നെയും തിന്മാനും കുളിച്ച പന്നിയെ പൊലെ ചളിയിൽ മുങ്ങുവാനും നാം സ്നെഹിക്കുന്ന ലൊകത്തൊടു കൂട നശിച്ചു പൊവാൻ സംഗതി വരികയില്ലയൊ. ലൊകസംഹാരത്തിൽ ദുഷ്ടന്മാരൊടു കൂട നിത്യ നാശത്തിലെക്ക വീഴാതിരിക്കെണ്ടതിന്ന ദൈവത്തിന്റെ മുമ്പെ അന്ന്യായവിധികളെ ഒൎത്തു ജാഗരിച്ചിരിക്കുന്നതു അത്യാവശ്യം അല്ലയൊ. അതു കൊണ്ടു ലൊത്തന്റെ ഭാൎയ്യയെ ഒൎത്തു കൊൾവിൻ, കരിക്കെ ഇട്ടു കൊണ്ടു പിന്നൊക്കം നൊക്കുന്ന ഒരുത്തനും ദൈവ രാജ്യത്തിന്നു യൊഗ്യനല്ല എന്നുണ്ടല്ലൊ.

൮൬.

-ാമതി. എ. സ. ക്രിസ്തൻ നമുക്ക് ദൈവത്തിൽ നിന്നു ശുദ്ധീകരണം ആക്കി വെച്ചു.

ആദാമിന്റെ പിഴയാൽ മനുഷ്യവംശം മുഴുവൻ അശുദ്ധിയും പ്രകാശനമില്ലാത്തതുമായി തീൎന്നു. ദൈവം തന്റെ വചനത്തിൽ പാപികൾക്കു വിളിക്കുന്ന നാമങ്ങളെയും പൌൽ റോമ. ൩. ൧൦. മു. അവരെ കൊണ്ടു എഴുതിയ ഗുണ വിശേഷങ്ങളെയും വിചാരിച്ചാൽ യേശു ക്രിസ്തൻ അല്ലാതെ ആൎക്കും മനുഷ്യനാമത്തിൽ പ്രശംസിപ്പാൻ ഒരു സംഗതി ഇല്ലല്ലോ. അപരാധികൾ, ദ്രോഹികൾ, നി[illegible]കെട്ടവർ, മൂഢന്മാർ, വഷളന്മാർ മുതലായ പേരുകളിൽ എത്ര മഹത്വം അടങ്ങിയിരിക്കുന്നു. ദൈവത്തിന്നു യോഗ്യമാക മാന നാമങ്ങളോടു കൂടാതില്ലാതും അവന്റെ ഭവനത്തിൽ വസിപ്പാനും അവൎക്ക എത്ര വഴി. യേശു നമുക്ക് ദൈവത്തിൽ നിന്നു ജ്ഞാനവും നീതിയും മാത്രമല്ല, ശുദ്ധീകരണവുമായി തീൎന്നു അവമൂലം കാണാതെ പോയതെല്ലാം യഥാസ്ഥാനമായി വന്നത്. ശുദ്ധന്മാർ മാത്രം ദൈവത്തെ കാണും. ശുദ്ധൻ എന്ന നാമം മനുഷ്യന്നു മാനം തന്നെ. അതിനാൽ അവൻ ദൈവത്തിന്നും വിശുദ്ധ ദൂതന്മാൎക്കും തുല്യനായി വരുന്നു. ദൈവഭവനത്തിന്റെ മുഖ്യാലങ്കാരം വിശുദ്ധി എന്നത്രെ. ആയത്കൊണ്ടു ശുദ്ധനായിരുവാൻ ആഗ്രഹം ഇല്ലാത്തവനാർ. ശുദ്ധീകരണത്താൽ ദൈവം ഹീനന്മാരെയും നിന്ദിതന്മാരെയും ഉയൎത്തി മാനിക്കുന്നത്, അതിന്നായി അവൻ തന്റെ പുത്രനെ നമുക്കു തന്നു. മാനസാന്തരപ്പെട്ടു അവന്റെ അടുക്കൽ വരുന്നവർ പാപത്തിന്നു മരിച്ചിട്ടു ജീവന്റെ പുതുക്കത്തിൽ നടക്കകൊണ്ടു മരണത്തിലും ജീവനിലും അവന്നു തുല്യന്മാരായി തീരുന്നു. റോമ. ൬. എഫെ. ൨. അവമൂലം നമുക്ക് ലഭിക്കുന്ന പവിത്രതാത്മാവി

നാൽ ഗുണങ്ങളെല്ലാം ഉളവാക്കി വരുന്നു. യെശു മിശിഹായിന്റെ അ
ടുക്കൽ പൊയിട്ടു അവനെ ആശ്വാസപ്രദനാക്കി ശിഷ്യന്മാ
ൎക്ക എല്ലാവൎക്കും അയച്ചു വരുന്നു. യൊഹ. ൧൪, ൧൬. ൧൭,
൨൬. ൧൫, ൨൬. തനിക്കുള്ളവർ തന്നൊടു കൂട ഇരുന്ന തന്റെ
മഹത്വം കാണെണ്ടതിന്ന മിശിഹായാൽ അപെക്ഷിച്ചതെ
കാണ്ക. യൊഹ. ൧൭, ൨൪. നീതിമാന്മാരുടെ പുനരുത്ഥാനം
അവന്റെ ഉയിൎപ്പിന്റെ ഫലം ആകുന്നു കാണ്ക. വിശുദ്ധീക
രണവും നമുക്ക യെശുവിൽ നിന്ന മാത്രം വരുന്ന സ്വസ്ഥം. ആ
യത കൊണ്ടു മിശിഹായ് അവനെ നമുക്ക ആക്കിയ പ്രകാരം
നാം യെശുവിനെ മുഴുവനും കൈക്കൊള്ളുക. ചിലർ അവ
നെ രക്ഷക്കായി മാത്രം എടുക്കാൻ മനസ്സാകുന്നു. എങ്കിലും
ദൈവത്തിന്റെ ആലൊചനയെ ഖണ്ഡിച്ചു കൂടാ. യെശുവി
നെ കൈക്കൊൾവാൻ മനസ്സുള്ളവർ അവനെ പൂൎണ്ണമാക്കി പരി
ഗ്രഹിക്കെണം എന്ന് ശുദ്ധന്മാരാക്കി തീരുവാൻ പാൎക്കുള്ള. അ
വൻ ഈ ദിവസത്തിലും നമുക്ക ജ്ഞാനവും നീതിയും ശുദ്ധീക
രണവുമാക്കി വരെണമെ.

൧൦

൧ യൊഹ. ൪, ൧൬. ദൈവം സ്നെഹം തന്നെ
ആകുന്നു, സ്നെഹത്തിൽ വസിക്കുന്നവൻ ദൈവത്തി
ലും ദൈവം അവനിലും വസിക്കുന്നു.

ദൈവം സ്നെഹവും ദഹിപ്പിക്കുന്ന അഗ്നിയും എബ്രാ. ൧൨,
൨൯. ആകുന്നു. ഈ രണ്ടു വാക്കുകൾ വെദത്തിൽ എഴുതിയി
രിക്കുന്നു. പാപം ഇല്ലാത്ത സൃഷ്ടികൾക്കും യെശുവിങ്കൽ
ക്ഷമയെയും ശുദ്ധിയെയും പ്രാപിച്ചു അവന്റെ വഴിയി
ൽ ചെന്നു സെവിക്കുന്നവൎക്കും ദൈവം സ്നെഹം തന്നെ. അ
വനെ വിരൊധിച്ചു പാപങ്ങളെ ചെയ്വാൻ മനസ്സില്ലാതെ
സ്നെഹത്തെ നിരസിക്കുന്നവൎക്കൊ, ദഹിപ്പിക്കുന്ന അഗ്നി
അത്രെ. സ്നെഹം മരണം പൊലെ ശക്തിയുള്ളതു, അ

ത്തിന്റെ എരിവു പാതാളം പോലെ കഠിനമുള്ളതും അതിന്റെ കനലുകൾ തീക്കനലുകളും യഹോവയുടെ ജ്വാലകളും ആകുന്നു. ഈ ശക്തിയും എരിവും ജ്വാലയും സ്നേഹിതന്മാരെ ജീവിപ്പിക്കുന്നതും വിരോധികളെ ദഹിപ്പിക്കുന്നതുമായി വരുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു, സ്നേഹം ദൈവത്തിൽ നിന്നാകുന്നു, സ്നേഹമുള്ളവൻ ദൈവത്തിൽ നിന്നു ജനിച്ചു അവനെ അറിയുന്നു. സ്നേഹമില്ലാത്തവൻ ദൈവത്തെ അറിയുന്നില്ല കാരണം ദൈവം സ്നേഹം ആകുന്നു. ൧ യോഹ. ൪, ൭. ൮. യോഹന്നാന്റെ ഉപദേശപ്രകാരം ദൈവത്തോടു ചേരുവാൻ മനസ്സുള്ളവരെല്ലാം അവനിൽ നിന്നു ജനിച്ചു അവനെ അറിയേണ്ടതാകുന്നു. നമ്മിൽ വിപരീതമായത് ചെന്നു വരികയില്ല. ദൈവത്തോടു നമുക്ക് ഐക്യതയും ചേർച്ചയും വേണമെന്നു വന്നാൽ, അവന്റെ ഗുണവിശേഷങ്ങളിൽ ചിലവ നമ്മിലും കാണേണം. ദൈവം സ്നേഹം ആകുന്നു അതുകൊണ്ടു നാം ദൈവത്തിലും അവൻ നമ്മിലും വസിക്കേണ്ടതിന്നു സ്നേഹത്തിൽ ജീവിച്ചിരിക്കേണം. നാം ദൈവത്തിൽനിന്നു ജനിച്ചു എങ്കിൽ ഈ പുതിയ ജനനത്തിൽ ദൈവം തന്റെ സ്നേഹവും നമ്മിൽ നട്ടു. ഈ സ്നേഹം നമ്മിൽ വസിക്കുന്നെങ്കിൽ നാം ദൈവത്തെ അറിഞ്ഞു ദൈവം സ്നേഹം ആകുന്നു എന്ന വാക്കിന്റെ അർത്ഥവും ഉറ ബോധിക്കും. ഒരു പാപിക്ക് നീതീകരണം ലഭിച്ചിട്ടു അവന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം പകർന്നു വരുന്നു. രോമ. ൫, ൫. ഈ ദൈവസ്നേഹം നമ്മിൽ വന്നിട്ടു നാം അതിൽ നില്ക്കുന്നേടത്തോളം ദൈവത്തോടു ചേർച്ച ഉണ്ടു. നാം ദൈവത്തിൽ വസിച്ചാൽ സ്നേഹത്തിൽ വസിക്കുന്നു, സ്നേഹം കൂടാതെ ദൈവത്തോടു ഒരു സംബന്ധം ഇല്ല. ഈ സ്നേഹത്തെ ഉപേക്ഷിക്കുന്നത് അ

ല്ല കാൎയ്യമല്ല. സ്നേഹം മുഴുവനും കളയുന്നവർ വെളിച്ചത്തിൽനിന്ന ഇരുട്ടിലെക്കും ജീവനിൽനിന്ന മരണത്തിലെക്കും വീണു ദൈവത്തൊടുള്ള സംബന്ധം ഉപെക്ഷിച്ചിരിക്കുന്നു. അത്രകൊണ്ടു ദൈവം നമ്മിലും നാം അവനിലും വസിക്കെണ്ടുതിന്നു നാം സ്നേഹത്തിൽ വസിക്ക.

൭൨

ലൂക്ക. ൨൧. ൩൬. സദാകാലം ഉണൎന്നു പ്രാൎത്ഥിച്ചിരിപ്പിൻ.

ക്രിസ്തു വരുവാനുള്ള ദണ്ഡവിധിയെ വിവരിക്കുംതൊഴും ഉണൎന്നുകൊണ്ടു പ്രാൎത്ഥിപ്പാനും കല്പിച്ചു. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ശിഷ്യന്മാരാകിരിക്കെണം. എന്റെ അടുക്കൽ വന്ന എന്നൊടു പഠിപ്പിൻ എന്ന പറഞ്ഞുവല്ലൊ. എന്നാൽ ഉറങ്ങുന്ന ശിഷ്യന്മാരെ എങ്ങിനെ പഠിപ്പിക്കും, നടക്കെണ്ടിയ വഴിയെ എങ്ങിനെ കാണിക്കും, അവർ ക്രിസ്തുവിന്റെ പരിപൂൎണ്ണതയിൽനിന്ന കൃപാധനങ്ങളെ കൈക്കൊള്ളെണം. ഉറങ്ങുന്ന സമയം അത കഴികയില്ലല്ലൊ. അവർ ക്ഷമയൊടെ എല്ലാവൎക്കും നിയമിച്ച പൊരാട്ടം കഴിച്ചു ജയിക്കെണം. ലൊകലഹരിയിൽ സുഖിച്ചു ഉറങ്ങുന്നവൎക്ക അത എങ്ങിനെ കഴിയും. പരീക്ഷ വരുംതൊറും തൊറ്റു പൊകുന്നതല്ലാതെ ഒന്നും വരികയില്ല. അവർ ക്രിസ്തുവിന്റെ ദാസന്മാരായി അവന്റെ ഇഷ്ടം അനുസരിച്ചു ലഭിച്ച ധനങ്ങളെകൊണ്ടു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കെണം, അതിന്ന ഉറക്കം കൊള്ളുന്നില്ലല്ലൊ. അവർ വിശ്വാസ സ്നെഹ പ്രത്യാശകളിൽ ഉറച്ചുനിന്നുകൊണ്ടു പ്രാൎത്ഥിച്ചു ശുദ്ധിയെ തെടി നടക്കെണം. അതിന്ന ഉണൎച്ചയും ഉത്സാഹവും വെണമല്ലൊ. അകത്തും പുറത്തും നടക്കുന്നത പരീക്ഷിച്ചു വിചാരിപ്പാൻ ജാഗ്രത ചെയ്യെണ്ടതിന്ന അവർ നിത്യം ഒരുങ്ങിനില്ക്കെണം. അധികം കിട്ടു

ണ്ടതിന്ന അവർ തങ്ങളെ കാത്തുകൊള്ളെണം. തങ്ങളുടെ ശക്തി എല്ലാം ദൈവസെവയിൽ ചെലവാക്കി പൊരുതെണ്ടതാകുന്നു, അതിന്നായിട്ടല്ലൊ ദൈവം അവരെ തന്നത്. ഉണൎച്ച കൂടാതെ എല്ലായ്പൊഴും പ്രാൎത്ഥനയും വെണം. ലൂക്ക. ൨൧, ൩൬. കാരണം പ്രാൎത്ഥന ഉണൎച്ചയെയും ഉണൎച്ച, പ്രാൎത്ഥനെക്ക് വെണ്ടുന്ന ശക്തിയെയും കാത്തുസൂക്ഷിക്കുന്നു. നമുക്ക് ഇന്നത് നല്ലൂ എന്ന ദൈവം അറിഞ്ഞു അതിനെ തരുവാൻ മനസ്സുള്ളവനാകുന്നു എങ്കിലും പ്രാൎത്ഥിക്കണം എന്ന കല്പിച്ചത് കൊണ്ടു നാം അനുസരണത്താൽ അവനെ മാനിച്ചു പ്രാൎത്ഥനയാൽ അവന്റെ ഇഷ്ടത്തെ എതിരെല്ക്കെണം. ഇപ്പൊഴത്തെ പരീക്ഷകളെ വിചാരിച്ചിട്ടു മാത്രം അല്ല, വരുവാനുള്ള ന്യായവിധികളെയും ഓൎത്തു പ്രാൎത്ഥനയും ഉണൎച്ചയും തന്നെ അത്യാവശ്യം. കൎത്താവിന്റെ ഭയങ്കര നാളിൽ പിശാചുസെവയിൽ രസിച്ചു വലഞ്ഞു ഉറങ്ങുന്നവൎക്ക് കഷ്ടം. അത്കൊണ്ടു ഉണ്ടാകുവാനുള്ള കാൎയ്യങ്ങളെ ഒക്കയും ഒഴിഞ്ഞിരിപ്പാനും മനുഷ്യപുത്രന്റെ മുമ്പാകെ നില്പാനും യൊഗ്യന്മാരായിരിക്കെണ്ടതിന്ന എല്ലാപ്പൊഴും ഉണൎന്ന പ്രാൎത്ഥിച്ചുകൊണ്ടിരിപ്പിൻ.

൭൧

൨ കൊറി. ൫, ൧൮. ക്രിസ്തൻ നമുക്ക് ദൈവത്തിൽ നിന്ന വീണ്ടെടുപ്പ് ആയി ഭവിച്ചു.

ആദ്യമാതാപിതാക്കന്മാർ വിശെഷമായൊരു ജ്ഞാനം ആഗ്രഹിച്ചിട്ടു ദൈവം നിഷെധിച്ച ഫലം തിന്നു മൂഢന്മാരായി ഭവിച്ചു. ദൈവത്തിന്മുമ്പാകെ അവരുടെ നീതിയും ശുദ്ധിയും നഷ്ടമായി അനെക സങ്കടങ്ങളും മരണവും എല്ലാവൎക്കും ന്യായമുള്ള ശിക്ഷയായി വന്നു. എങ്കിലും ക്രിസ്തൻ നമുക്ക് ദൈവത്തിൽനിന്ന ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പും ആയിതീൎന്നു, ആദാമിൽ നമുക്ക് നഷ്ടമായി

പൊയത പൂൎണ്ണമായി യഥാസ്ഥാനമാകെണ്ടതിന്ന തന്നെ. നമുക്ക ശത്രുക്കളും കഷ്ടങ്ങളും അനെകം ഉണ്ടാകകൊണ്ടു വീണ്ടെടുപ്പു വെണമല്ലൊ; മനുഷ്യൎക്ക അതിക്രൂരനായ ശത്രു പിശാചു തന്നെ. അവന്റെ ഇഷ്ടപ്രകാരം നടക്കുന്നെടത്തൊളം അവർ അവന്റെ അടിമകൾ, യെശുവെ ചെന്നു സെവിപ്പാൻ ശ്രമിക്കും തൊറും അവൻ അവരെ വിരൊധിക്കുന്നു. ചിലപ്പൊൾ അവൻ അവരുടെ ഇഷ്ടത്തിന്ന എത്രയും വിരൊധമായി സംശയങ്ങളെയും മൊഹങ്ങളെയും ദൈവദൂഷണങ്ങളെയും മനസ്സിൽ ജനിപ്പിക്കുന്നു. ഈ വകെക്ക ഒർ ഔഷധമെ ഉള്ളു, അങ്ങിനെയുള്ള ദൊഷങ്ങൾ ഹൃദയത്തിൽ നിന്നു പൊങ്ങി വരും തൊറും അവർ ക്രിസ്തൻ നമുക്ക ദൈവത്തിൽ നിന്നു വീണ്ടെടുപ്പായിയനതിനാൽ പിശാചിന്റെ സ്വാധീനത്തിൽ നടക്കാതെ യെശുവിനെ തന്നെ വിശ്വസിച്ചു സെവിക്കെണം എന്നുള്ളുറച്ച മനഃപൂൎവ്വമായി അനുസരിച്ചാൽ പിശാചിന്റെ അധികാരത്തിൽനിന്നു വിട്ടുപൊകും നിശ്ചയം. അല്പകാലത്തെക്ക അവന്റെ ഉപദ്രവങ്ങൾ മുഴുവനും നീങ്ങിപ്പൊകയില്ല എങ്കിലും ഫലം ഒന്നും വെണ്ടാ, എല്ലാം അവരുടെ ഗുണത്തിന്നായി വ്യാപരിക്കും. അവൻ അലറുന്ന സിംഹം പൊലെ ചുറ്റി നടന്നു അവരെ വിഴുങ്ങുവാൻ നൊക്കിയാലും തൊടുവാനും അനുവാദം ഇല്ല. പിന്നെ ഒരു ക്രിസ്ത്യാനിക്ക മനുഷ്യരിൽ ശത്രുക്കൾ ഉണ്ടെങ്കിൽ അവൻ, ക്രിസ്തൻ ദൈവത്താൽ എനിക്ക വീണ്ടെടുപ്പായി എന്നെ കാത്തു ശത്രുക്കളുടെ മുമ്പാകെ നാണിച്ചു പൊകാതിരിക്കെണ്ടതിന്നു വെണ്ടുന്നത എല്ലാം ചെയ്യും എന്നും ദ്രൊഹികൾ എന്നെ ഉപദ്രവിച്ചു തങ്ങളുടെ വഴികളിൽ വലിപ്പാൻ സമ്മതിക്കയില്ല എന്നും ശത്രുക്കളുടെ കയ്യിൽ എന്നെ എല്പിക്കാതെ തൻ കൈ നീട്ടി എന്നെ താങ്ങി തന്റെ ആലൊചന എല്ലാം നിവൃത്തിച്ചു

സകലവും എന്റെ നന്മെക്കായി നടത്തും എന്നും അവൻ എന്നെ വീണ്ടെടുത്തതിനാൽ ഞാൻ അവന്റെ മുതൽ തന്നെ എന്നും നിശ്ചയമായി അറിഞ്ഞു വിശ്വസിക്കുന്നു. ഈ വിശ്വാസത്താലെ മരണ നരകാദികൾ വരുത്തുന്ന ഭയസങ്കടങ്ങളെ നീക്കി പിശാചിന്റെ അഗ്നി അസ്ത്രങ്ങളെയും കെടുത്തു കളയാം. യെശു വീണ്ടെടുത്തവരെ നശിപ്പിപ്പാൻ ആൎക്ക ശക്തി ഉണ്ടാകും. പൌലിന്റെ ജയഗീതത്തെ രൊമ. ൮, ൩൧-൩൯. വിശ്വാസികൾ ഒട്ടൊഴിയാതെ പാടാം. അതിന്നായി കൎത്താവിന്നു എന്നെക്കും സ്തോത്രം ഉണ്ടാക.

൫൩

൧യൊഹ. ൩,൨൦. ഹൃദയം തന്നെ നമുക്കു കുറ്റം വിധിച്ചാൽ നമ്മുടെ ഹൃദയത്തെക്കാൾ ദൈവം വലിയവനാകുന്നു സകലവും അറികയും ചെയ്യുന്നു.

പുതുതായി ക്രിസ്ത്യൻ പാപം ചെയ്യാതെ യെശുവൊടു ഒത്തവണ്ണം ഈ ഭൂമിയിൽ നടക്കെണ്ടു. ലൊകത്തിന്റെ കൌശലങ്ങളെ അനുസരിക്കാതെ അവൻ തന്നെ കാട്ടു വെളിച്ചം, സ്നേഹ, സത്യങ്ങളിൽ നടന്നു ദൈവകല്പനകളെ അനുസരിച്ചു അവന്നു ഇഷ്ടമായത് ചെയ്യെണ്ടതാകുന്നു. അങ്ങിനെ നടന്നാൽ ഹൃദയം കുറ്റം ചുമത്തുകയില്ല, അവന്നു ദൈവത്തിലെക്ക് ധൈൎയ്യം ഉണ്ടു. അപെക്ഷപ്രകാരം കിട്ടുന്നത് ൧യൊഹ. ൩,൨൨. എങ്കിലും പാപം ചെയ്താൽ കാൎയ്യം വെറെ. അപ്പൊൾ ഹൃദയം കുറ്റം വിധിക്കുന്നു, ധൈൎയ്യവും കെട്ടുപൊകുന്നു; മുമ്പെ പൊലെ പ്രാൎത്ഥിപ്പാൻ കഴികയില്ല. എന്നാൽ നഷ്ടം തിരിഞ്ഞവനായി നരകത്തിലെക്ക് വീഴുകെ ഉള്ളു എന്നു അതിനാലെ വൃഥാ സങ്കടപ്പെടെണമൊ. വെണ്ടാ, യൊഹന്നാൻ എഴുതിയതിതു: എൻ പൈതങ്ങളെ, നിങ്ങൾ പാപം ചെയ്യായ്വാൻ ഞാൻ ഇവറ്റെ നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലൊ, നീതിമാനാകുന്ന യെശുക്രിസ്തൻ എന്നൊരു കാൎയ്യ

സ്ഥൻ നമുക്ക് പിതാവിന്റെ സന്നിധിയിൽ ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. ൧ യൊഹ. ൩ അ: ൨൦. നമ്മുടെ ഹൃദയം തന്നെ നമുക്ക് കുറ്റം വിധിച്ചാൽ, ദൈവം ഹൃദയത്തെക്കാൾ വലിയവൻ ആകുന്നു സകലത്തെയും അറിയുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന ആശ്വാസം അല്പം അല്ല, ദൈവം നമ്മുടെ ചഞ്ചലവും മാറ്റവും ഉള്ള അല്പ ഹൃദയങ്ങൾക്കു സമൻ അല്ല, അവൻ സ്ഥിരവും ഹൃദയ വിസ്താരവും ഉള്ളവൻ. നാം പാപം ചെയ്താൽ അത് മാത്രം വിചാരിച്ചു സങ്കടപ്പെടുന്നു എങ്കിലും ദൈവം എല്ലാം അറിയുന്നു. നമ്മുടെ പാപങ്ങളെ മാത്രം അല്ല, അതിൽ നിന്നു വിട്ടു പോവാനുള്ള ആഗ്രഹവും നമ്മുടെ കുറ്റങ്ങളെയും മാത്രം അല്ല, പുത്രന്നു ഉണ്ടാക്കിയ പ്രായശ്ചിത്തവും കൂടെ നോക്കുന്നു. നാം തെറ്റിപ്പൊയ ആടുകളായിരുന്നു എന്നു മാത്രം അല്ല, മനസ്സതിരിഞ്ഞു പുത്രരായി തിരിച്ചു എന്നും കൂടെ അവൻ അറിയുന്നു, നമ്മുടെ വിചാരങ്ങളെ മാത്രം അല്ല, തന്റെ ആലോചനയെയും കഴിഞ്ഞതും നടക്കുന്നതും മാത്രം അല്ല, വരുവാനുള്ളതിനെയും നമ്മുടെ പൊരാട്ടയെ മാത്രം അല്ല, ശത്രുക്കളുടെ ദുഷ്ടതയെയും നമ്മുടെ ദാരിദ്ര്യം മാത്രം അല്ല, തന്റെ ധനങ്ങളെയും വെളിന്നു. നമ്മുടെ ഹൃദയങ്ങളുടെ വഷളത്വം മാത്രം അല്ല, നമ്മെച്ചുറ്റിക്കിടക്കുന്ന പരീക്ഷകളെയും അന്ധകാര രാജ്യത്തിന്റെ ബലത്തെയും മറ്റും അവൻ പൂർണ്ണമായി അറികകൊണ്ടു തക്ക സമയത്ത് സഹായിപ്പാനും വെണ്ടുന്ന ആശ്വാസവും മറ്റും തരുവാൻ പ്രാപ്തിയുള്ളവനാകുന്നു. ആകകൊണ്ടു പാപികൾ എല്ലാവരും ധൈര്യത്തോടുകൂടെ അവന്റെ അടുക്കൽ ചെല്ലുമാറാക.

൭൮

പിലി. ൧, ൬. നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യെശുക്രിസ്തുവിന്റെ നാളോളം തികെക്കും.

ദൈവത്തിന്നു മനുഷ്യനിൽ ഒരു പ്രവൃത്തി ഉണ്ടു. അതു

നെ അന്തർഭാഗങ്ങളിൽ പിടിച്ചു ആത്മാവിൽ തന്റെ പ്രവൃത്തി യ്ക്ക ആരംഭിക്കുന്നു. അവന്റെ ക്രിയ ആത്മാവിൽ തുടങ്ങിയെങ്കിൽ സകല അവയവങ്ങളിൽ കൂടി പുറപ്പെട്ടു മനുഷ്യനെ മുഴുവനും മാറ്റുന്നു. മനുഷ്യൻ ദൈവത്തെ അപേക്ഷിക്കും മുമ്പെ ഈ പ്രവൃത്തി ആരംഭിക്കുന്നതു. അതു തുടങ്ങിയെ മനുഷ്യൻ അപേക്ഷിച്ചു അപേക്ഷിപ്പാനും ദൈവവചനത്തിൽ പ്രയോജനം ഉണ്ടാകുമാറു വായിച്ചു ദെവൊസ്ഥമായതിനെ ഷെഷ്ഠാനും പ്രാപ്തി വരുന്നുള്ളൂ. അവൻ വിശ്വസ്തനായി അതിനെ നടന്നാൽ ദൈവപ്രവൃത്തി അവന്റെ ഉള്ളിൽ വർദ്ധിച്ചു ദിവസേന പുതിയ ഫലങ്ങളെ പുറപ്പെടുവിക്കുന്നു എങ്കിലും ദൈവം മനുഷ്യന്റെ ഇഷ്ടത്തിന്നും സ്ഥലം കൊടുക്കകൊണ്ടു ആയവൻ ദിവ്യപ്രവൃത്തിയെ തടുപ്പാൻ കഴിയും. അപ. പ്രവൃ. ൭, ൫൧. ഒരു പിതാവിന്നു തൻ മക്കളെ പിടിപ്പാൻ കഴിയും അല്ലോ, എങ്കിലും അവരെ നിർബന്ധത്തോടെ വലിച്ചാൽ അല്ല നടത്തുവാൻ അത്ര മനസ്സാകകൊണ്ടു തൻ ഇഷ്ടമുള്ള കുട്ടികളെ ചിലപ്പോൾ കൈയിൽനിന്നു വിട്ടു സ്വന്ത വഴിയിൽ നടപ്പാൻ സമ്മതിക്കുന്നതു പോലെ ദൈവവും മനുഷ്യനു പലപ്പോഴും ചെയ്യുന്നു. അവന്നു ശക്തി വേണ്ടുവോളം ഉണ്ടെങ്കിലും ആരെയും തൻ പ്രവൃത്തിയെ ഹൃദയത്തിൽ നടത്തുവാൻ നിർബ്ബന്ധിക്കയില്ല. ദൈവത്തിന്റെ നല്ല പ്രവൃത്തിയെ വിരോധിച്ചു മനസ്സിൽനിന്നു തള്ളിക്കളയുന്നവന്നു കഷ്ടം.

ദൈവം തന്റെ പ്രവൃത്തിയെ ആരംഭിപ്പാൻ മാത്രമല്ല, തികെക്കപ്പാനും മനസ്സാകുന്നു. അവൻ അതിനെ ഏതുപ്രകാരം ചെയ്യുന്നു എന്നു തെളിയിച്ചു പറവാൻ വിഷമം തന്നെ. അവൻ ജീവിപ്പിപ്പാൻ, കൊല്ലുന്നു. ആശ്വസിപ്പിപ്പാൻ, ദുഃഖിപ്പിച്ചു പണിയിപ്പാൻ, ഇടിച്ചുകളകയും ചെയ്യുന്നു. അവൻ ഇരുട്ടിൽ നിന്നു വെളിച്ചം വരുത്തി ബലഹീനന്മാരിൽ തന്റെ ശക്തിയെ കാട്ടി മനുഷ്യനെ ഉപദേശിക്കയും വലിക്കയും ചെയ്യുന്നു.

അവനെ ഭൂഷിയന്നും തന്നൊട്ട ചെൎക്കുവാന്നും പരിശുദ്ധാത്മമൂലം തന്റെ ആലയം ആക്കുവാന്നും മനസ്സാകുന്നു. ഈ പ്രവൃത്തിക്ക തികവു വരുത്തുവാൻ ദൈവം ഒരു സമയം നിശ്ചയിച്ചു. കൎത്താവായ യെശു ക്രിസ്തന്റെ നാൾ തന്നെ, ആനാൾക്ക മുമ്പെ നാം അങ്ങിനെ സമ്മതിക്കുന്നില്ല എങ്കിൽ അതു ഒരു നാളും നമ്മിൽ തുടങ്ങുകയില്ല, പിന്നെ കൎത്താവിന്റെ നാളിൽ ദൈവത്തിന്റെ പ്രവൃത്തി മനസ്സിൽ ഇല്ലാത്തവൎക്ക കഷ്ടം എന്നെ പറയാവു.

൭൭

യൊഹ. ൧൭, ൫. അവൻ [പരിശുദ്ധാത്മാവ്] എന്നെ മഹത്വപ്പെടുത്തും.

യെശു ഇഹലൊകത്തെ വിട്ടു പരലൊകത്തിലെക്ക തിരിച്ചു പൊകെണ്ടിയ സമയം വന്നപ്പൊൾ തന്റെ പിതാവിനൊടു ലൊകം ഉണ്ടാകുന്നതിന്ന മുമ്പെ ഇനിക്ക നിന്നൊടുകൂടെ ഉണ്ടായ മഹത്വത്താൽ നിന്നൊടുകൂടെ തന്നെ എന്നെ മഹത്വപ്പെടുത്തെണമെ എന്ന അപെക്ഷിച്ചു. അതിന്ന മുമ്പെ അവൻ ശിഷ്യന്മാരൊടു സത്യാത്മാവ് വന്ന എന്നെ മഹത്വപ്പെടുത്തും എന്ന വാഗ്ദത്തം ചെയ്തു. പിതാവിന്റെ അടുക്കൽ അവന്റെ മാനുഷത്വം ദിവ്യത്വത്തെ ധരിക്കെണ്ടതിന്ന അവൻ പിതാവൊടു അങ്ങിനെ അപെക്ഷിച്ചത്. മനുഷ്യരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ്, യെശുവിനെ മഹത്വപ്പെടുത്തുന്നത്, അവനെ ദൈവപുത്രൻ എന്ന് അറിഞ്ഞു വിശ്വസിക്കെണ്ടതിന്ന പ്രാപ്തി വരുത്തുന്നതിനാൽ തന്നെ. അവൻ പിതാവിനൊടു, ഞാൻ ഈ ലൊകത്തിൽ നിന്നെ മഹത്വപ്പെടുത്തി, നി എനിക്ക് ലൊകത്തിൽ നിന്ന തന്നിട്ടുള്ള മനുഷ്യൎക്ക നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു എന്ന പറഞ്ഞപ്രകാരം പരിശുദ്ധാത്മാവ് അവനെ മനുഷ്യരിലും മഹത്വപ്പെടുത്തുന്നത്. യെശു ഭൂമിയിൽ ഇരുന്നപ്പൊൾ ഒരിക്കലും ഞാൻ ദൈവം

ന്നുകുന്നു എന്നു സ്പഷ്ടമാക്കി പറഞ്ഞില്ല, മനുഷ്യനായതിനാൽ അങ്ങിനെ പറവാൻ അവന്നു ന്യായമില്ല. തന്റെ കഷ്ടമരണങ്ങളുടെ ഫലവും അവൻ വിവരമാക്കി അറിയിച്ചില്ല എങ്കിലും ദൈവത്തിന്നു മാത്രം ചെയ്വാൻ കഴിയുന്ന ക്രിയകളെ അവൻ ചെയ്തു ദൈവത്തിന്നു മാത്രം വാഗ്ദത്തം ചെയ്വാനും കല്പിപ്പാനും ന്യായമുള്ളതു യെശുവും ചെയ്തു താൻ ദൈവപുത്രൻ എന്നും തന്നെക്കൂടാതെ രക്ഷ പ്രാപിക്കേണ്ടതിന്നു കഴികയില്ല എന്നും സ്പഷ്ടമാക്കി അറിയിച്ചു. എന്നിട്ടും അപൊസ്തലന്മാൎക്ക; അവനെക്കൊണ്ടു എല്ലാം തെളിവായി വന്നപ്രകാരം കാണുന്നില്ല. യെശു അതിനെ അറിഞ്ഞു അവരൊടു ഇനിയും പറവാൻ ഉണ്ടു എങ്കിലും നിങ്ങൾക്ക അത ഇപ്പൊൾ സഹിച്ചുകൂടാ; സത്യാത്മാവു വരുമ്പൊൾ നിങ്ങളെ സകല സത്യത്തിലെക്ക വഴി നടത്തും. അവൻ എന്നെ മഹത്വപ്പെടുത്തും എന്നു പറഞ്ഞു അതിന്റെ അൎത്ഥം മനുഷ്യൎക്ക എന്നെക്കൊണ്ടു അറിവാൻ കഴിയുന്നതു അവൻ നിങ്ങൾക്ക അറിയിക്കും എന്നത്രെ. ഈ വാഗ്ദത്തം അപൊസ്തലരിൽ നിവൃത്തിയായിവന്നപ്രകാരം അവരുടെ ലെഖനങ്ങളെ വായിച്ചാൽ അറിയാം. എങ്കിലും പരിശുദ്ധാത്മാവ അപൊസ്തലന്മാരിൽ മാത്രമല്ല, യെശുവിനെ മഹത്വപ്പെടുത്തി അവനെ അറിഞ്ഞു വിശ്വസിക്കുന്നവരെല്ലാവരിലും അങ്ങിനെ ചെയ്തുവരുന്നു. അതുകൊണ്ടു നാം തന്റെ പുത്രനെ പരിശുദ്ധാത്മാവെക്കൊണ്ടു നമ്മിൽ വെളിപ്പെടുത്തെണ്ടതിന്നു പിതാവിനൊടു ഇടവിടാതെ അപെക്ഷിക്കെണ്ടതാകുന്നു.

൫൩

ലൂക്ക. ൨൧, ൩൫. ഭൂമിയിൽ കുടിയിരിക്കുന്നവരല്ലാവരുടെമെൽ ആയതു ഒരു കണി പൊലെ വരും.

രാത്രിയിൽ ഒരു കള്ളനെ പൊലെ കൎത്താവിന്റെ നാൾ വരും എന്നും മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാ

റൊളം പ്രകാശിക്കുന്ന പ്രകാരം മനുഷ്യപുത്രന്റെ വരവും ഉണ്ടാകും എന്നും ഓൎത്താൽ കൎത്താവിന്റെ വരവു പെട്ടന്നും ഞങ്ങൾ നിനയാത്ത സമയത്തും ഉണ്ടാകും എന്നറിയാം. ആകയാലിന്നു മുമ്പെ സൂൎയ്യ, ചന്ദ്രാദികളിലും ഭൂമി, സമുദ്രങ്ങളിലും മനുഷ്യരിലും ഓരോ അടയാളങ്ങൾ ഉണ്ടായാലും ദുഷ്ടന്മാരും വിശ്വാസികളും വിചാരിക്കാത്ത സമയം കൎത്താവു വരും. മത്താ. ൨൪, ൪൪. ൫൦. അതിന്നു മുമ്പെ സ്വന്ത മോഹപ്രകാരം നടന്നു ലോകാവസാനത്തെ കുറിച്ചുള്ള ഉപദേശം ഇല്ലാതാക്കുവാൻ പല പരിഹാസികൾ നോക്കും. ൨ പേത്രു. ൩, ൩. ൪. അവരെ അനുസരിക്കുന്നവരും ഉണ്ടാകും. അത് കൂടാതെ ജലപ്രളയത്തിന്നും സദൊം പട്ടണനാശത്തിന്നും മുമ്പെയുള്ളവർ ഒന്നും വിചാരിക്കാതെ ഭക്ഷിച്ചും കുടിച്ചും വിവാഹം ചെയ്തും വിവാഹത്തിന്നു കൊടുത്തും വാങ്ങി വില്ക്കയും നട്ടുപണികയും ചെയ്തതു പൊലെ കൎത്താവിന്റെ വരവിന്നു മുമ്പെ മനുഷ്യർ മിക്കവാറും ലൌകിക കാൎയ്യങ്ങളിൽ രസിച്ചു നിൎഭയരും പൊങ്ങു ലഘു ബുദ്ധികളായി നടക്കും. പത്തു കന്യകമാരുടെ ഉപമയെ ഓൎത്തുകൊൾക. അതുകൊണ്ടു കൎത്താവു തന്റെ നാൾ ഒരു കണി പൊലെ എല്ലാ ഭൂവാസികളുടെ മെൽ വരും എന്ന പറഞ്ഞത്, ലൂക്ക്. ൨൧, ൩൫. ദുഷ്ടന്മാൎക്കു മാത്രം അല്ല, നീതിമാന്മാൎക്കും ഭയവും സങ്കടവും ഉണ്ടാകും. കൎത്താവു മെഘങ്ങളൊടു കൂട വരുമ്പോൾ ഭൂമിയിലുള്ള സകല ഗൊത്രങ്ങളും അവനെ കുറിച്ചു പ്രലപിക്കും. വെളി. ൧, ൭. അതിന്നു മുമ്പെ ദൈവം അവരെ ഇഷ്ടം പൊലെ നടപ്പാൻ സമ്മതിക്കകൊണ്ടു അവരിൽ ദ്വെഷിക്കയും ചതിക്കയും ഉപക്കയും ചെയ്യു പ്രകാരം അവർ അറിഞ്ഞില്ല എങ്കിലും ആ നാളിൽ തങ്ങൾക്കു തോന്നുന്ന പ്രകാരം അല്ല, ന്യായാധിപതി കല്പിക്കും പ്രകാരം അവർ ഒരുമിച്ചു കൂടുകയും നില്ക്കയും നടക്കയും ചെയ്യേണ്ടിവരും. അവന്റെ മുമ്പാകെ അന്യശക്തിയാ

തെ നില്പാൻ പ്രാപ്തിയുള്ളവൻ ധന്യൻ. ആ ഭയങ്കരനാൾ ഇന്നൊ, നാളയൊ വരും എന്ന് അറിയായ്കകൊണ്ടു നിത്യം ഒരുങ്ങി നില്ക്കുന്നതു തന്നെ നല്ലതു. ഈ ദിവസവും യെശുവിന്റെ സെവകയിൽ ഉത്സാഹിച്ചു പ്രാൎത്ഥന, ഉണൎച്ചകളൊടു കൂടെ അവന്റെ വരവിന്നായി നൊക്കിപാൎക്കുന്നത്, നാമെല്ലാവരുടെ ഉദ്യൊഗം. ഉണൎന്നുകൊണ്ടു നടക്കുന്നവർ കണിയിൽ വിഴുവാൻ സംഗതി ഇല്ല. കൎത്താവ് വരുന്നു, അതുകൊണ്ടു ഉണൎന്നിരിക്ക. ഇത് നമുക്ക് പൊൎവിളിയായി ഇന്നും അവസാനത്തൊളവും ഉത്സാഹം വൎദ്ധിപ്പിക്കെണമെ.

൭൯

ലൂക്ക. ൨, ൧൧. ഇന്നു തന്നെ ഒരു രക്ഷിതാവ്, നിങ്ങൾക്കായി ജനിച്ചു.

രക്ഷിതാവ് എന്ന വാക്കിന്റെ അൎത്ഥം അറിഞ്ഞു നങ്ങൾക്കു ഒരു രക്ഷിതാവെക്കൊണ്ടു ആവശ്യം തന്നെ എന്നു ബൊധിച്ചിരിക്കുന്നവൎക്ക ഇത് സദ്വൎത്തമാനം ആകുന്നു. നിങ്ങൾക്കു ഒരു രക്ഷിതാവ് ജനിച്ചു പ്രകാരം എല്ലാ മനുഷ്യരൊടു അറിയിക്കെണമെന്ന ദെവകല്പന. ഈ രക്ഷിതാവ് എല്ലാവൎക്കായി തന്നെ വെളിയാക്കി സൎവ്വലൊകപാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു. മനുഷ്യർ എല്ലാവരും പാപകടലിൽ മുങ്ങി അശുദ്ധന്മാരും ദൈവത്തിന്റെ ശത്രുക്കളുമായി തീൎന്നു തങ്ങളെ രക്ഷിപ്പാൻ കഴിയാതെ പിശാചിന്റെ വശത്തിൽ നിന്നു പുറപ്പെട്ടു ദൈവത്തൊടു ചെൎന്നുവരെണ്ടതിന്നു ഒരു ഗതിയും പ്രാപ്തിയും ഇല്ലാത്തവരായി പൊയി എന്നു ദൈവവചനം സ്പഷ്ടമായി അറിയിക്കുന്നു. ഇതിനെ വിശ്വസിച്ചു തന്റെ വഷളത്വവും പൊരായ്കയും വരുവാനുള്ള നിത്യ നരകവും അറിഞ്ഞു ഭയപ്പെടുന്നവർ ഈ സദ്വൎത്തമാനം സന്തൊഷത്തൊടെ കൈക്കൊള്ളുന്നു സംഗതി ഉണ്ടു നിശ്ചയം. അതെ ഒരു രക്ഷിതാവ് ജനി

ച്ചു എന്ന എല്ലാവരും കെട്ടു വിശ്വസിച്ചുകൊള്ളിൻ. അതിന്ന
ഒരു സംശയവും വെണ്ടാ. ബാലിശന്മാർ ഈ വർത്തമാനം
സ്തുതിഗാനങ്ങളെ പാടി എല്ലാവരുടെ സന്തൊഷത്തിന്നായി
അറിയിച്ചുവല്ലൊ. ശുദ്ധന്മാർക്കായിട്ടല്ല, അവർക്ക രക്ഷ വെ
ണ്ടയല്ലൊ; അശുദ്ധന്മാർക്കായിട്ടത്രെ, അവരെ ദൈവം
നരകത്തിലെക്ക തള്ളിക്കളഞ്ഞു ന്യായവിധിക്ക പാർപ്പിക്കയും
അന്ധകാരത്തിലെ ശൃംഖലകളിലെക്ക ഏല്പിക്കയും ചെയ്യുവ
ല്ലൊ. നമുക്കായിട്ടു തന്നെ അവൻ ജനിച്ചു മരണനിഴലിലും പാ
പത്തിന്റെ ഇരുട്ടിലും കിടക്കുന്ന മനുഷ്യവംശത്തിൽ ദൈവം മ
നസ്സലിഞ്ഞു കെട്ടുകളെല്ലാം അഴിച്ചു വെളിച്ചവും സ്വാതന്ത്ര്യ
വും വരുത്തി നമ്മെ വെടിപ്പാക്കി തന്നൊടു ചെർക്കെണ്ടതിന്നു ഒ
രു രക്ഷിതാവിനെ അയച്ചു. ആയവൻ മനുഷ്യൻ മാത്രം അ
ല്ല, ദൈവവും ആകകൊണ്ടു രക്ഷയെ പൂർണ്ണമാക്കി നിവൃത്തി
ക്കെണ്ടതിന്നു ശക്തൻ ആകുന്നു. ആയവൻ രാത്രിസമയത്തു
ബെത്ലെഹെമിൽ വെച്ചു മറിയ എന്ന കന്യകയിൽനിന്നു പ
രിശുദ്ധാത്മാവിനാൽ ഉല്പാദിതനായി ജനിച്ചു. ഇങ്ങിനെ പി
താവു തനിക്ക നിവൃത്തിപ്പാൻ ഏല്പിച്ച അത്ഭുതമായ രക്ഷാ
ക്രിയയെ എടുത്തു പൂരിപ്പിപ്പാൻ ലൊകത്തിലെക്ക വന്നതു നി
ശ്ചയം. ഇത നമ്മുടെ വിശ്വാസത്തിന്റെ നങ്കൂരം. ഈ വർത്തമാ
നം ലൊകത്തിൽ നിന്ന നീങ്ങും എങ്കിൽ അത നരകം ആയിതീ
രും. തന്റെ പുത്രനെ നമുക്ക രക്ഷിതാവാക്കി അയച്ച ബാ
വാ പിതാവിന്ന സ്തൊത്രം. ജഡരക്തങ്ങളെ എടുത്തു നമു
ക്ക പൂർണ്ണമായി ഒരു രക്ഷയെ നിവൃത്തിച്ച ദൈവപുത്രനായ
യെശുവിന്ന സ്തൊത്രം. ദൈവപുത്രന്റെ നാമത്തിൽ വിശ്വ
സിച്ചു ഇത്ര രക്ഷയെ പ്രാപിക്കെണ്ടതിന്ന നമ്മെ ഉണർത്തു
ന്ന പരിശുദ്ധാത്മാവിന്ന സ്തൊത്രം. ഒരു രക്ഷിതാവു ജനിച്ചു
എന്ന വർത്തമാനം ജീവനിലും മരണത്തിലും ഞങ്ങളുടെ പ്രശം
സയായി നില്ക്ക, ഹല്ലെലൂയാ.

൭൫

യൊഹ. ൫, ൨൭. അവൻ [യെശു] മനുഷ്യപുത്രനാകകൊണ്ട ന്യായവിധിക്കും നടത്തുവാൻ [പിതാവ്] അവന്ന അധികാരം കൊടുത്തു.

യെശു തന്റെ മാനുഷത്വം സ്വൎഗ്ഗത്തിൽനിന്ന അല്ല കൊണ്ടുവന്നത മറിയയിൽനിന്ന എടുത്തിട്ട ഖെദങ്ങൾക്കു ഒഹരിയുള്ളവനായി തീൎന്നതിനാൽ മനുഷ്യപുത്രൻ എന്ന പെരും എടുത്തു. പലപ്പൊഴും അവൻ ദൈവം തന്റെ പിതാവെന്നും താൻ ദൈവപുത്രനെന്നും മനുഷ്യപുത്രനെന്നും പറഞ്ഞു പിതാവ മനുഷ്യപുത്രനായ തനിക്ക ന്യായവിധിയും നടത്തുവാൻ അധികാരം കൊടുത്തു എന്നും താൻ മനുഷ്യപുത്രനായി മരിച്ചവരെ ഉയിൎത്തെഴുനില്പിക്കും എന്നും അറിയിച്ചു. മഹത്വമുള്ള മനുഷ്യപുത്രനായി അവൻ അവസാനത്തിൽ വന്ന വെളുത്ത സിംഹാസനത്തിൽ ഇരുന്ന മൺ മരിച്ചവർ എല്ലാവരെയും തന്റെ ശബ്ദം കെള്പിച്ചു നന്മ ചെയ്തവരെ ജീവന്റെ ഉയിൎപ്പിലെക്കും ദൊഷം ചെയ്തവരെ ശിക്ഷാവിധിയുടെ ഉയിൎപ്പിലെക്കും പുറപ്പെടിക്കും. മനുഷ്യപുത്രനായി അവൻ ന്യായവിധിനാളിൽ തന്റെ സഹൊദരന്മാരായ മനുഷ്യരൊട സംസാരിച്ചു അവർ ചെയ്ത ഗുണദൊഷങ്ങളെ തനിക്ക ചെയ്ത പ്രകാരം വിധിക്കും. അവൻ മനുഷ്യപുത്രനാകകൊണ്ട പല സഹൊദരന്മാരിൽ ആദ്യ ജാതനായി അവരെ ദൈവത്തിന്റെ അവകാശികളാക്കി അവരൊടു എൻ പിതാവിന്റെ അനുഗ്രഹീതന്മാരെ വരുവിൻ, ലൊകാരംഭം മുതൽ നിങ്ങൾക്കു ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമായി അനുഭവിച്ചുകൊൾവിൻ എന്ന കല്പിക്കും. ദൈവപുത്രൻ മനുഷ്യപുത്രനുമാകകൊണ്ടു ഇരുവും മദ്ദും ഉണ്ടാകും. കൎത്താവായ യെശു മനുഷ്യപുത്രനായി ഒന്നും തള്ളിച്ചെട്ടില്ല. പിതാവ അവന്ന എല്ലാം എല്പിച്ചുകൊടുത്തു. പിന്നെ അവന്റെ

ഇഷ്ടം സകലത്തിലും പിതാവിന്റെ ഇഷ്ടത്തൊടു ഒത്തുവരികകൊണ്ടു തനിക്ക ലഭിച്ച അധികാരം എത്രയും സൂക്ഷ്മമായി ദൈവത്തിന്റെ ഇഷ്ട പ്രകാരം നടന്നു.

ന്യായവിധിയെ നടത്തുവാനുള്ള അധികാരം അത്യന്തം വലിയത. ആയതിനെ നടത്തുന്നവൻ എല്ലാ മനുഷ്യരെയും ആദിമുതൽ അവസാനത്തൊളം അവർ ചെയ്ത സകല ക്രിയകളെയും ഹൃദയങ്ങളിൽ നടന്ന വിചാരങ്ങളെയും അറിഞ്ഞു തികഞ്ഞ നീതിമാനായിരുന്ന ഒരു നാളും മാറാത്ത വിധിയെ കല്പിച്ചു നടത്തുവാൻ ശക്തിമാനും ആയിരിക്കണം. ന്യായവിസ്താരത്തിന്ന ഇതെല്ലാം ആവശ്യമുള്ളു എന്നു ഒൎത്താൽ പിതാവു മനുഷ്യപുത്രനായ യെശുവിന്ന കൊടുത്ത അധികാരം എത്രയും അത്ഭുതമായത സ്പഷ്ടം. ഈ അധികാരത്തെ അവൻ നടത്തുന്ന സമയം നമുക്ക നാശം അല്ല നിത്യജീവൻ തന്നെ അവകാശമായി വരെണ്ടതിന്ന ഇന്നും ഉണൎന്നുകൊണ്ടു പ്രാൎത്ഥിക്കുന്നതു ആവശ്യം തന്നെ.

൫൩

റൊമ. ൫, ൧൦. ശത്രുക്കളായ നമുക്കല്ലൊ, അവന്റെ പുത്ര മരണത്താൽ ദൈവത്തൊടു നിരപ്പു വന്നു.

യെശു ക്രൂശിൽ നിന്നു മരിച്ചു തന്റെ ജീവനെ ബലിയാക്കി അൎപ്പിച്ചപ്പൊൾ, ലോകത്തിന്ന ദൈവത്തൊടു ഇണക്കവും നിരപ്പും വന്നു. മനുഷ്യവംശം മുഴുവനും അന്നു ദൈവത്തിന്റെ ശത്രുക്കളും നിത്യനാശത്തിന്ന യൊഗ്യന്മാരുമായിരുന്നു. ദൈവപുത്രന്റെ മരണത്തിൽ ഉളവായി വന്ന പ്രായശ്ചിത്തത്തിന്റെ ഫലം യെശുവിന്റെ ജീവശക്തിയെ ധരിച്ചു അനുതാപവും വിശ്വാസവും ശുദ്ധീകരണവും ലഭിച്ചവരുടെ നിത്യരക്ഷ തന്നെ. എല്ലാ മനുഷ്യൎക്ക തങ്ങളുടെ ശത്രുത്വം നിത്യനാശത്തിന്ന കണക്കിടുവാൻ ദൈവത്തിന്നു ന്യായം ഉണ്ടായിരുന്നു എങ്കിലും അവൻ ക്രിസ്തുനിൽ ലോകത്തിന്ന തന്നൊടു

ഇണക്കം വരുത്തുകയതിനാൽ അവരുടെ പാപങ്ങളെ കണക്കിടാതെ നിരപ്പിന്റെ വചനം അവരിൽ ഭരമേല്പിച്ചു നിങ്ങൾ ദൈവത്തൊടു ഇണങ്ങി വരുവിൻ എന്നും അവന്റെ പുത്രന്റെ മരണത്താൽ രക്ഷയെ പ്രാപിച്ചുകൊണ്ടു അന്നു വിരോധമായ ശത്രുത്വത്തെ നീക്കി കളവിൻ എന്നും എല്ലാവരൊടു അറിയിക്കുന്നു. ൨ കൊറി. ൫. ൧൮. ൧൯. ഒരുവന്റെ നീതിയാൽ നീതീകരണം എല്ലാ മനുഷ്യരിൽ വന്നു. രൊമ. ൫. ൧൮. എല്ലാവരും നിത്യജീവൻ ഉണ്ടാകെണ്ടതിന്ന ഒരുവഴി സാധിച്ചു. ദുഷ്ടന്റെ മരണത്തിൽ അല്ല, അവന്റെ മാനസാന്തരത്തിലും ജീവനിലും അത്രെ ദൈവത്തിന്ന ഇഷ്ടം ഉണ്ടു. ആരും നശിച്ചു പൊകാതെ എല്ലാവരും അനുതാപത്തിലെക്കും സത്യത്തിന്റെ അറിവിലെക്കും നിത്യജീവനിലെക്കും വരെണം എന്ന ദൈവത്തിന്റെ വാഞ്ഛ. ഈ മഹാ കരുണയുടെ ഉറവു ക്രിസ്തുന്റെ മരണം കൊണ്ടു. ഉണ്ടായ ഇണക്കത്തിൽ ആകുന്നു. തങ്ങൾ ദൈവത്തിന്റെ ശത്രുക്കൾ എന്ന സമ്മതിക്കുന്നവരെല്ലാവരും യെശുവിന്റെ മരണം കൊണ്ടു തങ്ങൾക്കു ദൈവത്തൊടു ഇണക്കം വന്നു എന്ന വിശ്വസിച്ചു അടുത്തു ചെന്നു പാപം വിട്ടു പിരിഞ്ഞു രക്ഷക്കായി വെണ്ടുന്നതൊക്കയും അവനൊടു അപെക്ഷിക്കാം. ഇങ്ങിനെ അടുത്തു ചെല്ലുന്നൊരും മനസ്സിലെ ശത്രുത്വം നീങ്ങി പരിശുദ്ധാത്മാവ് ഹൃദയത്തിൽ പകൎന്നുവരുന്നു. തന്റെ പുത്രന്റെ മരണത്താൽ നാം ദൈവത്തൊടു ചെൎന്നുവന്നു എങ്കിൽ അവന്റെ ജീവനാൽ നിത്യരക്ഷയെ പ്രാപിപ്പാൻ സംഗതി ഉണ്ടല്ലൊ. യെശുവിന്റെ മരണം കൊണ്ടു നമ്മുടെ മെൽ ഭാരമായി കിടന്ന ശാപം നീങ്ങി പൊയതിനാൽ അവന്റെ ജീവശക്തികൊണ്ടു സൎവ്വ സങ്കടങ്ങളിൽ നിന്ന പൂൎണ്ണ ഉദ്ധാരണം വിശ്വസിക്കുന്ന എല്ലാവൎക്കും വരും നിശ്ചയം. അതിന്ന അവൻ പിന്നെയും മരിക്കെണ്ടതല്ല, ദൈവത്തൊടു അവരെ ചെൎക്കെണ്ടതിന്ന അവൻ മരണം ഏറ്റു. രക്ഷിക്കെണ്ടതിന്ന

തന്റെ ജീവശക്തിയെ പ്രയോഗിക്കുന്നത്. ഇത്രയും ഉന്നതമുള്ള വിശേഷങ്ങൾ ഈ ദിവസത്തിലും എന്റെ ശരണം ആകിരിക്ക.

൩൦

൧ തെസ്സ. ൧, ൧൦: യേശു നമ്മെ വരുന്ന കോപത്തിൽനിന്നു ഉദ്ധരിക്കുന്നവനാകുന്നു.

ദൈവത്തിന്നു സ്നേഹം മാത്രമല്ല, എല്ലാദുഷ്ടന്മാരുടെമേൽ കോപവും ഉണ്ടു. കരുണയെ നിരസിക്കുന്നവരിൽ ദൈവകോപം പലപ്പോഴും ജ്വലിച്ചു. ഈ ഭൂമിയിൽ ഇരിക്കുമ്പോൾ തന്നെ ഘോരശിക്ഷകളെ കൊണ്ടു ദൈവം അത് അവൎക്ക സ്പഷ്ടമായി കാണിക്കുന്നു. സങ്കീ. ൯൦, ൩. യശാ. ൩, ൧൨. ൩൦, ൧ ലൂക്ക. ൨൧, ൨൩. എങ്കിലും വരുവാനുള്ള കോപം അധികം ഭയങ്കരമുള്ളതു. ദൈവത്തിന്റെ ദീൎഘശാന്തിയും അനുതാപം ചെയ്തു വിശ്വസിപ്പാൻ ഓരോ മനുഷ്യന്നു ഉണ്ടായ സമയങ്ങളും കഴിഞ്ഞു നീതിയുള്ള ന്യായാധിപതി സകല പാപങ്ങളെ വെളിവാക്കി ഓരോരുത്തൎക്കു ക്രിയകൾക്കു തക്കവണ്ണം പകരം ചെയ്യുമ്പോൾ തന്നെ ആ കോപം ആരംഭിക്കും. അതിന്റെ വിവരം ൨ തെസ്സ. ൧, ൭. ൮. എഴുതിക്കിടക്കുന്നു. എങ്ങിനെ എന്നാൽ, കൎത്താവായ യേശു തന്റെ ശക്തിയുടെ ദൂതരുമായി സ്വൎഗ്ഗത്തിൽനിന്നു ജ്വാലാഗ്നിയിൽ വന്നു വെളിപ്പെട്ടു ദൈവത്തെ അറിയാത്തവൎക്കും സുവിശേഷത്തെ അനുസരിയാത്തവൎക്കും പ്രതികാരം കൊടുക്കുമ്പോൾ തന്നെ ആയവർ കൎത്താവിൻ മുഖത്തിൽനിന്നും അവന്റെ ഊക്കിൻ തേജസ്സിൽനിന്നും സംഹാരം ആകുന്ന ദണ്ഡനത്തെ അനുഭവിക്കും എന്നത്രെ. നമ്മെ ഈ ഭയങ്കരമുള്ള കോപത്തിൽനിന്നു ഉദ്ധരിച്ചതിനാൽ യേശുവിനെ നാം സ്തോത്ര മനസ്സുകൊണ്ടു സ്തുതിച്ചു ഈ ഉദ്ധാരണം നിമിത്തം സന്തോഷിക്കുന്നതു യോഗ്യമല്ലയൊ. പാപം നിമിത്തം ദൈവം ആദാം,

ചെയ്യു എന്നവരൊടും അവരുടെ സകല മക്കളൊടും കല്പിച്ചു ദൈവം ഇവസ്ഥത്തിൽ നിന്ന ഒരുത്തനെയും ഉപെക്ഷിച്ചില്ല അവ രൊഷിക്ക ഐശ്വര്യവും ദാരിദ്ര്യവും ഉള്ളതാകുന്ന. അന്യ തൽ മനുഷ്യരുടെ മെൽ കിടക്കുന്ന ശാപവും സങ്കടങ്ങ ളു അവൻ നീക്കി കളഞ്ഞില്ല അതുകൊണ്ട പല ദുഃഖങ്ങളെ അനുഭവിക്കെണ്ടി വന്നാലും എന്റെ പാപം ഒക്കെയും ദൈവ ത്താൽ ക്ഷമിക്കപ്പെടുന്ന എന്ന വിചാരിക്കുന്നവർക്ക ആശ്വാസ മുണ്ട. എന്റെ വ്യവഹാരത്തെ വ്യവഹരിച്ചു എനിക്ക ന്യായം വി ധിക്കുന്നതുവരെയും ഞാൻ അവന്റെ ക്രൊധത്തെ വഹി ക്കും. ഞാൻ അവനു വിരൊധമായി പാപം ചെയ്തുവല്ലൊ. അ വൻ എന്നെ പ്രകാശത്തിലെക്ക വരുത്തും ഞാൻ അവന്റെ നീതിയെ കാണുകയും ചെയ്യും, മീഖ. ൭, ൯. എന്ന പറവാൻ ന്യായം ഉണ്ട. അനെകരും പല കഷ്ടങ്ങളെകൊണ്ടു ദൊഷമുള്ളവരാകുന്നില്ല മനുഷ്യരും സഹിക്കെണ്ടി വരുന്ന ദൈവകൊപം ദുർമ്മാർഗ്ഗങ്ങളുടെ ശിക്ഷയും അല്ല, ശുദ്ധീകരണ വും അല്ലൊ. യൊഹ. ൯, ൩. പൂർവ്വകാലത്ത് അ നെകം ശൊധന മാത്രമായിട്ട പലതും സഹിക്കെണ്ടിവ രുന്നു. അതുകൊണ്ടു അനെകം കാലത്തിൽ പലവിധമായി പാ ഞ്ഞ വിശുദ്ധന്മാരും അപ്പൊസ്തൊലന്മാർ. ദൈവത്തിന്റെ ഭാരമു ള്ളവർ, ദൈവത്തിന്റെ തിരുമാലകൾ, ഉപ്പ, വെളിച്ചം, ദെ വദൂതന്മാർ എന്നിവരെയും പെടിക്കെണ്ടാ എങ്കിലും വരുവാനു ള്ള കൊപത്തിൽ നിന്ന ദൈവമെ ഞങ്ങളെ എല്ലായ്പൊഴും കാത്തു രക്ഷിക്കെണമെ.

൧൭

യൊഹ. ൧൪, ൧൪. നിങ്ങൾ എന്റെ നാമത്തിൽ എ ന്തെങ്കിലും യാചിച്ചാൽ ഞാൻ അത ചെയ്യും.

യാചിപ്പാനും സ്തുതിപ്പാനും ഇങ്ങിനെ മഹത്വമുള്ള ദൈവത്തൊ ടു സംസാരിക്കുന്നതു മനുഷ്യന്ന വലിയ മാനവും കരുണയും ആ

ക്കുന്നു. പുത്രന്റെ ആത്മാവ മൂലം ദൈവത്തൊട പിതാവെ
ന്ന പറഞ്ഞ അപെക്ഷിക്കുന്നത അധികം മാറ്റമുള്ളത. പി
ന്നെ ഈശൊവിന്റെ നാമത്തിൽ ദൈവത്തൊട അപെക്ഷിക്കു
ന്നതു പുതിയ നിയമത്തിന്ന തക്കത ആകുന്നു. പഴയ നിയമകാ
ലത്തിൽ വിശ്വാസികളായ ഇസ്രായെലർ യഹോവയൊടു പ്രാ
ൎത്ഥിച്ചു അവർ തങ്ങളുടെ ദൈവവും പിതാക്കന്മാരൊടു ക
രാർ നിശ്ചയിച്ചു പല വാഗ്ദത്തങ്ങളെ ചെയ്തവനും ആക
കൊണ്ട അവനിൽ ആശ്രയിച്ചു അനുഗ്രഹങ്ങളെ ലഭിക്കയും ചെ
യ്തു. ഈശൊ പലപ്പൊഴും ദൈവത്തെ തനിക്കും സൎവ്വ വിശ്വാ
സികൾക്കും പിതാവെന്നും വിളിച്ചു നീ എനിക്ക ലോകത്തിൽ
നിന്ന തന്നിട്ടുള്ളവൎക്ക ഞാൻ നിന്റെ നാമം അറിയിച്ചു യൊ
ഹ. ൧൭, ൬. എന്ന പറഞ്ഞ ശിഷ്യന്മാൎക്ക ഒരു പ്രാൎത്ഥ
നയെ പഠിപ്പിക്കയും ചെയ്തു. ആയതിന്റെ ഒന്നാമത്തെ വാ
ക്ക സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന ആകു
ന്നു. അതിനാൽ ശിഷ്യന്മാർ സംശയം കൂടാതെ തങ്ങളുടെ
പ്രാൎത്ഥനകളിൽ ദൈവത്തെ പിതാവ എന്ന പറഞ്ഞു.
അവൎക്ക പഴയ നിയമകാലത്തുള്ള വിശ്വാസികളിൽ അധി
കം വെളിച്ചം ഉണ്ടായി എങ്കിലും ഈശൊ അവരൊടു ഇത്
വരെയും നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപെക്ഷിച്ചി
ല്ല എന്ന പറഞ്ഞ പിതാവൊടു തന്റെ നാമത്തിൽ അപെക്ഷി
ക്കേണ്ടിയ പ്രകാരം ഉപദേശിച്ചു ഒരു പുതിയ അറിവിന്റെ സം
ഗതി വരുത്തുകയും ചെയ്തു. ഈശൊ മൂലം വിശ്വാസികൾക്ക പരി
ശുദ്ധാത്മാവിൽ പിതാവിന്റെ അടുക്കൽ ചെല്ലുവാനും അ
വനൊടു പ്രാൎത്ഥിപ്പാനും അവകാശമായി ദൈവത്തെ പി
താവെന്ന വിളിച്ചു പുത്രസ്ഥാനം പ്രാപിപ്പാൻ ഏക ജാത
നായ ദൈവപുത്രനെ കൊണ്ടു മാത്രം അധികാരം ലഭിച്ചതി
നാൽ തങ്ങളുടെ അപെക്ഷകളിൽ രക്ഷിതാവായ ഈശൊവി
ൽ ആശ്രയിച്ചു നില്ക്കെണ്ടതാകുന്നു.

യെശുവിന്റെ നാമത്തിൽ അപെക്ഷിക്കെണ്ടതിന്ന അവൻ തന്നെ മനുഷ്യൎക്ക രക്ഷിതാവും മദ്ധ്യസ്ഥനും ആകുന്നു എന്നും അവനെ കൂടാതെ അവർ അശുദ്ധന്മാരും ദൈവമുമ്പാകെ നില്ലാൻ അയൊഗ്യരും ആകുന്നു എന്നും പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ ഉളവാകുന്ന അറിവു വളരെ ആവശ്യം. പാപിക്ക തെളിഞ്ഞു വന്ന വഷളത്വവും പാപബൊധവും കൊണ്ടു ദൈവത്തിൻ മുമ്പാകെ വന്നു നില്പാൻ ധൈൎയ്യം ഇല്ല. എങ്കിലും യെശുവിന്റെ നാമം അവനെ തുണിച്ചു അപെക്ഷകളുടെ സാദ്ധ്യം വരുത്തുകയും ചെയ്യുന്നു. തന്റെ നാമത്തിൽ പിതാവിനൊടു അപെക്ഷിക്കുന്നത യെശുവിന്നു കൊടുപ്പാൻ മനസ്സുണ്ടു. അതുകൊണ്ടു അവന്റെ കരുണ ദൈവകരുണയും അവന്റെ ക്രിയകൾ ദിവ്യക്രിയകളും ആകുന്നു. പിന്നെ പിതാവിന്നു തന്റെ ആത്മാവ മൂലം എല്ലാം കൊടുപ്പാൻ വാഗ്ദത്തം ചെയ്കതിനാൽ താനും പുത്രനും ഒന്നു തന്നെ എന്നെ പറയാവു.

൩൨

തിത. ൩, ൫. നാം ചെയ്ത നീതിക്രിയകളെ വിചാരിച്ചല്ല, തന്റെ കനിവാലത്രെ ദൈവം നമ്മെ രക്ഷിച്ചിരിക്കുന്നത.

ഈ വാക്ക മനുഷ്യരുടെ നീതികളെ എല്ലാം തള്ളിക്കളയുന്നു. പൌൽ യെശുവിന്റെ ശിഷ്യനായി തീരും മുമ്പെ പറീശനാകകൊണ്ടു ധൎമ്മകല്പനകളെ സൂക്ഷ്മമാക്കി അനുസരിച്ചു അക്ഷരം കല്പിച്ചതിൽ അധികവും ആചരിച്ചു പുണ്യക്രിയകളെ ഒരൊന്ന ചെയ്തു മാൎഗ്ഗശുദ്ധിക്കായി വളരെ പ്രയാസപ്പെട്ടു മാനവും കീൎത്തിയും സമ്പാദിച്ചു എങ്കിലും യെശുവിനെ അറിഞ്ഞു വിശ്വാസിയായി തീൎന്ന ശെഷം അവൻ മുമ്പെത്ത നടപ്പിനെ തൊട്ടു എന്തു പറഞ്ഞു: ഒരുക്കാൽ നാമും അജ്ഞന്മാരും അനധീനരും വഴി പിഴെച്ചു നടപ്പവരും പല മൊ

ഹ ഭോഗങ്ങൾക്കു ദാസരും ഇഛ്ശാസ്യകളിൽ കാലം കഴിക്കുന്നവരും കുത്സിതരും അന്യോന്യം ദ്വേഷിക്കുന്നവരുമായിരുന്നു; തീത. ൩, ൩ എന്നത്രെ. മുമ്പെ അവൻ ചെയ്തു നീതിക്രിയകളെ ഒഴിച്ചു എന്നു എഴുതിയതു: നമ്മുടെ രക്ഷിതാവായ യേശുവിന്റെ വാത്സല്യവും മനുഷ്യരഞ്ജനയും ഉദിച്ചപ്പോൾ നാം ചെയ്ത നീതിക്രിയകളെ വിചാരിച്ചല്ല, തന്റെ കനിവാലത്രെ അവൻ നമ്മെ രക്ഷിച്ചിരിക്കുന്നതു. പൌൽ മുമ്പെ ധൎമ്മനീതിപ്രകാരം കുറവില്ലാത്തവൻ; ഫിലി. ൩, ൬. എങ്കിലും യേശുവിനെ അറിഞ്ഞ ശേഷം കരുണ അല്ലാതെ മറ്റൊന്നിനെയും ആശ്രയിക്കാതെ സ്വന്തനീതി ദൈവകരുണെക്കു പ്രതികൂലമായിരിക്കുന്നു എന്നു നിശ്ചയിച്ചു മുമ്പെത്ത നീതികളെ ചളി എന്നെണ്ണി യേശുവിന്റെ നീതി തനിക്കു കഴിഞ്ഞുവരേണ്ടതിന്നു തള്ളിക്കളകയും താനും ദൈവമഹത്വത്തിന്നു കുറവുള്ളവനായി തീൎന്നു എന്നു വിശ്വസിക്കകൊണ്ടു കൃപയാൽ യേശുക്രിസ്തനിൽ ഉള്ള വീണ്ടെടുപ്പു മൂലം സൌജന്യമായി ദൈവനീതിയെ പ്രാപിക്കയും ചെയ്തു. അഭക്തന്മാരെ നീതീകരിക്കുന്നവനിൽ വിശ്വസിച്ചതു അവന്നു നീതിയാക്കി എണ്ണപ്പെട്ടു; പരിശുദ്ധാത്മദാനം ലഭിച്ചിട്ടു അവൻ പുത്രനായി ജനിച്ചു. ഇങ്ങിനെ ദൈവം മുമ്പെത്ത ധൎമ്മനീതി നിമിത്തം അല്ല, മുറ്റും കരുണയാൽ അത്രെ അവനെ കൈക്കൊണ്ടു രക്ഷിക്കയും ചെയ്തു.

പൌൽ തന്നെകൊണ്ടു എഴുതിയതു; രക്ഷയെ പ്രാപിക്കുന്നവൎക്കെല്ലാവൎക്കും പറ്റുന്നു. രക്ഷയെ കിട്ടുന്നതു കരുണയാൽ അത്രെ. കൃപകൊണ്ടത്രെ നാം നീതീകരിച്ചിട്ടു നിത്യജീവന്റെ അവകാശികളായി തീരുന്നു. തീത. ൩, ൭. ദൈവം അതിൽ നമ്മുടെ പുണ്യങ്ങളെ അല്ല, തന്റെ പുത്രന്റെ രക്ഷാക്രിയയെ നോക്കികൊണ്ടിരിക്കുന്നു. അവൻ ദുഷ്ടന്മാരെ നീതീകരിച്ചു നീതിമാന്മാൎക്കു സൃഷ്ടിയത

വകാശം കൊടുക്കുന്നു തന്റെ പുത്രന്റെ മാനത്തിനാ ക്കിട്ടത്രെ. തനിക്ക് പ്രതിഫലം കൊടുക്കേണം എന്നു വി ചാരിച്ചിട്ടല്ല അവൻ ഇത്ര കരുണയെ കാണിക്കുന്നു; അ വന്നു പകരം ചെയ്വാൻ പ്രാപ്തിയുള്ളവൻ ആര്. നാം അ വനെ മാനിച്ചും സ്തുതിച്ചും കൊണ്ടു സേവിക്കേണം എന്ന ത്രെ അവന്റെ വാഞ്ഛ. അതിന്റെ ഉപകാരം പി ന്നെയും ആൎക്കു വരുന്നു നമുക്കല്ലയൊ. അതുകൊണ്ടു ജീവ നിലും മരണത്തിലും അവന്നുള്ളവരായിരിക്കേണ്ടതിന്നു ശ്രമിക്ക മാത്രമാക. അവൻ സ്നേഹം ആകകൊണ്ടു എന്നെ ക്കും നമുക്കു നന്മയെ കാട്ടും നിശ്ചയം. അവന്റെ നാമത്തി ന്നു സ്തോത്രം മാന മഹത്വങ്ങൾ ഉണ്ടാവൂതാക.

൩൧ —

൧ പെത്ര. ൪, ൧൮. നീതിമാൻ ദുഃഖെന രക്ഷപ്പെടുന്നു എങ്കിൽ അഭക്തനും പാപിയും എവിടെ കാണപ്പെടും.

ഒരു ക്രിസ്ത്യാനി കഷ്ടപ്പെടുന്നു എങ്കിൽ ലജ്ജിക്കരു തു. ആകാൎയ്യം ചൊല്ലി ദൈവത്തെ മഹത്വീകരിക്കയാവു; ന്യായവിധി ദൈവഗൃഹത്തിൽ നിന്നു ആരംഭിപ്പിപ്പാൻ സമയ മായി. അതു മുമ്പെ നമ്മിൽ എന്നു വന്നാൽ ദൈവസുവിശേഷ ത്തെ അനുസരിക്കാത്തവരുടെ ഒടുവു എന്തു എന്നു പെത്ര ൻ എഴുതിയതു. ദുഷ്കൎമ്മങ്ങൾ നിമിത്തം അല്ല, വിശ്വാസ വും ശുദ്ധ നടപ്പും ഹേതുവായി ലൌകിക പരിഹാസ സാഹസ ങ്ങളെ അനുഭവിക്കുന്നവൻ ക്രിസ്ത്യാനിയായി കഷ്ടപ്പെടു ന്നു. ഈ കഷ്ടങ്ങൾക്കു ന്യായവിധി എന്നും പേരാകും. ദൈ വം ഓരൊ ന്യായവിധികളെ ഭക്തിമാന്മാരിൽ നടത്തുന്നതു അ വരുടെ മടിവും ഉദാസീനതയും കണ്ടു അവർ നശിച്ചുപൊ കരുതു എന്നു ഗ്രഹിച്ചതു കൊണ്ടത്രെ. പെത്രൻ എഴുതുമാ യപ്പോൾ ക്രിസ്ത്യാനരുടെ പലവിധ കുറവുകളെ കണ്ടു പല

ഹിംസകളെക്കൊണ്ടു ദൈവം അവൎക്കു ശുദ്ധി വരുത്തുവാൻ
നോക്കും എന്നു നിശ്ചയിച്ചു ന്യായവിധി ദൈവഗൃഹത്തിൽ ആ
രംഭിപ്പിപ്പാൻ സമയമായി എന്നു പറകയും ചെയ്തു. ദൈവ
ഗൃഹം അവന്റെ സഭ തന്നെ. അതിൽ ദൈവത്തിന്റെ ന്യാ
യവിധികൾ ആരംഭിക്കുന്നു. അവൻ ദുഷ്ടന്മാരെ തന്റെ ചൂ
രൽ ആക്കി അവരെക്കൊണ്ടു തന്റെ പുത്രന്മാരെ അടിക്കു
ന്നു. ഇങ്ങിനെയുള്ള ന്യായവിധികളെ വരുത്തുവാൻ സ്ഥൂല
പാപങ്ങൾ വെണ്ടാ, ക്ഷീണിച്ച കൈകളും തളൎന്ന കാലുക
ളും മതി. എന്നാൽ തന്റെ പുത്രന്മാരിൽ അവൻ അത്രസൂ
ക്ഷ്മമായി ദോഷങ്ങളെ ആരാഞ്ഞു ശിക്ഷ കഴിക്കു
ന്നു എങ്കിൽ സുവിശേഷം വിശ്വസിക്കാത്തവരിൽ എത്ര
അധികം. അവർ സുവിശേഷം വിശ്വസിക്കായ്കകൊണ്ടു നിതി
കെട്ടവർ. എന്നാൽ ദൈവത്തിന്റെ ന്യായവിധി അവരെ ഗു
ണം വരുത്തുവാൻ അല്ല, നശിപ്പിപ്പാൻ തന്നെ ആരംഭിക്കും.
ദൈവത്തിന്റെ അഗ്നി അവരെ ശുദ്ധീകരിക്കേണ്ടതിന്നല്ല, ദ
ഹിപ്പിക്കേണ്ടതിന്നു തന്നെ ജ്വലിക്കും. അവരുടെ അവസാനം
നാശം. ദൈവത്തിന്റെ ശിക്ഷാവിധികളിൽ നീതിമാൻ പ്ര
യാസെന രക്ഷപ്പെടുന്നു, എങ്കിൽ അഭക്തനും പാപിയും
എവിടെ കാണപ്പെടും. ദൈവഭക്തന്മാർ അന്യായത്തൊടും
ഹിംസയാലും ശത്രുക്കളുടെ വിശ്വാസഘാതങ്ങളിലും അവരു
ടെ സ്വന്തക്കാർ നരകത്തൊളം അടുത്തും പൊകുന്നു. ദൈവസ്നേഹ
മായി അവരൊടു സംസാരിച്ചു കൎത്താവ് ന്യായവിധി സമയത്തു
അവരെ ഖണ്ഡിതമായി ശാസിക്കുന്നു എങ്കിലും അവരിൽ
ശെഷിച്ചു വിശ്വാസം പൊരുതുന്ന ഗൃഹസ്ഥനെ പിടിക്കകൊ
ണ്ടു അവർ പ്രയാസെന രക്ഷിക്കപ്പെടുന്നു. അഭക്തനിൽ ദൈ
വഭക്തി ഇല്ലായ്കകൊണ്ടും പാപിയും നെർവഴിക്കൽ നിന്നു
തെറ്റി കള്ളമാൎഗ്ഗം തിരിഞ്ഞു നടക്കകൊണ്ടും രക്ഷയെ
കാണാതെ നശിച്ചുപൊകും. ന്യായവിധിയിലും വിശ്വ

ദൈവത്തിന്റെ സന്നിധിയിങ്കലും നില്പാൻ അവൎക്ക പ്രാപ്തി
ഇല്ല, ദൈവം അവൎക്ക ദാനിച്ചിരിക്കുന്ന ശക്തി അത്രെ. അ
തുകൊണ്ടു നാം സകല ഭാരത്തെയും മുറുകെ പറ്റുന്ന പാപ
ത്തെയും വെച്ചെച്ചു നമുക്കു മുൻ കിടക്കുന്ന പൊർപാച്ചി
ലെ ക്ഷാന്തിയൊടെ കഴിച്ചൊടുക. വിശ്വാസത്തിന്റെ
നായകനും തികവു വരുത്തുന്നവനുമായ യെശുവിനെ നൊ
ക്കിക്കൊള്ളുക.

൩൪.

൧ കൊരി. ൨, ൨. യെശു ക്രിസ്തുവിനെ, ക്രൂശിക്കപ്പെ
ട്ടവനെ തന്നെ അല്ലാതെ, നിങ്ങളിൽ ഒന്നും അറിയ
രുത് എന്നു ഞാൻ നിശ്ചയിച്ചു.

ക്രിസ്തീയ ജാതികൾ എല്ലാം രാജ്യവിശെഷങ്ങൾക്കു
ഗുണകാൎയ്യത്തിന്നും ദെഹസൌഖ്യത്തിന്നും പലവിദ്യാ
കൌശലങ്ങളെ സങ്കല്പിച്ചിരിക്കുന്നു എങ്കിലും ഈ വിദ്യക
ളെ എല്ലാം ആരാഞ്ഞു പഠിച്ചാലും ആത്മാവിന്നു തൃപ്തി
വരുന്നില്ല. അതിന്നു മറ്റൊരു ജ്ഞാനം വെണം. ആത്മാവി
ന്റെ ആശ്വാസത്തിന്നും നിത്യജീവന്റെ അനുഭവത്തിന്നും
വെണ്ടുന്ന വിദ്യ വെദത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവച
നം മാത്രം മനുഷ്യനെ രക്ഷെക്കു ജ്ഞാനിയാക്കുന്നു. ൨
തിമൊ. ൩, ൧൫. എങ്കിലും ഒരുത്തൻ ലൊകസൃഷ്ടി, പാ
പപതനം, ദൈവത്തിന്റെ ലക്ഷണങ്ങൾ, ദെവദൂതർ, പ
ൎശുദ്ധകല്പനകൾ, മരണം, ന്യായവിസ്താരം, ലൊകാവസാനം മുതലാ
യ ഉപദെശങ്ങളെ അറിഞ്ഞു വെദത്തിൽ എഴുതിയ കിടക്കു
ന്നപ്രകാരം ഗ്രഹിച്ചാലും അതിൽ [illegible] സാരമുള്ള
ഒരു ജ്ഞാനം ഗ്രഹിക്കുന്നില്ല എങ്കിൽ ആത്മാവിന്നു ആശ്വാ
സവും ശുദ്ധിയും രക്ഷയും വരും എന്നു വിചാരിക്കെണ്ട
ാ. ക്രൂശിൽ തറെച്ച യെശുവൊടു സംബന്ധിച്ചു മെൽ
പറഞ്ഞ ഉപദെശങ്ങളെ ഗ്രഹിച്ചു വിശ്വസിച്ചാൽ മാത്രം നി

ത്രത്തൊളം നിലനില്ക്കുന്ന ഫലങ്ങൾ ഉണ്ടാകും. അവമൂലം മാത്രം നാം ലൊകസൃഷ്ടിയിൽ സന്തൊഷിക്കാം, അവമൂലം ദൈവലക്ഷണങ്ങളും വഴിയും ന്യായവിധികളും നമുക്ക് ഭയങ്കരങ്ങൾ അല്ല, ആശ്വാസസന്തൊഷകരങ്ങൾ ആയി ത്തീരുന്നു. അവൻ നമ്മുടെ രക്ഷിതാവും മദ്ധ്യസ്ഥനും ആകകൊണ്ടു ദൈവദൂതന്മാർ നമ്മെ സ്നേഹിച്ചു സേവിക്കയും ചെയ്യുന്നു. അവൻ മാത്രം അന്ധകാരദൂതന്മാരിൽനിന്നു നമ്മെ വിടുവിക്കുന്നു. അവമൂലം വിശ്വാസികൾക്കു ദൈവകല്പനകളെ അനുസരിക്കേണ്ടതിന്നു പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. വിശ്വസിക്കുന്നവർക്കു, അവൻ മരണത്തെ ലാഭവും ന്യായവിസ്താരം മാനവും ലൊകാവസാനം നിത്യജീവന്റെ ആരംഭവും ആക്കി തരുന്നു. അതുകൊണ്ടു പൌൽ തന്റെ ഉപദേശം എല്ലാം യേശുക്രിസ്തന്റെ പ്രസംഗം എന്നും താൻ ക്രൂശിൽ തറെക്കപ്പെട്ട ക്രിസ്തുവെ അല്ലാതെ മറ്റൊന്നിനെയും അറികയില്ല എന്നും പറഞ്ഞു. കൊറിന്ത്യരൊടു കൂട ഇരുന്നപ്പോൾ അവൻ ക്രിസ്തീയ ഉപദേശങ്ങൾ എല്ലാം വിവരമാക്കി അറിയിച്ചു എങ്കിലും ക്രൂശിൽ മരിച്ച ക്രിസ്തുവെ പ്രധാനമാക്കി അവന്റെ രക്ഷാക്രിയയെക്കൊണ്ടു സകലത്തിന്നു തെളിവു വരുത്തിയതിനാൽ അവന്റെ ശുശ്രൂഷ ക്രിസ്തുക്രൂശിന്റെ ഘോഷണം അത്രെ ആയിരുന്നു. അതുകൊണ്ടു അവൻ തിമൊത്ഥ്യനൊടു വേദവചനം യേശുക്രിസ്തനിലെ വിശ്വാസം മൂലം മനുഷ്യനെ രക്ഷെക്കു ജ്ഞാനിയാക്കുന്നു എന്നു പറഞ്ഞു. വിശ്വാസം കൂടാതെ ദൈവവചനത്തിന്റെ അറിവു നിഷ്ഫലം തന്നെ. ദൈവം നമുക്കു നല്കുന്ന നന്മകളൊക്കയും യേശു നിമിത്തം കൊടുക്കുന്നപ്രകാരം അവങ്കലെ വിശ്വാസത്തിൽനിന്നു മാത്രം നമുക്കു സിദ്ധിക്കും ദൈവത്തൊടുള്ള സമാധാനവും പുനൎജ്ജനനം ശുദ്ധീകരണത്തിലെ വൎദ്ധനയും തികവും വരുന്നു. പരിശുദ്ധാ

ളായ് നമ്മെ അവസാനത്തോളം ഈ വിശ്വാസത്തിൽ സ്ഥിരീകരിച്ചു കാത്തുകൊള്ളണമെ.

൩൫

എബ്ര. ൫, ൭. യേശു തന്റെ ദുഃഖദിവസങ്ങളിൽ തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനു ഉരത്ത നിലവിളിയോടും കണ്ണീരോടും കൂടെ അപേക്ഷകളെയും അഭയയാചനകളെയും കഴിച്ചു.

യേശു ഈ ഭൂമിയിൽ മനുഷ്യപുത്രനായി മനുഷ്യരുടെ നടുവിൽ പാർത്തു നടക്കകൊണ്ടു അവന്റെ ജീവകാലത്തിനു മനുഷ്യപുത്രന്റെ ദിവസങ്ങൾ ലൂക്ക. ൧൭, ൨൨ എന്നും അവൻ നമ്മെപോലെ ദുഃഖങ്ങൾ ഉള്ളവനാകകൊണ്ടു ദുഃഖദിവസങ്ങൾ എബ്ര. ൫, ൭ എന്നും പേരുകളുണ്ടു. അവന്റെ ദുഃഖദിവസങ്ങൾ ഒന്നിൽ അവൻ പ്രത്യേകം ദുഃഖിച്ചു നിലവിളിയോടും കണ്ണീരോടും കൂടെ പ്രാർത്ഥനകളെയും അപേക്ഷകളെയും കഴിച്ചു അതു ഗത്സമനെ തോട്ടത്തിൽ ഉണ്ടായിരുന്നു. അവിടെ അവൻ മുട്ടുകുത്തി നിലത്തു വീണു മൂന്നു പ്രാവശ്യം പ്രാർത്ഥിക്കയും ചെയ്തു. നിലവിളിയെയും കണ്ണീരെയും തൊട്ടു സുവിശേഷകന്മാർ ഒന്നും എഴുതീട്ടില്ല. ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവനെ തുണെച്ചിട്ടു യേശു മഹാവ്യഥയിൽ ആകകൊണ്ടു ഏറെയും ശ്രദ്ധയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ രക്തത്തുള്ളികളെപോലെ ആയിരുന്നു, എന്നു മാത്രം ലൂക്ക. ൨൨, ൪൪. പറയുന്നതു. അതിനോടു നിലവിളിയും കണ്ണീരും ചേർന്നു വന്നു എന്നു നിനെപ്പാൻ സംഗതി ഉണ്ടല്ലോ. ഇതു ഒക്കയും അവൻ പിതാവിനു കാഴ്ചവെച്ചു അവനോടു മാത്രം അവൻ അന്നു വ്യാപരിച്ചു സംസാരിച്ചു. പിതാവ് അവന്റെ പ്രാർത്ഥനയെയും കണ്ണീരെയും കണ്ടു കൈക്കൊള്ളുകയും ചെയ്തു. അതിന്റെ

സംഗതി എന്ത എന്ന ചോദ്യത്തിന്ന, എബ്രാ· ൫· ൭· ഒരു ഉത്തരം ഉണ്ട: യെശു തന്നെ മരണത്തിൽ നിന്ന രക്ഷിപ്പാൻ കഴിയുന്നവന്ന അപെക്ഷകളെ കഴിച്ചു പെടിയിൽ നിന്ന രക്ഷ സാധിപ്പിക്കയും ചെയ്തു. മുമ്പെ യെശു തനിക്ക വരുവാനുള്ള മരണം കൊണ്ട ശിഷ്യന്മാരൊടു ഭയം കൂടാതെ സംസാരിച്ചു എങ്കിലും ആ തൊട്ടത്തിലെക്ക് വന്നപ്പൊൾ അസഹ്യ ഭയം അവന്റെ ആത്മാവിന്മെൽ വീണു ഒരു ആശ്വാസം കാണാതെയും മരണത്തിന്റെ ശെഷം തനിക്ക വരുവാനുള്ള മഹത്വത്തിന്റെ അല്പ്പാരം ലെശം പൊലും അവന്ന വരാതെയും ഇരുന്ന എന്നിട്ടും പിതാവിന്റെ ഇഷ്ടത്തിന്ന വിരൊധമായി അവന്റെ മനസ്സിൽ ഒരു ഭാവവും ഉണ്ടായില്ല, എന്റെ പിതാവെ കഴിയും എങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന നീക്കെണമെ, എന്നാൽ എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം മാത്രം നടക്കെണമെ എന്നു മാത്രം അപെക്ഷിച്ചു തന്റെ ഇഷ്ടം മുഴുവനും പിതാവിന്ന കീഴാക്കി, ആത്മാവു മനസ്സുള്ളതായി ജഡമൊ ക്ഷീണമായിരുന്ന ഭയം നീങ്ങി പൊരെണ്ടതിന്ന അവൻ പ്രാൎത്ഥനയിൽ പൊരുതി ജയം കൊള്ളുകയും ചെയ്തു. പിതാവു അവന്റെ പ്രാൎത്ഥനയെ കെട്ടു മനസ്സിൽ സന്തൊഷം വരുത്തികൊണ്ടു അവൻ കുറെ നെരം കഴിഞ്ഞ ശെഷം പെത്രൊസൊടു, എന്റെ പിതാവ് എനിക്ക തന്നിട്ടുള്ള പാത്രം ഞാൻ പാനം ചെയ്യാതിരിക്കുമൊ എന്ന പറവാൻ ശക്തി ഉണ്ടായി. ശത്രുക്കൾ അവന്ന വരുത്തിയ വെദനകളെ അവൻ വെണ്ടുവൊളം അനുഭവിച്ചു എങ്കിലും ഗത്സമനെയിൽ അവന്ന ഉണ്ടായ ഭയം പിന്നെ വന്നില്ല, പൊർ കഴിഞ്ഞു ജയിച്ചതിനാൽ എല്ലാം ശാന്തനായി സഹിപ്പാൻ അവൻ ശക്തിമാനായി നിന്നു, എന്നാൽ ഈ യെശു നമുക്ക ഉണ്ടായാൽ മതിയല്ലൊ.

൩൩

ഫിലി. ൨. ൧൨. ഭയത്തോടും വിറയലോടും നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ.

ഈ ശുദ്ധങ്ങളായ വാക്കു നമ്മെ ഈ ദിവസത്തിലും സ്വന്ത രക്ഷക്കായി സൂക്ഷ്മത്തോടെ നടക്കേണ്ടതിന്നു ഉത്സാഹിപ്പിക്കുന്നു. തങ്ങളുടെയും മററവരുടെയും രക്ഷയെ സമ്പാദിക്കേണ്ടതിന്നു മനുഷ്യർ ഇത്രയോളം മടിയന്മാരായി ലോകകാൎയ്യങ്ങളെ നോക്കി ധനധാന്യാദികൾക്കു പൂൎത്തിവരുത്തുവാൻ എത്രയും പ്രയത്നം ചെയ്തു വരുവാനുള്ള ലോകത്തെയും അതിനോടു സംബന്ധിച്ച വിശേഷങ്ങളെയും മറന്നു കളയുന്നു. പരിശുദ്ധാത്മാവു അവരെ കൂടക്കൂട ഉണൎത്തിച്ചാലും അങ്ങിനെ അനേകർ കളിയാക്കി, അല്ലെങ്കിൽ ലഘുബുദ്ധികളായി അങ്ങിനെ വിചാരിയാതെ മരണ സമയം അതിന്നു വേണ്ടുന്നതു ചെയ്താൽ മതി. അത്രോളം ലോകത്തെ സേവിക്കുന്നതു ശരി തന്നെ എന്നു വെച്ചു പാപമൂൎഛയിൽ നശിച്ചുപോകുന്നു. ചിലർ തങ്ങളുടെ രക്ഷക്കായി കുറെ ഉണൎച്ചയോടും സുബോധത്തോടും കൂട നടന്നാലും മററവരുടെ കാൎയ്യം വിചാരിക്കാതെ കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം എന്ന വാക്കു മറന്നു നടക്കുന്നു, അങ്ങിനെ വേണ്ടാ എന്നു പൌൽ പറയുന്നു. നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ നിങ്ങൾ അന്യോന്യം ആത്മാക്കളുടെ സൌഖ്യത്തിന്നും നിത്യരക്ഷെക്കും ഉത്സാഹികളായി ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല, ദൂരത്താകും കാലം എററം അധികം ഭയത്തോടും വിറയലോടും അതിന്നായി പ്രയത്നം ചെയ്തുകൊണ്ടിരിപ്പിൻ.

ഭയവിറയലുകളോടു ഇന്നത് ചെയ്യേണമെന്നുള്ള വചനം പറഞ്ഞാൽ അതിന്റെ അൎത്ഥം: ഇതു തന്നെ: നിങ്ങൾ സുബോധമുള്ളവരും ഏകാഗ്രതയുള്ളവരും ഉണ്ടാ

ഹികളുമായി നടന്ന അതിനെ ചെയ്വിൻ എന്നത്രെ. ഇങ്ങിനെ ചെറൽ വെലക്കാരൊടു ക്രിസ്തനൊടു എന്നപൊലെ ഉടപ്രകാരം നിങ്ങളുടെ യജമാനന്മാരൊടു നിങ്ങളുടെ ഹൃദയപരമാൎത്ഥതയിൽ ഭയത്തൊടും വിറയലൊടും അനുസരിച്ചിരിപ്പിൻ. എഫെ. ൬, ൫. എന്നും ഇതിനെ കൊണ്ടു കൊരിന്ത്യരൊടു, ഭയത്തൊടും വിറയലൊടും തന്നെ കൈക്കൊണ്ടുള്ള നിങ്ങൾ എല്ലാവരുടെയും അനുസരണത്തെ ഓൎക്കയിൽ അവന്റെ കരൾ എറെറം അധികം നിങ്ങളിലെക്കത്രെ ആകുന്നു. ൨. കൊറി. ൭, ൧൫. എന്നും പറയുന്നു. നിങ്ങൾ ഭയത്തൊടും വിറയലൊടും നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ എന്നു പറഞ്ഞാൽ അതിന്റെ പൊരുൾ ആയിതു: ഒരു വെലക്കാരൻ താൻ മാനിച്ചു ഭയപ്പെടുന്ന യജമാനന്റെ സന്നിധിയിൽ തന്റെ പണികളെ ചെയ്യുന്നതു പൊലെ നിങ്ങൾ സ്വന്തമുള്ളതിനെയും ആത്മാക്കളുടെയും രക്ഷയെ ഹൃദയത്തിന്റെ എകാഗ്ര പരമാൎത്ഥങ്ങളൊടും ഉത്സാഹ വിശ്വാസ്യതകളൊടും കൂട അപെക്ഷിച്ചു അനുഷ്ഠിപ്പിൻ എന്നത്രെ. ബല ക്ഷയമുള്ളവരായ നമ്മെ കൊണ്ടു ഇതു കഴികയില്ല എന്നു വിചാരിച്ചു സംശയിച്ചാൽ ഇച്ശിക്കുന്നതിനെയും സാധിപ്പിക്കുന്നതിനെയും നിങ്ങളിൽ ദൈവമല്ലൊ പ്രസാദം ഹെതുവായിട്ടു സാധിപ്പിക്കുന്നതു. ഫിലി. ൨, ൧൩. എന്ന വാക്കിനെ ഒൎത്തു കൊള്ളെണം. നമ്മെ കൊണ്ടു കഴികയില്ല നിശ്ചയം. എങ്കിലും ദൈവത്തിന്നു കഴിയാത്ത കാൎയ്യം ഉണ്ടൊ. രക്ഷയെ കിട്ടുവാനുള്ള ആഗ്രഹവും കൂട നാം അല്ലല്ലൊ ദൈവം അത്രെ ഹൃദയത്തിൽ ജനിപ്പിക്കുന്നതു. അതിനെ ആരംഭിച്ച ദൈവം തികഞ്ഞ ക്രിയകളെ മാത്രം ചെയ്യുന്നു. നാം അവന്റെ സ്വരമത്തിന്നു ഹൃദയത്തിൽ സ്ഥലം കൊടുത്താൽ അവൻ എല്ലാം നിവൃത്തിക്കും. മാനസാന്തരത്തിന്റെ ആരംഭത്തിലും അവസാനത്തിലും രക്ഷയെ ഇച്ശിപ്പാൻ നാം ശ്രമിക്ക

യും നിവൃത്തിപ്പാൻ ഉത്സാഹവിശ്വാസ്യതകളെയും തന്റെ
നായൻ ദൈവം തന്നെ എന്നറിഞ്ഞാൽ ഭയത്തോടും വിറയ
ലൊടും രക്ഷയെ സമ്പാദിക്കേണം എന്നുള്ള കല്പന കരി
നം ഉള്ളതു എന്നു തൊന്നുവാൻ ഒരു സംഗതി ഇല്ലല്ലൊ.

൩൭

യൊഹ. ൧൯, ൨. പട്ടയുധക്കാർ മുള്ളുകൾ കൊണ്ടു
ഒരു കിരീടം മടഞ്ഞിട്ടു അവന്റെ തലമെൽ വെച്ചു.

അവിശ്വാസം കളിയായി പൊയാൽ പരിഹാസം ജനി
പ്പിക്കുന്നു. അവിശ്വാസിക്കു സത്യം അസത്യമായി തൊന്നുക
യാൽ അവൻ അതിനെ പരിഹസിക്കുന്നു. അങ്ങിനെ ആ
യുധപാണികൾ യെശുവിന്നു ചെയ്തു. പിലാതൻ അവനെ അ
വരുടെ ഇഷ്ടത്തിന്നു എല്പിച്ചശെഷം അവർ പരിഹസിച്ചു
തുടങ്ങി. യെശു തന്നെ രാജാവാകയാൽ ഭാഷിച്ചു എന്നും അ
ന്യായമായി അവന്റെമെൽ ചുമത്തിയ കുററവും പിലാതന്റെ
മുമ്പാകെ താൻ ഒരു രാജാവാകുന്നു എന്നുള്ളതും, പിലാതൻ
യഹൂദന്മാരൊടു പരിഹാസമായി ഇതാ നിങ്ങളുടെ രാജാവു എ
ന്നു യെശുവെ കൊണ്ടു പറഞ്ഞതും അവർ അറിഞ്ഞു അജ്ഞാ
നികളാകകൊണ്ടു ഒരു സഹായവും സെവകരും കൂടാതെ വിസ്താ
രസഭയുടെ മുമ്പിൽ നില്ക്കുന്ന യെശു രാജാവാകുന്നതു ഗ്രഹിക്കാ
തെ പരിഹാസമായി മുള്ളുകൾകൊണ്ടു ഒരു കിരീടം മടഞ്ഞു
അവന്റെ തലമെൽ വെച്ചു മനഃപീഡയും ദെഹവെദനയും
വർദ്ധിപ്പിക്കയും ചെയ്തു. അങ്ങിനെ തന്നെ ചെയ്യെണം എന്നു
പിലാതൻ കല്പിച്ചില്ല എങ്കിലും അതൊക്ക സമ്മതിച്ചതുകൊ
ണ്ടു താനും ദുഷ്കൃത്യത്തിൽ ഒഹരിക്കാരനായി തീൎന്നു.

യെശുവെ യഹൂദന്മാരൊടു കാഴ്ചപ്രകാരം വിധിക്കരുതു
നീതിയുള്ള വിധി മാത്രം വിധിപ്പിൻ എന്നു പറഞ്ഞപ്രകാരം
നിത്യം ഓൎമ്മ കൊള്ളെണം. കാഴ്ചപ്രകാരം വിധിക്കുന്നവർ പി
ലാതന്റെ മുമ്പാകെ നിന്നു എല്ലാ പരിഹാസസാഹസങ്ങളെ

സഹിച്ചു കൊള്ളുകിൽ രാജലക്ഷണം ഒന്നും കാണ്മാൻ സംഗതിയില്ല എന്നിട്ടും അവൻ രാജാവു തന്നെ. അങ്ങിനെ പണ്ടു യൊബ് ദുഃഖം നിറഞ്ഞവനും ലാജരൻ ദീനമുള്ള ഭിക്ഷക്കാരനും സ്തെഫാനൻ ശത്രുക്കളുടെ വിധിപ്രകാരം മരണത്തിന്നു യൊഗ്യ കുറ്റക്കാരനും ആയിരുന്നു എന്നിട്ടും അവർ ദൈവപ്രിയന്മാരുമാകി. ക്രൂശിൽ തറെക്കപ്പെട്ട ക്രിസ്തനെ കുറിച്ചുള്ള സുവിശെഷവചനവും അവനിലെ വിശ്വാസവും യവനന്മാർക്ക ഭൊഷത്വം എന്നു തൊന്നിട്ടും ദിവ്യജ്ഞാനം എല്ലാം അവനിൽ കിടക്കുന്നു. കാഴ്ചയും ഉൾപൊരുളും പലപ്പൊഴും തമ്മിൽ ഒക്കുന്നില്ല. പിലാതന്റെ ആയുധക്കാർ ഒരു മുൾക്കിരീടം ഇട്ടു കൊണ്ടു അഗ്നിജ്വാലെക്ക സമ കണ്ണുകൾ ഉള്ളവനായും പല പൊൻകിരീടങ്ങളെ ധരിച്ചവനായും അവസാന നാളിൽ വരും. വെളി. ൧൯, ൧൨. പിന്നെ അവനെ ദൈവത്തിന്റെ വലത്തു ഭാഗത്തു മഹത്വസിംഹാസനത്തിന്മെൽ ഇരിക്കുന്നതു കാണുമ്പൊൾ അവൻ ഒരു രാജാവു തന്നെ എന്നു ശത്രുക്കൾക്കും തൊന്നും.

മുൾക്കിരീടം തന്റെ തലമെൽ ഇടുവാൻ ക്ഷമയൊടെ സമ്മതിച്ചു കൊള്ളു നമ്മുടെ അഹംഭാവത്തെ എത്രയും നാണിപ്പിക്കുന്നു. പരിഹാസവും നിരസവും നാം വെറുത്തു മാനം ആഗ്രഹിക്കുന്നു. അവനൊ സർവ്വമാന്യൻ എങ്കിലും ഒരു വിരൊധം കൂടാതെ എല്ലാം സഹിച്ചു നമ്മുടെ ലജ്ജെച്ചുമന്നു. നിന്ദനങ്ങളിൽ നിന്നു തെറ്റിപൊകുന്നതിന്നു നാം ഒട്ടും മനസ്സു കൊള്ളാ വിശ്വസിക്ക, അവനിൽ വിശ്വസിക്കുന്നവർ ഒരുനാളും നാണിച്ചു പൊകയില്ല. നല്ല പ്രവൃത്തികളിൽ സ്ഥിരമാകി നിന്നു തെജസ്സിനെ അന്വെഷിക്കുന്നവർക്ക അനുകൂലം മാനവും മഹത്വവും നാശമില്ലായ്മയും അവകാശമായി വരുമല്ലൊ. രൊമ. ൨, ൭.

മത്താ. ൧൬, ൨൭. മനുഷ്യപുത്രൻ പിതാവിന്റെ മഹത്വത്തൊടെ തന്റെ ദൂതന്മാരുമായി വരും. അപ്പൊൾ അവൻ ഒരൊരുത്തന്ന അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം ചെയ്യും.

മനുഷ്യപുത്രൻ തന്റെ മഹത്വത്തൊടും വിശുദ്ധദൂതന്മാരൊടും കൂടെ വരുമ്പൊൾ തന്റെ മഹത്വ സിംഹാസനത്തിൽ ഇരിക്കും. മത്താ. ൨൫, ൩൧. എന്നും മനുഷ്യപുത്രൻ പിതാവിന്റെ മഹത്വത്തൊടെ തന്റെ ദൂതന്മാരും ആയി വരും. മത്താ. ൧൬, ൨൭. എന്നും യെശു പറഞ്ഞത സമമായി നൊക്കിയാൽ പിതാവിന്റെ മഹത്വം തനിക്കുള്ളത തന്നെ എന്നും പിതാവിന്റെ മഹത്വം ദിവ്യ മഹത്വം ആകകൊണ്ടു ദൈവമില്ലാത്ത ആൎക്കും കൊടുപ്പാൻ കഴികയില്ല. യെശുവിന്ന അതു ഉണ്ടാകയാൽ താൻ പിതാവെപൊലെ ദൈവം ആകുന്നു എന്ന ബൊധിപ്പാൻ സംഗതി ഉണ്ടു. ദൈവാത്മാവു നമ്മുടെ ദാനമായി വരുന്നു എങ്കിലും നമ്മുടെ ആത്മാവു എന്ന പറഞ്ഞുകൂടാ. യെശുവും പിതാവും ഒന്നാകിരിക്കകൊണ്ടു പിതാവിന്റെ മഹത്വത്തിന്ന മനുഷ്യപുത്രന്റെ മഹത്വം ആകുന്നു എന്ന മെലെഴുതിയതിൽ പറഞ്ഞിരിക്കുന്നു. വിശുദ്ധദൂതന്മാൎക്ക ദെവദൂതന്മാരെന്നും യഹൊവയുടെ ദൂതന്മാരെന്നും പെരുകൾ ഉണ്ടെങ്കിലും അവർ യെശുവിന്റെ ദൂതന്മാരുമാകി സന്തൊഷത്തൊടും ജ്ഞാനത്തൊടും കൂടെ ന്യായവിസ്താരത്തിൽ അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ മഹത്വത്തിൽ ഒരു അംശം ആകിരിക്കും. അവൻ അനുഭവിപ്പാനുള്ള ശ്രെഷ്ഠസിംഹാസനവും ദിവ്യ രാജ്യത്തിന്ന യൊഗ്യമുള്ളതാകിരിക്കും. ഈ മഹത്വമുള്ള രാജാവ് ആർ, പിലാത്തന്റെ ഭൃത്യന്മാർ ചമ്മട്ടികൾകൊണ്ടു അടിച്ചു, പരിഹാസമായി മുൾകിരീടം ധരിപ്പിച്ചു, ചുവന്ന കുപ്പായം ഉടുപ്പിച്ചു നിന്നവൻ തന്നെ. അവൻ പിതാവിന്റെ മഹത്വത്തൊടെ തന്റെ ദൂതന്മാരുമായി വരുമ്പൊൾ

ഒരൊരുത്തന അവനവന്റെ ക്രിയകൾക്കു തക്ക പ്രതിഫലം തരും. നമ്മുടെ ക്രിയകളുടെ വില അവൻ മനുഷ്യരുടെ വിചാരപ്രകാരം അല്ല, നൊക്കും. പലപ്പൊഴും നാം എത്രയും ആകാത്ത കള്ളങ്ങൾക്കു സല്ക്രിയ എന്നെ പെർ ഇടുന്നവല്ലൊ. അപൊസ്തലന്മാരെ കൊന്നവർ ദൈവത്തിന്ന അതിനാൽ ആരാധന കഴിക്കുന്നു എന്ന വിചാരിച്ചുവല്ലൊ നമ്മുടെ ക്രിയകളിൽ നിന്ന വരുന്ന ഉപകാരവും അവറ്റിന്റെ വിലയെ കാണിക്കുന്നില്ല പലപ്പൊഴും ദൈവം ഒരൊ ആളുകളെ കൊണ്ടു മറ്റവൎക്ക എറിയ ഗുണങ്ങളെ ചെയ്യുന്നു എങ്കിലും വിശ്വാസവും ശുദ്ധിയും ഇല്ലായ്കകൊണ്ടു അവരെ തന്റെ രാജ്യത്തിലെക്ക കൈക്കൊള്ളുവാൻ കഴികയില്ല. മറ്റവൎക്ക ഗുണത്തിനായി ദൈവവചനത്തെ അറിയിച്ചു താൻ നശിച്ചു പൊവാൻ കഴിയുമല്ലൊ. തൻ വഴിയിൽ നിന്ന തെറ്റിപൊയവൻ മുമ്പെത്ത സല്ക്രിയകളിൽ ആശ്രയിക്കെണ്ട. ന്യായവിസ്താരദിവസത്തിൽ അവറ്റിന്ന ഒരു മൂല്യവും ഉണ്ടാകയില്ല. ആനാളിൽ യെശുവിന്ന പ്രസാദം വരുത്തുന്ന ക്രിയകൾ പുതിയ ജനനത്തിൽ നിന്ന പുറപ്പെട്ടു ദൈവം കൊടുക്കുന്ന പ്രാപ്തികൊണ്ടു അവന്റെ മാനത്തിനായി ചെയ്യപ്പെട്ട ശുദ്ധാത്മാവിന്റെ ഫലങ്ങളായിരിക്കുന്നു. ഇതെല്ലാം വെണ്ടുവൊളം വിചാരിച്ചു ആനാളിൽ നമ്മൾ സന്തൊഷങ്ങളൊടുകൂടെ ന്യായാധിപതിയുടെ മുമ്പാകെ നില്ക്കെണ്ടതിന്ന നാം ഒരൊരുത്തൻ ജാഗരിച്ചിരിക്കുക.

൯൩

൨൭൮. ചൊ. എങ്ങനെ ക്രിസ്ത്യാനിയാവ് ഇല്ലാഞ്ഞാൽ അവൻ ശവനുള്ളവനല്ല.

പൌൽ ഈ വാക്കുകളെ എഴുതും മുമ്പെ യെശുക്രിസ്തുനുള്ളവർ പക്ഷത്തിൽ നിന്നും പാപമരണങ്ങളുടെ അധികാരത്തിൽ നിന്നും കൂടി രക്ഷിക്കപ്പെട്ടിരിക്കുന്നവരും

ആകുന്നു എന്നും ധൎമ്മത്തിന്ന വരുത്തുവാൻ കഴിയാഞ്ഞതു ദൈ
വം താൻ നിവൃത്തിച്ചു സ്വന്തപുത്രനെ പാപജഡത്തിൻ
സാദൃശ്യത്തിൽ അയച്ചു പാപത്തിന്നു ജഡത്തിൽ ശിക്ഷാ
വിധിയെ നടത്തിയതു ജഡപ്രകാരം അല്ല, ആത്മപ്രകാരം ന
ടക്കുന്ന നമ്മിൽ ധൎമ്മത്തിൻ ന്യായം പൂരിച്ചു വരെണ്ടതിന്നത്രെ.
എങ്ങിനെ എന്നാൽ ജഡപ്രകാരമുള്ളവർ ജഡത്തി
ന്റെവയും ആത്മപ്രകാരമുള്ളവർ ആത്മാവിന്റെവയും ഭാ
വിക്കുന്നു. ജഡഭാവമല്ലൊ മരണം, ആത്മഭാവമൊ ജീവ
നും സമാധാനവും തന്നെ. കാരണം ജഡഭാവം ദൈവത്തൊടു
ശത്രുത്വം ആകുന്നു. അതു ദൈവധൎമ്മത്തിന്നു കീഴ്പെട്ടുവാൻ ക
ഴിയുന്നതല്ല, എന്നാൽ ജഡത്തിലുള്ളവൎക്കു ദൈവപ്രസാദം
വരുത്തിക്കൂടാ എന്നു ഉപദെശിച്ചതിന്റെ ശെഷം വിശ്വാ
സികളൊടു നിങ്ങളൊ, ദൈവാത്മാവ് നിങ്ങളിൽ വസി
ച്ചാൽ ജഡത്തിൽ അല്ല ആത്മാവിൽ അത്രെ ആകുന്നു.
ക്രിസ്തുവിന്നുള്ളവൎക്ക് അത് അത്യാവശ്യം തന്നെ. കാരണം
ഒരുത്തന്നു ക്രിസ്താത്മാവ് ഇല്ലാഞ്ഞാൽ അവൻ അവന്നുള്ളവ
നല്ല എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്താത്മാവുള്ളവൻ കൂട
ക്കൂട ഒരു നല്ല കാൎയ്യം വിചാരിച്ചു നിശ്ചയിച്ചു പിന്നെയും വി
ടുന്നു എന്നല്ല, ആത്മാവിന്നു ഹൃദയത്തിൽ വസിപ്പാൻ സ്ഥ
ലം കൊടുത്തു ഒരു ഭെദം വരാതെ അവന്റെ നിയൊഗപ്രകാ
രം നടന്നു ദൈവപ്രസാദം വരുത്തുവാൻ മാത്രം ഉത്സാഹിച്ചു
കൊണ്ടിരിക്കുന്നു. ഒരു സത്യവിശ്വാസി ഉറക്കത്തിലും ലൌകി
കക്രിയകളെ നടത്തുന്ന സമയത്തിലും മരണനെരത്തും പരിശു
ദ്ധാത്മാവിന്റെ ആലയം ആകുന്നു. ലൊകചിന്തനിമിത്തം
അത്രെ ദൈവാത്മാവു ഹൃദയത്തിൽനിന്നു വിട്ടുപൊകുന്നു.
പൌലിന്റെ ഉപദെശപ്രകാരം പുറത്താക്കി ജനിക്ക മാത്രം
അല്ല, ദൈവാത്മാവിന്റെ സ്ഥിരവാസസ്ഥലവുമാകി തീ
രുകതന്നെ രക്ഷക്കായി ആവശ്യമാകകൊണ്ടു ഞാൻ എ

ന്നെ തന്നെ ശോധന ചെയ്തു ചൊദ്യം കഴിക്കുന്നതു ന്യായം· ഞാൻ ബുദ്ധിയുള്ളവനൊ, ആത്മാവുള്ളവനൊ, ഞാൻ ബുദ്ധിയിന്റെ നിയൊഗം അനുസരിച്ചു ദൈവത്തിന്നും അവന്റെ വചനത്തിന്നും ശത്രുവായി നടന്നു മരണവും നിത്യനാശവും വരുത്തുന്ന ക്രിയകളെ പ്രവൃത്തിക്കുന്നവനൊ, ആത്മാവിന്റെ വാഞ്ഛയെ അനുസരിച്ചു ജീവങ്കലെക്കും നിത്യമഹത്വത്തിലെക്കും നടത്തുന്ന ക്രിയകളെ ചെയ്യുന്നവനൊ, ക്രിസ്തുന്റെ ആത്മാവു എന്നിൽ വസിക്കുന്നുവൊ, ഞാൻ അവന്നുള്ളവനൊ, വിശ്വാസത്താലെ ഞാൻ ക്രിസ്തുവൊടു ചെൎന്നു വന്നുവൊ, അവന്നുള്ളവനായി തീൎന്നു കരുണയും പാപമൊചനവും സമാധാനവും നിത്യജീവന്റെ നിശ്ചയവും ആശ്വാസവും എനിക്ക അനുഭവമായി വന്നുവൊ· ഈ ചൊദ്യങ്ങളെ വിചാരിച്ചു നല്ല ഉത്തരം കിട്ടെണ്ടതിന്നു ഈ സകല പ്രവൃത്തികളിൽ എന്റെ ബുദ്ധി ഉദ്യൊഗം ആയിരിക്ക· ക്രിസ്തുന്റെ ആത്മാവില്ലാത്തവൻ അവന്റെ ശിഷ്യനും ആടും പ്രജയും മുതലും അവകാശിയും അല്ലായ്കകൊണ്ടു എത്രയും നിൎഭാഗ്യൻ തന്നെ· മറെറവരിൽ വിധി ചൊല്ലെണ്ടതിന്നല്ല, എന്നെ ശോധന ചെയ്യെണ്ടതിന്നു ഞാൻ ഈ വാക്കുകളെ പ്രയൊഗിക്ക.

൧൦

എഫെ· ൧, ൨൨· ദൈവം ക്രിസ്തനെ സഭെക്കായി സൎവ്വത്തിന്നും മീതെ തല ആക്കി കൊടുത്തു·

ക്രിസ്തന്നു സകല വാഴ്ച അധികാരങ്ങളുടെ തല എന്ന പെർ ഉണ്ടു. കൊല. ൨, ൧൦. ദൈവം സ്വൎഗ്ഗത്തിലും ഭൂമിമെലുമുള്ളവ എല്ലാം ക്രിസ്തനിൽ ഒരു തലയാക്കി സംഗ്രഹിക്കെണ്ടതിന്നു മനസ്സാകുന്നു എന്നും എഴുതിയിരിക്കുന്നു· എഫെ. ൧, ൧൦. പൌൽ അതു കൊരിന്ത്യൎക്കും എഫെസ്യരൊടും എഴുതിയിരിക്കുന്നു: ഇങ്ങിനെ ദൈവം ക്രിസ്തനെ എല്ലാ·

ങ്ങളിന്മെൽ വലത്ത ഭാഗത്ത ഇരുത്തി എല്ലാ വാ
ഴ്ചക്കും അധികാരത്തിന്നും ശക്തിക്കും കർത്തൃത്വത്തിന്നും
ഈ യുഗത്തിൽ മാത്രമല്ല, ഭാവിയുഗത്തിലും ചൊല്ലുന്ന സക
ല നാമത്തിന്നും അത്യന്തം മീതെ തന്നെ സർവ്വവും അവ
ന്റെ കാല്ക്കീഴാക്കി വെച്ചു. എഫെ. ൧, ൨൦-൨൨. അതുമല്ല,
ദൈവം അവനെ സഭെക്കായി തലയാക്കി കൊടുത്തു. എ
ഫെ. ൧, ൨൨. ക്രിസ്തുവിന്ന ലഭിച്ച സർവ്വമാനങ്ങളിൽ മുഖ്യമാ
യത ഇത തന്നെ. പ്രഭുത്വാധികാരങ്ങൾക്കല്ല, സഭെക്ക മാത്രം
ക്രിസ്തുശരീരം എന്ന പെർ കിട്ടിയത. സഭ തന്നെ തലയാ
യവനിൽ നിന്നല്ലൊ സന്ധിനാഡികളാലും പൊഷണം
ലഭിച്ചും ഏകീഭവിച്ചും പൊന്ന ദൈവവൎദ്ധനമായ വൎദ്ധ
നം കൊള്ളുന്നു. കൊല. ൨, ൧൯. അങ്ങിനെ ക്രിസ്തു പ്ര
ത്യേകം സഭയുടെ തല, സഭ അവന്റെ ദെഹം. അവനി
ൽനിന്ന കൃപാസത്യങ്ങളും വെളിച്ചവും ജീവനും നീതി
യും ശക്തിയും ദെഹം കൊണ്ടനുഭവിക്കുന്നു. അതുകൊണ്ട സ
ത്യവിശ്വാസികൾ ഈ ശരീരത്തിന്റെ അവയവങ്ങളാകി
തമ്മിൽ സഹായിക്കയും ക്ഷമിക്കയും സ്നെഹിക്കയും വെ
ണം. അങ്ങിനെ സഭ അകത്തും പുറത്തും ദൈവമാനത്തി
ന്നായി വളരുന്നത.

ഒരൊ വിശ്വാസി ദെഹത്തിന്റെ തലയാകുന്ന ക്രിസ്തു
വൊട ചെർന്നിരിക്കെണം. പൌൽ ചില കള്ളവിശ്വാസി
കളെ ക്രിസ്തനെ വിട്ട ഭക്തരാകി ദൈവദൂതരെ ആ
രാധിച്ചതിനാൽ ആക്ഷെപിക്കുന്നു. കൊല. ൨, ൧൮.
ലൊകത്തിൽ വളരെ ശക്തിയും മഹത്വവുമുള്ള സൃഷ്ടികൾ
ഉണ്ടെങ്കിലും നമ്മുടെ വിശ്വാസം അവരെല്ലാവരുടെ മീ
തെ കയറി സകലത്തിന്നും സഭയുടെ തലയാകുന്ന യെശുവെ
യാട്ട അവനെ ആശ്രയിക്കയും സെവിക്കയും ചെയ്യെണം. ഏകദൈ
വമായ ദൈവപുത്രനൊട അങ്ങിനെ സംബന്ധിച്ചതില്ല

നഹ്ര അഹംഭാവം തന്നെ എന്നു കർത്താവും വിചാരിച്ച കാണ്മാ, ഹിതായല്ലൊ. അവനെ സഭയുടെ തലയാക്കിയ ച്ചു നമ്മൊടു അവനെതന്നെ രക്ഷയുടെ ഉറവാക്കിയിരിക്കുന്നു. കുഞ്ഞാടിന്റെ കല്യാണനാളിൽ ക്രിസ്തനും സഭക്കും ഉള്ള സംബന്ധത്തിൽനിന്നു ഒരു മഹാഭാഗ്യങ്ങളുള്ള ഫലങ്ങൾ എല്ലാം അനുഭവിക്കുവതും എന്നു ഇപ്പോൾ വർണ്ണിച്ചു പറയുന്നതിന്ന മനുഷ്യരുടെ വാക്കും ബുദ്ധിയും പൊരാതില്ല. അതിൽ കൊതിയുള്ളവൻ ചെന്നു തന്നെ പ്രാർത്ഥിക്കട്ടെ. സഭയുടെ തലയായവനെ, നിന്റെ അവയവങ്ങളിൽ ഒരൊരുത്തനും ചിന്തിക്ക എനിക്ക് ഇന്നു ദിവസത്തിലും ആത്മ, ദെഹി, ദെഹങ്ങൾക്കു വെണ്ടുന്നത് എല്ലാം ഇരക്കുന്നു എന്നെ മുഴുവനും നിന്നൊടു ചെർത്തുകൊണ്ടു നല്ല ഇടയനായി നിന്റെ ആട്ടിനെ എന്നും പരിപാലിച്ചും അവസാനത്തൊളം ചെന്നായ്ക്കളിൽ നിന്നു ഉദ്ധരിച്ചും വഴിയായി രക്ഷിക്കെണമെ.

൨൭

൧ യൊഹ ൫, ൪. ലൊകത്തെ ജയിച്ച ജയമൊ, നമ്മുടെ വിശ്വാസമത്രെ.

ലൊകവും അതിന്റെ വിചാരസന്തൊഷങ്ങളും എല്ലാം അവിശ്വാസത്തിന്ന അടങ്ങിയിരിക്കുന്നു. അതിനെ ജയിക്കുന്നതും വിശ്വാസം അല്ലൊ ആകുന്നതു. ലൊകം കാണുന്നതിനെ മാത്രം നൊക്കി സ്നെഹിച്ചും ആശ്രയിച്ചും പ്രസാദിച്ചുംകൊണ്ടിരിക്കുന്നു. മരണം എല്ലാം കണ്ണിൽനിന്നു മറച്ചു കളയുന്നു എന്നും അതിൽനിന്ന സത്യപ്പെട്ടരുന്നാളും വരുന്നില്ല എന്നും നിശ്ചയം അറിവാൻ സംഗതി ഉണ്ടാകായ്കും ഇതു തന്നെ പരമനന്മ എന്നു വിചാരിച്ചു വസിച്ചു പൊകുന്നു. വിശ്വാസിയൊ, ദൈവം തന്റെ വചനത്തിൽ കാണിച്ചിരുന്നും വാഗ്ദത്തം ചെയ്തതും കാണാത്തതുമായതും

ത്യസുഖത്തെയും നൊക്കി അതു ദെഹികനിധികളെക്കാൾ വിലയുള്ളതു എന്നു വിചാരിച്ചു അതിന്നായി പ്രയാസപ്പെടുന്നു. വിശ്വാസി ഇങ്ങിനെ നടക്കയും ക്ഷമയൊടെ കഷ്ടിക്കയും ലൌകികത്തെ വിടുകയും മരണത്തെ ഭയപ്പെടാതിരിക്കയും ചെയ്യുന്നത് എന്തിന്, വിശ്വാസം അല്ലൊ പ്രത്യക്ഷമാകാത്ത കാൎയ്യങ്ങളുടെ വസ്തുതയും കാണപ്പെടാത്തവയിന്റെ പ്രമാണ്യവും ആകുന്നു. ലൊകം, കഷ്ടാവായ യെശു ബലക്ഷയമുള്ള മനുഷ്യനത്രെ എന്നു വിചാരിച്ചു പിലാതൻ ചെയ്തതുപൊലെ ക്രിസ്തൻ എന്നു പറയുന്ന യെശുവിനെ കൊണ്ടു ഞാൻ എന്തു ചെയ്യെണം എന്നു ചൊദിക്കുന്നു. വിശ്വാസപ്രമാണം ഒരു വിരൊധം കൂടാതെ പഠിച്ചു ശരിയായി പറകയും ചെയ്യുന്നു എങ്കിലും ഉദാസീനമായി അതിനെ വിചാരിച്ചു പ്രയൊജനമില്ലാതാക്കി കളയുന്നു. ലൊകത്തിന്റെ ഒരു അംശം, യെശു ദൈവപുത്രനും പാപികളുടെ രക്ഷിതാവും അല്ല എന്നു പറഞ്ഞു ശുദ്ധശത്രുക്കളായി നില്ക്കുന്നു. വിശ്വാസിയൊ പിതാവു തന്റെ പുത്രനെ കൊടുത്ത സാക്ഷിയെ കൈക്കൊണ്ടു യെശു തന്നെ ക്രിസ്തനും ദൈവപുത്രനും ആകുന്നു എന്നു പൂൎണ്ണമനസ്സുകൊണ്ടു വിശ്വസിച്ചു അവനൊടു ചെൎന്നു നിത്യജീവനെ അവനിൽനിന്നു പരിഗ്രഹിക്കുന്നു. ലൊകം ദൈവത്തെ സ്നെഹിക്കാതെയും അവന്റെ കല്പനകളെ പ്രമാണിക്കാതെയും നടക്കുന്നു. ജഡമൊഹം, കണ്മൊഹം, സംസാരത്തിൻ വമ്പു ഇവറെറ വിലക്കുന്ന കല്പനകളെതന്ന വിരുദ്ധ ദൈവത്തിന്നു ശത്രു ആകുന്നു. ദൈവത്തിൽനിന്നു ജനിച്ച വിശ്വാസി ദൈവത്തെയും അവനിൽനിന്നു ജനിച്ചവരെല്ലാവരെയും നന്നായി സ്നെഹിച്ചു സ്നെഹത്തിന്റെ അടയാളമായി ദൈവകല്പനകളെ പ്രമാണിക്കയും ചെയ്യുന്നു. ഇങ്ങിനെ ഒരു മനുഷ്യൻ സത്യവിശ്വാസിയായി വന്നു

ഉടനെ പുതിയ ജ്ഞാനവും വെളിച്ചവും ശക്തിയും ദൈവത്തിന്റെ കയ്യിൽ നിന്ന പരിഗ്രഹിച്ചു ലോകത്തെക്കാൾ വലിയവനാകിത്തീരുന്നു. വിശ്വാസികളിൽ വസിക്കുന്ന ദൈവം ലോകപ്രഭുവെക്കാൾ ശക്തനാകകൊണ്ടു വിശ്വാസം ലോകത്തെ ജയിച്ചുജയം കൊള്ളുന്നു. ലോകത്തെ നന്നാക്കുവാൻ പാടില്ലെങ്കിലും അതിനെ ജയിപ്പാൻ കഴിയും നിശ്ചയം.

൰൨

രോമ. ൪, ൨൫. കൎത്താവായ യേശു നമ്മുടെ നീതീകരണത്തിന്നായി ഉണൎത്തപ്പെട്ടു.

യേശു ഈ ലോകത്തിൽ ജീവനോടിരിക്കുന്നോളം കഷ്ടിച്ചു. പ്രത്യേകം ക്രൂശിൽ നിന്ന മരിച്ചപ്പോൾ മനുഷ്യരുടെ പാപങ്ങളെ വഹിച്ചു അവൎക്ക വരേണ്ടിയ ശിക്ഷയെ അനുഭവിച്ചു ശാപമായി തീരുകയും ചെയ്തു. അന്നുള്ള മനുഷ്യരിൽ ആരും ഇത ബോധിച്ചപ്രകാരം തോന്നുന്നില്ല. ക്രൂശിന്റെ രഹസ്യം അറിവാൻ ശിഷ്യന്മാൎക്ക അന്ന വെളിച്ചം പോരാ. ലോകമോ യേശുവിനെ കള്ളൻ എന്നും വഞ്ചകൻ എന്നും ദുഷിച്ചു. അവൻ മരിച്ചപ്പോൾ ജയം കൊണ്ടു എന്ന വിചാരിച്ചു സന്തോഷിക്കയും ചെയ്തു. ദൈവദൂതന്മാർ മാത്രം യേശുവിന്റെ കഷ്ടങ്ങളെ അതിശയിച്ചു നോക്കി അതിന്റെ അൎത്ഥം അറിഞ്ഞു. യേശു ക്രൂശിൽ നിന്ന മരിച്ചു അടക്കപ്പെട്ടു മൂന്നാം ദിവസത്തോളം ശ്മശാനത്തിൽ കിടന്നപ്പോൾ അവന്റെ താഴ്ച മാത്രം അല്ല, ഉയൎച്ചയെയും കാണിക്കുന്ന പ്രവാചകങ്ങളെ നോക്കി വിചാരിക്കാത്തവർ യേശു ചെയ്യാൻ ലഭിച്ച വേല സാധിച്ചു അവൻ പാപകടങ്ങളെ തീൎത്തു ഒരു നിത്യരക്ഷയെ സമ്പാദിച്ചുവോ എന്നും ദേവപുത്രനായ ക്രിസ്തൻ ഇവനോ എന്നും ബുദ്ധി മുട്ടി സംശയിപ്പാൻ സംഗതി ഉണ്ടായിരുന്നു നിശ്ചയം. മരണം അവനെ വിഴുങ്ങുകയാൽ അവൻ ചെയ്തതും അവൻ

മുമ്പെ വിശ്വസിച്ചതും എല്ലാം നിഷ്ഫലമാക്കി തീൎന്നുവല്ലൊ. എന്നാൽ യെശു പിതാവിന്റെ ശക്തിയാൽ മൂന്നാം നാളിൽ ഉയിൎത്തെഴുനീറ്റതിനാൽ സംശയം എല്ലാം നീങ്ങി സുവിശെഷ സത്യം ഉറപ്പായി വന്നിരിക്കുന്നു. പുനരുത്ഥാനത്താൽ യെശുവിന്റെ ശരീരത്തിന്നു വന്ന ആത്മിക മഹത്വത്തിൽ അവൻ നിശ്ചയിക്കപ്പെട്ട ഏക ജാതനായ ദൈവപുത്രൻ എന്നു സൎവ്വലൊകത്തിന്റെ മുമ്പാകെ മുദ്ര പ്രാപിച്ചവനായി വന്നു. ശത്രുക്കൾ അവന്റെ മെൽ വഹിച്ച ദൂഷണങ്ങൾ വ്യൎത്ഥമാക്കി. ദൈവം ദാവിദ മുതലായ വിശ്വാസികളൊടു വാഗ്ദത്തം ചെയ്തുകൾ ഒക്കെയും നൂതനമായി കാത്തു നിവൃത്തിച്ചു എന്നു പ്രസിദ്ധമാക്കിയിരിന്നു. അന്നു യെശുവിന്റെ നീതിയാൽ ജീവന്റെ നീതികരണം എല്ലാ മനുഷ്യരിലും വ്യാപിച്ചു വന്നു. രൊമ. ൫. ൧൮. യെശു ജീവപ്രഭുവായി നീതികരിക്കപ്പെട്ടതുകൊണ്ട എല്ലാ മനുഷ്യൎക്ക അവനൊടു കൂട നിത്യജീവനെ ലഭിപ്പാൻ അവകാശം ഉണ്ടെന്നും പാപ കടവും ശിക്ഷാകല്പനകളുടെ ശാപവും ഇനി തടയായിരിക്കയില്ല എന്നും പ്രസിദ്ധമായി വന്നു. ഇതിനെ വിശ്വസിക്കുന്നവന്നു ഈ വിശ്വാസത്താൽ പാപമൊചനവും നീതികരണവും നിത്യജീവന്റെ നിശ്ചയവും ലഭിക്കും. നമുക്ക ജീവനും രാജ്യവും മദ്ധ്യസ്ഥനും ആയിത്തീൎന്നവനെ ക്കളിപ്പുനരുത്ഥാനത്തിന്റെ കാരണവുമായി വരെണ്ടതിന്നു എല്ലാവരുടെയും രക്ഷെക്കായി മരണത്തിന്നു ഏല്പിച്ചിവനെ പിന്നെയും കൈക്കൊണ്ടു ഉയിൎപ്പിച്ചു. സുവിശെഷ വചനത്താൽ ഇതൊക്കെയും നമുക്ക അറിയിച്ചു മനസ്സിൽ ഉറപ്പിച്ചു തരുന്ന പരിശുദ്ധാത്മാവിന്നും എന്നെന്നെക്കും സ്തൊത്രം ഉണ്ടാകെണമെ.

൨൧

യൊഹ. ൬, ൬൮. കൎത്താവെ, ഞങ്ങൾ ആരുടെ അടുക്കൽ പൊകെണ്ടു; നിത്യജീവന്റെ മൊഴികൾ നിന്നൊടു ഉണ്ടു.

ഗലീല കടലിന്റെ അക്കരെ അപ്പവും മീനും കൊടുത്തു
തൃപ്തി വരുത്തിയ യഹൂദന്മാരൊടു കൂടെ കഫർന്നഹൂം പട്ടണ
ത്തിലെ പള്ളിയിൽ വെച്ചു താൻ ജീവന്റെ അപ്പമാകുന്നു പ്ര
കാരം സംസാരിച്ചു തന്റെ മാംസം ഭക്ഷിക്കയും രക്തം കുടി
ക്കയും ചെയ്യാതിരുന്നാൽ നിങ്ങളിൽ ജീവനില്ല എന്നു ഉപദെ
ശിച്ചപ്പോൾ അവന്റെ ശിഷ്യന്മാർ പലരും പിറുപിറുത്തു പി
ൻ വാങ്ങി അവനൊടു നടക്കാതെ ഇരുന്നു. ഗൂഢമായ ഉപ
ദെശങ്ങളെ കൊണ്ടു അവൻ തന്റെ ശിഷ്യർക്കു ബലം വരു
ത്തിയതിനാൽ മാനുഷബുദ്ധിക്കു അവനെ ശോധിപ്പാൻ
പക്ഷെ സംഗതി ഒന്നും എങ്കിലും യെശു ക്രിസ്തുചെന
ല്ലാതെ അങ്ങിനെ ഉപദെശിച്ചു സ്ഥാപകനായ യൊഹ
നാൻ പറഞ്ഞപ്രകാരം യിശരി അവന്റെ കയ്യിൽ ഉണ്ടാ
യി; അവൻ തന്റെ കളത്തെ വെടിപ്പു വരുത്തിയതെ ഉള്ളു.
മത്ത. ൩, ൧൨. യൊഹന്നാന്റെ പിന്നാലെ ഒരുവഴിയ
പ്പുറപ്പാരം ചെന്ന എങ്കിലും നല്ലവരെയും ആകാത്തവ
രെയും അറിഞ്ഞു വെർതിരിപ്പാൻ അവനു പ്രാപ്തി ഉള്ളൊ
ക്കകൊണ്ടു അവൻ പല കപടക്കാർക്കു സ്ഥാനം കൊടുത്തു
യെശുവിന്റെ വാത്സല്യം അനുഭവിച്ചു സംബന്ധമായ ഉപദെ
ശങ്ങളെ കെട്ടു അത്ഭുത ക്രിയകളെ കണ്ടു സന്തൊഷിക്കു
ന്നവരുടെ കൂട്ടത്തിൽ അവരൊടു കൂട നടന്നു എങ്കി
ലും യിശരി അവന്റെ കയ്യിൽ ഉണ്ടായി ആദിസഭയിൽ ശി
ഷ്യഗണം വെടിപ്പാക്കി നെരുള്ളവരെയും കപടമായവ
രെയും വെർതിരിക്കെണ്ടതിന്നു അവനു ശക്തിയും ജ്ഞാന
വും ഉണ്ടായിരുന്നു. കഫർന്നഹൂമിൽ വെച്ചു അവൻ തന്റെ
മാംസം ഭക്ഷിച്ചു രക്തം കുടിക്കെണം പ്രകാരം ഉപദെ
ശിച്ചപ്പൊൾ വെടിപ്പു വരുത്തുവാൻ തന്നെ അങ്ങിനെ ചെ
യ്തത്. ശിഷ്യന്മാരും അവിടുന്നു ചുരുങ്ങി എങ്കിലും
നിങ്ങളും പൊയ്ക്കൊൾവിൻ, പന്തിരണ്ടു പെരൊടു അവൻ ചൊ

ദെശത്തിൽ ഇടറി വാങ്ങി പൊകയർ സത്യത്തിന്റെ ശിഷ്യന്മാരായില്ല വിശ്വാസത്താൽ അവന്റെ അടുക്കൽ വരുവാൻ അവർക്ക ഹിതമായിരുന്നെങ്കിൽ വരം ഉണ്ടായില്ല, മാനസുഖവും ദെഹരക്ഷയും നിമിത്തം മാത്രം അവന്റെ പിന്നാലെ ചെന്നത്. അവർക്ക പൊവാൻ യെശു സമ്മതിച്ചതല്ലാതെ പന്ത്രണ്ടു പെരൊടും നിങ്ങൾക്കും പൊയ്ക്കൊളുവാൻ മനസ്സുണ്ടൊ എന്നു ചൊദിച്ചാറെ പെത്രൻ ഉത്തരമായി കർത്താവെ ഞങ്ങൾ ആരുടെ അടുക്കൽ പൊകും, നിണക്ക നിത്യജീവന്റെ വചനങ്ങൾ ഉണ്ടു എന്നു പറഞ്ഞു. പെത്രന്നു കപടമുള്ള ഹൃദയം ഉണ്ടായി എങ്കിൽ ഇന്നദിക്കിൽ പൊകെണം എന്നു അറിവുമായിരുന്നു. അവന്റെ ഭാര്യയും തറവാടും അടുക്കെ ഉണ്ടായിരുന്നുവല്ലൊ, മറ്റെ അപൊസ്തലന്മാർക്കും യെശുവിനെ ഉപെക്ഷിപ്പാൻ അശെഷം മനസ്സു വന്നില്ല. കർത്താവായ യെശുവെ, നിന്റെ വചനങ്ങൾ എനിക്കും നിത്യജീവന്റെ വചനങ്ങളായി വരെണമെ; അവ എനിക്ക സ്വപ്നമൊ ഭ്രമമൊ എന്നിങ്ങനെ തൊന്നിയാലും ഞാൻ അവറ്റെ ഒരുനാളും മനുഷ്യവാക്കു പൊലെ വിചാരിക്കരുതെ, അവറ്റെക്കൊണ്ടു നീ നിന്റെ ദിവ്യശക്തിയെ വെളിച്ചങ്ങളെ നല്കുന്നുവല്ലൊ, എനിക്കും എനിക്കുള്ളവർക്കും നിന്റെ നാമത്തിന്റെ മഹത്വത്തിനായി അങ്ങിനെ ചെയ്യെണമെ.

൨൮

സങ്കീ. ൯൨. ൫. യഹൊവെ, നിന്റെ പ്രവൃത്തിയാൽ നീ എന്നെ സന്തൊഷിപ്പിക്കുന്നുവല്ലൊ

യഹൊവയുടെ ക്രിയകൾ വലിയത്, അവറ്റിൽ ഇഷ്ടമുള്ളവരെല്ലാം ആരാഞ്ഞിരിക്കുന്നു. സങ്കീ. ൧൧൧, ൨. യഹൊവായുടെ ശക്തിയുള്ള ക്രിയകളെ പറവാനും അവന്റെ സ്തുതിയെ ഒക്കെയും അറിയിപ്പാനും ആർക്ക കഴിയും. സങ്കീ.

൧൦൪, ൨൪. അവൻ അവയെ എല്ലാം ജ്ഞാനത്തോടെ ഉണ്ടാക്കി. സങ്കീ. ൧൩൯, ൧൪. അവ വലുതായും അത്ഭുതമായും ഉള്ളവ. വെളി. ൧൫, ൩. അവന്റെ വഴികൾ സത്യവും ന്യായവും തന്നെ. സങ്കീ. ൧൧൧, ൨. അവന്റെ വിചാരങ്ങൾ മഹാ അഗാധമുള്ളവയാകുന്നു, മൃഗപ്രായമുള്ളവൻ അറിയുന്നില്ല, മൂഢൻ അതിനെ ഗ്രഹിക്കുന്നതുമില്ല. സങ്കീ. ൧൦൭, ൪൩. ഈ വിധമായി ദൈവപ്രവൃത്തികളുടെ വിശേഷം ക്ഷമയോടെ കാണിക്കുന്നവനും യഹോവയുടെ ക്രിയകളിൽ ജയസന്തോഷം കൊള്ളുന്നു. മൂഢൻ സ്വന്തക്രിയകളെ പ്രശംസിക്കുന്നതു, വിധമായതൊ ദൈവത്തിന്റെ പ്രവൃത്തികളെ നോക്കി സ്തുതിക്കുന്നു. ദൈവത്തിന്റെ ക്രിയകൾ ആകട്ടെ, അവന്റെ സൃഷ്ടികളും ലോകപരിപാലനത്തിന്നുള്ള സങ്കല്പനങ്ങളും തന്നെ. പാപകടലിൽ മുങ്ങിപോയ മനുഷ്യരുടെ രക്ഷയും ദൈവം തന്റെ ആത്മാവുകൊണ്ടു മനുഷ്യരുടെ ഹൃദയങ്ങളിൽ നടത്തുന്നതും എല്ലാം എത്രയും അത്ഭുതപ്രവൃത്തികൾ ആകുന്നു. ഒടുവിൽ ദൈവം ആകാശഭൂമികൾ അഴിച്ചു നശിപ്പിക്കുന്നതു ആശ്ചര്യക്രിയ ആയിരിക്കും. അന്നു അവൻ നിവൃത്തിയാക്കി ഇതാ ഞാൻ സകലവും പുതുതാക്കുന്നു. വെളി. ൨൧, ൫. ൬. ൭. എന്ന പറയും. ഈ ദിവ്യപ്രവൃത്തികൾ ഒക്കെയും വിസ്മയത്തിന്നും നിത്യസ്തോത്രത്തിന്നും തക്കവ ആകുന്നവയല്ലോ.

യഹോവയെ നിന്റെ ക്രിയകളെ എന്നിലും ഞാൻ സ്നേഹിക്കുന്നവരിലും കാണിച്ചു സ്തുതിപ്പാൻ യോഗ്യരാക്കി വരുത്തേണമെ. നിന്റെ പ്രവൃത്തികളെ ഗ്രഹിച്ചു അവറ്റിനെ അവസാനത്തോളം കാത്തുകൊണ്ടിരിപ്പാൻ ബുദ്ധി തരേണമെ. നിന്റെ സൃഷ്ടികളെയും, നിന്റെ ക്രിയപുത്രനായ യേശു നിവൃത്തിച്ച രക്ഷാക്രിയയെയും വിശ്വസിച്ചു നോക്കി അതിൽ പ്രകാശിച്ചു വരുന്ന ശക്തി

ഈശോയെ, സ്നേഹത്തോടു കണ്ടറിഞ്ഞു സ്തുതിക്കപ്പെടുന്ന
സ്തോത്രം ചൊല്ലുന്ന എന്നെ പരിഗ്രഹിക്കേണമെ. എന്നിലും
എനിക്കുള്ളവരിലും നടക്കുന്ന ദുഷ്ടികാരണ അവലക്ഷണങ്ങളും
മാറ്റി തന്ന അവൻ മനസ്സോടെ സന്തോഷിച്ച ആത്മാവിനും
ശരീരം എന്നെ ഗ്രഹിപ്പിച്ച നന്ദിയായി നിന്നെ പുകഴ്ത്തു
ന്നതിനു ആയി ഒരുക്കേണമെ. ആശയിൽ സന്തോഷിച്ചു
ഞാൻ ദിനങ്ങളിൽ കഷ്ടതകളാൽ തോന്നിയെങ്കിൽ നിന്നെ
ദൈവമെ നിന്റെ നാമത്തിനായി കാത്തിരിപ്പാൻ
കണ്ണുനീരോടുകൂടെ സ്തുതിപ്രാർത്ഥനയിൽ എന്നെ സഹ
ായിപ്പിക്കേണമെ. നിന്റെ ദുഃഖത്തെ സന്തോഷ
മായി അനുഭവത്തിൽ നിന്റെ ഇഷ്ടത്തിന്നു യോഗ്യ
മായി നിവൃത്തിക്കുന്ന വചന കാര്യങ്ങൾ ഉള്ള
തൊക്കെ. നീ എന്നെ സകല സങ്കടങ്ങളിൽ നിന്നു ഉദ്ധരി
ച്ചു നിലയും പുത്രസ്വീകാരത്തിന്റെ ശേഷം ഞാൻ വന്ദ
വാഴുന്ന പരലോകത്തിൽ പൂർണ്ണ സന്തോഷത്തോടു കൂടെ
നിന്റെ ശ്രീകരങ്ങളിൽ നിത്യ സ്തുതികളെ പാടേണ്ട
തിന്നു കരുണയാലെ സഹായിക്കേണമെ.

൨൭

൧ കൊറി. ൨. ൯. ദൈവം തന്നെ സ്നേഹിക്കുന്നവ
ർക്കു ഒരുക്കിയവ കൺ കാണാത്തതും ചെവി കേൾക്കാത്ത
തും മനുഷ്യഹൃദയത്തിൽ കരേറാത്തതും ആകയാകുന്നു.

യശായാ പ്രവാചകൻ ദൈവജനത്തിന്നു ഉണ്ടാകയായി
രിക്കുന്ന കർത്താവിനെ കാണ്മെ പ്രവചിച്ചു. യശാ. ൬൪. ൪.
മെയൊൽ ഇവിടെ ഭൂമിയിൽ നിവൃത്തിയുണ്ടാകുന്ന പ്രകാരം വാ
ക്കുന്നു. അതിനാൽ അല്ലൊ ദൈവജനങ്ങൾ പരിപൂർണ്ണമായി
വെളിപ്പെട്ട ഭാഗ്യാനുഭവമായി വരുന്നു; അതി
ന്റെ തികവു പരലോകത്തിൽ മാത്രം ഉണ്ടാ
കും. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് അതിനെ ഒരു.

ക്കിയിരിക്കുന്ന എങ്കിലും ഒരു കണ്ണു അതിനെ കണ്ടിട്ടില്ല, ചെവി കെട്ടിട്ടും ഇല്ല അത ഒരു മനുഷ്യന്റെ ഹൃദയത്തിൽ വെളിവായി വന്നിട്ടുമില്ല. എന്നാൽ ദൈവം അത നമുക്ക തന്റെ ആത്മാവിനാൽ വെളിപ്പെടുത്തി എന്ന പൌൽ പറയുന്നു. ദൈവം തന്നെ സ്നെഹിക്കുന്നവൎക്ക ഒരുക്കിയിരിക്കുന്നതു മറഞ്ഞുകിടക്കുന്നു എങ്കിലും അവൻ അതിനെ വെളിവാക്കിയ പ്രകാരം മെൽ എഴുതിയതു സാക്ഷി. യുഗങ്ങളിൽനിന്നും തലമുറകളിൽനിന്നും അവൻ അത മറച്ചു വെച്ചു ഇപ്പൊൾ വെളിപ്പെടുത്തി എന്ന ഒട്ടും പറഞ്ഞു. മത്ത. ൧൩, ൧൧. പൌലൊസിന്റെ കാലത്തിൽ അത അനെക യഹൂദന്മാൎക്കും യവനന്മാൎക്കും ശാസ്ത്രികൾക്കും മഹാലൊകൎക്കും മറവായിരുന്നു എങ്കിലും അപ്പൊസ്തലൎക്ക ആത്മാവിനാൽ വെളിവായി വന്നു. ൧ കൊരി. ൨. ൧൦-൧൩. ഈ നാളൊളം അത പ്രാകൃതന്മാൎക്ക ഒരു രഹസ്യം; അതിനെ കൊണ്ടു കെട്ടാൽ എല്ലാം അവൎക്ക ഭൊഷത്വം എന്ന തൊന്നുന്നു. ആത്മികന്മാൎക്കൊ, അത ദൈവശക്തിയും ജ്ഞാനവും ആകുന്നു. ൧ കൊരി. ൧, ൨൪. വിളിക്കപ്പെട്ടവൎക്ക ദൈവത്താൽ ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായ ക്രിസ്തനെ കൊണ്ടു പൌൽ ഇതെല്ലാം പറഞ്ഞത്രെ. പിതാവിന്റെ അടുക്കൽ പൊവാൻ യെശു തന്നെ വഴി എന്ന ഒരു മനുഷ്യന്റെ കണ്ണും കണ്ടിട്ടില്ല, യെശുവിൽ മനുഷ്യൎക്ക ഒരുക്കിയിരിക്കുന്ന കരുണയെ ഒരു ചെവിയും കെട്ടിട്ടില്ല, പ്രാകൃതനായ മനുഷ്യന്റെ ഹൃദയത്തിൽ അതിനെ കൊണ്ടു ശങ്കയായി ഒരു വിചാരവും ഉദിച്ചിട്ടില്ല. എങ്കിലും യെശു ക്രൂശിലെ മരണത്താൽ തന്നെ ബലിയാക്കി അൎപ്പിച്ചു ലൊകരക്ഷയെ ഉണ്ടാക്കിയതിനെ കൊണ്ടു മാത്രമല്ല, വിശ്വാസികൾ തങ്ങളുടെ ഹൃദയങ്ങളിൽ അനുഭവിച്ചു വരുന്ന അതിന്റെ ശക്തിയും വ്യാപാരവും കൊണ്ടും അ

സിദ്ധിച്ചു വരുന്ന നിത്യവും വിശിഷ്ടവുമായ അനുഭ
വവും ഒക്കെയും പൊൽ ഇത് പറഞ്ഞു. ആത്മികമായുള്ള
വൻ ക്രിയകളാൽ പ്രസിദ്ധമാക്കി വരുന്നു എങ്കിലും ലൊ
കർക്ക മറഞ്ഞിരിക്കുന്നു. അതിനെ അനുഭവങ്ങളെ തൊട്ടു
ഒരൊന്ന കെട്ടാലും അവർക്ക എല്ലാം ഭോഷത്വമാകി
തൊന്നുന്നു. യെശുവിനെ സ്നെഹിച്ചു അവന്റെ കരുണ
യെ അനുഭവിക്കുന്നവരുടെ ഹൃദയങ്ങളിൽ നടക്കുന്നതു
നിശ്ചയം ലൊകജ്ഞാനികൾക്ക അഗ്രാഹ്യമായിരിക്കുന്നു
അത് ബൊധിക്കെണ്ടതിന്നു പുറമെ ക്രിയകൾ പൊരാ,
അനുഭവത്താൽ മാത്രം അതിന്റെ അറിവു വരുന്നു. എ
ൻ ദൈവമെ വരുവാനുള്ള അനുഭവങ്ങളുടെ അച്ചാരം
എനിക്ക ഈ ദിവസത്തിലും ഉറുതാക്കി നല്കെണമെ.

൩൩

൧ യൊഹ. ൫, ൯. അവൻ തന്റെ പുത്രനെ കുറി
ച്ചു ചൊല്ലിയത്, ദൈവസാക്ഷ്യം ആകുന്നതല്ലൊ.

യൊഹനാൻ യെശുവിനെ മനുഷ്യരൂപത്തിൽ ക
ണ്ടു അവൻ തന്നെ ദൈവപുത്രൻ ആകുന്നു എന്നു ഒക്കെയും
താനും സന്തൊഷം നിറഞ്ഞവനായിരുന്നു. ഈ സത്യം മ
ത്രയും ഘനവും വിശെഷവുമുള്ളതും ആകുന്നു എന്നറിഞ്ഞു.
യെശു ദൈവപുത്രൻ ആകുന്നു എന്നു അനുസരിച്ചു പറ
യുന്നവനെല്ലാം ദൈവത്തിലും ദൈവം അവനിലും വസിക്കു
ന്നു എന്നും ൧ യൊഹ. ൪, ൧൫. യെശു ദൈവപുത്രനാകു
ന്നു എന്നു വിശ്വസിക്കുന്നവനല്ലാതെ ലൊകത്തെ ജയിക്കു
ന്നവനാർ എന്നും ൧ യൊഹ. ൫, ൫. എഴുതുകയും ചെ
യ്തു. ലൊകരക്ഷിതാവും പിതാവിന്റെ സന്നിധിയിൽ
നമ്മുടെ നന്മയുടെ പാപങ്ങൾക്ക പ്രായശ്ചിത്തവുമാകി
രിക്കെണ്ടതിന്നു ദൈവം തന്റെ പുത്രനെ അയച്ചു പ്രകാ
രം യൊഹനാൻ കണ്ടപ്പൊൾ ദൈവത്തിന്റെ തിരുമനസ്സു

ഹം അവന്റെ കണ്ണിൽ പ്രകാശിച്ചു ദൈവം സ്നെഹമാ
ണെന്നു കാണുന്നു എന്നു ഭയം കൂടാതെ അവനെ സ്നെഹിപ്പാ
നും അവന്നു സദൃശന്മാരായി സ്നെഹത്തിൽ നടപ്പാനും അവ
ന്റെ പുത്രനിലെ വിശ്വാസത്താൽ ദെവപുത്രന്മാരാകുവാ
നും ലൊകത്തൊടു വെർപ്പെട്ടു കരുണകളിൽ വളരുവാനും അ
വകാശവും അധികാരവും ഉണ്ടെന്നു ബൊധിച്ചു. യെശു
ദെവപുത്രൻ തന്നെ എന്നു അറിഞ്ഞിട്ടു വിശ്വാസിയൊടു കൂ
ടെ ഇരുന്നു നമുക്കു പ്രത്യക്ഷമായ ജീവൻ എന്നു പറഞ്ഞും,
ദൈവം നമുക്കു തന്നു നിത്യജീവൻ അവന്റെ പുത്രനിൽ
ആകുന്നു: പുത്രൻ ഉള്ളവന്നു ജീവൻ ഉണ്ടു ദെവപുത്രൻ ഇ
ല്ലാത്തവന്നു ജീവൻ ഇല്ല എന്നും ദെവപുത്രനായ യെശു
ക്രിസ്തന്റെ രക്തം നമ്മെ സകല പാപങ്ങളിൽ നിന്നു ശുദ്ധി
കരിക്കുന്നു എന്നും സാക്ഷി കൊടുത്തും ഇരിക്കുന്നു. യെശു നമ്മുടെ
മദ്ധ്യസ്ഥനും പാപങ്ങൾക്കു പ്രായശ്ചിത്തവും ആകകൊണ്ടു
അവനിൽ വിശ്വസിക്കുന്നവർക്കു പാപമൊചനം ഉണ്ടു. വി
ശ്വാസത്തിൽ അവന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ത
ങ്ങളുടെ ഹൃദയങ്ങൾ കുറ്റം വിധിക്കുന്നില്ല, ധൈര്യത്തൊടെ
പ്രാർത്ഥിപ്പാനും ന്യായവിധിനാളിൽ സന്തൊഷിപ്പാനും അ
വർക്കു പ്രാപ്തിയും ഉണ്ടു. യെശു ദെവപുത്രനാകുന്നു എന്നു
ള്ള സത്യത്തിൽ നിന്നു യൊഹന്നാൻ ഈ ഉപദെശങ്ങൾ എ
ല്ലാം പുറപ്പെടിക്കുന്നു.

ഈ സത്യം സകല സുവിശെഷത്തിന്റെ മൂലമാക
കൊണ്ടു അതിന്നു സ്ഥിരമായ അടിസ്ഥാനം വെണം ദൈ
വം തന്റെ പുത്രനെ കുറിച്ചു ചൊല്ലിയ സാക്ഷി തന്നെ അ
തിന്റെ അടിസ്ഥാനം ആകുന്നു. ദൈവം സാക്ഷി കൊടു
ത്തു, യെശു യൊഹന്നാന്റെ സ്നാനം എല്ക്കുമ്പൊൾ തന്നെ.
അന്നു അല്ലൊ ഇവൻ എന്റെ പ്രിയപുത്രനാകുന്നു ഇവനി
ൽ എനിക്കു നല്ല ഇഷ്ടം ഉണ്ടെന്നും വിളിച്ചു പറഞ്ഞതി

മേൽ ഇവനെ കേട്ടുകൊള്ളിൻ എന്നും പിതാവു സ്വർഗ്ഗത്തിൽനിന്ന വിളിച്ചുപറഞ്ഞു. ഈ സത്യത്തെ നാമും വിശ്വസിച്ചു ദൈവത്തിന്റെ സാക്ഷ്യത്തെ കൈക്കൊള്ളുകയും വെണം. ദൈവപുത്രനിൽ വിശ്വസിച്ചു അവനെ ഭജിച്ചുള്ള ദിവ്യ സാക്ഷിയുടെ ശക്തിയും സത്യവും ഹൃദയത്തിൽ ബോധിച്ചു അനുഭവിച്ചാൽ ദൈവപുത്രനിൽ നമുക്കും നിത്യജീവൻ ഉണ്ടു സത്യം.

൩൫

സങ്കീ. ൮൧, ൧൦. നിന്റെ വായെ വിസ്താരത്തിൽ തുറക്ക, ഞാൻ അതിനെ നിറെക്കും.

ഇസ്രയേലരുടെ രാജാവായ യൊവാശ് ദീനമായി കിടക്കുന്ന എലീശ പ്രവാചകനെ കണ്ടു, സുറിയർ തന്റെ രാജ്യത്തിന്നു വരുത്തിയ നാശനിമിത്തം സങ്കടപ്പെട്ടു കരയുമ്പോൾ പ്രവാചകൻ അവനൊടു ഒരു അസ്ത്രത്തെ കിഴക്കൊട്ടു എയ്യുവാൻ കല്പിച്ചു. രാജാവു അനുസരിച്ചു എയ്യുമ്പോൾ എലീശ ഇത് യഹോവ ഇസ്രയേലർക്കു സുറിയരിൽ നിന്ന നല്കുവാനിരിക്കുന്ന രക്ഷയുടെ അസ്ത്രം എന്ന പറഞ്ഞിട്ടു, രാജാവൊടു ശെഷമുള്ള അസ്ത്രങ്ങളെ കൊണ്ടു നിലത്ത് അടിപ്പാൻ കല്പിച്ചു. രാജാവു മൂന്നുവട്ടം അടിച്ചാറെ കോപിച്ചു, അഞ്ചു, ആറുവട്ടം അടിച്ചു എങ്കിൽ സുറിയരെ അശെഷം മുടിക്കുമായിരുന്നു എന്നാൽ ഇപ്പോൾ അവരെ മൂന്നു വട്ടം മാത്രം ജയിക്കും എന്നു പ്രവചിച്ചു പറകയും ചെയ്തു. ൨ രാജാ. ൧൩, ൧൪–൧൯. ഇങ്ങിനെ മനുഷ്യർ പലപ്പോഴും ദൈവത്തൊടു വളരെ അപെക്ഷിപ്പാൻ ധൈര്യവും വിശ്വാസവും പാരാത്തവർ ആകുന്നു എന്നു ഈ കഥ സൂചിപ്പിക്കുന്നു. അതുകൊണ്ടു ദൈവം ഒരൊ സത്യ ഇസ്രയെല്യനൊടു, നിന്റെ വായി തുറക്ക. എന്നാൽ ഞാൻ അതിനെ നി

റെക്കം എന്നു വളരെ സ്നേഹത്തോടുകൂടെ നമ്മ ഉത്സാഹി-പ്പിച്ചു കൊണ്ടിരിക്കുന്നു. ആത്മാവിന്റെ വാഴി അതിന്റെ അനു-ഗ്രഹം തന്നെ അതു ഉദിക്കുന്നതു, പൂർവ്വപ്രാരംഭം കാണി-ക്കുന്നതാകുന്നു. ദൈവം അളവറ്റ ധനവാനും അത്യന്തം ഉ-ദാരനും ആകകൊണ്ടും അവന്റെ പുത്രനായ യേശുവി-ന്റെ പുണ്യവും അപേക്ഷയും ലഭിച്ചുകൂടാതെയൊക്കയും എ-ല്ലാം സാധിപ്പിക്കകൊണ്ടും ധൈര്യത്തോടുകൂടെ ശരണപ്പെ-ട്ടു അവനോടു വളരെ അപേക്ഷിപ്പാൻ നമുക്കു ന്യാ-യവും അവകാശവും ഉണ്ടു.

ദൈവം മനുഷ്യരുടെ ഹൃദയങ്ങളിൽ നിത്യദാനങ്ങ-ളായിട്ടും കിരണങ്ങളായിട്ടും ഒരു അനുഗ്രഹം നട്ടിരി-ക്കുന്ന അതുകൊണ്ടു നാം ദൈവിക ജീവനോടു സംബന്ധി-ച്ച ദാനങ്ങൾക്കായി മാത്രമല്ല, നിത്യജീവനായും കരഞ്ഞു പൊറുക്കാത്തതും നിഷ്കളങ്കവും വാടാത്തതുമായ അവകാശ-ത്തിന്നായും അവനോടു അപേക്ഷിക്ക, നിത്യജീവനിൽ ന-മ്മുടെ സകല അനുഗ്രഹങ്ങൾക്കു തീരാത്ത തൃപ്തി വരുവാൻ ധൈ-ര്യം പൂണ്ടു യാചിക്ക. ദൈവം മനുഷ്യനെ തന്റെ സംബ-ന്ധത്തിന്നായി സൃഷ്ടിച്ചു അവനിൽ വസിപ്പാനും സന്തോഷ-പ്രകാരം, ജീവൻ മുതലായ നന്മകളെ പരിപൂർണ്ണമായി തരു-വാനും അവന്റെ ഹൃദയത്തിന്റെ ആശ്വാസവും പങ്കുകാരി-ട്ടിപ്പാനും മനസ്സാകകൊണ്ടു അവൻ നമ്മിലും വസിപ്പാൻ സ്വ-ന്ത തന്റെ ആത്മാവിനെ തന്നു നമുക്കും പരിശുദ്ധി-ഫലവുമായി തിരഞ്ഞെടുത്തു അവനോടു ചോദിക്ക. നമ്മുടെ പല പാപങ്ങളും സങ്കടങ്ങളും ഒന്നൊന്നായി താൻ തന്റെ സ്ഥാനത്തിൽ ഐക്യമായി നിറക്കുന്ന പല ആവശ്യങ്ങളും ഉണ്ടാകകൊണ്ടു പാപമോചനത്തിന്നായി-ട്ടും നിത്യരക്ഷക്കു വേണ്ടുന്ന ദാനങ്ങൾക്കായിട്ടും അവനോ-ടു പ്രാർത്ഥിക്ക; ആകയാൽ നാം ധൈര്യത്തോടെ യാചിക്കുക,

അവൻ അത് നിരെക്കും, അവന്റെ വാഗ്ദത്തം പഴുതാക്കി പൊകുന്നില്ലല്ലൊ.

൧൩൨

യൊഹ. ൧൩, ൧. യെശു ലൊകത്തിൽ തനിക്കുള്ളവരെ സ്നെഹിച്ചതു പൊലെ അവരെ അവസാനത്തൊളം സ്നെഹിച്ചു.

യെശു അവസാനത്തൊളം സ്നെഹിച്ച സ്വന്തക്കാരിൽ യൊഹനാനും ഒരുത്തനായിരുന്നു അവൻ ലൊകത്തിൽനിന്നു തെരിഞ്ഞെടുത്ത അപൊസ്തലന്മാർ തന്റെ ശിഷ്യന്മാരും ആടുകളും ആയിരുന്നു; ഒടുവിൽ അവൻ അവരെ സ്നെഹിതന്മാരെന്നു വിളിക്കയും ചെയ്തു. ഇതെല്ലാം ഒർത്തു യൊഹനാൻ താഴ്ച സന്തൊഷങ്ങളൊടു കൂട മെലുള്ള വാക്കുകളെ എഴുതി. ആദിമുതൽ യെശു തന്റെശിഷ്യന്മാരെ സ്നെഹിച്ചു ദിവസെന കാണിച്ച കുറവുകളെ സഹിച്ചു. അവന്റെ വാക്കുകളിൽ പലതും അവൎക്ക ബൊധിച്ചില്ലെങ്കിലും അവന്റെ സ്നെഹം കുറഞ്ഞു പൊയില്ല. അവൻ അവരുടെ കാലുകളെ കഴുകി അവരെ പാപത്തിന്റെ അശുദ്ധിയിൽനിന്നു വെടിപ്പാക്കിയത്കൊണ്ടു സ്നെഹത്തിന്നു ഒരു നല്ല ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു. ഈ ദുഷ്ട ഭൂമിയിൽ ഇരിക്കുന്ന വിശ്വാസികൾക്കു രക്ഷിതാവായ യെശുവിന്റെ സ്നെഹത്തെകൊണ്ടു വളരെ ആവശ്യം ഉണ്ടു നിശ്ചയം. അതുകൊണ്ടു യെശു പിതാവിനൊടു ഞാൻ ഇനി ലൊകത്തിൽ ഇരിക്കയില്ല, എന്റെ ഒട്ടം വെഗം തീൎന്നുപൊകും എങ്കിലും അവർ ലൊകത്തിൽ ഇരിക്കുന്നു. പരിശുദ്ധപിതാവെ, നി എനിക്ക തന്നിട്ടുള്ളവരെ നാം ഇരിക്കുന്നതുപൊലെ ഒന്നായിരിക്കെണ്ടതിന്നു നിന്റെ നാമത്തിൽ കാത്തുകൊള്ളെണമെ. നീ അവരെ ലൊകത്തിൽനിന്നു എടുത്തുകൊണ്ടു പൊകെണമെന്നല്ല, അവരെ ദൊഷത്തിൽനിന്നു രക്ഷിക്കെണമെന്നത്രെ

ഞാൻ പ്രാൎത്ഥിക്കുന്നു. ഞാൻ ലോകത്തിൽ ഉള്ളവനല്ല എന്നപൊലെ അവർ ലോകത്തിൽ ഉള്ളവരല്ല, അവരെ നിന്റെ സത്യം കൊണ്ടു ശുദ്ധീകരിക്കണമെ. നിന്റെ വചനം സത്യം ആകുന്നു. യോഹ. ൧൭, ൧൬. ൧൭. എന്നു അപേക്ഷിച്ചു. അവൻ ലോകത്തിൽ ഇരിക്കുന്ന തനിക്കുള്ളവരെ സ്നേഹിക്കുന്നു സത്യം. അവരെ താങ്ങി രക്ഷിച്ചു വളൎത്തുകയും ശുദ്ധീകരിക്കയും സകലത്തിൽ നിന്നു അവൎക്കു നിത്യമായ ഉപകാരങ്ങൾ വരുവാൻ നൊക്കുകയും ചെയ്യുന്നു. അവന്റെ സ്നേഹം ശിഷ്യന്മാർ കാണിക്കുന്നതിൽ അധികം ആകില്ലെങ്കിൽ ഒരുവനും രക്ഷയെ പ്രാപിപ്പാൻ കഴിവില്ലയാകിരിക്കും. എങ്കിലും പെരൽ സ്നേഹത്തെകൊണ്ടു ൧ കൊരി. ൧൩. ൽ എഴുതിയതു, പെത്രുവിൽ എത്രയും പൂൎണ്ണമായി നിവൃത്തിവന്നു. ഇത്ര സ്നേഹിക്കുന്ന രക്ഷിതാവിന്നു സംശയം കൂടാതെ തന്നെ ഭരമെല്പിച്ചു മനുഷ്യസ്നേഹം കൊണ്ടു പെത്രുവിന്റെ സ്നേഹം അളക്കാതെയും നഷ്ടം തിരിഞ്ഞ ശ്രഷ്ടാവിന്റെ അവസാനം ഒത്തു പെത്രുവിന്റെ സ്നേഹത്തിൽ ആശ്രയിച്ചു പാപം ചെയ്യാതെയും ഇരിക്കുന്നതു യോഗ്യം. വിശ്വാസന്മാരായി അവനെ സ്നേഹിക്കുന്നവൎക്കു വരുവാനുള്ള ലോകത്തിൽ അവന്റെ അത്ഭുതസ്നേഹം പൂൎണ്ണമായി അനുഭവിപ്പാൻ സംഗതി ഉണ്ടാകും, പുതിയ യരുശലെമിൽ അവൻ പിതാവിന്റെ സിംഹാസനത്തിന്മേൽ ഇരുന്നു അവരൊടു കൂട വസിക്കും ഹല്ലെലൂയാ.

൩൰

ലൂക്ക. ൨, ൭. അവൎക്കു വഴി അമ്പലത്തിൽ സ്ഥലം ഇല്ലായ്കകൊണ്ടു അവനെ പത്രതൊട്ടിയിൽ കിടത്തി.

ദൈവം തന്റെ പുത്രനെ വളരെ താഴ്മയൊടു കൂട ഈ ലോകത്തിൽ പ്രവെശിപ്പിച്ചു. ഞെരുക്കത്തൊടു കൂട അവനെ ഈ ലോകത്തിലെക്ക് അയപ്പാൻ വക ഉണ്ടായി എങ്കിലും

ദരിദ്രയായ കന്യകയിൽനിന്നു അവനെ ജനിപ്പിച്ചയച്ചു. അവന്റെ ശിശുകാലത്തിൽ മഹത്വമുള്ള ദൈവരൂപം ശരീരശക്തി മുതലായതിനെക്കൊണ്ടു ശോഭിപ്പാൻ അവന്നു അധികാരം ഉണ്ടാകി എങ്കിലും മറ്റെ മനുഷ്യരെപ്പോലെ ബലഹീനമുള്ള ശിശുവായി അവൻ ജനിച്ചു. എഴുനിവന്നു നടപ്പാൻ അവന്നു പ്രാപ്തി ഉണ്ടായില്ല. അവർ അവനെ പുതെപ്പിച്ചു ഒരു പശുത്തൊട്ടിയിൽ കിടത്തി. അവന്നു വഴി അമ്പലത്തിൽ വെറെ സ്ഥലം ഇല്ലായ്കകൊണ്ടു മറിയയും യൌസെപ്പും ഒരു പശുത്തൊഴുത്തിൽ പാർത്തു. അവിടെ തന്നെ ദൈവപുത്രനായ ലോകരക്ഷിതാവായി ജനിച്ചു. രോമകൈസറിന്റെ കല്പനപ്രകാരം പെർവഴി പതിപ്പിപ്പാൻ യഹൂദ്യന്മാർ എല്ലാവരും താന്താങ്ങളുടെ ജന്മസ്ഥലത്തിൽ പൊകെണ്ടിവന്നതിനാൽ ജനസമൂഹം നിമിത്തം അവൎക്കു വെറെ സ്ഥലം കിട്ടിയില്ല. ഒരു ദൈവകല്പനയല്ല, ഒരു അജ്ഞാനിയുടെ അഹങ്കാരം അവരെ ബെത്ലഹെമിലെക്കു അയച്ചു യാദൃച്ഛികമായി രൊമകൈസർ താൻ അറിയാതെ സഹായിക്കെണ്ടി വന്നു. അതുകൂടാതെ മുമ്പെ മറിയയൊടു പശുത്തൊട്ടിയെക്കൊണ്ടു ഒരു വാക്കും പറഞ്ഞില്ല, ജനങ്ങളുടെ തിരക്കുനിമിത്തമത്രെ അവർ ദരിദ്രർ ആകകൊണ്ടും മറിയയും യൊസെപ്പും പശുത്തൊഴുത്തിൽ പൊകി പാർക്കെണ്ടി വന്നു. ഇങ്ങിനെ ഈ വിശേഷം എല്ലാം ഏറ്റവും താഴ്മയായി നടന്നു. ദൈവം അതെല്ലാം അങ്ങിനെ തന്നെ നിശ്ചയിച്ചു; ഈ താഴ്മയിൽ അവൻ പ്രസാദിച്ചു. അന്നു രാത്രിയിൽ തെജസ്സൊടുകൂട പ്രത്യക്ഷനായി വന്ന ദൈവദൂതൻ ലൊകരക്ഷിതാവായ ക്രിസ്തുവിനെ കാണെണ്ടുന്നതിന്നു ഇടയന്മാൎക്ക പശുത്തൊട്ടി തന്നെ അടയാളമാക്കി നിശ്ചയിച്ചു ശിശുവിനെ ശീലവസ്ത്രം കൊണ്ടു പൊതിഞ്ഞു പശുത്തൊട്ടിയിൽ കിടക്കുന്നതു കാണും എന്നു പറകയും ചെയ്തു.

ജ്ഞാനം മുതൽ ദൈവപുത്രനിൽ അധികം ഉപകാരങ്ങളെ അനുഭവിച്ചു വരുന്നവരാം അവരെ വരിച്ചു രക്ഷാർത്ഥ പക്ഷിൽ കൊണ്ടിച്ചു താഴ്ത്തപ്പെട്ടു സ്ഥാപിച്ചു അവന്റെ ഏത്രയും മനസ്സുപ്രകാരം നടപ്പാൻ തോന്നുന്നു. വ്യർത്ഥമാനത്തെ ഭാവം ഭജിക്ക, വ്യാജദൈവമാരെ, തന്നിൽ പ്രിയാശിക്ക, ലോകത്തിന്ന അനുരൂപമായി നടക്ക, ഇഷ്ടാത്തെ ൽ രസിക്ക ഈവക വ്യഥകളുള്ളവരായി പോകും മനുഷ്യർക്കു ക്കരായി തോന്നുന്നു. ക്രിസ്തുവിന്റെ ആത്മാവു ഉത്തരിപ്പിക്കും നവീകരിച്ചു ഉയർത്തിച്ചു അവന്റെ മനസ്സുതരവേമ. അനേകർ ലൗകിക സുഖഭോഗങ്ങളിൽ രസിക്കുന്നു എങ്കിലും നാം ക്രിസ്തുവിന്റെ ആരാധകരായിച്ചു നന്ന മരണങ്ങളിലും സുഖഭോഗങ്ങൾ ഒന്നും ഇല്ലാത്ത ദാരിദ്ര്യം, അപമാനം, നിന്ദ മുതലായതിനെ വളരെ അനുഭവിച്ചു നടന്ന അവരെത്രെ സന്തോഷിക്കുന്നതായി തോന്നുന്നു. ദൈവപുത്രന്മാരായിരിക്കുന്നത്രെ സർവ്വലോക മാനത്തെക്കാൾ വലിയത്. ലോകത്തിന്ന കൊടുപ്പാൻ കഴിയാത്ത ദൈവസമാധാനം, അധികം വിലയുള്ള സുഖഭോഗം. ഇഹത്തിൽ തങ്ങളുടെ സ്ഥിതി ക്രിസ്തുവിൽ വിശ്വസിക്കുന്നവർ വരുവാനുള്ള ലോകത്തിൽ മഹത്വവും നിത്യവുമുള്ള ദാനങ്ങളെ പരിപൂർണ്ണമായി അനുഭവിപ്പാൻ യോഗ്യന്മാരായിരിക്കുമല്ലൊ.

൫൦

യോഹ. ൧൭. ൧൫. നീ അവരെ ലോകത്തിൽനിന്ന എടുത്തുകൊള്ളണമെന്നല്ല, നീ അവരെ ദോഷത്തിൽനിന്ന രക്ഷിക്കേണമെന്നത്രെ ഞാൻ പ്രാർത്ഥിക്കുന്നു.

തന്റെ അപ്പോസ്തലന്മാരെ ലോകത്തിൽനിന്ന എടുത്ത വരുവാനുള്ള കഷ്ടങ്ങളിൽനിന്ന രക്ഷിക്കേണമെന്നത്രെ അപേക്ഷിച്ചു എങ്കിൽ, എന്തായ് അത് ചെയ്യാഞ്ഞു.

അവൻ പുത്രനെ എല്ലാപ്പൊഴും കെൾക്കുന്നവനല്ലൊ. അ
പൊസ്തലന്മാർ അന്ന വിശ്വാസത്തിലും കരുണയിലും ഉ
റച്ചു നില്ക്കകൊണ്ടു മരണം അവൎക്ക ലാഭം ആകുന്നു എ
ങ്കിലും യെശു അവരെ സുവിശെഷ ഘൊഷണത്തിനാ
യി ലൊകത്തിലെക്ക നിയൊഗിച്ചയപ്പാൻ നിശ്ചയിച്ചി
രിനാൽ അവരെ ലൊകത്തിൽ നിന്ന എടുത്തുകൊള്ളെണ
മെന്ന പ്രാൎത്ഥിച്ചില്ല. ഒരു മനുഷ്യൻ ഫലം തരാത്ത വൃ
ക്ഷത്തിന്ന സമമായാലും അവനെ മാനസാന്തരത്തിലെക്കും
വിശ്വാസത്തിലെക്കും നടത്തുവാൻ ദൈവം നിശ്ചയിച്ച ക
രുണ എല്ലാം വെലയായി പൊകുവൊളം അവന്റെ ജീ
വൻ കൎത്താവിന്റെ പ്രാൎത്ഥനയാൽ നില്ക്കുന്നു. ലൂക്ക. ൧൩,
൭. ൯. ദൈവപുത്രന്മാർ എല്ലാവരും ആദിമുതൽ കുലപാത
ക്കനായ പിശാചിന്റെ കൌശലങ്ങളിൽ തങ്ങളുടെ ജീവ
രക്ഷയെ യെശുവിന്റെ അപെക്ഷയാൽ മാത്രം പ്രാപി
ക്കുന്നു. കരുണ ലഭിച്ചവൎക്ക, പൌലിന്ന സമമായി ക്രിസ്തു
നൊടുകൂട ഇരിപ്പാൻ വാഞ്ഛിക്കുന്നു എന്ന പറവാൻ
ധൈൎയ്യം ഉണ്ട. എങ്കിലും തങ്ങളുടെ ഇഷ്ടം കൎത്താവി
ന്റെ ഇഷ്ടത്തിന്ന കീഴാക്കി അധികം ഫലം തരെണ്ടതി
ന്ന നില്ക്കെണമെന്ന അവന്ന മനസ്സുണ്ടെങ്കിൽ സമ്മതിക്കെ
ണമല്ലൊ. ഫിലി. ൧, ൨൩. ൨൪.

വരുവാനുള്ള ലൊകത്തിന്റെ നന്മകളെ ആസ്വദിക്കു
ന്നവൎക്ക ഈ ലൊകം സുഖഭൊഗങ്ങൾക്ക നല്ല സ്ഥലം അല്ല
എങ്കിലും ലൊകം ഇന്നപ്രകാരമുള്ളത എന്ന കൎത്താവു
നമ്മിൽ അധികം ശരിയായി അറിയുന്നു. അവനും ഒരു ദെ
ശം ൩൩ സംവത്സരം ഇരിപ്പാൻ ഇരുന്ന പരദെശിക്കു സംഭ
വിപ്പതൊക്കെയും അനുഭവിച്ചു കണ്ടു കഴിഞ്ഞിരിക്കയല്ലൊ.
അതുകൊണ്ട അവൻ തന്റെ പ്രാൎത്ഥനയിൽ യൊഹ. ൧൭.
ലൊകം എന്ന വാക്ക ൧൯ പ്രാവശ്യം പറഞ്ഞു, തനിക്ക്

ഈ ലോകത്തിൽ സംഭവിച്ചത ഇന്നതെന്ന ഓൎത്തറിഞ്ഞു എന്നതിനാൽ ഭാവിക്കയും ചെയ്തു. തനിക്കും തനിക്കുള്ളവൎക്കും തമ്മിലുള്ള വ്യത്യാസവും അവൻ അറിഞ്ഞു നിത്യം മനസ്സിൽ ധരിച്ചുകൊണ്ടിരിക്കുന്നു. സകലത്തിലും അവൻ പരിക്ഷിക്കപ്പെട്ട പരിക്ഷിതന്മാരിൽ മനസ്സലിഞ്ഞു അവരെ രക്ഷിപ്പാനും കഴിയുന്നവനാകുന്നു.

ദൈവത്തിന്റെ രക്ഷ അപ്പൊസ്തലന്മാൎക്ക മാത്രം അനുഭവമായി വന്നു എന്ന ആരും വിചാരിക്കരുതു. അവരുടെ വേലയും കഷ്ടങ്ങളും ഉപദ്രവങ്ങളും വളരെ അതിശയമുള്ളതായിരുന്നു നിശ്ചയം. എങ്കിലും അവരുടെ ദൈവം നമ്മുടെ ദൈവവും ആകുന്നു, അവൎക്ക രക്ഷയെ വരുത്തിയ ക്രിസ്തുവിന്റെ രക്തം നമ്മെയും രക്ഷിച്ചു. പൌൽ റൊമ. ൫, ൧൦. ജയത്തിന്റെ കാരണമായി പറഞ്ഞതൊക്കയും വിശ്വാസികൾക്ക എല്ലാവൎക്കും പറ്റുന്നു. അതുകൊണ്ട അവൻ തെസ്സലൊനിക്യരൊടു, കൎത്താവു വിശ്വസ്തൻ അവൻ നിങ്ങളെ സ്ഥിരീകരിക്കയും ദൊഷത്തിൽനിന്ന രക്ഷിക്കയും ചെയ്യും എന്ന എഴുതി. ൨ തെസ്സ. ൩, ൩. പിന്നെ പെത്രൻ, നീതിമാന്മാർ ഒരുങ്ങിയിരിക്കുന്ന രക്ഷക്കായി വിശ്വാസംകൊണ്ട ദൈവശക്തിയാൽ കാക്കപ്പെടുന്ന പ്രകാരം പറയുന്നു. ൧ പെ. ൧, ൫. അതുകൊണ്ട നാം ദൈവകരുണയിൽ ആശ്രയിക്ക.

൨൪.

റൊമ. ൨, ൬. ആയവൻ ഓരൊരുത്തനു അവനവന്റെ ക്രിയകൾക്ക തക്ക പ്രകാരം ചെയ്യും, ദൈവത്തിൻ പക്കൽ മുഖപക്ഷം ഇല്ലല്ലൊ.

മനുഷ്യ വിസ്താരങ്ങളിൽ പലപ്പൊഴും കാൎയ്യം ന്യായപ്രകാരം നടക്കുന്നില്ല. മുഖപക്ഷം ന്യായാധിപന്മാരുടെ കണ്ണുകളെ പലവട്ടവും ഇരുട്ടാക്കുന്നതിനാൽ അവർ ന്യായത്തെ മറിച്ചുകളയുന്നു. സംബന്ധികൾ, ഉപകാരികൾ, ചങ്ങാതിമാർ മു

ലോകവാസരുടെ ക്രിയകളെ അവർ ന്യായപ്രകാരം അല്ലാ
തെ വിധിക്കുന്നു. പിന്നെ ചെയ്ത ക്രിയകളെ പലപ്പോ
ഴും കൂടെ നോക്കുന്നതുമില്ല. ദൈവം ഇവർക്കു വിധിക്കുമ്പോൾ ശ്ര
ദ്ധിച്ചു മുഖപക്ഷം കാണിക്കും എന്നു ആരും വിചാരിക്കരു
തു, അവൻ ഒരു മനുഷ്യനല്ലല്ലൊ, മനുഷ്യർ കാഴ്ചയിൽ വി
ഷ്ടതനു മാത്രം കാണുന്നു. ദൈവമൊ ഹൃദയങ്ങളെ നോക്കി
ആത്മാക്കളുടെ അകത്തെ രഹസ്യങ്ങളെ കണ്ടു അതതിന്റെ ക്രിയക
ളെ ശോധനചെയ്തു ഓരോരുത്തന്നു അവനവന്റെ ക്രിയകൾക്കു
തക്ക പ്രതിഫലം ചെയ്യുന്നു. രാജാക്കന്മാൎക്കും പ്രഭുക്കൾക്കും കുലീ
നന്മാൎക്കും ഭിക്ഷക്കാൎക്കും ധനവാന്മാൎക്കും ദരിദ്രൎക്കും വിദ്വാ
ന്മാൎക്കും അജ്ഞാനികൾക്കും ഒരു ഭേദം വരാതെ ക്രിയകൾക്കു തക്ക
വണ്ണം വിധിക്കുന്നതിനു നിശ്ചയം. മാതാപിതാക്കന്മാർ വി
ശ്വാസത്തിൽ ആയതിനാൽ അവിശ്വാസികളായ മക്കൾക്കു
ശാന്തിയും ഭക്തന്മാരായ മാതാപിതാക്കന്മാരുടെ വിശ്വാ
സമുള്ള മക്കൾക്കു കാരുണ്യമുള്ള വിധിയുണ്ടാകും എന്നു ഇവ
ൎക്കറിയാമോ. ഹെബ്രാ. ൪. അവൻ മനുഷ്യരുടെ കണ്ണുകളുടെ
കാഴ്ചപ്രകാരം അല്ല, ചെവിക്കു അവരാൽ ഉണ്ടാകുന്ന ഉ
പകാരവുമല്ല, ഹൃദയത്തിന്റെ ആലോചനപ്രകാരവും ഓ
രോരുത്തന്റെ നിശ്ചയപ്രകാരവും അത്രെ വിസ്തരിക്കുന്നു.
തന്റെ യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരുങ്ങാതെയും
അവന്റെ ഇഷ്ടപ്രകാരം ചെയ്യാതെയും ഇരുന്ന ശുശ്രൂഷ
ക്കാരനു അനേകം അടി കൊള്ളും എന്നും വളരെ ഏ
ല്പിച്ചിരിക്കുന്നവനോടു അധികം ചോദിക്കും എന്നും യേശു
പറഞ്ഞുവല്ലൊ. ദൈവം മനുഷ്യരുടെ ക്രിയകളെ ലോ
കയുക്തിപ്രകാരം അല്ല, ജ്ഞാനികളുടെ ബുദ്ധിയുക്തിപ്രകാ
രവും അല്ല, താൻ വെളിക്ക അറിയിച്ച വചനപ്രകാരം അ
ത്രെ വിസ്തരിക്കും. അവൻ ഓരോരുത്തൎക്കു അവരുടെ ക്രി
യകൾക്കു തക്ക പകരം കൊടുക്കുമ്പോൾ അതു എങ്ങിനെ ചെയ്യും

എന്ന ചൊദ്യത്തിന്ന പൌലിന്റെ ഉത്തരം കെട്ടുകൊൾവിൻ, നല്ല ക്രിയയിലെ ക്ഷാന്തിപൂണ്ട തെജസ്സും മാനവും അക്ഷയതയും അന്വെഷിക്കുന്നവൎക്ക നിത്യജീവനെയും, ശാഠ്യം പൂണ്ട സത്യത്തെ വഴിപ്പെടാതെ അനീതിയെ അനുസരിക്കുന്നവൎക്ക കൊപക്രൊധങ്ങളെയും അവൻ കൊടുക്കും. തിന്മയെ പ്രവൃത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്മെലും സങ്കടവും ഇടുക്കവും മുമ്പെ യെഹൂദനും പിന്നെ യവനനും നന്മയെ പ്രവൃത്തിക്കുന്ന ഏവന്നും തെജസ്സും മാനവും സമാധാനവും മുമ്പെ യെഹൂദനും പിന്നെ യവനനും തന്നെ. ദുഷ്ടന്മാൎക്ക ശിക്ഷയും സൽക്രിയക്കാൎക്ക കരുണയും കൂലിയായി വരും. കൎത്താവെ, നിന്റെ ഇഷ്ടം ചെയ്യെണ്ടതിന്ന സകല നല്ല പ്രവൃത്തികൾക്കു ഞങ്ങളെ പ്രാപ്തന്മാരാക്കെണമെ.

൨൧൯

മത്താ. ൨൫, ൧൯. വളരെ കാലം കഴിഞ്ഞശെഷം ആ ശുശ്രൂഷക്കാരുടെ കൎത്താവ വന്ന അവരൊടു കണക്കനൊക്കി.

ദുഷ്ടശുശ്രൂഷക്കാരൻ, എന്റെ യജമാനൻ വരുവാൻ താമസിക്കുന്നു എന്ന തന്റെ ഹൃദയത്തിൽ പറഞ്ഞു വെലക്കാരെയും വെലക്കാരത്തികളെയും അടിക്കയും ഭക്ഷിച്ചു കുടിക്കയും മദ്യപാനം ചെയ്കയും ചെയ്വാൻ തുടങ്ങിയാൽ അവൻ നൊക്കാത്ത ദിവസത്തിലും അറിയാത്ത നാഴികയിലും യജമാനൻ വന്ന അവനെ വെട്ടിക്കളഞ്ഞു അവന്റെ ഓഹരിയെ വിശ്വാസ്യതയില്ലാത്തവരൊടു കൂടെ കല്പിക്കും. ലൂക്ക. ൧൨, ൪൫. ൪൬. വിശ്വസ്തന്മാരുടെ അവസ്ഥ വെറെ, ന്യായവും ദയാഭ്രസ്ത്രീയും ധരിക്ക എന്ന പറയുന്നു, കൊടുക്കയും ധരിക്ക എന്ന പറക. അതിന്ന കൎത്താവു ഞാൻ വെഗത്തിൽ വരുന്നു സത്യം. വെളി. ൨൨, ൨൦. അവൻ അപ്പൊ വളരെ കാലം കഴിഞ്ഞിട്ടു വന്ന തന്റെ ശുശ്രൂഷക്കാരൊടു കണ

ക്കു വേണ്ടുന്ന കൎത്താവ് ആകുന്നു. അവൻ സ്വൎഗ്ഗാരോഹ
ണം ചെയ്യും മുമ്പെ ശുശ്രൂഷക്കാൎക്ക തന്റെ സഭയെ പരി
പാലനത്തിന്നായി ഏല്പിച്ചു സ്വകീയകൎമ്മാദി ദാനങ്ങളെ
നല്കി. വിശ്വാസ്യതയും ഉത്സാഹവും കാട്ടേണ്ടതിന്നു അവ
ൻ ശുശ്രൂഷക്കാൎക്ക വളരെ കാലം കൊടുത്തതിനാൽ ലാ
ഭമൊന്നും ഉണ്ടാക്കീട്ടില്ലെങ്കിൽ അവൎക്ക ഒഴികഴിവില്ല സത്യം.
സമാധാനമുള്ള പക്ഷക്കാരുടെ ഇടയിൽ വസിപ്പാൻ പ്ര
യാസം എങ്കിലും കൎത്താവു വരും എന്നറിഞ്ഞിട്ട അത് പൊറുക്കാം
അവന്റെ വരവോളം കാലം കുറെച്ചാ വളരെയോ ആയാലും
അവൻ നിശ്ചയമായി വരും എന്നറിയുന്നതു മതി. അവൻ
വന്നിട്ട തന്റെ ശുശ്രൂഷക്കാരോട കണക്ക നോക്കും. അത്,
പതിനായിരം താലന്ത് കടമ്പെട്ട ശുശ്രൂഷക്കാരനോടു
നായകപ്രകാരം അല്ല, അവന്റെ കടം എല്ലാം ഇളെച്ചുകി
ട്ടു, താൻ കൂട്ടുശുശ്രൂഷക്കാരനും ക്ഷമിക്കേണമാ എന്ന കാ
ണേണ്ടതിന്ന അവന്ന സമയവും ഉണ്ടായി. ഇങ്ങിനെ കൎത്താ
വായ യേശു മനുഷ്യരുടെ ജീവകാലത്തിൽ പാപബോ
ധവും അനുതാപവും നല്കുന്ന സമയം കണക്ക നോക്കുന്നത്
അവന്റെ വരവുനാളിൽ അന്ത്യത്തോളം മാററം വരാത്ത വി
ധി ഉണ്ടാകും. അന്ന രണ്ടുവക കല്പന ഉണ്ടാകും: ഒന്ന ഉത്ത
മനും വിശ്വാസ്യതയുമുള്ള ശുശ്രൂഷക്കാര, നീ കുറെ കാൎയ്യ
ങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ വളരെ കാൎയ്യങ്ങളിന്മെ
ൽ നിന്നെ അധികാരിയാക്കും, നിന്റെ കൎത്താവിന്റെ സ
ന്തോഷത്തിലേക്ക പ്രവേശിക്ക. മററതു: ദുഷ്ടനും മടിയനു
മായ ശുശ്രൂഷക്കാര, ഞാൻ വിതെക്കാത്ത സ്ഥലത്തു കൊ
യ്യുന്ന എന്നും ചിന്നിക്കാത്ത സ്ഥലത്തു കൂട്ടുന്ന എന്നും നി
അറിഞ്ഞിരിക്കകൊണ്ട എന്റെ ദ്രവ്യം പൊൻവാണിഭക്കാ
ൎക്ക കൊടുക്കേണ്ടതായിരുന്നു. അതുകൊണ്ടു ആ താലന്തു വാ
ങ്ങി പത്തു താലന്തു ഉള്ളവന്ന കൊടുപ്പിൻ; ആ പ്രയോജ

ന്റില്ലാത്ത ശുശ്രൂഷക്കാരനെ സകലത്തിന്നും പുറമെയുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ, അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും എന്നത്രെ. ഈ കണക്കിന്നു നാം ദിവസെന ശ്രെത്രെ നമുക്ക് ഏല്പിച്ചതിൽ വിശ്വസ്തന്മാരായി ഇരിക്ക തന്നെ വെണം.

൯൩

൧ കൊറി. ൪, ൩.൪. എന്നെ ഞാൻ തന്നെ വിധിക്കുന്നതുമില്ല, എന്നെ വിധിക്കുന്നതു കർത്താവത്രെ.

പൌൽ, കേഫാ, അപ്പൊല്ലോ ഇങ്ങിനെ മൂവരിൽ ഓരോരുത്തന്നു അതിപ്രിയമുള്ളവർ തങ്ങൾ എന്നെ കൊരിന്തിലെ സഭ സംശയിച്ചു ചൊദിച്ചു സ്വന്ത പക്ഷക്കാരായി പിരിഞ്ഞു. അതിൽനിന്നുണ്ടാകുന്ന ഭേദം പൌൽ സങ്കടത്തോടെ കണ്ടു ഏകീകരിപ്പാൻ പ്രയാസപ്പെട്ടു. അവൻ അത് എങ്ങിനെ ചെയ്തു, മറ്റവരെ താഴ്ത്തി തന്നെത്താൻ ഉയർത്തുകയാലൊ, അങ്ങിനെ അല്ല ഞങ്ങളെ ക്രിസ്തന്റെ പണിക്കാരും ദൈവമർമ്മങ്ങളെ പകുക്കുന്ന വീട്ടുവിചാരകരും എന്നിട്ടു മനുഷ്യൻ എണ്ണിക്കൊള്ളേണ്ടിയതു. ശേഷം വീട്ടുവിചാരകരിൽ അന്വേഷിക്കുന്നതൊന്നാൽ, താൻ വിശ്വസ്തനായി കാണപ്പെടേണം എന്നത്രെ എന്നെഴുതി. ഇങ്ങിനെ വിചാരിച്ചാൽ ദൈവശുശ്രൂഷക്കാരിൽ ഒരു ഭേദവും ഇല്ല, ഉപാവരങ്ങളിൽ അവർ ഒരു പോലെ അല്ല, കിട്ടിയ കൽപ്പനയിന്നു ലാഭം ഉണ്ടാകേണ്ടതിന്നു ഓരോരുത്തൻ തനിക്ക കിട്ടിയ ദാനങ്ങളെ പ്രയോഗിക്കേണം. വിശ്വസ്തതയുടെ അളവും ഹൃദയത്തിന്റെ ഗുണവിശേഷങ്ങളും ഇളക്കി നോക്കുന്നതു, മനുഷ്യർക്കുള്ളതല്ല; ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവത്തിന്നു മാത്രം ന്യായം. അതുകൊണ്ടു പൌൽ തനിക്ക ന്യായം വിധിച്ചു, മറ്റവരോട്

തന്നെ സമമാക്കി ഗുണവിശെഷങ്ങളെ തള്ളുകയാൻ മനസ്സി
ല്ല. എനിക്ക കരുണ ലഭിച്ചു എന്ന നിശ്ചയമായി പറവാനും
അവന്റെ അപൊസ്തല സ്ഥാനത്തിന്ന വല്ല വിരൊധം വ
ന്നപ്പോൾ താൻ മറ്റ അപൊസ്തലന്മാരിൽ ചെറിയവന
ല്ല എന്ന ധൈര്യത്തോടെ ഉറപ്പിപ്പാനും സുവിശെഷഘൊ
ഷണത്തിന്ന വെണ്ടി അനുഭവിക്കെണ്ടിവന്ന കഷ്ടങ്ങളിലും
തനിക്കുണ്ടായ ദിവ്യ വെളിപ്പാടുകളിലും പ്രശംസിപ്പാനും അ
വന്ന വക ഉണ്ടായതു മല്ലാതെ കൊറിന്ത്യ സഭ മിക്കതും ത
ന്റെ അവസ്ഥയെ ശൊധന ചെയ്താൽ കുറവുഒന്നും കാണു
കയില്ല എന്നും മനുഷ്യവിധിയിൽ ഭയപ്പെടുവാൻ ത
നിക്ക ഒരു സംഗതി ഇല്ലെ എന്നും അറികയും ചെയ്തു. എ
ങ്കിലും അതിനാൽ അവൻ ദൈവ മുമ്പാകെ നീതിമാൻ എന്ന
വിചാരിയാതെ, ഞാൻ എനിക്കതന്നെ ന്യായം വിധിക്കുന്നി
ല്ല, നിങ്ങളും കാലത്തിന്ന മുമ്പെ ഒന്നും വിധിക്കരുതു, എനി
ക്ക ന്യായം വിധിക്കുന്നവൻ കർത്താവുതന്നെ ആകുന്നു എ
ന്ന പ്രബൊധിപ്പിച്ചു. അവന്റെ ക്രിയകളിൽ അവൻ
ജനരഞ്ജനയെ അന്വെഷിക്കാതെയും വിധിപ്പാൻ ദൈ
വത്തിന്ന മാത്രം ന്യായം എന്ന അറിഞ്ഞു മറ്റവർക്കും തന്നെ
ന്യായകർത്താവാക്കാതെയും ഇരുന്ന സന്തൊഷത്തൊടുകൂ
ട ദൈവത്തിന്ന തന്നെ എല്പിക്കപ്പെട്ടതിന്ന വിശ്വാസ്തനാ
യി നടന്നതെ ഉള്ളു. പുകഴുന്നവൻ കർത്താവിൽ പുകഴുക,
തന്നെത്താൻ പ്രശംസിക്കുന്നവനല്ല, കർത്താവു പ്രശംസിക്കു
ന്നവനത്രെ സമ്മതൻ; ൨ കൊറി. ൧൦, ൧൭. ൧൮. എ
ന്നവന്റെ മതം. കർത്താവിൽനിന്ന പുകഴ ലഭിക്കെണ്ടതി
ന്ന ഒരുവൻ ആഗ്രഹിച്ചു നടന്നാൽ മനുഷ്യരുടെ വിധി
കളെ വിചാരിക്കെണ്ടതല്ല, അവരിൽനിന്ന പുകഴയൊ
നിന്ദയൊ എത്ര വന്നാലും അവൻ കർത്താവിന്നെ വിശ്വ
സ്തനായി സെവിച്ചു അവൻ ഒരൊരുത്തന്ന അവനവന്റെ

ക്രിയകൾക്കു തക്ക പ്രകാരം ചെയ്യുന്ന ദിവസത്തൊളം കാൎയ്യ
ങ്ങൾ ഒക്കയും ഉണ്ടു.

൯൮

രൊമ. ൫. ൯. നാം അവന്റെ രക്തത്താൽ നീ
തീകരിക്കപ്പെട്ടു.

ചൊറൽ തന്റെ ലെഖനങ്ങളിൽ ഉപദെശിക്കുന്നി
തു: നാം ദൈവകരുണയാൽ ക്രിസ്തു യെശുവിങ്കലെ വീണ്ടെ
ടുപ്പുകൊണ്ടു സൌജന്യമായി നീതീകരിക്കപ്പെട്ടു എന്നും
ക്രിസ്തന്റെ അനുസരണത്താൽ നീതിമാന്മാരായി ഭവിക്കു
മെന്നും അവനിൽ നാം ദൈവനീതിയായി തീരെണമെന്നും അ
വൻ നമുക്ക നീതിയായി ഭവിച്ചു എന്നും മനുഷ്യൻ ധൎമ്മ
ക്രിയകൾ കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരി
ക്കപ്പെടുന്നു എന്നും വിശ്വാസം നമുക്ക നീതിയായി എ
ണ്ണപ്പെടുന്നു എന്നും മറ്റും. എന്നാൽ മെൽ എഴുതിയ വാ
ക്കിൽ നാം ക്രിസ്തന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടു എ
ന്നും പറയുന്നു. ദൈവമുമ്പാകെ ഒരു പാപി നീതിമാനായി
തീരുന്ന പ്രകാരം ഗ്രഹിച്ചുകൊള്ളെണ്ടും വണ്ണം സ്തുതിക്കെണ്ടതി
ന്നു നാം ഇതൊക്കയും ഒന്നായി ചെൎക്കെണ്ടതാകുന്നു. യെ
ശുവിന്റെ രക്തവും അനുസരണവും അവന്റെ രക്ഷാസ്ഥി
തിയും ദൈവകല്പനയും മനുഷ്യരുടെ വിശ്വാസവും ഈ അ
തിശയമുള്ള കാൎയ്യത്തിന്നു വെണ്ടി വന്നു. യെശുവിൽ നി
ന്നും അവന്റെ രക്തത്തിൽനിന്നും ഉളവാകുന്ന ദൈവനീ
തി അത്യന്തം വലിയതു നിശ്ചയം. ദൈവപുത്രനായി തീൎന്ന
പാപിക്ക ഒരു അഭയസ്ഥാനം തന്നെ. അത എങ്ങിനെ
എന്നാൽ, വിശ്വാസം മൂലം നീതീകരിക്കപ്പെട്ടിട്ട നമ്മുടെ
കൎത്താവായ യെശുക്രിസ്തനാൽ നമുക്ക ദൈവത്തൊടു സ
മാധാനം ഉണ്ടു എന്ന പൌൽ പറയുന്നതു. രൊമ. ൫.
൧. അധൎമ്മങ്ങൾ മൊചിച്ചും പാപങ്ങൾ മറെച്ചും ഇരിക്കു

ആയവർ ധന്യർ, കൎത്താവ് പാപത്തെ എണ്ണാത്ത മനുഷ്യ
ൻ തന്നെ. രോമ. ൪, ൭. ൮. ദൈവം നീതീകരിച്ചവനെ
കുററം ചുമത്തുവാൻ ആൎക്കും കഴികയില്ല. രോമ. ൮, ൩൩.
൩൪. സുവിശേഷം കൊണ്ടു ലോകരക്ഷിതാവായ
യേശുവിലെ വിശ്വാസം ഹൃദയത്തിൽ ജനിച്ച ഉടനെ ഈ
കരുണ അനുഭവമായി വരുന്നു. വിശ്വാസം ഇല്ലാത്തേട
ത്തോളം ദൈവകരുണയും ഇല്ലാ. ഉണൎച്ചയും പ്രാൎത്ഥ
നയും സുവിശേഷത്തിലെ രുചിയും ഇല്ലാത്തോളും വി
ശ്വാസത്തിന്നു ചിഹ്നങ്ങൾ ഉണ്ടു. ഇങ്ങിനെ നീതിമാനായി
തീൎന്നവൻ ജീവപൎയ്യന്തം ജാഗ്രതയെ കാട്ടുന്നില്ലെങ്കിൽ
പിന്നെയും എല്ലാം നഷ്ടമായി പോകും, നീതിയെ കിട്ടി
യവന്നു ഒരു വലിയ ധനം കിട്ടി നിശ്ചയം. പരീശന്മാരെ
പോലെ അവൻ തന്നെത്താൻ നീതിമാനാക്കിയില്ല, അ
വൻ മനുഷ്യരോടു നീതിയെ അന്വേഷിച്ചതുമില്ല. ദൈ
വം താൻ അത് അവന്നു സ്വപുത്രമൂലം സൌജന്യമായി
തന്നു കരുണ അവന്നു നല്കി. അവൻ മേല്പെട്ടു നോക്കി
യാൽ ദൈവകോപം നീങ്ങിയ പ്രകാരം കാണുന്നു. അവ
ൻ കഴിഞ്ഞ കാലത്തിൽ നോക്കിയാൽ ദൈവകോപം നീ
ങ്ങിയ പ്രകാരം അല്ല, ദോഷങ്ങളെ വളരെ കാണുന്നു.
എങ്കിലും ദൈവം എല്ലാം ക്ഷമിച്ചു സമുദ്രത്തിന്റെ ആ
ഴത്തിലേക്ക് തള്ളി കളഞ്ഞു എന്നു അറിയുന്നു. അവൻ വ
രുംകാലത്തിൽ നോക്കിയാൽ ദൈവം കൊടുപ്പാൻ വാഗ്ദ
ത്തം ചെയ്ത മഹത്വത്തിൽ പുക്കുവാൻ തക്ക ആശ ഉണ്ടു.
ഇഹലോകത്തിൽ അത്ര മഹത്വമുള്ള ചിലങ്ങൾ നീതിമാ
ന്മാൎക്കിന്നു വരുന്നു എങ്കിൽ വരുവാനുള്ള ലോകത്തി
ൽ എത്ര അധികം. അതുകൊണ്ടു നീതിമാന്മാരായി തീൎന്ന
വർ അവസാനത്തോളം തങ്ങളുടെ സ്ഥാനത്തിന്നു സൂക്ഷി
ക്കുന്നതു അത്യാവശ്യം. പിശാചു അലറുന്ന സിംഹം പോലെ

ന്നരെ വിളിച്ചു കളവാൻ കഴികും എന്നു നൊക്കി ചുററി
നടക്കുന്നവനല്ലൊ. അവൻ അടുത്തു വരുമ്പൊഴും ദൈവത്തി
ന്റെ യെശു ക്രിസ്തുമൂലം നമുക്കു പരിശ ആക്കിയില്ല.

൭൭

കൊല. ൧, ൨൭. ക്രിസ്തൻ നിങ്ങളിൽ തെജസ്സിൻ
പ്രത്യാശ ആകുന്നു.

പൌൽ അപൊസ്തലന്റെ കാലത്തിൽ ആയവർ
ദൈവ കരുണയാൽ ഇസ്രയെലരൊടു കൂട പങ്കാളി
കളെന്റെ മഹത്വത്താൽ വന്നതു എല്ലാവൎക്കും ആശ്ച
ൎയ്യം തൊന്നി. പുരാതന നിയമ കാലത്തിൽ ദൈവം പുറജാ
തികൾക്കും കരുണയെ കാണിക്കും എന്നു ഇസ്രയെലർ പ്രവാ
ചകന്മാരുടെ വായാൽ അറിഞ്ഞു എങ്കിലും അത അവൎക്കു
ഇസ്രയെലരൊടു സമമായ് വരുത്തുന്ന കരുണ ആകുമെ
ന്നും എന്നു ആരും ഊഹിച്ചതും ഇല്ല. എഫെ. ൩. ൬.
കൊല. ൧, ൨൬. ൨൭. ഈ കരുണയുടെ അതിശ
യമുള്ള ധനം പൌൽ മെൽ എഴുതിയ വാക്കിൽ സം
ക്ഷെപിച്ചു പറയുന്നു: ക്രിസ്തൻ അവരിൽ തെജസ്സിൻ പ്ര
ത്യാശ ആകുന്നു. ഇതുകൊണ്ടു വിശ്വാസിയായി തീൎന്ന പുറ
ജാതിക്കാരനെ കാണുംതൊറും, ഇവൻ പണ്ടു വിഗ്രഹസെ
വിക്കും അശുദ്ധനും അവലക്ഷണ ദൊഷങ്ങളിൽ മുങ്ങി
നവനുമായിരുന്നു, ഇപ്പൊഴൊ വിശ്വാസത്താൽ അവ
ന്റെ ഹൃദയത്തിൽ വസിക്കുന്നു എന്നു പറവാൻ സംശയിച്ചി
ല്ലെ. ഇത്ര അശുദ്ധന്മാരായ മനുഷ്യരെ തന്റെ ആലയ
ങ്ങളാക്കി അവരിൽ വസിപ്പാൻ ക്രിസ്തന്നു ബൊദ്ധ്യം തൊന്നിയതു
ത്ര എത്രൊരു അതിശയമുള്ള കരുണ. യരുശലെമിലെ ദെ
വാലയം പണ്ടു വിശുദ്ധമായത് എന്നു എല്ലാ ഇസ്രയെലർ
മനസ്സിൽ ഉറച്ചിരുന്നു വന്നു. അതിന്റെ കല്ലു, മരം, പൊന്നു
മുതലായ സാധനങ്ങൾക്കു വിശെഷിച്ചു ഒരു ശുദ്ധി ഉണ്ടായില്ല,

ശുദ്ധാ ദൈവത്തിന്റെ വാസസ്ഥലമായതിനാൽ അത്രെ അശുദ്ധമായി വന്നു. പൌൽ കൊലൊസ്സയിലുള്ള വിശ്വാസികളെ ശുദ്ധന്മാർ എന്നു പറഞ്ഞു. കൊല. ൧. ൨. അവൎക്ക സ്വാഭാവികമായ ശുദ്ധി ഒന്നും ഉണ്ടായിട്ടില്ല, അവരിൽ വസിക്കുന്ന ദൈവപുത്രൻ നിമിത്തം അവർ വിശുദ്ധന്മാരായി ദൈവാലയം ശുദ്ധമുള്ളതു. ആ ആലയം നിങ്ങൾ തന്നെ ആകുന്നു എന്നു പൌൽ കൊരിന്ത്യരൊടു പറഞ്ഞു. ൧ കൊരി. ൩, ൧൭.

ക്രിസ്തൻ നമ്മിൽ വസിച്ചാൽ അവൻ നമ്മുടെ ദെഹത്തിൽ പ്രത്യക്ഷനാകുന്നു. ഈ ലൊകത്തിൽ അവന്റെ ആലയത്തിന്റെ പുറഭാഗം ബാലകന്മാരുടെ വീനവും ക്ഷുദ്രവുമായിരിക്കുന്നുവെങ്കിലും അത് നിത്യം അങ്ങിനെ ആകുന്നില്ല. അവന്റെ മഹത്വം ഒരു സമയം എങ്കിലും അതിൽനിന്നു ശോഭിക്കും. വിശുദ്ധന്മാരുടെ ജീവനായ ക്രിസ്തൻ പ്രത്യക്ഷനാകുമ്പൊൾ അവരും അവനൊടു കൂട മഹത്വത്തിൽ പ്രത്യക്ഷന്മാരായി വരും. കൊല. ൩, ൪. അവൻ ആകും വണ്ണം അവനെ കാണുകകൊണ്ടു അവർ അവനു സദൃശന്മാരായി വരും. ൧ യൊഹ. ൩, ൨. അവരുടെ ശരീരങ്ങളും അവന്റെ മഹത്വമുള്ള ശരീരത്തിന്നു സമമാകും. ഫിലി. ൩, ൨൧.

അതുകൊണ്ടു നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവൊ എന്നു നിങ്ങളെ തന്നെ ശോധന ചെയ്‌വിൻ, നിങ്ങൾ കൊള്ളരുതാത്തവരല്ല എങ്കിൽ യെശു ക്രിസ്തൻ നിങ്ങളിൽ ഇരിക്കുന്നു എന്നു നിങ്ങളെ തന്നെ അറിയുന്നില്ലയൊ. ൨ കൊരി. ൧൩, ൫. എന്നുള്ള പ്രബോധനത്തെ നാമും ഓൎത്തുകൊള്ളെണം. നമ്മുടെ ആത്മാക്കൾ സ്വാഭാവികം മാത്രം അനുസരിച്ചുനിൎബന്ധത്താൽ അത്രെ ഉണ്മയായതൊന്ന വിചാരിക്കയൊ പറകയൊ പ്രവൃത്തിക്കയൊ ചെയ്യുന്നു എങ്കിൽ ക്രിസ്തൻ നമ്മിൽ

വസിക്കുന്ന എന്ന നിശ്ചയമുണ്ടാകയുമല്ല, അതുകൊണ്ടു അവൻ നമ്മിൽ വസിപ്പാൻ വരേണ്ടതിന്നു നാം നിത്യം അപേക്ഷിക്ക.

൨൧൩

സങ്കീ. ൧൦൩—൧൩. അപ്പൻ മക്കളിൽ കനിവുള്ളതുപോലെ യഹോവയും തന്നെ ഭയപ്പെടുന്നവരിൽ കനിവുള്ളു.

ദൈവം തന്റെ വചനത്തിൽ പിതാവുമെന്നപേർ ധരിച്ചുകൊണ്ടു നമുക്കു തന്റെ അറിവിലെക്കു ഒരു വഴിയെ കാണിച്ചിരിക്കുന്നു. മനുഷ്യവംശത്തിലും ഒരു പിതാവിന്റെ ഹൃദയം ഇന്നപ്രകാരമുള്ളതു എന്ന നാം അറിയാമല്ലൊ. ഒളിമൊട്ടു സമമായ പിതാവും തന്റെ പുത്രന്മാരെ ശിക്ഷിക്കുന്നതുതന്നെ അല്ല, മക്കളുടെ സൌഖ്യം ആരായുന്നതാകും വാത്സല്യമുള്ള കഷ്ടങ്ങളിലൊക്കെയും കൂടെ അനുഭവിക്കുന്നവൻ അത്രെ പിതാവിന്നൊടുവരുന്നവർ ആകുന്നു. നു കൂട്ടമായി നോക്കിയാൽ അവനുള്ളിൽ ആരും ഇല്ലാതാകും. മത്താ. ൭, ൯. ൧൧. ലൂക്ക. ൧൫. ൨൦. പിതൃഹൃദയത്തിന്റെ മുഖ്യലക്ഷണം എന്തു, അവന്റെ മക്കളൊടു കനിവുണ്ടാകുന്നതല്ലയൊ. അപ്രകാരം യഹോവെക്ക തന്നെ ഭയപ്പെടുന്നവരൊടു കനിവുണ്ടാകുന്നു. ഈ കനിവു ൧൦൩-ാം സങ്കീർത്തനത്തിൽ വിവരമായി എഴുതിക്കിടക്കുന്നു. യഹോവ പാപങ്ങളെ പൊറുക്കുന്നു എങ്കിലും ദോഷയാൽ മനസ്താപം ചെയ്തു അവന്റെ അടുക്കൽ തിരിച്ചുവന്നാൽ അവൻ രോഗങ്ങളെ ക്ഷമിച്ചു രോഗശാന്തി വരുത്തുന്നു. അവൻ ശിക്ഷിച്ചു പൊരുന്നു എങ്കിലും നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം ന്യായം വിധിക്കാതെയും അകൃത്യങ്ങൾക്കു തക്ക പകരം ചെയ്യാതെയും ഇരിക്കുന്നു. പിതാവായവൻ കുട്ടികളെ നന്നാക്ക വളർത്തുമ്പോൾ ഉം നമ്മുടെ ബലഹീനതയെ ഓർക്കുന്നു. അവൻ നമ്മുടെ ബാ

ഭാവം അറിയുന്നു, നാം മണ്ണു ആകുന്നു എന്നു ഓൎക്കുന്നു. അ
വന്റെ കരുണ നമ്മുടെ ജീവനെക്കാൾ വിശിഷ്ടമുള്ളതും അ
വന്റെ നീതി മക്കളുടെ മക്കൾക്കും അനാദിയായി എന്നേക്കു
മുള്ളതാകുന്നു. ഇതു സ്വൎഗ്ഗസ്ഥ പിതാവിന്റെ ചൊൽ
അതിനെ അറിഞ്ഞു സന്തോഷിക്കേണ്ടുന്ന സംഗതിക
ളല്ലൊ. എന്നാൽ അവന്റെ കരുണയെ അനുഭവിപ്പാ
ൻ മനസ്സുള്ളവർ അവനെ ശങ്കിക്കയും വെണം. മനുഷ്യരോടെ
പാപം ചെയ്തു ദൈവകരുണയെ തുഛ്ശീലയാക്കി അവന്റെ വ
ചനങ്ങളെ തള്ളിക്കളഞ്ഞവന്നു തന്റെ ന്യായത്തെയും
ന്യായപ്രകാരമുള്ള ശിക്ഷ ഉണ്ടാകും. യഹോവ ദൈവനാമമു
ള്ള ദൈവവും സൎവ്വാത്മാക്കളുടെ കൎത്താവും ആകുന്ന എ
ന്നുള്ള ധൎമ്മവെപ്പിനെ ഒരു നാളും മറക്കരുതു. അവന്റെ കോ
പവും അഗ്നിജ്വാലയോടു ഒത്ത ശിക്ഷകളും നിത്യനാശവും
ഭയങ്കര കാൎയ്യങ്ങൾ തന്നെ. ജീവനുള്ള ദൈവത്തിന്റെ ക
യ്യിൽ വീഴുന്നതു ഏറ ഭയങ്കരം. ഇതെല്ലാം അറിഞ്ഞിട്ടു നാം
ഇന്നു അവന്റെ ഭയത്തിൽ നടന്നു, നീയും ദൈവത്തെ ഭയ
പ്പെടുന്നില്ലയൊ എന്നു പറവാൻ ആൎക്കും സംഗതി വരാതെ
ഇരിക്കേണ്ടുന്ന അവനു ഇഷ്ടമുള്ളതു മാത്രം പറകയും
പ്രവൃത്തിക്കയും ചെയ്ക, ദൈവഭയം ജ്ഞാനത്തിന്റെ ആ
രംഭം, ദൈവഭയം ആത്മാവിനെയും പാൎക്കും, അഹംഭാവം,
ദുൎമ്മോഹം മുതലായതിനെയും വെറുക്കുന്നു. പിതാവു എന്ന
നാമം നമ്മിൽ സ്നേഹം വൎദ്ധിപ്പിക്കുന്നതു പോലെ യഹോവ എ
ന്നുള്ളതു ശങ്കയെ ജനിപ്പിക്കേണ്ടതാകുന്നു. യഹോവ മാ
ത്രം മാറാതെ നിത്യം നില്ക്കുന്നു. നാമോ എത്രയും ചഞ്ച
ലന്മാർ ആകുന്നു. അതുകൊണ്ടു മുഖപക്ഷം കൂടാതെ ഓരോ
രുത്തന്റെ ക്രിയകൾക്കു തക്ക ന്യായം വിധിക്കുന്ന പിതാവിനെ
നീ അപേക്ഷിക്കുന്നു എങ്കിൽ നമ്മുടെ കുടിയിരിപ്പിന്റെ കാല
ത്തെ ഭയത്തോടെ കഴിച്ചുകൊള്ളുക. ൧ പെ. ൧, ൧൭.

൯൨

സങ്കീ. ൧൩൦. ൩. യാഹ്, നീ അകൃത്യങ്ങളെ കുറിക്കൊണ്ടാൽ കൎത്താവെ ആർ നില്ക്കും.

ദൈവം വിശുദ്ധനും സൎവ്വജ്ഞാനശക്തികളുള്ളവനും ആകുന്നുവല്ലൊ. പാപങ്ങളെ കണക്കിട്ടുവെങ്കിൽ ഇഹത്തിൽ പല സങ്കടങ്ങളെ കൊണ്ടും പരത്തിൽ നരകാഗ്നിയെ കൊണ്ടും ശിക്ഷിപ്പാൻ കഴിയുന്നവനാകുന്നു, പിന്നെ ആർ അവന്റെ മുമ്പാകെ നില്ക്കും, എല്ലാവരും നാണിച്ചും ഭ്രമിച്ചും പോകുമല്ലൊ.

എന്നിട്ടും തങ്ങളുടെ പാപങ്ങളോടു കൂടെ ദൈവമുമ്പാകെ നില്പാൻ കഴിയും എന്നു വിചാരിക്കുന്ന മനുഷ്യർ അനേകർ ഉണ്ടു. അവർ തങ്ങളുടെ അവസ്ഥയെ വിചാരിച്ചു വിസ്തരിക്കുന്നതു പോലെ ദൈവവും ചെയ്യും, ദൈവധൎമ്മങ്ങളെ വ്യാഖ്യാനിക്കുന്നതു പോലെ അവനും സമ്മതിക്കും എന്നും മനുഷ്യരുടെ മുമ്പാകെ അവൎക്കു മാനവും കീൎത്തിയും ഉണ്ടാകകൊണ്ടു ദൈവത്തിന്റെ ന്യായവിധിയിലും നില്പാൻ അല്പ കാൎയ്യം അത്രെ എന്നും ബുദ്ധികെടായി വിചാരിക്കുന്നു. വ്യൎത്ഥപുണ്യങ്ങളിൽ ആശ്രയിച്ചു തങ്ങളുടെ അപരാധങ്ങളെ ചെറിയ തെറ്റുകൾ അത്രെ ആകുന്നു എന്നു നിനെച്ചിട്ടു വിശുദ്ധ ദൈവം മനുഷ്യരിൽ വിധിക്കും പ്രകാരം മനസ്സിൽ ധരിക്കാതെ തങ്ങളെ തന്നെ ചതിച്ചു നടക്കുന്നു. വിസ്താരനാളിൽ ദൈവവിചാരങ്ങൾ വെളിവെ എന്നു കാണപ്പൊഴെക്കു ഈ വകയുള്ളവർ എല്ലാവരും നാണിച്ചും ഭ്രമിച്ചും പോകും. തങ്ങളുടെ നെയ്ത്തുകൾ വസ്ത്രമാകി തീരുകയില്ല എന്നും സ്വപ്രവൃത്തികളെ കൊണ്ടു തങ്ങളെ തന്നെ പുതപ്പിച്ചു കൂടാ എന്നും യശ. ൫൯, ൬. സ്വനീതികൾ [illegible] ദൈവത്തിൽ നിന്നു [illegible] എന്നും ദൈവവിധിപ്രകാരം തങ്ങൾ [illegible] കടക്കാരും

നന്ദന്മാരും ആകുന്ന എന്നും ശ്രമത്തൊടു കൂടെ കാണാം. ഇങ്ങിനെ വരാതിരിക്കേണ്ടതിന്ന എന്തുവഴി, അപായങ്ങളിൽ നിന്ന യഹോവയൊടു നിലവിളിച്ചു ക്ഷമ അപെക്ഷിക്കുന്നത അല്ലാതെ വഴി ഒന്നും ഇല്ല. പിന്നെ പാപമൊചനത്തിന്റെ നിശ്ചയം ക്ഷണത്തിൽ കിട്ടുന്നില്ല എങ്കിൽ, ഞാൻ യഹോവയെ കാത്തിരിക്കുന്നു ഉഷസ്സിന്നായിട്ടു കാത്തിരിക്കുന്നവരെക്കാൾ എന്റെ ആത്മാവ യഹോവയെ കാത്തിരിക്കുന്ന എന്ന പറയെണ്ടതാകുന്നു. പിന്നെ കാത്തിരിക്കുമ്പോൾ എന്തു സംഗതി, ദൈവവചനം തന്നെ അതുകൊണ്ടു ദൈവവചനത്തിൽ ആശ്രയിച്ചിരിക്കുന്ന എന്നും ഉറച്ചിരിക്കേണം. കരുണയെ ലഭിച്ചിട്ടു എന്തു ഫലമെന്നാൽ, യഹോവയെ ഭയപ്പെടുക, ഭയപ്പെടുന്നവർക്കും അവരൊടു കൂടെ കരുണയും വളരെ വീണ്ടെടുപ്പും ഉണ്ടല്ലൊ; എങ്കിലും ഈ ഭയം അടിമഭയം അല്ല, പുത്രഭയം അത്രെ ആകുന്നതാകേണം. കരുണയും സമാധാനവും നല്കിയവൻ ക്രൂര യജമാനനല്ലല്ലൊ. ലഭിച്ച കരുണ പൊയിപൊകാതിരിക്കേണ്ടതിന്ന ഭയപ്പെടുക മാത്രം അല്ല, മനഃപൂർവ്വമായി സ്നെഹിക്കയും വെണം. ദൈവത്തിലെക്കും നിത്യജീവനിലെക്കും വഴിയെ കാണിച്ച രക്ഷിതാവായ യെശുവിന്നു സ്തുതി, മാന, മഹത്വങ്ങൾ ഉണ്ടാവുമാറാക.

൧൨൧

എഫെ. ൨, ൫. നാം പിഴകളിൽ മരിച്ചവരായാറെ ദൈവം നമ്മെ ക്രിസ്തനൊടു കൂടെ ജീവിപ്പിച്ചു.

ചത്തവന്ന അകത്തുനിന്ന ഒരു ഇളക്കമില്ല. പാപങ്ങളിൽ ചത്തവൻ ദൈവകരുണാസമാധാനങ്ങളും യെശുക്രിസ്തുന്റെ സ്നെഹവാത്സല്യങ്ങളും ഇന്ന അനുഭവങ്ങളാകുന്ന എന്ന അറിയുന്നില്ല, പ്രകാശിതന്മാർ അനുഭവിച്ചു വരുന്ന സൌഖ്യദാനവും വിശുദ്ധാത്മാവിന്റെ വരങ്ങളും ദൈവത്തി

ന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ അധികാ
രങ്ങളും അവന്നു മധുരങ്ങൾ അത്രെ. ഇങ്ങിനെ ആത്മാവിൽ ച
ത്ത മനുഷ്യൻ ചിലപ്പോൾ ദൈവത്തിന്റെ മഹാശക്തിയെ
രുചിനോക്കി ദേവകരുണയുടെ വലിപ്പവും സ്വസ്ഥഭാവ
ങ്ങളും ആസ്വാദം അനുഭവിച്ചാലും അത് ആത്മജീവന്റെ
അടയാളങ്ങൾ അല്ല, അവൻ പുത്രനായി ജനിച്ചില്ല, അതി
ന്നു പ്രാപ്തിയുള്ളവൻ എന്നത്രെ കാണിക്കുന്നു. ആത്മാവി
ൽ മാത്രം അവന്നു അകത്തുനിന്നു ഒരു ഇളക്കം ഇല്ല, പരിശുദ്ധാ
ത്മാവു അവനെ നടത്തുന്നില്ല, പക്ഷെ അവനെ ദൈവവച
നം ഉപദേശിച്ചാലും അത് വേഗം മാഞ്ഞുപോകുന്നു. നിത്യ
ത്തോളം നിലനില്ക്കുന്ന ക്ഷേത്രത്തിന്റെ സ്നേഹവും അവനോടു
കൂട ചെയ്യും ആലോചനയില്ലാത്ത പ്രാർത്ഥനയും ക്രിസ്തനോടു
കൂട ഇരിപ്പാനുള്ള വാഞ്ഛയും അവന്റെ വരവിന്നായുള്ള
കാത്തിരിപ്പും എന്താകുന്നു എന്ന് അവൻ അറിയുന്നില്ല. ധ്യാ
നം, ഭിക്ഷകാര്യം മുതലായ ക്രിയകളിൽ അവൻ ജാഗ്രതയെ കാ
ണിച്ചാലും ആത്മാവിന്റെ അവസ്ഥ മാറുന്നില്ല, ജീവനാശ്രാ
ക്കും മിനക്കെട്ടു ചഞ്ചലത്തിൽ നില്ക്കുന്ന പ്രകാരം നിത്യജീ
വനെ ഒർ അടിപോലും അടുത്തു ചെല്ലുന്നില്ല.

ഇങ്ങിനെയുള്ള അവസ്ഥയെ മാററി ഗുണം വരുത്തുവാൻ
എന്തുപായം, മനുഷ്യകല്പനയും ജ്ഞാനവും കൊണ്ടു ഒരു ച
ത്ത മനുഷ്യൻ ജീവിച്ചെഴുനീല്ക്കയില്ല, ദൈവത്തിന്നല്ലാതെ
ജീവനെ കൊടുപ്പാൻ ആൎക്കും പ്രാപ്തിയില്ലല്ലൊ, അവൻ മാ
ത്രം ജീവന്റെ ഉറവു, അവന്റെ വചനത്തിൽ അവന്റെ ജീ
വനും ഉണ്ടു അതുകൊണ്ടത്രെ അവൻ മനുഷ്യരെ ജീവിപ്പി
ക്കുന്നതു. പിന്നെ ഒരു പാപിയെ ജീവിപ്പിക്കുമ്പോൾ അവൻ
തന്റെ ആത്മാവെകൊണ്ടു യേശുക്രിസ്തന്റെ ചൈതന്യത്തി
ലെക്ക് അവനെ വരുത്തുന്നു. അതുകൊണ്ടു പൌൽ എഴുതി
യതു: ദൈവം നമ്മെ ക്രിസ്തനോടു കൂട ജീവിപ്പിച്ചതു അത്

എന്തിനെന്നാൽ, നാം ക്രിസ്തനിൽ ആശ്രയിച്ചു വിശ്വസിക്കുമ്പൊൾ തന്നെ അവൻ പുനരുത്ഥാനത്തിൽ ക്രിസ്തന്ന വന്ന ജീവനിൽനിന്ന ഒരു അംശം നമുക്ക തരുന്നു. അതുകൊണ്ടു മുന്തിരിക്കൊമ്പുകൾ വള്ളിയിൽനിന്ന വെണ്ടുന്ന രസം കുടിച്ചു വളരുന്നതുപൊലെ വിശ്വാസികൾ ക്രിസ്തന്റെ ജീവനിൽനിന്ന ശക്തിയെ കൈക്കൊണ്ടു ജീവിച്ചു ദൈവം സകലത്തിലും സകലവും ആകുവൊളം വളരുകയും ചെയ്യുന്നു.

നാം ജീവനൊടിരിക്കുന്നു എന്ന പെർ മാത്രം ഉണ്ടൊ, അല്ലെങ്കിൽ ദൈവജീവൻ നമ്മിൽ വാഴുന്നുവൊ എന്നു പരിശൊധിച്ചുനൊക്കെണ്ടതിന്ന സംഗതി ഉണ്ടു. ലൊകത്തിൽ അനെക പുഷ്പ കാഴ്ചകളെ കാണുന്നു, പുറമെ നൊക്കിയാൽ എല്ലാം ശരി എങ്കിലും അല്പം മാത്രം പരിശൊധിക്കും എങ്കിൽ ഒരു പൊരുൾ കാണുന്നില്ല, ദൈവം സർദ്ദിസിലെ സഭയുടെ ദൂതനൊടു പറഞ്ഞതു; വെളി. ൩. ൧. ഒത്രെയൊക്കു: ദൈവജീവൻ ഇല്ലാതെ എത്ര ശൊഭിച്ചാലും സാരമില്ല എന്നെ പറയാവു; ചത്തവൻ സാക്ഷിക ജീവന്നു യൊഗ്യനല്ലല്ലൊ.

൧൭

യൂദ. ൨൧. നമ്മുടെ കർത്താവായ യെശുക്രിസ്തന്റെ കനിവെ, നിത്യജീവനായിട്ടു പാർത്തുകൊള്ളിൻ.

എനിക്ക കനിവു ലഭിച്ചു എന്നു പൌൽ പറഞ്ഞു; അപ്രകാരം തിമൊഥ്യനും തീതനും പ്രശംസിച്ചു എന്നിട്ടും പെ പൌൽ ഇവർക്കു കൃപ, കനിവു സമാധാനം ഉണ്ടാക എന്നു അവക്ക എഴുതിയത്. കരുണ ലഭിച്ചവൻ അധികം കിട്ടുവാൻ നൊക്കെണ്ടതാകുന്നുവല്ലൊ. അതുകൊണ്ടു യൂദാവും വിശ്വാസികൾക്കു കരുണെയും സമാധാന, സ്നെഹങ്ങളും നിങ്ങൾക്കു വർദ്ധിക്കുമാറാക എന്നും പൌൽ ഒനെസിഫൊരന്റെ

കവും ചൊല്ലിന്ന കൎത്താവ് കരുണയെ കൊടുക്കുമാറാക എന്നും എഴുതിയത്. കരുണ ദൈവത്തിൻ സല്ക്രിയകളുടെ ഉറവാകുന്നു. അവന്റെ കരുണയാൽ മനുഷ്യൻ ജീവിക്കുന്നു, ശ്വാസം ഇട്ടു ദേഹത്തിന്റെ ആവശ്യങ്ങളെ അനുഭവിക്കുന്നു. അവൻ ഒരു പാപിയെ വിളിച്ചു അനുതാപ വിശ്വാസങ്ങളിലേക്ക വരുത്തി പാപങ്ങളെ ക്ഷമിച്ചു തന്റെ പുത്രനാക്കുന്നതു കരുണയാലത്രെ ആകുന്നു. അതെല്ലാം ലഭിച്ചവൻ പൌലിന്നു സമമായി എനിക്ക കരുണ ലഭിച്ചു എന്നു പറഞ്ഞു. ആദാം പ്രമാണിപ്പിച്ച പ്രകാരം കൎത്താവായ യേശുക്രിസ്തന്റെ കരുണെക്കൊണ്ട കാണിക്കാം. ദൈവം തന്റെ ക്രിയയെ ആത്മാവിൽ തുടങ്ങി പലരെ വിശ്വാസ്യത, ജ്ഞാന, ക്ഷമകളൊടു കൂടെ നടത്തി പൂരിപ്പിച്ചും വിശുദ്ധ നടപ്പിന്ന സഹിതികരിച്ചും ദിവസെന നിത്യമായി പാപങ്ങളെ ക്ഷമിച്ചും അവനെ ആശ്വസിപ്പിച്ചും ഉപദേശിച്ചും സാക്ഷിയതെ ക്രിസ്തന്റെ സുഖപ്രവെശനത്തിന്ന ഒരുക്കിയും അവന്റെ ദേഹത്തെയും നിത്യജീവനാക്കി എഴുനീല്പിച്ചും തന്റെ രാജ്യം നിത്യാവകാശമാക്കി കൊടുക്കും കൊള്ളുന്നതു. ഇതെല്ലാം ദൈവകരുണകളുടെ ഒരു മാല തന്നെ. അവസാന നാൾ കഴിഞ്ഞ ശെഷം വിശ്വാസികൾക്ക നിരന്തരമായി അനുഭവിപ്പാനുള്ള സന്തോഷങ്ങളും മഹത്വവും ആരും കൂടാത്തതുമായ ദൈവകരുണകളിൽനിന്ന ഒഴുകി വരുന്നതു. ദൈവം കടക്കാരനായിട്ടില്ല കരുണയെ കൊടുക്കുന്നതു, ഞാൻ അതിന്ന പകരം കൊടുക്കേണ്ടെതിന്ന എന്നെ മുമ്പിട്ടവൻ ആർ, ആകാശത്തിൻ കീഴെ എല്ലാടവും എനിക്കുള്ളതാകുന്നു എന്ന അവന്റെ വാക്കു. യോബ്. ൪൧, ൧൧. അവന്റെ മുമ്പാകെ സൃഷ്ടികളൊക്കയും എത്രയും ഹീനമുള്ളവ തന്നെ, അവയിൽ ഒന്നിനെക്കൊണ്ടും അവന്ന ഒരു ആവശ്യവും ഇല്ല. അവൻ എല്ലാസമ്പത്തിന്റെ ഉറവാകുന്നു. എങ്കിലും സൃഷ്ടികൾക്ക അവനെ

കൊണ്ടു സ്തുത്യം ആയത്രെ ഉണ്ടു ദൈവം മാത്രം നല്ലവൻ. ഉത്ഥാ
നശക്തികളുള്ളവനാകുന്നു. സൃഷ്ടികൾക്കു വല്ല നന്മ ഉണ്ടെങ്കി
ൽ അവരിൽ നിന്നു ഇല്ലായത്രെ ആയതും അവന്റെ ശക്തികളുള്ള
വചനം കൊണ്ടു സൃഷ്ടികളുടെ വശിയാകുന്നില്ല പിന്നെ നമ്മുടെ
നന്മ ഉള്ളവരെ ഞങ്ങളെ വഴി ഇല്ല സ്പഷ്ടം. ദൈവം മാത്രം കാ
രുണ്യവാനും ഉറപ്പുള്ളവനും വിശ്വാസമുള്ളവനും ആ
ദിമുതൽ കാലങ്ങളിൽ ഒരു മാറ്റം പോലെയും ഇല്ലാത്തവനും
ആകുന്നു, അവന്റെ സംവത്സരങ്ങൾക്കു ഒരു അവസാനമില്ല;
മനുഷ്യരെ മൃത്യു മൂലം കാണുന്നത്രെ. ആകയാൽ അവന്റെ
കരുണെക്കു കാത്തിരിക്കുന്നത്ര അവർക്കു ഭാഗ്യം. ഇന്നു ദിവ
സത്തിലും നാം അവന്റെ കരുണയെ ധ്യാനിക്ക, മഹാ
രാജാവെ കൂട, യഹോവയെ ഞാൻ സ്തുതിക്കുന്നു നി
ന്റെ ആർദ്ര കരുണകൾ എനിക്ക വലിയതാകുന്നു, നിന്റെ ഭ
ക്തിയും അല്ലൊ എന്റെ സന്തോഷം ആകുന്നു, ഞാൻ സ
ങ്കീ. ൧൧. എന്ന മനഃപൂർവ്വമായി അപേക്ഷിക്ക.

൩൦

൨ കൊറി. ൬. ൨. ഇതാ സുപ്രസാദ കാലം, ഇതാ ഇന്ന ര
ക്ഷാദിവസം.

മശിഹാപ്രവാചകന്റെ വാക്കാൽ പിതാവിനോടു ഇഷ്ട
മുള്ള കാലത്ത എന്റെ പ്രാർത്ഥനയെ നിന്നോട ആകുന്നു, നി
ന്റെ കരുണയുടെ ബഹുത്വത്താലും നിന്റെ രക്ഷയുടെ സത്യത്താ
ലും എന്നെ കേൾക്കേണമെ എന്ന അപേക്ഷിച്ചു. സ
ങ്കീ. ൬൯. ൧൩. അതിന്നു പിതാവു പ്രവാചകൻ മുഖാന്തരം ഇ
ഷ്ടമുള്ള കാലത്ത ഞാൻ നിന്നെ കേട്ടുകൊണ്ടു രക്ഷയുടെ നാ
ളിൽ ഞാൻ നിനക്ക സഹായിച്ചു ഭൂമിയെ സ്ഥിരപ്പെടുത്തു
വാനും ശൂന്യമായുള്ള അവകാശങ്ങളെ അനുഭവിപ്പിപ്പാനും ഞാ
ൻ നിന്നെ കാത്തു ജനത്തിന്റെ ഉടമ്പടിയാക്കി നല്കും എ
ന്ന ഉത്തരം പറഞ്ഞു. യശാ. ൪൯. ൮. പൌൽ കൊരിന്ത്യരൊടു

ഈ വാക്കുകളെ ഒൎമ്മ വരുത്തീട്ടു, ഇതാ സുപ്രസാദ കാലം ഇതാ
ഇന്നു രക്ഷാദിവസം എന്നെഴുതി. ദൈവപുത്രൻ താഴ്മയൊ
ടുകൂട പിതാവിനൊടു അപെക്ഷിച്ചു ഉത്തരം ലഭിച്ചു സമയം
പ്രസാദകാലം ആകിരുന്നു, അന്നു പിതാവിന്റെ നല്ല ഇഷ്ടം
പുത്രനിൽ ആവസിച്ചു രണ്ടുവട്ടം അവൻ അതിനെ ഉരചെയ്തു:
ഇവൻ എന്റെ പ്രിയപുത്രനാകുന്നു ഇവനിൽ എനിക്കു ന
ല്ല ഇഷ്ടം ഉണ്ടു എന്നു സാക്ഷ്യം കൊടുക്കയും ചെയ്തു. അ
തുനിമിത്തം ദൈവത്തിന്റെ നല്ല ഇഷ്ടം മനുഷ്യരിലും വ
ന്നു വന്നു അവൻ ജനിക്കുമ്പൊൾ അല്ലൊ, ദൈവദൂതന്മാർ അ
ത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വവും ഭൂമിയിൽ സ
മാധാനവും മനുഷ്യരിൽ നല്ല ഇഷ്ടവും ഉണ്ടാകിയതെന്ന
യെ എന്നു പാടി സ്തുതിച്ചു. ഈ ഇഷ്ടകാലം ഇന്നെയോളം
നീണ്ടുവന്നു. പുതിയ നിയമകാലം എല്ലാം കരുണയെല
ഭിപ്പാനുള്ള ഇഷ്ടകാലം തന്നെ. അതു രക്ഷയുടെനാ
ളും ആകുന്നു. ശത്രുക്കളിൽ നിന്നും യെശുവിനെ പിതാവു
രക്ഷിച്ചു തന്റെ വലഭാഗത്തു നിൎത്തിയപ്പൊൾ തന്നെ അ
വന്റെ രക്ഷയുടെ ദിവസം ആകിരുന്നു. യെശു നമുക്ക ര
ക്ഷയാകി തീൎന്നുവല്ലൊ, അവന്റെ നാമം അതിന്നു സാ
ക്ഷി. അവനൂലമല്ലൊ രക്ഷാകരമായ കരുണ വിശ്വാസി
കൾ്ക്കു പ്രകാശിതമാകി വരുന്നുവല്ലൊ, ലോകാവസാനത്തൊ
ളം ഉള്ള കാലം എല്ലാം രക്ഷാദിവസം തന്നെ.

പൌൽ പുതിയനിയമകാലം ഇഷ്ടകാലവും രക്ഷാ
നാളും എന്നു വിളിച്ചത് എന്തിന്നു, മറ്റൊരു സ്ഥലത്തു
അവൻ നാളുകൾ ദൊഷമുള്ളവയാകുന്നു എന്നു എഴുതി
യല്ലൊ. എഫെ. ൫, ൧൬. പിന്നെ അവസാനകാലം പ്ര
ത്യെകം കഷ്ടകാലമായി വരും എന്നു പല സ്ഥലങ്ങളിൽ
കാണുന്നുവല്ലൊ. ൨ തിമൊ. ൩, ൧. വെളി. ൧൨, ൧൨. മറ്റും നൊ
ക്കുക. ഈ വാക്കുകളിൽ വിപരീതം ഒന്നുമില്ല, പുറമെയുള്ള

മന്നുവരുന്ന പുതിയനിയമ കാലം കഷ്ട കാലം നിശ്ചയം. അ
ക്രൂരയുദ്ധങ്ങളാ ഇഷ്ട കാലവും രക്ഷാ നാളും അത്രെ. അ
വിശ്വാസികളിൽ ചിലർ ഒരൊന്ന വധികകൊണ്ടും നി
ൎമ്മാമാരും ഒരൊ പരീക്ഷകളെ അനുഭവിക്കേണ്ടിവരിക
കൊണ്ടും അത കഷ്ട കാലം തന്നെ എങ്കിലും ദൈവം വിശ്വാ
സികളെ ഒരൊ സങ്കടങ്ങളിൽനിന്ന രക്ഷിക്കകൊണ്ടും
പരീക്ഷകളിൽ ജയിച്ചു നില്പാൻ ശക്തിയെ അയക്ക
ല്ക്കകൊണ്ടും അത ഇഷ്ടാ കാലവും രക്ഷാ നാളും ആകു
ന്നു. സങ്കടം കൂടാതെ രക്ഷയുമില്ല, രണ്ടും തമ്മിൽ നല്ലവ
ണ്ണം ചെരുന്നു. ഈ സമയത്തെ നാം എങ്ങിനെ ചെലവാ
ക്കെണം, പ്രത്യെകം പ്രാൎത്ഥനയിൽ തന്നെ; യെശുവും അ
ങ്ങിനെ ചെയ്തുവല്ലൊ, അവനാൽ സ്വൎഗ്ഗം തുറന്ന ദൈവത്തി
ന്റെ അടുക്കൽ പൊകെണ്ടതിന്ന വഴിഉണ്ടാകകൊണ്ടു ദൈ
വത്തിന്ന നിത്യം സ്തൊത്രം ഉണ്ടായ്വരാക.

൩൧

൧ കൊരി. ൧൫, ൫൫. ൫൬. ഹെ മരണമെ, നിൻ
വിഷമുള്ളു എവിടെ, പാതാളമെ നിൻ ജയം എവി
ടെ, മരണത്തിൻ മുള്ള പാപം തന്നെ, പാപത്തിൻ ശ
ക്തിയൊ ധൎമ്മം അത്രെ.

പ്രവൃത്തി, വിചാരം, അറിവു, ജ്ഞാനം ഇത്യാദി ഇല്ലാ
ത്ത സ്ഥലം പാതാളം തന്നെ. പ്രസം. ൯, ൧൦. അജ്ഞ
ാനത്ത ലൊകത്തിൽ ഇരിക്കുന്ന. പാതാളദ്വാരങ്ങൾ
ക്രിസ്തസഭക്ക പ്രതികൂലമാകയില്ല. മത്താ. ൧൬, ൧൮.
സ്വൎഗ്ഗം മീത്തെയും പാതാളം താഴെയും ഇരിക്കുന്നു. മത്താ.
൧൧, ൨൩. പഴയനിയമത്തിലെ നീതിമാന്മാർ സങ്കടങ്ങ
ളിൽ അകപ്പെട്ടു പിന്നെയും സന്തൊഷിപ്പാൻ സംഗതിയു
ണ്ടായൊരും അവർ പാതാളത്തിൽ കിടന്നു, അതിൽനിന്ന
പിന്നെയും കരെറിവന്ന പ്രകാരം പറഞ്ഞു. ൧ ശമു. ൨, ൬.

സങ്കീ. ൧൫, ൧൦. മത്താ. ൧൪. എന്നാൽ ൧൬. ൧൭, ൧൮. മരണത്തി
ന്റെ ശെഷം ദെഹത്തിൻ ആത്മാവും പാതാളത്തിൽ ഇ
രിക്കപ്പൊകിം. അത് വളരെ വിസ്താരമുള്ള സ്ഥലം ആകുന്നു.
അതിൽ ഭയങ്കരമുള്ള അംശത്തിന്നു കീഴെ പാതാളം എന്ന
പെർ. ലൂക്കാ. ൧൬, ൨൨. ധനവാന്റെ ആത്മാവു പാതാളത്തി
ൽ അഗ്നിജ്വാലയുടെ ബാധ അനുഭവിക്കെണ്ടിവന്നു. മ
ത്താ, ൧൩. ൪൨. അതിന്നു കുഴി. യശ. ൧൪, ൧൫. എന്നും കാ
രാഗ്രഹം എന്നും ൧ പെ. ൩, ൧൯. പെരുകൾ ഉണ്ടു. പാതാ
ളം സകലവും തുഷ്ടിവരുത്തുവെണ്ണം വിഴുങ്ങി കളഞ്ഞു. സുഭാ.
൩൦, ൧൬. ചടവുകാരുടെ ആത്മാക്കൾ പിന്നെയും ശരീര
ങ്ങളിലെക്ക് മടങ്ങി പൊയ്യാൻ സമ്മതിക്കാതെ ഇരിക്കുന്നു.
യൊബ്. ൭, ൯. അത് അതിന്റെ ശയം ആകുന്നു. അവസാ
നനാളിൽ പാതാളം മരിച്ചവരെ പുറപ്പെടീക്കെണ്ടിവന്നിട്ടു
അഗ്നി തടാകത്തിലെക്ക് തള്ളപ്പെട്ടും ജീവപുസ്തകത്തിൽ പെ
രുകൾ എഴുതി കാണാത്ത ചടവുകാരും അഗ്നിചൂളക്കിൽ വീ
ഴും. വെളി. ൨൦, ൧൪. ൧൫. അതു തന്നെ നരകം.

പാതാളത്തിൽ വീണാൽ മരണത്തിന്റെ മുള്ളുകൊ
ണ്ടു മുറിവെല്ക്കും. നീതിമാന്മാരുടെ ആത്മാക്കൾ പാതാളത്തി
ൽ വീഴുന്നില്ല, എങ്കിലും ശരീരങ്ങൾ അങ്ങിനെ തന്നെ മുറിയുകൊ
ണ്ടു. ആ മുള്ളു പാപം തന്നെ, പാപത്തിന്റെ ശക്തി ധർമ്മം അ
ത്രെ. ധർമ്മം കൂടാതെ പാപം കണക്കിടപ്പെട്ടുന്നില്ല എന്നു മ
പൗൽ പറയുന്നു. രൊമ. ൫, ൧൩. ജീവനു മരണവും സ്വ
ർഗ്ഗത്തിന്നു പാതാളവും പ്രതികൂലമായിരിക്കുന്നു. നീതിമാന്മാ
രുടെ ഉയിർപ്പിങ്കൽ മരണം ജയത്തിൽ വിഴുങ്ങപ്പെട്ടു എ
വാക്കിന്നു നിവൃത്തി ഉണ്ടാകും എന്നു പൌൽ പറഞ്ഞു അന്നു
തന്നെ നീതിമാന്മാരുടെ ശരീരങ്ങൾക്കും ഒരു ബലഹീനതയില്ലാ
ത ജീവൻ അവകാശമായി വരും. മരണമെ, നിന്റെ വിഷമുള്ളു
എവിടെ, നീതിമാന്മാർക്കും മരണഹെതുവായ പാപം എവിടെ

അത്രെ മുഴുവനും മാച്ചു കളഞ്ഞു നീങ്ങിപ്പോയി. പാതാളമെന്നി
വെൻറ ജയം എവിടെ, നീതിമാന്മാർ മരണത്തിൽനിന്നു നിത്യ
ജീവനിലെക്ക് കടന്നിരിക്കകൊണ്ടു പാതാളത്തിന്നു ജയം ഉണ്ടാ
കില്ല. നമ്മുടെ കർത്താവായ യെശുക്രിസ്തനെകൊണ്ടു നമുക്കു ജയം
നല്കുന്ന ദൈവത്തിന്നു സ്തൊത്രം എന്നു പൌൽ ചെത്തു പറയുന്നു. നാം
നീതിമാരായി തീരൻ എങ്കിലെ ഈ ജയഘൊഷത്തിൽ ചെ
ന്നു പാടെണ്ടുന്നതിന്നു ന്യായം ഉണ്ടു. അതുകൊണ്ടു നാം ഈ ദിവസ
ത്തിലും യെശുവിൻറെ നീതിക്കായി ഒട്ടുക. അവൻറ ശരീരത്തി
ലെ സത്യ അവയവങ്ങളായി തീരെണ്ടതിന്നു വിശ്വാസസ്നെ
ഹാദികളിൽ ഉറച്ചുനിന്നു കർത്താവിനെ മുഴുമനസ്സുകൊണ്ടു
സെവിച്ചു പൊരുക.

൩൧ —

ഗലാ. ൨, ൨൦. എന്നെ സ്നെഹിച്ചു എനിക്കുവെണ്ടി
തന്നെത്താൻ ഏല്പിച്ചുതന്ന ദൈവപുത്രങ്കലെ വിശ്വാ
സത്തിൽ ഞാൻ ജീവിക്കുന്നു.

ഞാൻ ദൈവത്തിന്നായി ജീവിക്കുന്നു എന്നു പറഞ്ഞെ ഉട
നെ ഞാൻ ദൈവപുത്രങ്കലെ വിശ്വാസത്തിൽ ജീവിക്കുന്നു എ
ന്നു പൌൽ ചൊല്ലിയതിനാൽ, ദൈവത്തിന്നു ജീവിപ്പാൻ മ
നസ്സുള്ളവൻ ദെവപുത്രനിലെ വിശ്വാസത്തിൽ ജീവിക്കെണ
മെന്നും ഈ വിശ്വാസത്തിൽ ജീവിക്കുന്നവനത്രെ ദൈവത്തി
ന്നു ജീവിക്കുന്നു എന്നും ദെവപുത്രങ്കലെ വിശ്വാസത്തിൽ
അത്രെ പാപമുള്ള മനുഷ്യന്നു ദൈവത്തിൻറ സന്നിധി
യിൽ ചെല്ലുവാൻ ന്യായം ഉണ്ടെന്നും ബൊധിക്കെണ്ടതാകു
ന്നു. ഈ വിശ്വാസം ആദിയിൽ ഹീനവും ചഞ്ചലവുമുള്ള
താകുന്നു എങ്കിലും നീതിക്കായി എണ്ണപ്പെടുന്നു, മങ്ങികത്തു
ന്ന തിരിയെ ദൈവം കെടുക്കുന്നില്ല നിശ്ചയം. വിശ്വാസവളൎ
ച്ചെക്കായി ക്ഷമയൊടെ കാത്തിരിക്കുന്നു. പൌലിൻറെ
വിശ്വാസം ശക്തിയുള്ളതായി തൻറെ സകല നടപ്പിൽ പ്ര

കാശിച്ചിരുന്നു. അവൻ ഹൃദയത്തിൽ ജീവിച്ചിരുന്നതു ദെ
വപുത്രനിലെ വിശ്വാസത്താൽ ജീവിച്ചിരുന്നു. വിശ്വാസമുള്ള
പൌൽ ദെവപുത്രനെ എന്തിന്നെ വിശാരിച്ചു എന്ന ചൊദ്യ
ത്തിന്നു, അവൻ എന്നെ സ്നെഹിച്ചു എന്നു താൻ ഉത്തരം പറ
ഞ്ഞു. ദെവപുത്രൻ പൌലിനെ എപ്പൊൾ സ്നെഹിച്ചു, സ്വൎഗ്ഗ
ത്തിൽനിന്ന അവനെ വിളിച്ചു അവന്റെ പാപങ്ങളെ ക്ഷമി
ച്ചു കണ്ണുകളെ തുറന്ന പരിശുദ്ധാത്മാവിനെ തന്ന സമയംമാ
ത്രമൊ, അന്നയെത്രെ പൌലിനെ സ്നെഹിച്ചു നിശ്ചയം. പൌ
ൽ കരുണ കിട്ടിയതിന്റെ ശെഷം യെശുവിനെയും സ്നെ
ഹിച്ചു എങ്കിലും യെശുവിന്റെ സ്നെഹം അന്നു അല്ല തുട
ങ്ങിയതു, പൌൽ അവനെ അറിയാത്ത സമയവും അവൻ
അവനെ സ്നെഹിച്ചു. അവൻ അളവില്ലാത്ത സ്നെഹം മൂ
ലം തന്നെത്താൻ നാമെല്ലാവൎക്കും വെണ്ടി എല്പിച്ചുകൊ
ടുത്ത സമയം പൌലിനെയും നമ്മെയും സ്നെഹിച്ചു, സ്നെഹി
തന്മാൎക്കവെണ്ടി ജീവനെ വെച്ചുകളഞ്ഞതിൽ അധികം ആ
രും സ്നെഹിക്കുന്നില്ലല്ലൊ. നാം പാപികളായിരുന്നപ്പൊ
ൾ ക്രിസ്തൻ നമുക്കവെണ്ടി മരിച്ചതിനാൽ ദൈവം തന്റെ
സ്നെഹം നമ്മിൽ പ്രകാശിപ്പിച്ചു. ഇതു പൌൽ വിശ്വസി
ച്ചു, ഈ വിശ്വാസം അവന്റെ ഹൃദയത്തിൽ നിറഞ്ഞു, അങ്ങി
നെ തന്നെ അവൻ ദെവപുത്രനിലെ വിശ്വാസത്താൽ ജീ
വിച്ചിരുന്നത്.

വിശ്വാസംകൂടാതെ പുതിയ ജീവനെ കിട്ടെണ്ടതിന്നും
യെശുവിൻ ജീവനെകൂടാതെ വിശ്വാസത്തെ പ്രാപി
ക്കെണ്ടതിന്നും വിചാരിച്ചു പ്രയാസപ്പെടുന്നവർ അനെക
ർ ഉണ്ടു. അവർ സ്വന്തപ്രയത്നംകൊണ്ടു നിത്യജീവനെ
സമ്പാദിക്കെണ്ടതിന്ന നൊക്കുന്നു, അല്ലെങ്കിൽ കൎമ്മങ്ങ
ളെ രക്ഷിച്ചു നിത്യജീവനെ ലഭിക്കെണ്ടതിന്ന തങ്ങ
ൾക്കു ശക്തി ഉണ്ടെന്ന പറഞ്ഞിട്ടും അനെകൊന്നികളായി നട

ക്കുന്നു; ഇരുവകക്കാർ തങ്ങളെ ചതിക്കുന്നു പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ യേശുവിന്റെ ജീവൻ വിശ്വാസം മൂലം നമ്മിൽ പ്രകാശിക്കുന്നില്ലെങ്കിൽ നാം എങ്ങിനെ അവനിൽ ജീവിപ്പാൻ കഴിയും; തങ്ങൾക്കായി ജീവിക്കുന്നവരുടെ വിശ്വാസം വ്യർത്ഥം, അവരുടെ ദുരാശയൊ ചതി അത്രെ എന്നു നിശ്ചയമായി അറിയാം.

൩൮

൨ തെസ്സ. ൩, ൩. കർത്താവു വിശ്വാസ്യൻ, അവൻ നിങ്ങളെ സ്ഥിരീകരിച്ചു ദുഷ്ടനിൽനിന്നു കാത്തുകൊള്ളും.

വിശ്വാസികൾ എല്ലാവരും വീരന്മാർ ആകുന്ന പ്രകാരം കാണുന്നില്ല. എങ്കിലും ബലക്ഷയമുള്ള വിശ്വാസി ലൌകവിദ്യാകൌശലങ്ങൾ നിറഞ്ഞ പ്രാകൃതനിൽ ഉത്തമൻ തന്നെ. ഇരുവരിലെ വ്യത്യാസം വെളിച്ചവും അന്ധകാരവും, ജീവനും മരണവും, ദൈവസ്നേഹിതനും ദൈവത്യാജ്ഞനും തമ്മിൽ അകന്നിരിക്കുന്നതു പോലെ ആകുന്നു. എന്നിട്ടും നിത്യം ബലക്ഷയമുള്ളവനായിരിക്കുന്നതു ശരിയല്ല, ഒരൊരുത്തരുടെ ജീവകാലത്തിൽ പലവിധ പരീക്ഷകളും നടത്തെണ്ടുന്ന ക്രിയകളും അനുഭവമായി വരുന്നു. അതിന്നു ആത്മശക്തി വെണമല്ലൊ; തനിക്ക് സ്വതത്തിൽ നിന്നു തരപ്പെട്ടിരുന്നാൽ മനുഷ്യനു ഒന്നും കൈക്കൊൾവാൻ കഴിയായ്കകൊണ്ടു, പൌൽ തെസ്സലനിക്യരൊടു കർത്താവു വിശ്വസ്തൻ, അവൻ നിങ്ങളെ സ്ഥിരീകരിക്കും എന്നു എഴുതിയതു മറ്റു അനെക സ്ഥലങ്ങളിൽ ദൈവവചനം ഇതിന്നു സാക്ഷിയായി നില്ക്കുന്നു. പൌൽ തെസ്സലനിക്യക്കു ദൈവത്തിന്റെ വിശ്വാസ്യതയെ ഒർവരുത്തി സ്ഥിരതയും സത്യതയുമായിരിക്കുന്ന കരുണയിൽ ആശ്രയിക്കെണ്ടതിന്നു അവരെ ഉത്സാഹിപ്പിക്കുന്നു. ഒരു വൈദ്യൻ ദീനക്കാരനു പാ

തിസൌഖ്യം വരുത്തി വിട്ടുപൊയാൽ വിശ്വസ്തൻ അല്ലല്ലൊ, വഴി കാണിക്കുന്നവൻ വൻമദ്ധ്യത്തിൽ വഴിപൊക്കരെ വിട്ടുമെങ്കിൽ വിശ്വസ്തനൊ, നമ്മുടെ ദൈവവും രക്ഷിതാവും ഇസ്രയെലിൻ വിശുദ്ധനും അപ്രകാരമുള്ളവനല്ല; പൂർണ്ണസൌഖ്യം വരുവൊളം അവൻ തന്റെ ആത്മാക്കളെ നൊക്കയും നിത്യ വരുവൊളം അവർക്കു തന്റെ ജീവനെ നല്കുകയും ഒട്ടും തികഞ്ഞ സ്വാസ്ഥ്യത്തിൽ പ്രവെശിക്കുവൊളം അവൻ നടക്കെണ്ടുന്ന വഴിയെ കാണിച്ചു അവരെ പരിപാലിക്കയും കുട്ടികൾക്കു ഏകുന്ന സമം പാലും വളൎന്നവൎക്കു ശെഷം ശക്തിയുള്ള ആഹാരവും നല്കി നല്ല ഇടയനായി ആടുകളെ കൊണ്ടു കുഞ്ഞാടുകളെ ചെൎത്തു മാറിൽ ചുമന്നു ഗർഭമുള്ളവയെ പതുക്കെ നടത്തുകയും ചെയ്യുന്നവനല്ലൊ. ദൈവം വിശ്വസ്തൻ അവൻ ആരെയും പരീക്ഷിക്കാതെ അവനിൽ ആശ്രയിക്കുന്നവൎക്കു പരീക്ഷകളിൽ ജയിച്ചു നില്പാൻ സഹായിക്കുന്നു. അവന്റെ നുകം ലഘുവായും ചുമടു ഭാരമില്ലാത്തതായും ഇരിക്കുന്നു. അവൻ വിശ്വാസികളെ കരുണയൊടും നീതിയുള്ള വഴിയിൽ നടത്തി ദുഷ്ടനിൽനിന്നു രക്ഷിക്കയും ശക്തിയുള്ള രാജാവായി പരിപാലിച്ചു പിശാചിനെ അവരുടെ കാല്ക്കീഴിൽ ചതച്ചുകളകയും ചെയ്തുകൊണ്ടിരിക്കുന്നവനല്ലൊ. പ്രിയ വിശ്വാസികൾക്ക് [illegible] ക്രിസ്തുവിൽ വളരുക, അവസാനത്തൊളം വിശ്വസ്തനായിരിക്കുമതലായത് കഴിയാത്ത കാൎയ്യം എന്നു വിചാരിപ്പാൻ സംഗതി ഉണ്ടൊ, ഹൃദയം കൊണ്ടു ചെൎത്തു വെച്ചിട്ടു ദൈവകരുണയിൽ ആശ്രയിച്ചു പിന്നൊക്കം ചാരി ഉണൎച്ച, പ്രാൎത്ഥനകളിൽ ആലസ്യം കൂടാതെ [illegible] ശക്തികളിൽ ആശ്രയിക്കുന്നവർ വിശ്വാസത്തിൽ സ്ഥിരമായിരിക്കുന്നതിനെയും ആത്മാവിൽ വീഴാതെയും ഇരിക്കുന്നു [illegible] ആത്മാവിന്റെ [illegible] ത്തും മെന്നു.

൩൪

൨ പേ. ൨. ൯. കൎത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു ഉദ്ധരിപ്പാൻ അറിയുന്നു.

കൎത്താവായ യേശു മനുഷ്യനായി ഭൂമിയിൽ നടന്ന സമയം പല പരീക്ഷകളെ സഹിക്കേണ്ടി വന്നു. എങ്കിലും പാപമില്ലാത്തവൻ ആയതിനാൽ സ്വാന്തമോഹങ്ങൾ അവനെ ആകൎഷിച്ചു വശീകരിക്കാതെ പരീക്ഷകളെല്ലാം പുറത്തുനിന്നു നേരിട്ടു വരുമ്പോഴും അവൻ ഒരു കുറവും ആകയും ഇല്ലാത്ത കുഞ്ഞാടായി പോർ ചെയ്തു ജയം കൊള്ളുകയും ചെയ്തു. ഒരു മനുഷ്യൻ ശുദ്ധനാകും അളവിൽ പാപത്തെ പകച്ചു വിശ്വാസ്ഥനും ശക്തനുമായി പരീക്ഷകളെ പരിഭവിക്കുന്നു. പരീക്ഷകൾ അവന്നു ഒരോ സങ്കടങ്ങളെ വരുത്തുന്നു എങ്കിലും ഭയം കൂടാതെ അവൻ അവറ്റെ തിക്കിരിലുന്നു. പൌൽ പരീക്ഷയിൽ അകപ്പെട്ട ശിഷ്യന്മാരെ ജാഗരണത്തോടെ ഇരിപ്പിൻ, വിശ്വാസത്തിൽ സ്ഥിരമായിരിപ്പിൻ, പുരുഷന്മാരായി നടപ്പിൻ, ശക്തന്മാരായിരിപ്പിൻ എന്നു ധൈൎയ്യത്തോടെ ഉത്സാഹിപ്പിക്കുന്നു. ൧ കൊരി. ൧൬, ൧൩. കൎത്താവും, വെളി. ൨, ൧൦. അവരെ ഏഴു വാഗ്ദത്തങ്ങളെ കൊണ്ടു ജയത്തിന്നായി ഉദ്യോഗിപ്പിച്ചത്. സകല പരീക്ഷകളിൽനിന്നു ഒരു നഷ്ടം വരാതെ ഉദ്ധാരണം പ്രാപിക്കുന്നതു ഉചിതം തന്നെ. അവരെ ഉദ്ധരിപ്പാൻ പ്രാപ്തിയുള്ളവൻ ആർ, എന്ന ചോദ്യത്തിന്നു പേത്രൻ കൎത്താവു ഭക്തന്മാരെ പരീക്ഷയിൽനിന്നു ഉദ്ധരിപ്പാൻ അറിയുന്നു എന്നു പറയുന്നു. അവൻ അതിന്നു തക്ക വഴികളെയും സമയങ്ങളെയും അറിയുന്നു. ഇപ്രകാരം ദാവീദ് രാജാവിനെ എല്ലാ ശത്രുക്കളിൽനിന്നും പ്രത്യേകം ശൌലിന്റെ കയ്യിൽനിന്നും ഉദ്ധരിച്ചു. സങ്കീ. ൧൮. ഇങ്ങിനെ അവൻ ഈ ജീവകാലത്തിൽ തനിക്കുള്ളവരെ അനേക പരീക്ഷകളിൽ

നിന്ന വിടുവിക്കുന്നു. എന്നിട്ടും പരിക്ഷകളെല്ലാം ഇഹത്തിൽ തന്നെ തീൎന്നുപോകും എന്ന വിചാരിക്കരുതു, പരത്തിൽ വസിക്കുന്ന വിശുദ്ധന്മാരുടെ ആത്മാക്കൾ മാത്രം പരിക്ഷ ഇല്ലാതവരാം ആകുന്നു; അവിടെ മാത്രം വിശ്രമസ്ഥാനം ഉണ്ടു. പാപത്തിൽ അകപ്പെട്ട മനുഷ്യൎക്ക എല്ലാം പരിക്ഷകളായി തീരുന്നു. അവർ പറദീസയിൽ ഇരുന്നാലും അതിന്റെ പുറത്തൂരത്തിൽ പാൎത്താലും പാപത്തിന്റെ ദോഷമായാൽ നിന്ന കൊണ്ടു പരിക്ഷകളുടെ നടുവിൽ തന്നെ ഇരിക്കുന്നു. അങ്ങിനെ ദൈവത്തിന്നു ഇഷ്ടം തോന്നി പരിക്ഷ കൂടാതെ എങ്ങിനെ വിശ്വാസ്യതയെ കാട്ടും. ആയതകൊണ്ടു അവർ വിശ്വസ്തന്മാർ തന്നെ എന്ന കാണിക്കേണ്ടതിന്ന ദൈവം അവരെ പരിക്ഷിപ്പാൻ വിശേഷിച്ച സമ്മതിച്ചു ജയിച്ചു നില്പാൻ പ്രാപ്തിയും കൊടുക്കും. ആ പരിക്ഷയിൽ അവർ തോറ്റു പോയി എങ്കിലും. ആ പരിക്ഷയുടെ ഫലങ്ങളിൽ നിന്ന അവരെ ഉദ്ധരിപ്പാൻ ഒരു രക്ഷിതാവു വന്നതിന്റെ ശേഷം അവരിലെ വിശ്വാസസ്നേഹങ്ങളും സ്ഥിരമായിരിക്കുന്നു എന്ന കാണിക്കേണ്ടതിന്ന പരിക്ഷകൾ ഈ നാളോളം അവരിൽ നീങ്ങാതെ ഇരിക്കുന്നു. പിന്നെ ദൈവത്തെ സ്നേഹിക്കുന്നവർ മുന്നിൎണ്ണയത്താൽ വിളിക്കപ്പെട്ടവർ. ആകയാൽ സകലവും പരിക്ഷകളും കൂടി നന്മെക്കായി സഹായിക്കുന്നു. രോമ. ൮, ൨൮. എന്നു അറിയുന്നുവല്ലൊ.

൩൯

രോമ. ൭, ൬. വെള്ളം പോലെ നാം പ്രവഹിച്ചിരിക്കുന്നതു, ഇന്നതു എന്നറിയാ; ആത്മാവ്യയത്രെ ഉള്ളതിയാത്ത ധനങ്ങളെ കൊണ്ടു നമ്മുടെ പാപം ഏറ്റുന്നു താനും.

വെള്ളം പോലെ പ്രവഹിക്ക എന്നുള്ളത, ചിലർ

വിചാരിക്കുന്നതു പൊലെ അല്പകാൎയ്യം അല്ല, ഒരുമാ
തിരി പ്രാൎത്ഥനയെ ചമെച്ചു ദൈവത്തൊടു പറയുന്നതു
വിഷമം അല്ല നിശ്ചയം. എങ്കിലും പലപ്പൊഴും വെണ്ടും
പൊലെ പ്രാൎത്ഥിക്കെണ്ടതിന്നു പരിശുദ്ധാത്മാവി
ന്റെ നിയൊഗം അത്യാവശ്യം തന്നെ. വിശ്വാസ,സ്നെഹ,
ആശകളിൽ നിന്നല്ലൊ പ്രാൎത്ഥന വരെണ്ടു, ഈ വരങ്ങ
ളെ മനുഷ്യന്നു കൊടുപ്പാൻ പ്രാപ്തിയുള്ളവൻ ആർ, പ്രാ
ൎത്ഥനകളിൽ ദൈവത്തിന്നു ഇഷ്ടനാകി തീരെണ്ടതിന്നു അ
വന്നു തക്ക മനസ്സു കൊടുക്കുന്നവൻ ആർ, പരിശുദ്ധാ
ത്മാവ് അല്ലയൊ. പാപനിദ്രയിൽ നിന്നു ഉണൎന്നു എഴു
നില്ക്കുന്നവന്നു ആത്മാവു തുണയാകി വന്നു വെണ്ടുംപൊലെ
പ്രാൎത്ഥിപ്പാൻ പഠിപ്പിച്ചു കൊടുക്കുന്നു. നിറികരണം മൂലം
ഹൃദയത്തിൽ പകൎന്നു വന്നിട്ടു പരിശുദ്ധാത്മാവു തന്നെ ദൈ
വത്തിന്നു ഇഷ്ടമുള്ള പ്രാൎത്ഥനകളുടെ ഉറവു. അതുകൊ
ണ്ടു പുത്രനാകി ജനിച്ചവർ സാധു ബലഹീനതകളെ ഏ
റ്റു പറയുന്നതു അത്യാവശ്യം തന്നെ. വെണ്ടുംപൊലെ പ്രാ
ൎത്ഥിക്കെണ്ടത് ഇന്നതെന്നു നാം അറിയുന്നില്ല. ഇങ്ങിനെ
പൌലും ഏറ്റു പറഞ്ഞുവല്ലൊ. പ്രാൎത്ഥനയിലും ബല
ഹീനതെക്ക് തുണനില്ക്കുന്ന ആത്മാവിൽ മുറ്റും ആശ്രയി
ക്കുന്നതു തന്നെ നല്ലു. ആത്മാവു പ്രാൎത്ഥിക്കുന്നവന്റെ സ്ഥാ
നത്തിൽ നിന്നു അവനിൽ നിന്നു അപെക്ഷകളെ ഉച്ചരിക്കു
ന്നു. പ്രാൎത്ഥിക്കുന്നവന്റെ ബുദ്ധിയും ഇഷ്ടവും സ്വാധി
നമാക്കി അവന്റെ പ്രാൎത്ഥനകളെ ആവശ്യത്തിന്നു ത
ക്കതാക്കുകയും ചെയ്യുന്നു. എന്നിട്ടും പലപ്പൊഴും ഞെ
രിക്കവും അറിയായ്കയും ഹെതുവാകി വെണ്ടും പൊലെ പ്രാ
ൎത്ഥിക്കെണ്ടതിന്നു വാക്ക് എത്താഞ്ഞു കൊണ്ടു ആത്മാവു
ഉച്ചരിയാത്ത ഞരക്കങ്ങളെ കൊണ്ടു നമ്മുടെ പക്ഷം എ
ടുക്കുന്നു. നാം ദിവസെന പ്രാൎത്ഥിപ്പാറായെ, നിന്റെ

നാമം പരിശുദ്ധമാക്കപ്പെടേണമെ, നിന്റെ രാജ്യം വരണമെ, നിന്റെ ഇഷ്ടം ചെയ്യപ്പെടേണമെ എന്നും മറ്റും പ്രാൎത്ഥിക്കുന്നു; ഈ അപെക്ഷകളുടെ അൎത്ഥവും അല്പം അറികയും ചെയ്യുന്നു എങ്കിലും ദൈവനാമവും അതിന്റെ ശുദ്ധീകരണവും ദൈവരാജ്യവും അതിന്റെ ഭാവി മഹത്വവും ദൈവെഷ്ടവും അതിന്റെ നിവൃത്തിയും സൂക്ഷ്മമായി എന്തെന്നു ആൎക്ക് അറിയാം. ഇങ്ങിനെ ഈ അപെക്ഷകളിൽ ആത്മാവിന്റെ ഭാവം വാക്കുകളിൽ പരം ആകുന്നു. ഉച്ചാരണം ഉണ്ടെങ്കിലും ഉച്ചരിയാത്ത ഞരക്കങ്ങൾക്കും ആത്മാവിന്നു സ്ഥലം വെണ്ടുവൊളം ഉണ്ടു നിശ്ചയം.

൩൭

രൊമ. ൫. ൫. ദൈവസ്നെഹം നമുക്കു നല്കിയ വിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകൎന്നിരിക്കുന്നു.

മനുഷ്യർ ദൈവകരുണയെ തൊട്ടു പലവക ആശ്ചൎയ്യമുള്ള നിരൂപണങ്ങളെ മനസ്സിൽ ധരിച്ചു പലപ്പൊഴും തെറ്റിപ്പൊകുന്നു. ചിലർ ദൈവം കരുണാവാനായിട്ടു നമ്മെ രക്ഷിപ്പാൻ നിശ്ചയിച്ചത് മനസ്സിൽ ഉറപ്പിച്ചാൽ മതി എന്നു വിചാരിച്ചു ലഘുബുദ്ധികളായി നടക്കകൊണ്ടു ദൈവകരുണയുടെ അനുഭവം ഇന്നത് എന്നു പറവാൻ പ്രാപ്തി ഇല്ലാത്തവർ ആകുന്നു. മറ്റു ചിലർ തങ്ങളുടെ ഹൃദയങ്ങളിലെ പരിശുദ്ധാത്മാവിന്റെ വ്യാപാരം മാത്രം ദൈവകരുണ എന്നു നിശ്ചയിച്ചു അതിന്റെ അനുഭവത്തിന്നു തക്കവണ്ണം അവരുടെ വിശ്വാസത്തിന്റെ അവസ്ഥ ഇരിക്കുന്നു. വെറെ ചിലർ ഒരൊരൊ പുണ്യക്രിയകളെയും പ്രത്യെകം നിത്യജീവനെയും സമ്പാദിക്കെണ്ടതിന്നു ദൈവം ഒരു സഹായത്തിന്നായി തന്റെ കരുണയെ വെവ്വെറെ ദാനം ചെയ്യുന്നു എന്നു നിനെക്കുന്നു. മറ്റു ചിലർ സൽക്രിയകളെകൊ

ന്റ ദൈവകരുണയെ സമ്പാദിക്കെണ്ടുന്നതിന്ന തൊടങ്ങുന്നു. മ
റെറാരു പക്ഷം; ക്രീസ്തീയ കാലത്തിൽ ദൈവകരുണയെ ല
ഭിക്കുന്നതു കഴിയാത്ത കാൎയ്യം അത്രെ എന്നു നിരൂപിക്കു
ന്നു. പൌൽ അപ്പൊസ്തലന്റെ ഉപദെശം ഈവകെക്ക
വിരോധമായിരിക്കുന്നു: ദൈവകരുണയും മാനുഷക്രിയകളും
ഒരുനാളും തമ്മിൽ ചെരുന്നില്ല എന്നും രൊമ. ൧൧, ൬. ൪.
൫. നീതികരിക്കപ്പെടുന്നതും കരുണയിൽ നിലനില്ക്കുന്നതും വി
ശ്വാസം മൂലം പ്രവെശം ലഭിക്കുന്നതും ഒന്ന അത്രെ ആകു
ന്നു എന്നും: നീതിമാൻ ദൈവത്തെക്കുറിച്ച ആശ്രയിക്കൽ മാ
ത്രമല്ല, സങ്കടങ്ങളിലും പ്രശംസിക്കുന്ന കാരണം സങ്കടങ്ങ
ൾ വിശ്വാസത്തിൽ ദൈവത്തെക്കുറിച്ചുള്ള ലക്ഷ്യത്തെ സാധിപ്പി
ച്ചുറപ്പിക്കുന്നു എന്നും രൊമ. ൫, ൧–൪. അവന്റെ പ
ക്ഷം: ദൈവസ്നെഹമല്ലൊ, നമുക്ക നല്കിയ വിശുദ്ധാത്മാ
വിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകൎന്നിരിക്കുന്നു. ക്രീസ്തീ
സ്തുകളെ വിശ്വാസം മൂലം ദൈവം മനുഷ്യരുടെ പാപങ്ങ
ളെ കണക്കിടാതെ കനിവുതൊന്നി ക്ഷമിക്കുന്നു. വിശുദ്ധാ
ത്മാവിനാൽ തന്റെ സ്നെഹം അവന്റെ ഹൃദയത്തിൽ പക
ൎന്നു തന്റെ വാത്സല്യ കരുണകളെ രുചിനൊക്കുവാൻ സം
ഗതി വരുത്തുന്നു. ഈ സ്നെഹ പക്ഷം കൂടാതെ മനുഷ്യൻ
എത്ര പ്രയത്നം കഴിച്ചു പൊയാലും സ്ഥിര നിശ്ചയ
ത്തൊടും സന്തൊഷത്തൊടും മനുഷ്യരുടെ മുമ്പാകെ ഉള്ള
പ്രശംസയൊടും കൂടെ എനിക്ക കരുണ ലഭിച്ചിരിക്കുന്നു എ
ന്നുറപ്പിപ്പാൻ ഒരുനാളും കഴികയില്ല, ദൈവസ്നെഹത്തെ
രുചിനൊക്കിയവനൊ ഒന്നും സംശയിക്കാതെ ദൈവം ത
നിക്കു കരുണയുള്ള പിതാവായി തീൎന്നു എന്ന നിശ്ചയ
മായി അറിഞ്ഞു ദൈവകരുണ എന്നുള്ള ഉറവിൽ നിന്നു ദിവ
സെന പുതിയ നന്മകളെ അനുഭവിച്ചു വരികകൊണ്ടു എൻ
ദൈവമെ നിന്റെ സ്നെഹത്തെ ഉള്ളതന്നെ എന്റെ ഹൃദയ

ത്തിൽ പക്ഷെ തെളങ്ങാതെ എന്ന അവൈ കാണ്ടുവാൻ എല്ലാവൎക്കും സംശയമുണ്ടല്ലൊ.

൩൨

൧ യൊഹ. ൨, ൨൫. നിത്യജീവൻ എന്നുള്ളതു, അവൻ നമ്മെ പറഞ്ഞു തന്ന വാഗ്ദത്തം ആകുന്നു.

യെശു തന്റെ ആടുകളെ കൊണ്ടു ഞാൻ അവക്കു നിത്യജീവനെ കൊടുക്കുന്നു എന്ന പറഞ്ഞിരിക്കുന്നു. യൊഹ. ൧൦, ൨൮. നിത്യജീവൻ എന്നുള്ളത്, അവൻ നമ്മെ പറഞ്ഞു തന്ന വാഗ്ദത്തമാകുന്നു എന്ന യൊഹന്നാൻ എഴുതുമ്പൊൾ പറഞ്ഞ ന്യായങ്ങളെ ഒൎത്തുകൊണ്ടാൽ ഒരു മനുഷ്യൻ ദൈവത്തിൽനിന്ന ലഭിപ്പാൻ വരുന്ന സകല നന്മകളിൽ മുഖ്യമായത നിത്യജീവൻ തന്നെ. അങ്ങിനെ പൌൽ അപൊസ്തലനും പറഞ്ഞിരിക്കുന്നു, പാപത്തിൻ ശമ്പളമല്ലൊ മരണമത്രെ. ദൈവത്തിൻ കൃപാവരമൊ, നമ്മുടെ കൎത്താവായ യെശു ക്രിസ്തനിൽ നിത്യജീവൻ തന്നെ. രൊമ. ൬, ൨൩. യെശുവും അവസാനത്തിൽ ശിക്ഷിച്ചു ലഭിക്കുന്ന നീതിമാന്മാരെ കൊണ്ടു അവർ നിത്യജീവങ്കലെക്ക പൊകും എന്നത്രെ പറഞ്ഞത. മത്ത. ൨൫, ൪൬. ഈ ഭൂമിയിലും ജീവനുള്ള മനുഷ്യരും മൃഗജാതികളും ഉണ്ട എങ്കിലും അല്പകാലം ജീവിച്ചതിന്റെ ശെഷം അവർ മരിച്ചുപൊകുന്നു. ചാകാനുള്ളവർ മരിച്ചവരുടെ വൊഴികളിൽ നടക്കുന്നു. അനെകം മനുഷ്യർ വസിക്കുന്നടത്തിൽ ആയിരങ്ങളുടെ ശവങ്ങൾ ദ്രവിച്ചു കിടക്കുന്നു എന്നിട്ടും ഈ ഹീനമായ ജീവനെ മനുഷ്യർ എത്ര മാനിക്കുന്നു, ഒരു കുറ്റത്തിൽ പരമശിക്ഷയെ കഴിക്കുന്നത എങ്ങിനെ, അവന്നു ജീവഹാനി വരുത്തുന്നതിനാലല്ലൊ. ഈ ഹീനമായ ജീവന്നു ഇത്ര വിലയുണ്ടെങ്കിൽ നിത്യജീവന്നു എത്ര അധികം അവിടെ ഉണ്ടല്ലൊ ദൈവം എല്ലാവരുടെയും കി

ണ്ണുകളിൽനിന്ന അശ്രുക്കളെല്ലാം തുടെച്ചുകളയും, ഇനി
മരണം ഇല്ല, ഖെദവും മുറവിളിയും പ്രയാസവും ഇനി ഇ
ല്ല, മുമ്പെത്തവ കഴിഞ്ഞുപൊയല്ലൊ. വെളി. ൨൧, ൪.
ആ ജീവന്റെ ബലം ആൎക്കു പറയാം; ദൈവത്തിന്ന നിത്യ
വും ജീവനും ഉള്ളവൻ എന്ന പെർ ഉണ്ടു. മരണത്തിന്റെ ക
ഴിവും ഇല്ലാത്ത ചാകായ്മ അവന്റെ പക്കൽ മാത്രം ഇരി
ക്കുന്നു. അവൻ ജീവന്റെ ഉറവു തന്നെ. അതുകൊണ്ടു നി
ത്യജീവനെ ലഭിച്ചു ദൈവകരുണയാൽ ചാകായ്മയെ ധരി
ച്ചിരിക്കുന്നവൻ ദൈവത്തൊടു സദൃശൻ. ആദിയിലല്ലൊ
ദൈവം മനുഷ്യനെ നിത്യജീവന്നായിട്ടു സൃഷ്ടിച്ചു. പാപത്താ
ലത്രെ മരണം ലൊകത്തിൽ പുക്കു, പാപം നീങ്ങിപ്പൊകു
മളവിൽ മരണവും ജയത്തിൽ വിഴുങ്ങപ്പെടും. മനുഷ്യനൊ,
മശീഹാവിനാൽ പൂൎവ്വാവസ്ഥയെ പ്രാപിക്കും. നമുക്കു നിത്യ
ജീവനുണ്ടാകെണ്ടതിന്നല്ലൊ, ക്രിസ്തൻ മരിക്കയും ജീവിച്ചെ
ഴുനീല്ക്കയും ചെയ്തു. അവൻ സത്യവും വിശ്വാസ്യവുമുള്ള സാ
ക്ഷിയായിട്ടു തന്റെ ആടുകൾക്കു നിത്യജീവനെ കൊടുപ്പാൻ
വാഗ്ദത്തം ചെയ്തു. ആടുകൾ ഈ ലൊകത്തിൽ ഇരിക്കുന്നസ
മയം ആയതിനെ നിവൃത്തിപ്പാൻ ആരംഭിച്ചും ഇരിക്കുന്നു. വി
ശ്വാസത്താൽ അവൎക്കു കിട്ടുന്നത നിത്യജീവൻ തന്നെ. അവരു
ടെ ശരീരങ്ങളും അക്ഷയതയെയും ചാകായ്മയെയും ധരി
ക്കുമ്പൊഴെക്കു വാഗ്ദത്തത്തിന്ന തികഞ്ഞ നിവൃത്തി ഉണ്ടാ
കും. ശരീരമരണത്തിന്നായി നിത്യജീവന്റെ ആശയൊടു
കൂടെ കാത്തിരിക്കുന്നവൻ ധന്യൻ.

൩൮൩

രൊമ. ൫. ൯. യെശുവിന്റെ രക്തത്താൽ നീതീകരിക്ക
പ്പെട്ടിരിക്കുന്നാം ഇപ്പൊൾ അവനാൽ കൊപത്തിൽനിന്ന എത്ര
അധികം രക്ഷിക്കപ്പെടും.

യെശു ക്രിസ്തന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടവന്നു വി

ക്ഷാമാദിഷ്ടി ഒന്നുമില്ല, ദൈവത്തെ ഭൂമിയിൽ ആശ്രയിക്കലും സ
ങ്കടങ്ങളിലും പ്രശംസിപ്പാൻ പ്രാപ്തിയുള്ളവരാകുന്നു. ശിക്ഷ
കൾ ഒരൊന്ന അവന്റെമേൽ വന്നാലും ദൈവകോപം കൊ
ണ്ടിട്ടല്ല, സ്നേഹത്തിന്നു കുറികളാകിട്ടത്രെ വരുന്നു. ചോദ്യ.
ഉ. ന്യായവിധിനാളിൽ ദൈവകോപം അവന്റെമെ
ൽ വീഴുകയില്ല നിശ്ചയം. ഇതെല്ലാം വിചാരിച്ചാൽ നീതീ
കരണം അല്പകാര്യമല്ല, നിത്യത്തോളം നിലനില്ക്കുന്ന ഫ
ലങ്ങളോടും ചേർന്നതാകകൊണ്ട അതിന്റെ നിശ്ചയം ഹൃദ
യത്തിൽ ഉറപ്പാകി വരും മുമ്പെ ക്രിസ്തനാമം ധരിച്ചവനാകും
ആശ്വസിക്കരുതെ. പരീശന്മാർ ചെയ്തതുപോലെ തങ്ങളെ
നീതീകരിച്ചുകൊള്ളുള സമാധാനത്തെ വരുത്തുന്നവർക്ക കഷ്ടം. ദൈ
വകോപത്തിൽനിന്നും ധർമ്മകല്പനകളിൽനിന്നും ഒഴിഞ്ഞു
ഒഴിഞ്ഞുപോവാൻ അവർക്ക എന്തൊരു വഴി; ദൈവം പാ
പങ്ങളെ കണക്കിടുമെങ്കിൽ ആയിരം ചോദ്യങ്ങൾക്ക ഉത്ത
രം ഒന്ന മാത്രം പറഞ്ഞുകൂടാതല്ലൊ. കപടമില്ലാത്ത വി
ശ്വാസത്തോടു കൂടെ യേശുവിന്റെ രക്തം ആധാരമാക്കി പി
ടിച്ചു തന്റെ അനേക പാപങ്ങളുടെ നിമിത്തം അത്ര
തന്നെ മതി എന്നു ദൈവകൃപയാകെ താഴ്മയോടും സ്ഥിരത
യോടും കൂടെ ഏറ്റുപറഞ്ഞാൽ സാക്ഷാൽ പിതാവു തൻ
പുത്രന്റെ മാനത്തിന്നായി പാപങ്ങളെ ക്ഷമിച്ചു ശി
ക്ഷയിൽനിന്നൊഴിച്ചു അർഹതയെയും അവിശ്വാസിക
ളെയും ഭക്ഷിച്ചു കളയുന്ന കോപത്തെയും നീക്കി കരുണാ
സത്യങ്ങളെയും സ്ഥിരമായ സമാധാനത്തെയും നിത്യജീവ
ന്റെ നിശ്ചയത്തെയും ഹൃദയത്തിൽ ഉറപ്പിച്ചുകൊടുക്കുന്നു.
അതുകൊണ്ടു യേശുവിന്റെ രക്തത്താൽ നീതീകരിക്കപ്പെ
ട്ടിട്ടു ഐഹികകഷ്ട സങ്കടങ്ങളിലും മരണസമയത്തിലും
ആശ്വസിച്ചു സന്തോഷിപ്പാൻ സംഗതി ഉണ്ട. യേശുവി
ന്റെ പ്രത്യക്ഷതെക്ക നോക്കി പാർക്കുന്നവർക്ക് ...

മരണവും കൂടാതാകുമെന്നു. അവനൊന്നിൽ ആകാശ ത്തിലും ഭൂമിയിലും കർത്താവാകയെന്നു എ ല്ലാ മനുഷ്യരുടെ ന്യായാധിപതിയായി വെളിപ്പെട്ടു ന്നിരിക്കും അവരെ ശിക്ഷിച്ചാലും നിത്യമരണ ഭയം ഉ ണ്ടാം വേണ്ടാ. അവൻ കോപത്തിൽ നിന്നു രക്ഷിക്കപ്പെ ട്ടവരല്ലോ. ദൈവകോപം നാശം വരുത്തുന്നതു നിശ്ചയം, എങ്കിലും അതിൽനിന്നു രക്ഷിക്കപ്പെടുന്നവനെ ഒ ന്നും തൊടുന്നില്ലല്ലോ; ആകയാൽ കർത്താവായ യെ ശുവെ ഇന്നുദിവസത്തിലും നിന്റെ രക്തത്താൽ എനിക്ക് നീതീകരണം ലഭിച്ചു എന്നുള്ള നിശ്ചയം മനസ്സിൽ ഉറപ്പിച്ചു പിശാചിന്റെ നെരെയുള്ള പോരാട്ടത്തി ന്നു ശക്തിയെയും ഹൃദയസൌഖ്യത്തിന്നു വെണ്ടുന്ന നി ച്ച സമാധാനത്തെയും കല്പിച്ചു തരെണമെ.

൩൧൦

പിലി. ൩, ൮. എൻ കർത്താവായ യെശുക്രി സ്തുവിന്റെ അറിവിലെ ശ്രെഷ്ഠതനിമിത്തം ഞാൻ എ ല്ലാം ചെതം എന്നു എണ്ണുന്നു.

ഈ പാപത്തിൽനിന്നു ഉളെച്ചു ഡംഭനിമിത്തം മനുഷ്യർ ബുദ്ധിയാലും ഉൾബുദ്ധിയിന്റെ ഫലങ്ങളെ ത ങ്ങളുടെ ഹൃദയങ്ങളിൽ ഇരിക്കുന്ന എന്നു വിചാരി ച്ചു പലവഴിയായി ദൈവത്തിന്റെ മുമ്പാകെ ത ങ്ങളുടെ സ്വന്ത നീതിയെ സ്ഥാപിപ്പാൻ നൊ ക്കുന്നു. യഹൂദന്മാർ അബ്രഹാമിന്റെ സന്തതിക ളായി പല ദെവയജ്ഞകല്പനകളെ അനുസരിക്ക കൊണ്ടു തങ്ങളെ നീതിമാന്മാർ എന്നെണ്ണി ഡംഭിക ളായി ശെഷമുള്ളവരെ നിന്ദിക്കയും ചെയ്തു. ക്രിസ്ത്യാ നർ പലരും പുണ്യകൎമ്മങ്ങളെയും ഭിക്ഷാ ധൎമ്മശാലങ്ങളെയും തീൎത്തു, ദെവനീതിക്കു അനുസരണ

പൊരും എന്നു വിചാരിച്ചു ചതിച്ചുപൊകുന്നു. ആക
ട്ടദൈവത്തിന്റെ നിയൊഗം യെറെ, യെശു ക്രിസ്തൻമാ
ത്രം നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീ
കരണവും വീണ്ടെടുപ്പുമായി ഭവിച്ചു എന്നത്രെ. മനുഷ്യ
ർ എത്ര നല്ലവരായി നടപ്പാൻ നൊക്കിയാലും യെശു
വിന്റെ അനുസരണത്തൊളവും കുറവില്ലാത്ത കഷ്ടമ
രണങ്ങളൊളവും അവരുടെ പുണ്യങ്ങൾ ഒരുനാളും എ
ത്തുകയില്ല. ആശ്വാസം ലഭിച്ചു ദൈവത്തിന്റെ മുമ്പാകെ
യൊഗ്യരായി നിന്നു രക്ഷയെ പ്രാപിപ്പാൻ യെശുവെ
മാത്രം നൊക്കി ആശ്രയിക്കയും വെണം. തന്റെ പുത്രനിൽ
മാത്രം മനുഷ്യൎക്കു നീതിയും ഉപാഗമനം ശുദ്ധീകരണവും
നിത്യജീവനും വരെണമെന്നു പിതാവായ ദൈവത്തിന്റെ
മനസ്സിൽ നിൎണ്ണയം. പരിശുദ്ധാത്മാവിന്റെ സഹായത്താ
ൽ ഈ ജ്ഞാനം വൎദ്ധിക്കും അളവിൽ മനുഷ്യൻ സ്വന്ത
പ്രയത്നത്താൽ ഉണ്ടാക്കിയ നീതിയെ ചേതം എന്നു വിചാ
രിച്ചു നിത്യ നഷ്ടം ഉണ്ടാകരുതെന്നു വെച്ചു മുഴുമനസ്സൊ
ടെ തള്ളിക്കളയുന്നു. ആയത് തങ്ങളുടെ ദാരിദ്ര്യത്തെ അ
റിഞ്ഞു താഴ്മയൊടെ ഏറ്റുപറയുന്നവൎക്ക മാത്രം കഴിയും.
അതുകൊണ്ടു ഒരു സങ്കടം കൂടാതെ യെശുവിന്റെ ജ്ഞാ
നവും നീതിയും ശുദ്ധീകരണവും ആൎക്കും ലാഭമായി വരികയി
ല്ല. ക്രിസ്തനെ നൊക്കീട്ടു ധൎമ്മത്തിൽനിന്നു നമ്മുടെ നീതിയെ
അല്ല, ക്രിസ്തു വിശ്വാസത്തിൽനിന്നുള്ളതാകി വിശ്വാസത്തി
ന്നു ദൈവത്തിങ്കന്നു വരുന്ന നീതിയെ കൈക്കൊണ്ടു അവനി
ൽ കാണപ്പെടെണ്ടു. ഫിലി. ൩, ൯. ഇങ്ങിനെ സ്വന്തമായ
തെല്ലാം ചേതം എന്നു വിചാരിക്കുന്നവൎക്കു ദൈവത്തിനുള്ള
തെല്ലാം ലാഭമായി നിത്യ സൌഖ്യത്തെ വരുത്തുന്നു. അനെ
കർ നാനാവിദ്യാവിശെഷങ്ങളിൽ ലഭിച്ചുപൊയാലും യെ
ശു ക്രിസ്തന്റെ അറിവിനെ വശത്താക്കുവാൻ നൊക്കായ്കകൊണ്ടു

൧൯൯

തങ്ങളുടെ ക്രിയകളൊടു കൂടെ നശിച്ചു പൊകയെ ഉള്ളു. പൌൽ അപൊസ്തൊലനും യെശുവിനെ അറിയും മുമ്പെ യഹൂദന്മാരുടെ ജ്ഞാന വിശെഷങ്ങളിൽ ആശ്രയിച്ചു, പാണ്ഡിത്യത്തിൽ ഡംഭിച്ചു നടന്നു എങ്കിലും പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ ക്രിസ്തുവെ അറിഞ്ഞ ഉടനെ എല്ലാം ഛെദം എന്നു വെച്ചു തള്ളുകയും ചെയ്തു. ഈ കാൎയ്യത്തിൽ അവനൊടു സമമുള്ളവരാവാൻ ശ്രമിക്കുന്നവർ മാത്രം ജ്ഞാനികൾ; സ്വന്ത ജ്ഞാനത്തിലും ജ്ഞാനവിശെഷങ്ങളിലും ആശ്രയിക്കുന്നവർ എല്ലാവരും ഭൊഷന്മാരത്രെ.

൨൦൦

എഫെ. ൧, ൧൭. നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ ദൈവവും തെജസ്സുടയ പിതാവുമായവൻ നിങ്ങൾക്കു തന്റെ അറിവിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവെ തരെണ്ടുന്നതിന്നു അപെക്ഷിക്കുന്നു.

മനുഷ്യർ തങ്ങളുടെ ബുദ്ധിവിശെഷം നിമിത്തം പലപ്പൊഴും ഡംഭിച്ചു പൊകകൊണ്ടു ശലൊമൊ രാജാവു, നിന്റെ പൂൎണ്ണ ഹൃദയത്തൊടും യഹൊവയിൽ ആശ്രയിക്ക, നിന്റെ ബുദ്ധിയിൽ ചാരുകയും അരുതു, സുഭാഷി. ൩, ൫. എന്നു മറ്റൊരുത്തൎക്കു ബുദ്ധി ഉപദെശിച്ചു പറഞ്ഞതല്ലാതെ, ദൈവവചനം പലസ്ഥലങ്ങളിൽ ജ്ഞാനത്തിന്റെ ആരംഭമായ ദൈവഭയത്തിൽ കുറവുള്ളവരെല്ലാവരെയും ഭൊഷന്മാർ എന്നു വിളിക്കുന്നു. ദൈവം സ്വൎഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങളെ ലൌകികവിദ്വാന്മാരിൽ നിന്നു മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു എന്നു യെശുവിന്റെ വാക്ക. മത്താ. ൧൧, ൨൫. പിന്നെ പ്രാണമയനായ മനുഷ്യൻ ദൈവാത്മാവിന്റെവയെ കൈക്കൊള്ളുന്നില്ല എന്നു പൌൽ ഉപദെശിക്കുന്നു. കാരണം

ഷ് അപ്പൊസ്തലനൊ ജ്ഞാനത്തിൽ കുറവുള്ളവരൊ
ട്ടു, ഔദാൎയ്യമായി കൊടുക്കുന്ന ദൈവത്തൊടു യാചിക്കെണ്ടു
ന്നതിന്ന ബുദ്ധിപറയുന്നു. യാക്കൊ. ൧, ൫. ഈ ജ്ഞാ
നം ഉയരത്തിൽ നിന്നുള്ളത് എന്ന് അറിയിക്കുന്നു. യാക്കൊ.
൩, ൭. ദൈവം ഈ ജ്ഞാനം എങ്ങിനെ കൊടുക്കുന്നു: ത
ന്റെ അറിവിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെ
യും ആത്മാവെ നല്കുന്നതിനാൽ അത്രെ. പരിശുദ്ധാത്മാ
വിന്നു തന്റെ ക്രിയകൾക്കു തക്ക പെരുകൾ പലതും വെദത്തി
ൽ എഴുതി കിടക്കുന്നു: സകല സത്യത്തിലെക്ക് വഴി
നടത്തുകകൊണ്ടു സത്യത്തിന്റെ, ആത്മാവ എന്നും,
ഹൃദയത്തിൽ സ്നെഹത്തെ ജനിപ്പിക്കകൊണ്ടു സ്നെഹ
ത്തിന്റെ ആത്മാവ എന്നും, മനുഷ്യരെ രക്ഷെക്ക്
ജ്ഞാനികൾ ആക്കുകകൊണ്ടു ജ്ഞാനത്തിന്റെ ആ
ത്മാവ എന്നും, ദെവവചനത്തിൽ മറഞ്ഞു കിടക്കുന്ന
സുവിശെഷത്തിൻ രഹസ്യങ്ങളെ തെളിവു വരുത്തു
കകൊണ്ടു വെളിപ്പാടിന്റെ ആത്മാവ എന്നും ഉണ്ടു.
പരിശുദ്ധാത്മാവ പണ്ടു പ്രവാചകന്മാൎക്കും അപ്പൊസ്ത
ലന്മാൎക്കും മൎമ്മങ്ങളായി കിടക്കുന്നതൊരൊന്നു വെളി
പ്പെടുത്തി ജനത്തിന്റെ ഉപദെഷ്ടാക്കളാക്കീട്ടു
നിയൊഗിക്കയും ചെയ്തു. നമുക്കൊ സ്വൎഗ്ഗസ്ഥപിതാവു
തന്റെ അറിവിൽ ജ്ഞാനത്തിന്റെയും വെളിപ്പാടി
ന്റെയും ആത്മാവെ തരുവാൻ നിശ്ചയിക്കകൊണ്ടു യെ
ശുക്രിസ്തുവായ അവനെ കണ്ടറിയെണ്ടതിന്നു നമ്മുടെ കണ്ണുക
ൾക്കു കാഴ്ച ലഭിക്കുമല്ലൊ. ദൈവത്തെ അറിയുന്നത്
തന്നെ ജ്ഞാനം, അവനെ അറിയാത്തവർ വിദ്യാവിശെ
ഷങ്ങളെ എത്ര വശത്താക്കിയാലും ഭൊഷന്മാർ
അത്രെ. ആയത് കൊണ്ടു നമ്മുടെ കൎത്താവായ യെശു
ക്രിസ്തുവിന്റെ ദൈവവും തെജസ്സ് ഉടയ പിതാവും ആയവൻ

ആമെൻ

നമുക്കും തന്റെ അറിവിൽ ജ്ഞാനത്തിന്റെയും വെളി
പ്പാടിന്റെയും ആത്മാവിനെ തരെണമെ.

Tellicherry Mission Press.
1860

1922 G 9992

3.-

ഈരെഴു

പ്രാൎത്ഥനകളും

ഈരു

വെദധ്യാനങ്ങളുമായ

നിധിനിധാനം

Nidhinidhānam

[സങ്കീൎത്തനം ൧൪൧]

Tellicherry

തലശ്ശെരിക്കല്ലഛ്ശാപിതം

൧൮൫൦